KOTTAYAM PUBLIC LIBRARY

Call No. M335.4 Acc. No. 75542

Author മാരിയോഷ് നബെർട്ട്

Title കോപചിത്രങ്ങൾ ഉൾപ്പെടുത്തി
നഷ്ട്രീയ ജ്ഞാനിച്ചെല്ലങ്ങൾ

KOTTAYAM PUBLIC LIBRARY
* KOTTAYAM. *

452

335.4

റാബർററ് മാഗിഡോഫ്

KOTTAYAM PUBLIC LIBRARY
KOTTAYAM

# കോപപരിതാപ ങ്ങളോടുകൂടി

## റഷ്യയെക്കുറിച്ചുള്ള ഒരു റിപ്പോർട്ട്

റാബർററ് മാഗിഡോഫ്

# കോപപരിതാപങ്ങളോടുകൂടി

## റഷ്യയെക്കുറിച്ചുള്ള ഒരു റിപ്പോർട്ട്

KOTTAYAM PUBLIC LIBRARY
KOTTAYAM.

ഗാർഡൻസിററി, ന്യൂയാർക്ക്,
ഡബിൾ ഡേ ആൻഡ് കമ്പനി
ഇൻകാർപ്പൊറേററഡ്

൧൯൪൯

KOTTAYAM PUBLIC LIBRARY
75522
KOTTAYAM.

"വിജ്ഞാനപോഷിണി" പ്രസ്സ്, കൊല്ലം.

- - The author wishes to express his thanks for permission to reprint material from the pages of the Saturday Review of Literature, the New York Times Book Review, the Saturday Evening Post, This Week Magazine, Factory Management. Business Week, and the Atlantic Monthly. - - - -

★

COPYRIGHT, 1949,

BY THE AUTHOR ROBERT MAGIDOFF

ALL RIGHTS RESERVED.

★

PRINTED IN THE UNITED STATES BY DOUBLE DAY & CO., INC
AT THE COUNTRY LIFE PRESS, GARDEN CITY, N. Y.

★

PUBLISHED BY S. NARAYANAN

AT THE VIGNANA POSHINI PRESS, QUILON.

# അനുക്രമണിക


| | പേജ് |
|---|---|
| **ഭാഗം ഒന്ന്** | |
| ക്രെംലിൻ, എന്നെ ചാരനെന്നു് വിളിച്ചു | ൧ |
| **ഭാഗം രണ്ട്** | |
| ആദ്യത്തതോ, അവസാനത്തതോ അല്ല | ൪൫ |
| **ഭാഗം മൂന്ന്** | |
| മാസ്ക്കോനഗരത്തിലെ വിചിത്രസംഭവങ്ങൾ | ൮൧ |
| **ഭാഗം നാല്** | |
| എമിലിപോസ്റ്റ്, റഷ്യ ആക്രമിക്കുന്നു | ൧൦൯ |
| **ഭാഗം അഞ്ച്** | |
| എനിക്കറിയാവുന്ന ചില റഷ്യാക്കാർ | ൧൨൯ |
| **ഭാഗം ആറ്** | |
| സോവിയററു കലാലോകം | ൧൫൯ |
| **ഭാഗം ഏഴ്** | |
| അമേരിക്കക്കാരെഴുതിയ നാലുകോടി പുസ്തകങ്ങൾ | ൧൮൯ |
| **ഭാഗം എട്ട്** | |
| റഷ്യയെക്കുറിച്ചുള്ള ചോദ്യങ്ങൾക്കുത്തരം | ൨൦൫ |

ഭാഗം ഒന്നു്

KOTTAYAM PUBLIC LIBRARY
KOTTAYAM

# ക്രെംലിൻ, എന്നെ —ചാരനെന്നു വിളിച്ചു.

# അദ്ധ്യായം ൧

എന്റെ മാസ്ക്കോസിക്രട്ടറി സെസിലിയാ നെൽസൺ എന്നോടു ചോദിച്ചു: "അയ്യായിരം രൂബൾ ഒരു വായ്പയായി തന്നു്, അങ്ങു് എന്നെ സഹായിക്കുമോ? മാസ്ക്കോനഗരത്തിനു വെളിയിൽ, ഞങ്ങളുടെ കുടുംബത്തിനു്, ഒരു വീടു വാങ്ങുവാനാണു്. ഉദ്ദേശിച്ചിരിക്കുന്ന വീടു് വളരെ ജീർണ്ണിച്ചതാണു്. അതുകൊണ്ടു്, അതിനു്, പത്തൊമ്പതിനായിരം രൂബൾ, കൊടുത്താൽ മതി. എന്റെ അച്ഛന്റെയും ഭർത്താവിന്റെയും കൈവശം, പതിന്നാലായിരം രൂബലുണ്ടു്. ബാക്കി അയ്യായിരം രൂബലാണു്, ഞങ്ങൾക്കു വേണ്ടതു്."

സെസിലിയാ തുടർന്നു: "മുമ്പേതന്നെ ഞാൻ അങ്ങേയ്ക്കു തൊള്ളായിരം രൂബൾ തരേണ്ടതായിട്ടുണ്ടു്. ഇപ്പോൾ ആവശ്യപ്പെടുന്ന തുകയുമുൾപ്പെടെ, ഉദ്ദേശം എണ്ണൂറു ഡാളറും ചില്ലാനവും, ഞാൻ അങ്ങേയ്ക്കു തിരിച്ചുതരേണ്ടിവരും. ഒരു വർഷത്തിനകം ഞാൻ ആ തുക തന്നുതീർക്കുകയും ചെയ്യാം."

"പണം തരാം; പക്ഷേ, താമസിയാതെ, എനിയ്ക്കു്, റഷ്യ വിട്ടു പോകേണ്ടതായിവരും. അപ്പോൾ ബാക്കി തന്നുതീർക്കുവാനുള്ള പണം, എനിയ്ക്കുശേഷം എന്റെ സ്ഥാനത്തു നിയമിക്കപ്പെടുന്ന ആളിനെ, ഏല്പിച്ചാൽ മതി" എന്നു ഞാൻ അവളെ അറിയിച്ചു.

ഈ സംഭാഷണം, ൧൯൪൮ ഏപ്രിൽ പത്താംതീയതി ശനിയാഴ്ച, മെട്രോപ്പോൾഹോട്ടലിലുള്ള എന്റെ ആഫീസ്സിൽ വച്ചാണു നടന്നതു്. കുറേനേരം കഴിഞ്ഞു്, എന്റെ ഭാര്യ നീലയും അവിടെ വന്നുചേർന്നു. മറ്റൊരു സംഗതിയ്ക്കായി, ഞാൻ ആഫീസ്സിൽനിന്നും ഇറങ്ങി. നീലയും, സെസിലിയായും

വളരെനേരം സംസാരിച്ചുകൊണ്ടിരുന്നു. ഞാൻ പണം കടം കൊടുക്കാമെന്നു പറഞ്ഞതു്, ഒരു വലിയ സഹായമാണെന്നാണു സെസിലിയാ നീലയോടു പറഞ്ഞതു്. എന്തെന്നാൽ, അത്രയും വലിയ ഒരു തുക കടം കൊടുക്കത്തക്കവരായി, അവിടെയെങ്ങും ആരും ഉണ്ടായിരുന്നില്ല. അവളുടെ കുടുംബം, വല സ്ഥലത്തായി താമസിച്ചിരുന്നു. അമിതമായ വാടകയും കൊടുത്തുകൊണ്ടു് ഒരു മുറിയിലായിരുന്നു, അവൾതന്നെ പാൎത്തിരുന്നതു്. ദിവസവും ഉച്ചവരെ റായിട്ടറിലെ ഡാൺഡാലാസിനുവേണ്ടിയും, ഉച്ചയ്ക്കു മേൽ എനിയ്ക്കുവേണ്ടിയും, അവൾ, ജോലിനോക്കിവന്നു.

അടുത്ത ചൊവ്വാഴ്ച വൈകിട്ടു്, അഞ്ചുമണിയ്ക്കു്, എന്തോ ഒരത്യാവശ്യക്കാര്യത്തിനാണെന്നു പറഞ്ഞുകൊണ്ടു്, സെസിലിയാ എൻെറ ആഫീസ്സിൽനിന്നിറങ്ങി. അവളുടെ ഭാവഭേദവും മോടിയും മററും കണ്ടു്, ഞാനും, എൻെറ അസിസ്റ്റൻറായ ആൻഡ്രൂസ്റ്റീഗരും അവളെ കളിയാക്കി.

ബുധനാഴ്ച രാവിലെ ജോലിയ്ക്കു വന്നുചേരേണ്ട സമയം കഴിഞ്ഞു് ഒരു മണിക്കൂർ താമസിച്ചിട്ടും, സെസിലിയാ തൻെറ ആഫീസിലെത്തിയിട്ടില്ലെന്നു ഡാൺഡാലാസ് എന്നെ ഫോണിൽ അറിയിച്ചു. ഡാണിൻെറ ഡ്രൈവൎക്കു് ഇംഗ്ലീഷുഭാഷ വശമുണ്ടായിരുന്നു. അയാൾ അവളുടെ താമസസ്ഥലത്തേയ്ക്കു ഫോൺ ചെയ്തു ചോദിച്ചുനോക്കി. സെസിലിയായാകട്ടെ അവളുടെ ഭൎത്താവു് ട്രായിക്കാകട്ടെ, ചൊവ്വാഴ്ച രാത്രി അവിടെ വന്നിട്ടില്ലെന്നാണു്, മറുപടി കിട്ടിയതു്. എൻെറ നിൎദ്ദേശപ്രകാരം, ഡ്രൈവർ സെസിലിയായുടെ താമസസ്ഥലത്തു ചെന്നന്വേഷിച്ചു. അപ്പോഴാണു വിവരങ്ങൾ മനസ്സിലായതു്.

ചൊവ്വാഴ്ച രാത്രി, ട്രായിക്കു്, സെസിലിയായുടെ താമസസ്ഥലത്തു് വരികയേ ഉണ്ടായില്ല. സെസിലിയായാകട്ടെ, വളരെ

ത്താമസിച്ച വിളറി ക്ഷീണിച്ച്, അവിടെ വന്നുചേന്നു. ഗൃഹനായികയോട്, എന്തോ അത്യാവശ്യജോലിയുണ്ടെന്നുപറഞ്ഞു്, അവാം ഭൂത്താവിനെക്കാണാത്തതു് എന്തുകൊണ്ടാണെന്നുപോലും, അന്വേഷിച്ചില്ല. അടുത്തദിവസം രാവിലെ, ഗൃഹനായിക എഴുന്നേല്ക്കുന്നതിനുമുമ്പ്, സെസിലിയാ അവിടംവിട്ടു. അന്നുച്ചയ്ക്കും, അവൾ എൻെറ ആഫീസ്സിൽ വരികയുണ്ടായില്ല. അടുത്തദിവസവുംകൂടി നോക്കിക്കൊണ്ടു്, ഔദ്യോഗികമായി അന്വേഷണം നടത്താമെന്നു്, ഞാനും ഡാൺഡാലാസ്സും നിശ്ചയിച്ചു.

വ്യാഴാഴ്ച, അതായതു് ഏപ്രിൽ പതിനഞ്ചാംതീയതി, അതിരാവിലെ, അസ്സോഷ്യേററഡ്പ്രസ്സവകയായ മാസ്ക്കോബ്യൂറോവിൻെറ മേധാവിയായ എഡ്ഡിഗിൽമൂർ പെട്ടെന്നു് എന്നെ ഫോണിൽ വിളിച്ചു. ഞാൻ പരിഭ്രമിച്ചുണന്നു. ഏതാണ്ടൊരു ആവേശത്തോടും ക്ഷോഭത്തോടുംകൂടിയാണു്, എഡ്ഡി സംസാരിക്കാൻ തുടങ്ങിയതു്.

"സ്റ്റേററുമെൻെറാന്നും കൊടുക്കുന്നില്ലയോ" എന്നദ്ദേഹം, എന്നോടു ചോദിച്ചു.

"എന്തു സ്റ്റേററുമെൻറാണു്," എന്നു ഞാൻ തിരക്കി.

"നിങ്ങൾ ഒരു ചാരനാണെന്നു പ്രസ്താവിച്ചുകൊണ്ടുള്ള സെസിലിയായുടെ ഒരെഴുത്തു്, 'പ്രെസ്ദാ'പത്രം പ്രസിദ്ധം ചെയ്തിട്ടുണ്ടു്" എന്നുമാത്രം പറഞ്ഞിട്ടു് എഡ്ഡി, അതിനെക്കുറിച്ചുള്ള വത്തമാനം റിപ്പോർട്ടുചെയ്യുവാനായി, ടൈപ്പുറൈറററുടെ അടുക്കലേയ്ക്കു പാഞ്ഞു.

ഞാൻ, ഉടനെതന്നെ, വസ്ത്രധാരണത്തിനായി അകത്തേയ്ക്കു പോയി. നീല, ഫോൺ ശ്രദ്ധിച്ചുകൊണ്ടു്, പ്രെസ്ദായുടെ ഒരു പ്രതി വാങ്ങിക്കൊണ്ടുവരുന്നതിനു്, ആളിനെ അന്വേഷിച്ചു.

കഴിഞ്ഞ ഏഴുദിവസമായി ചിലർ ഞങ്ങളെ നിഴലുപോലെ പിന്തുടൎന്ന വസ്തുത, അപ്പോഴാണ ഞങ്ങൾ ഓൎത്തതു്. എന്നാൽ, ഇപ്രകാരം രോമാഞ്ചംകൊള്ളിക്കുന്ന ഒരവസ്ഥ, വളരെവേഗം, എത്രയും നീചവും ആപൽക്കരവുമായ വിധത്തിൽ വന്നുചേരുമെന്നു്, ഞങ്ങൾക്കു വിചാരിക്കുവാൻപോലും കഴിഞ്ഞില്ല.

മാസ്കോവിലെ യുണൈററഡ്സ്റ്റേററ്സ് അംബാസ്സഡരായ (അമേരിയ്ക്കൻ ഐക്യനാടുകളിലെ സ്ഥാനപതിയായ) ജനറൽ വാൾട്ടർ ബെഡൽസ്മിത്തു്, ദിവസവും രാവിലെ, കൃത്യം ഒൻപതുമണിക്കു് അദ്ദേഹത്തിൻെറ ആഫീസ്സിൽ ഉണ്ടായിരിക്കുക, പതിവാണു്. ഒൻപതുമണിയായപ്പോൾ, ഞാൻ അദ്ദേഹത്തെ ഫോണിൽ വിളിച്ചു്, സെസിലിയായുടെ എഴുത്തിനെസ്സംബന്ധിച്ച വിവരം അറിയിച്ചു. എനിക്കുവേണ്ടി എംബസ്സിയിലെ (പ്രതിപുരുഷാലയത്തിലെ) ഒരു കാർ അയച്ചുതരണമെന്നു്, ഞാൻ അദ്ദേഹത്തോടപേക്ഷിച്ചു. എന്തെന്നാൽ, ഞാൻ എൻെറ താമസസ്ഥലത്തുനിന്നും പുറത്തിറങ്ങിയാലുടനെ, എന്നെ അറസ്റ്റു ചെയ്യുമെന്നു് എനിക്കറിയാമായിരുന്നു.

ജനറൽ സ്മിത്തു്, അദ്ദേഹത്തിൻെറ 'ലിങ്കൺ' എന്ന കാർ എൻെറ ആവശ്യത്തിനായി അയച്ചുതന്നു. മഹത്തായ ഐക്യസംസ്ഥാനത്തിലെ പതാക അതിൽ പറന്നുകൊണ്ടിരുന്നു.

കാറിൽ കയറി, ക്രെംലിനു് എതിരെയുള്ള മോഖോവായാ തെരുവിൽ സ്ഥിതിചെയ്തിരുന്ന അംബാസ്സഡരുടെ ആഫീസ്സിൽ, ഞാനും നീലയും ചെന്നുചേൎന്നു. ഞങ്ങളെ ഉടനെതന്നെ അദ്ദേഹത്തിൻെറ വസതിയായ സ്പാസ്സോഹൗസ്സിലേയ്ക്കു കൊണ്ടുപോകുന്നുണ്ടെന്നും, വിദേശകാര്യമന്ത്രിയായ 'മൊളോട്ടോവു'മായി വേണ്ട നടപടികൾ നടത്തി ഞങ്ങൾക്കു സോവിയററുയൂണിയൻ വിട്ടുപോകുന്നതിനുള്ള അനുവാദം വാങ്ങിച്ചുതരുന്നതുവരെ ഞങ്ങൾ

മി: സ്മിത്തിൻേറയും, ഭാൎയ്യയുടേയും അതിഥികളായി താമസിക്ക ണമെന്നും, അംബാസ്സഡർ ഞങ്ങളോടു പറഞ്ഞു.

പക്ഷെ, നീലയും ഞാനും അപ്രകാരം ചെന്നു താമസിക്കുന്ന തിനു് ഇഷ്ടപ്പെട്ടില്ല.

“അവിടത്തേയ്ക്കു് ഇത്രയും ദയവു തോന്നിയതിനു്, ഞങ്ങൾ നന്ദിപറഞ്ഞുകൊള്ളുന്നു” എന്നു ഞാൻ അറിയിച്ചു. “പക്ഷെ, സോവിയററുയൂണിയനെതിരായി ഞങ്ങൾ യാതൊരു കുററവും ചെയ്തിട്ടില്ലല്ലോ. ഞാൻ റഷ്യയിൽ താമസമായിട്ടു്, പന്ത്രണ്ടുവ ഷത്തിൽ കൂടുതലായി. ഞങ്ങൾ ഇപ്പോൾ, സ്പാസ്സോഹൗസ്സിൽ ചെന്നു താമസിക്കുകയാണെങ്കിൽ, ഞാൻ കുററംചെയ്തു എന്നു് എനിക്കുതന്നെ അറിയാമെന്നും, അതുകൊണ്ടാണു സ്പാസ്സോ ഹൗസ്സിൽ ചെന്നു് ഒളിച്ചുതാമസിക്കുന്നതു് എന്നും റഷ്യാക്കാർ പറയും. എൻെറ ചാരപ്രവൎത്തനത്തിൽ എംബസ്സിക്കുംകൂടി ഒരു പങ്കുണ്ടെന്നും, അവർ പ്രസ്താവിക്കും. എംബസ്സി മുഖേന, എൻെറയും യൂണൈററഡ്സ്റ്റേററ്സ് വാർ ഡിപ്പാർട്ടുമെൻറി ൻേറയും (യുദ്ധകാൎയ്യവകുപ്പിൻേറയും) ഇടയ്ക്കുനിന്നു് മാക്ഗ്രാഹിൽ പബ്ളിഷിങ്ങ് കമ്പനി (പ്രസിദ്ധീകരണസംഘം) പ്രവൎത്തി ക്കുന്നു എന്നാണു്, സെസിലിയാ പ്രസ്താവിച്ചിട്ടുള്ളതു്.

അംബാസ്സഡരാകട്ടെ, എന്നെസ്സംബന്ധിച്ച കാൎയ്യം ആലോ ചിക്കുവാനായി, അദ്ദേഹത്തിൻെറ കൗൺസലർ (ഉപദേഷ്ടാവു്) ‘എൽഡ്റിഡ്ജ്ഡർബ്രൊ’, ഫഴ്സ്ററു സിക്രട്ടറികൾ (പ്രഥമ കാൎയ്യദൎശികൾ) ആയ ‘ഫോയ്കോഹ്ളർ’, ‘ഫ്ഡെറിക്റെയിൻ ഹാർട്ടു്’ ഇവരെ വിളിച്ചു. ധീരമായി പോരാടേണ്ട ഒരു സന്ദൎഭ മാണു് എനിക്കു വന്നുചേൎന്നിട്ടുള്ളതു്, എന്നുതന്നെയാണു് അവർ വിചാരിച്ചിരുന്നതു്. ഞാനും അപ്രകാരംതന്നെ അംബാസ്സഡരെ അറിയിച്ചപ്പോൾ, അവൎക്കു വലിയ സന്തോഷമായി. ഒരു യോ

ഡാവായ മി: സ്മിത്തിനും, മരണനിമിഷംവരെ പോരാടുന്നതുത ന്നെയായിരുന്നു ഇഷ്ടം. എങ്കിലും ഞങ്ങൾക്കു് ആവശ്യമുള്ളിട ത്തോളം കാലത്തേയ്ക്കു്, എംബസ്സിയിലെ ഒരു കാർ ഉപയോഗ ത്തിനു വിട്ടുതരുവാൻ അദ്ദേഹം ആഗ്രഹിക്കുന്നു എന്നു്, അംബാ സ്സഡർ ഞങ്ങളെ അറിയിച്ചു. പക്ഷേ, അതും ഞങ്ങൾ നിര സിച്ചു. ഞങ്ങൾ മേലാൽ കാൽനടയായിത്തന്നെ സഞ്ചരിക്കും; വേണമെങ്കിൽ റഷ്യാക്കാർ ഞങ്ങളെ അറസ്റ്റു ചെയ്തുകൊള്ളട്ടെ, എന്നുതന്നെ ഞങ്ങൾ നിശ്ചയിച്ചു.

അങ്ങനെ, ഞങ്ങൾ അവിടം വിട്ടു. ഞാൻ, എൻെറ ആഫീ സിലേയ്ക്കും, നീല ഞങ്ങളുടെ താമസസ്ഥലത്തേയ്ക്കും, നടകൊണ്ടു. 'ഡോഗ്സ് ലെയിൻ' (നായ്ക്കളുടെ ഇടവഴി) എന്നുതന്നെ യഥാ ർത്ഥത്തിൽ വിദേശികൾ വിളിച്ചുവന്ന, 'സിവ്-ട്ടസെവ്-വ്രാഴക്" എന്ന സ്ഥലത്തായിരുന്നു, ഞങ്ങളുടെ താമസം.

പോകുന്നവഴി, എന്നെയാകട്ടെ, നീലയെയാകട്ടെ, ആരും പിന്തുടർന്നില്ല; ഞാൻ ആഫീസിൽ എത്തിയപ്പോൾ, എനിൽ 'എന്തോചില ദൃശ്യങ്ങൾ' കണ്ടതുകൊണ്ടു്, മേലാൽ എനിക്കു വേണ്ടി ജോലിനോക്കുവാൻ സാധിക്കുകയില്ലെന്നു്, സെസി ലിയാ, അതിരാവിലെ മൂന്നുമണിക്കു ഫോൺചെയ്തു പറഞ്ഞ തായി, ആൻഡി എന്നെ അറിയിച്ചു. ആൻഡിയും, പിററ്സ് ബർഗ്ഗിൽ ജനിച്ച ഒരു അമേരിക്കാക്കാരനായിരുന്നു.

എൻെറ ഡെസ്കിൽ, "ഇതാ ഞാൻ കടം മേടിച്ച തൊള്ളാ യിരം റൂബൾ", എന്നെഴുതിയിട്ടുള്ള സെസിലിയായുടെ ഒരു കവർ കണ്ടു. അതിനകത്തു തൊള്ളായിരം റൂബൾ അടക്കംചെയ്തി ട്ടുണ്ടായിരുന്നു.

സുന്ദരിയും കൃശഗാത്രിയുമായ സെസിലിയാ നെൽസൺ, അഞ്ചടി രണ്ടിഞ്ചു പൊക്കമുള്ളവളായിരുന്നു. 'ഹെലൻ നയിൽ

സൺ' എന്ന പേരോടുകൂടി, ൲൯൱൬ ജൂൺ ഇരുപത്തിഒൻപതാം തീയതി, മിഷിഗനിലെ ന്യൂബറി എന്നസ്ഥലത്ത് അവൾ ജനിച്ചു. സ്റ്റോവ് എന്ന സ്ഥലത്തുള്ള പ്രാഥമികവിദ്യാലയത്തിലും, മാസ്സാച്ചുസെററ്സിൽ മേയ്നാർഡ് എന്ന സ്ഥലത്തു സ്ഥിതിചെയ്യിരുന്ന ഹൈസ്ക്കൂളിലും, അവൾ വിദ്യ അഭ്യസിച്ചു. രണ്ടുവഷം ലോവൽ എന്ന സ്ഥലത്തുള്ള ടീച്ചേഴ്സുകാളേജിലും (അദ്ധ്യാപകമഹാപാഠശാലയിലും), അവൾ അദ്ധ്യയനം നിർവഹിക്കുകയുണ്ടായി. ഫിൻലണ്ടിൽ ജനിച്ചുവളന്നവനും, പ്രവൃത്തികൊണ്ടു് ഒരു തച്ചുവേലക്കാരനുമായ അവളുടെ പിതാവു്, മററു ഫിൻലണ്ടുകാരെപ്പോലെതന്നെ, ആയിരത്തിത്തൊള്ളായിരത്തിമുപ്പതാമാണ്ടിടയ്ക്കുള്ള തൊഴിലില്ലായ്മനിമിത്തം, സകുടുംബം സ്വദേശം വിട്ടു്, സോവിയററുകാരെലിയായിൽ ചെന്നു താമസിച്ചു. അങ്ങനെ ആ മനുഷ്യൻ ഒരു സോവിയററുപൌരനായി. എന്നാൽ, പുതുതായി കണ്ടെത്തിയ പിതൃഭൂമിയിൽ അയാൾ കണ്ടതു്, ഒരിക്കലും ആഗ്രഹിക്കത്തക്കതല്ലാത്ത ഒരു സൈനികഭരണരീതിയും, ഉദ്യോഗസ്ഥമേധാവിത്വവും, എത്രയും നികൃഷ്ടമായ ഒരു ജീവിതത്തോതുമായിരുന്നു.

സെസിലിയായുടെ പൌരത്വത്തെസ്സംബന്ധിച്ചു്, വിദേശങ്ങളിൽനിന്നും മാക്സ്കോവിൽവന്നു പാക്കുന്ന ലേഖകന്മാർ പുറപ്പെടുവിച്ചു വിവരങ്ങൾ, ഒന്നൊഴിയാതെ റഷ്യൻസെൻസർ ശേഖരിച്ചു സൂക്ഷിച്ചു പരിശോധിച്ചുനോക്കി, അവളെ സംശയിക്കാൻ കാരണമൊന്നുമില്ലെന്നു ബോദ്ധ്യപ്പെട്ടു. എന്നുമാത്രമല്ല, അവൾ അമേരിക്കയിൽ ജനിച്ചുവളന്നെങ്കിലും, അവൾക്കു റഷ്യയോടാണു സ്ഥായിയുള്ളതെന്നും, ഒരു അമേരിക്കൻപൌരനായിത്തീന്നിട്ടുള്ള ഞാൻ റഷ്യയ്ക്കെതിരായി എന്തെങ്കിലും പ്രവത്തനങ്ങൾ നടത്തുന്നുണ്ടോ എന്നറിയുന്നതിനു്, അവൾ എപ്പോഴും ശ്രമിച്ചുകൊണ്ടി

ങ്കുന്നു എന്നുമാണ്, റഷ്യാക്കാർ ഇപ്പോഴും വിശ്വസിച്ചുപോരുന്നതു്. അമേരിക്കൻ എംബസ്സിക്കുവേണ്ടി ഞാൻ ചാരനായി പ്രവൎത്തിക്കു ന്നുണ്ടെന്നാണ്, അമേരിക്കാക്കാർ വിചാരിച്ചിട്ടുള്ളതു്. അതു് അവാസ്തവമാണെന്നു് അറിയിച്ചുകൊണ്ടുള്ള അംബാസ്സഡർ സ്മിത്തിൻെറ പ്രസ്താവനയ്ക്കുശേഷമാണ്, അവരുടെ തെററിദ്ധാരണ നീങ്ങിയതു്.

റഷ്യയിൽവച്ചു സെസിലിയാ, ട്രായിക് എന്നു് അവൾ വിളിച്ചുവന്ന 'ട്രാവിഡയാ കൊഹോണ'നെ വിവാഹംചെയ്തു. 'മിനിയാപാളിസ്'നഗരത്തിൽ ജനിച്ചു്, പിന്നീടു് ഒരു സോവിയററുപൌരനായവനായിരുന്നു, ട്രായിക്.

റഷ്യയിലെ ഒരു ശിശുപാഠശാലയിൽ, സെസിലിയാ അദ്ധ്യാപികയായി ജോലിനോക്കി. എന്നാൽ വിദേശികൾ നൽകിയിരുന്ന നല്ല ശമ്പളവും, യുദ്ധകാലരേഷനും, അവളെ അവൎക്കുവേണ്ടി ജോലിനോക്കുന്നതിനു പ്രോത്സാഹിപ്പിച്ചു. അവൾ ആദ്യം 'ന്യൂയാക്ക്ഹെറാൾഡ്ട്രിബ്യൂണി'ൻെറ മാസ്കോലേഖകനായ മാറിസ്ഹിൻഡുസിനുവേണ്ടി, ടൈപ്പിസ്ററായി ജോലിനോക്കി. പിന്നീടു് അവൾ, 'സാറററർഡേ ഈവനിങ്ങ്പോസ്റ്റ്" എന്ന പത്രത്തിൻെറ ലേഖകനായ 'എഡ്ഗാർസ്റ്റോവി'ൻെറ ടൈപ്പിസ്ററായിത്തീൎന്നു. അതിനുശേഷമാണ്, അവൾക്കു്, യുണൈറെറഡ് സ്റ്റേററ്സ് എംബസ്സിയിലുള്ള പ്രസ്സ്ഡിപ്പാർട്ടുമെൻറിൽ, ഒരു ക്ലാക്കായി ജോലി കിട്ടിയതു്.

വലിയ ശുപാർശകളോടുകൂടിയാണ്, സെസിലിയാ, ൧൯൪൪-ൽ എൻെറ സിക്രട്ടറിയായിത്തീൎന്നതു്. നാലുവർഷക്കാലത്തോളം എനിക്കുവേണ്ടി ജോലിനോക്കിയതിൽനിന്നു് അവൾ, വിശ്വാസയോഗ്യയും, പരിശ്രമശീലയും, സൽസ്വഭാവിനിയുമാണെന്നാണ്, എനിക്കു തോന്നിയതു്. അവൾക്കു് ഒരു

ദൃഷ്യമേയുള്ളൂ. അവൾ, ഒരു സോവിയററുപൌരൻെറ മകളും, മറെറാരു സോവിയററുപൌരൻെറ ഭാൎയ്യയുമായിരുന്നു. സെസിലിയായുടേതാണെന്നു പറഞ്ഞുകൊണ്ടുള്ള ഒരെഴുത്തു നിൎമ്മിക്കുന്നതിനുവേണ്ടി, എന്തെങ്കിലും ഒരു ദൃഷ്യം അവൾ എന്നിൽ കണ്ടുപിടിക്കണമെന്നും, അപ്രകാരം ഒരെഴുത്തു തയ്യാറാക്കപ്പെട്ടുമ്പോൾ, അവൾ അതിൽ ഒപ്പിട്ടുകൊള്ളണമെന്നും ആവശ്യപ്പെട്ടുകൊണ്ട്, ചില പ്രത്യേക താല്പൎയ്യങ്ങളും ഉദ്ദേശങ്ങളും മററുമുള്ള സോവിയററ് അധികൃതർ അവളെ ഞെരുക്കുമ്പോൾ, അവൾക്ക് അതു് അനുസരിക്കയല്ലാതെ നിവൃത്തിയൊന്നുമില്ലായിരുന്നു എന്നുള്ളതായിരുന്നു, അവളുടെ മറെറാരു ദൃഷ്യം. ഇപ്രകാരമായിരുന്നു, സെപസ്ദായിൽ പ്രസിദ്ധംചെയ്ത എഴുത്തിൽ അവൾക്കു് ഒപ്പിടേണ്ടിവന്നതു്. ആ എഴുത്തു കണ്ടാലുടൻ, അതു വിദേശകാൎയ്യാലയത്തിലാണു നിൎമ്മിച്ചതു് എന്നറിയുവാൻ സാധിക്കും.

സെസിലിയായുടെ എഴുത്തിലുള്ള പ്രസ്താവനകളിൽ, പ്രധാനപ്പെട്ട ചിലതു ഞാൻ ഇവിടെ ഉദ്ധരിക്കാം. ഞാൻ ഒരിക്കൽ ആഫീസിൽ ഇല്ലാതിരുന്നപ്പോൾ, അമേരിക്കൻ എംബസ്സിമുഖേന എനിക്കു ലഭിച്ചിട്ടുള്ളതും, വളരെ രഹസ്യമായി സൂക്ഷിക്കപ്പെട്ടിട്ടുള്ളതുമായ, പല എഴുത്തുകളും സെസിലിയാ കണ്ടുപിടിക്കുകയും, അവ വായിച്ചുനോക്കിയപ്പോൾ, ഞാൻ ഒരു ചാരനാണെന്നു് അവൾക്കു മനസ്സിലാകുകയും ചെയ്തുവത്രെ. റഷ്യയെസ്സംബന്ധിച്ച പല വിവരങ്ങൾ ഗൂഢമായി അന്വേഷിച്ചു് അറിയിക്കണമെന്നു്, ആ എഴുത്തുകളിൽ ആവശ്യപ്പെട്ടിരുന്നു. എന്നുമാത്രമല്ല, ന്യൂയാക്കിലെ മാക്ഗ്രാഹിൽകമ്പനിക്കാരുടെ ഔദ്യോഗികസ്റ്റേഷനറിസാമാനങ്ങളാണു്, ആ എഴുത്തുകുത്തുകൾക്കു് ഉപയോഗിച്ചിരുന്നതു്. എങ്ങനെയാണു വിവരങ്ങൾ അന്വേഷിക്കേണ്ടതു് എന്നുപോലും, ആ എഴുത്തുകളിൽ നിർദ്ദേശിച്ചിരുന്നു.

൧൯൪൯ ജൂൺ ഇരുപത്തിയാറാംതീയതി അയച്ച എഴുത്തിൽ, ഭൂമിക്കടിയിൽ റഷ്യാക്കാർ തയാറാക്കിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണെന്നു്, അന്വേഷിച്ചിരുന്നു. അവയെല്ലാം സുപ്രധാനസ്ഥാനങ്ങളിലാണോ സ്ഥിതിചെയ്യുന്നതു് എന്നും, വിഷവായുവിൽനിന്നും റേഡിയോ ആക്ടിവിററിയിൽനിന്നും, രക്ഷനേടുന്നതിനു് അഭയസ്ഥാനങ്ങളായി ഉപയോഗിക്കത്തക്ക സ്ഥാനങ്ങളാണോ എന്നുംകൂടി അറിയുന്നതിനു്, ആ എഴുത്തിൽ ആവശ്യപ്പെട്ടിരുന്നു. ൧൯൪൯ ജൂൺ ഇരുപത്തിഅഞ്ചാംതീയതി അയച്ച എഴുത്തിൽ, പരമരഹസ്യമായി സൂക്ഷിച്ചിരുന്ന അണുശക്തിയെസ്സംബന്ധിച്ചു് എന്തെല്ലാം ഗവേഷണങ്ങൾ റഷ്യയിൽ നടത്തുന്നുണ്ടു്, എന്നു ചോദിച്ചിരുന്നു. ജൂലൈ മുപ്പതാംതീയതി അയച്ച എഴുത്തിൽ, സോവിയററുവ്യോമസഞ്ചാരത്തെക്കുറിച്ചുള്ള വിവരങ്ങളാണു് ആവശ്യപ്പെട്ടിരുന്നതു്. ഈ വിവരങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകൾ, ഞാൻ, വളരെ ഗൂഢമായിട്ടാണു് അയച്ചിട്ടുള്ളതു്. മാക്ഗ്രാഹിൽകമ്പനിവകയായുള്ള മാസ്കോ ബ്യൂറോവിൻെറ പേരു മാത്രം പ്രസ്താവിക്കാതെ, ആ വിവരങ്ങൾ ഉപയോഗിച്ചുകൊള്ളണമെന്നും ഞാൻ അറിയിച്ചിരുന്നു. ഇങ്ങനെയെല്ലാമായിരുന്നു സെസിലിയായുടെ എഴുത്തിൻെറ രീതി.

പ്രസ്തുത എഴുത്തിനു മറുപടിയായി ഞാൻ ഒരു സ്റ്റേററുമെൻറു തയാറാക്കി, അതിനെ പ്രസിദ്ധംചെയ്യണമെന്നു് അപേക്ഷിച്ചുകൊണ്ടു്, സെപസ്ദാപത്രത്തിൻെറ എഡിററക്കു് അയച്ചുകൊടുത്തു. വിദേശകാര്യാലയത്തിലെ പ്രസ്സ്ഡിപ്പാർട്ടുമെൻറദ്ധ്യക്ഷനും, ഞാൻ ഒരെഴുത്തു തയാറാക്കി. എന്തെന്നാൽ നേഷനൽ ബ്രാഡ്കാസ്റ്റിങ്ങ്കമ്പനിയുടേയും മാക്ഗ്രാഹിൽ കമ്പനിയുടേയും ലേഖകൻ എന്ന നിലയിൽ, ഞാൻ വിദേശകാര്യാലയവുമായി ബന്ധപ്പെട്ടിരുന്നു. ഈ എഴുത്തുകളുടെ പക-

ല്പുകൾ, മാസ്കോനഗരത്തിലുള്ള മററു വിദേശീയലേഖകന്മാക്കും അയച്ചുകൊടുത്തു. അവരാകട്ടെ, അതിനെക്കുറിച്ച് ഓരോ ലേഖനങ്ങൾ എഴുതി, സോവിയററുസെൻസക്കു പരിശോധന യ്ക്കയച്ചുകൊടുത്തു.

'സെപസ്ദാ' എൻെറ എഴുത്ത് പ്രസിദ്ധം ചെയ്യുതേയില്ല. കുറേസമയം കഴിഞ്ഞു്, പ്രസ്സ്ഡിപ്പാർട്ടുമെൻറിലെ അദ്ധ്യക്ഷനെ ഞാൻ നേരിട്ടുചെന്നുകണ്ടു്, എൻെറ സ്റ്റേററുമെൻറു് അദ്ദേഹത്തെ ഏല്പിച്ചു. അദ്ദേഹം, അതു വായിച്ചുനോക്കുകപോലും ചെയ്യില്ല. ഞാൻ റഷ്യ വിടേണ്ടിയിരിക്കുന്നു എന്നു്, അദ്ദേഹം എന്നോടു പറഞ്ഞു. എൻെറ സ്റ്റേററുമെൻറിൽ പ്രസ്താവിച്ചിട്ടുള്ള സംഗതി കൾ, എന്തെങ്കിലും, ലേഖകന്മാരുടെ റിപ്പോർട്ടുകളിൽ കണ്ടതെല്ലാം, സോവിയററുസെൻസർ നീക്കംചെയ്തു.

ഞങ്ങൾ റഷ്യവിടാൻ ഭാവിച്ചപ്പോൾ, ഒരു കസ്റ്റംസ് ഉദ്യോഗസ്ഥൻ, ഞങ്ങളുടെ കൈവശമുള്ള എല്ലാ രേഖകളും ഞങ്ങ ളുടെ പക്കൽനിന്നും വാങ്ങിച്ചു. എന്നാൽ, ഞാൻ നേരത്തേതന്നെ എൻെറ സ്റ്റേററുമെൻറിൻെറ പ്രതികൾ, തുറന്നമെയിലിൽ, 'എൻ. ബി. സി'-യുടെ മേൽവിലാസത്തിൽ, എൻെറപേക്കു് അയച്ചിട്ടുണ്ടായിരുന്നു. പ്രസ്സ്ഡിപ്പാർട്ടുമെൻറദ്ധ്യക്ഷനു് അയച്ച എഴുത്തിൻെറ ഒരു പ്രതി, ഒടുവിൽ എൻെറ കയ്യിൽ എത്തിച്ചേന്നു. റഷ്യാക്കാർ മെയിൽ മുഴുവനും, എപ്പോഴും സെൻസർചെയ്യുക പതിവില്ലെന്നു്, എനിക്കു് അതിൽനിന്നും മനസ്സിലായി.

എൻെറ മേൽവിലാസത്തിലുള്ള എഴുത്തുകൾ, യുണൈറഡ് സ്റ്റേററ്സ് എംബസ്സിവഴിയാണു് എനിക്കു ലഭിച്ചിരുന്നതു്. എങ്കിലും, തുറന്ന മെയിലിൽകൂടിയല്ലാതെ യാതൊരു എഴുത്തു കളും, എൻ. ബി. സി-യാകട്ടെ, മാക്ഗ്രാഹിൽകമ്പനിയാകട്ടെ, എനിക്കു് അയച്ചുതന്നിട്ടില്ല എന്നു് ഞാൻ എൻെറ എഴുത്തിൽ

വ്യക്തമാക്കിയിരുന്നു. എന്നുമാത്രമല്ല, യാതൊരു ലേഖനവും റഷ്യൻസെൻസർവഴിയല്ലാതെ ഞാൻ അയച്ചിട്ടുമില്ലായിരുന്നു.

സെസിലിയായുടെ ഓരോ പ്രസ്താവനയേയും എതിർക്കുന്നതിനു്, ഞാൻ ഒരുമ്പെട്ടില്ല. എന്തെന്നാൽ, അതുകൊണ്ടു പ്രയോജനമൊന്നുമില്ലായിരുന്നു. സ്വന്തതാല്പര്യങ്ങൾ നേടുന്നതിനു്, സത്യസ്ഥിതി അവഗണിച്ചുകൊണ്ടു്, റഷ്യാക്കാർ പതിവുപോലെ സൃഷ്ടിച്ച ഒരു കഥതന്നെയായിരുന്നു, എന്നെസ്സംബന്ധിച്ച കേസ്സും. റഷ്യയിൽ പാർക്കുന്ന ഏതൊരു വിദേശിയോടും, അവർ ഇപ്രകാരമാണു പെരുമാറിയിരുന്നതു്.

മാക്ഗ്രാഹിൽകമ്പനിക്കാരുടെ ആഭ്യന്തരകാര്യാലയത്തിൽനിന്നും, അതിൻെറ എല്ലാ വിദേശവകുപ്പുകളിലും ഉള്ള ലേഖകന്മാരോടും അന്വേഷിച്ചറിയിക്കണമെന്നു് പതിവുപോലെ ആവശ്യപ്പെട്ടിരുന്ന അതേ വിവരങ്ങൾതന്നെയാണു്, പ്രസ്തുത കമ്പനിക്കാർ, എന്നോടും ചോദിച്ചിരുന്നതു്. അതിലുള്ള മൂന്നു സംഗതികളാണു്, സെസിലിയായുടെ എഴുത്തിൽ സൂചിപ്പിച്ചിരുന്നതു്. ആ എഴുത്തുകളും തുറന്ന എയർമെയിൽവഴിയാണു് എനിക്കു് വന്നുചേർന്നതു്. അവയും ഞാൻ, മററു് മാക്ഗ്രാഹിൽഎഴുത്തുകളുടെ കൂട്ടത്തിലാണു വച്ചിരുന്നതു്. അവ പൂട്ടിവയ്ക്കുകപോലും പതിവില്ലാത്തതിനാലാണു്, സെസിലിയായ്ക്കു് അത്രവേഗം "കണ്ടുപിടിക്കുവാൻ" കഴിഞ്ഞതു്.

ആദ്യത്തെ കുററാരോപണങ്ങൾ, റഷ്യാക്കാരുടെ ഭൂമിക്കടിയിലുള്ള സജ്ജീകരണങ്ങളേയും അണുശക്തിയെക്കുറിച്ചുള്ള പ്രവർത്തനങ്ങളേയും സംബന്ധിച്ചു്, അന്വേഷിച്ചറിയിക്കുന്നതിനു് എന്നോടു് മാക്ഗ്രാഹിൽകമ്പനി ആവശ്യപ്പെട്ടിരുന്നു, എന്നതായിരുന്നല്ലോ. ഒരു പരമരഹസ്യമായി സൂക്ഷിച്ചിരുന്ന അക്കാര്യങ്ങളെക്കുറിച്ചു് വിവരങ്ങൾ അറിയുന്നതിനു് മാർഗ്ഗമൊന്നുമില്ലാ

ത്തതിനാൽ, ഞാൻ അതുസംബന്ധിച്ച് ഒന്നുംതന്നെ എഴുതിഅയ ച്ചില്ല.

മൂന്നാമത്തെ ആരോപണം, റഷ്യയിലെ വ്യോമസഞ്ചാരത്തെക്കുറിച്ച് ഒരു ലേഖനം എൻെറ കമ്പനിക്കാർ എന്നോട്ട് ആവശ്യപ്പെട്ടതായിരുന്നു. 'ഏവിയേഷൻഡേ' (വ്യോമയാനദിവസം) എന്നു വിളിക്കപ്പെട്ടിരുന്ന, റഷ്യയിലെ 'ആനുവൽ എയർ ഷോ' (വാഷിക വ്യോമയാത്രാപ്രദശനം)വിന് വളരെ ദിവസങ്ങൾക്കു മുമ്പായിരുന്നു, പ്രസ്തുത ലേഖനം ആവശ്യപ്പെട്ടുകൊണ്ടുള്ള എഴുത്ത് എനിക്കു വന്നുചേൎന്നതു്. പ്രസ്തുത ദിവസം, റഷ്യൻപത്രങ്ങളിൽ അവരുടെ വ്യോമയാനത്തെസ്സംബന്ധിച്ച് ധാരാളം വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. ആൻഡിയാകട്ടെ, അതിനെക്കുറിച്ച് ഇരുപത്തിയാറുപേജുള്ള ഒരു ലേഖനം തയാറാക്കി, (റഷ്യൻ ചട്ടമനുസരിച്ച്) ഓരോ പേജിലും ഒപ്പിട്ട്, റഷ്യൻസെൻസക്ക് പരിശോധനയ്ക്കയച്ചുകൊടുത്തു. പരിശോധനയ്ക്കുശേഷം, സെൻസർ ലേഖനത്തിൽ കൈയൊപ്പിട്ട്, ഓരോ ഷീററും മുദ്രയടിച്ച്, ആൻഡിക്ക് തിരിച്ചയച്ചുകൊടുത്തു. ആൻഡി, അതു് ഉടനേ തന്നെ തുറന്ന എയർമെയിലിൽ, കമ്പനിയുടെ ന്യൂയാക്കാഫീസിലേയ്ക്കും അയച്ചുകൊടുത്തു. കമ്പനിക്കാർ, ആ ലേഖനം മൂന്നു പത്രികകളിൽ പ്രസിദ്ധപ്പെടുത്തി. ഈ ലേഖനമായിരുന്നു, എൻെറ മേൽ ആരോപിച്ച ഒരു കുററം.

റഷ്യൻവിവരങ്ങൾ അറിയുന്നതിനു്, അതുസംബന്ധിച്ച റഷ്യാക്കാരുടെ പരിചയം സമ്പാദിക്കേണ്ട ഉത്തമമാർഗ്ഗങ്ങളെക്കുറിച്ച് എനിക്കു നിർദ്ദേശം ലഭിച്ചിരുന്നു എന്നു് സെസിലിയാ പറഞ്ഞിരുന്നതു്, പ്രസിദ്ധനായ റഷ്യൻ സാമ്പത്തികതത്വശാസ്ത്രജ്ഞൻ 'യൂജിൻവാർഗാ'യെക്കുറിച്ചായിരുന്നു. "ഇൻസ്റ്റിററ്യൂട്ട് ആഫ് വേൾഡ് പാളിററിക്സ് ആൻഡ് വേൾഡ് എക്കാണമി"

(ലോകത്തിലുള്ള വിവിധ രാജ്യങ്ങളിലെ ഭരണവിവരങ്ങളും, അവിടങ്ങളിലുള്ള സാമ്പത്തികാവസ്ഥകളും മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു സ്ഥാപനം) എന്നതിന്റെ മേധാവിയായിരുന്നു, വാർഗാ. "വേൾഡ് പാളിററിക്സ് ആൻറ് വേൾഡ് ഏക്കാണമി" എന്ന പേരിൽ അദ്ദേഹം പ്രസിദ്ധംചെയ്തിരുന്ന പത്രികയായിരുന്നു, റഷ്യയിൽ സാമ്പത്തികാവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുന്ന പത്രികകളിൽ ഏററവും പ്രധാനപ്പെട്ടത്. മുതലാളിത്തത്തിന്റെ, ഏററവും ഉറപ്പുള്ളതും അവസാനത്തേതുമായ മഹാദുർഗ്ഗം യുണൈററഡ്സ്റ്റേററ്സ് (ഐക്യനാടുകൾ) ആണെന്നും, അവിടെ, സാമ്പത്തികാധഃപതനമെന്നത് ഇതുവരെയും അടുത്തിട്ടില്ലെന്നും, കുറെ വർഷങ്ങൾക്ക് അതുണ്ടാവുകയുമില്ലെന്നും, വാർഗാ പ്രസ്താവിച്ചുപോയതിനു്, റഷ്യാക്കാർ അദ്ദേഹത്തിന്റെ സ്ഥാപനവും പത്രികയുമെല്ലാം, അടച്ചുപൂട്ടി. അനന്തരം അവർ "പ്രാബ്ളംസ് ആഫ് എക്കാണമി" (സാമ്പത്തികപ്രശ്നങ്ങൾ) എന്ന ഒരു പുതിയ പത്രിക പുറപ്പെടുവിച്ചു. "സാമ്പത്തികാധഃപതനമാകുന്ന പാതാളത്തിൽ അമേരിക്ക ഇപ്പോൾ താണുപോകും" എന്ന സോവിയററുതത്വത്തിന്റെ പ്രവാചകനായ പ്രൊഫസ്സർ 'ഒസ്റ്റ്റാവിന്യാനോവി'നെ പ്രസ്തുത പത്രികയുടെ പത്രാധിപരായി നിയമിച്ചിട്ട്, അദ്ദേഹത്തിന്റെ കീഴിൽ ഒരു ഉദ്യോഗം, വാർഗായ്ക്കും കൊടുത്തു.

വാർഗായുടെ സ്ഥാപനം ഉൽക്കർഷത്തിലിരിക്കുമ്പോൾ, ഒരിക്കൽ, അദ്ദേഹം, മാക്ഗ്രാഹിൽകമ്പനിക്കാർ പ്രസിദ്ധംചെയ്ത ഒരു പുസ്തകം ആവശ്യപ്പെട്ടു. കമ്പനിക്കാർ ആ പുസ്തകം എനിക്കയച്ചുതന്നു്, ഞാൻതന്നെ അദ്ദേഹത്തിന്റെ കൈയിൽ അതു് ഏല്പിക്കണമെന്നു് അപേക്ഷിച്ചു. എന്നാൽ, റഷ്യൻ അധികൃതർ സംശയിക്കുമെന്നു വിചാരിച്ചു്, ഞാൻ, ആ ബുക്കു് ഒരു കുറിപ്പോടുകൂടി

അദ്ദേഹത്തിന് കൊടുത്തയയ്ക്കുകയാണു ചെയ്തതു്. എന്റെ സഹായം എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ, ഞാൻ അതു നൽകുവാൻ തയാറാണ് എന്നുമാത്രം, ഞാൻ ആ കുറിപ്പിൽ അറിയിച്ചിരുന്നു.

എന്റെ സ്റ്റേറ്റുമെന്റ് തയാറാക്കിയതിനുശേഷം, സോവിയററുവിദേശകാര്യാലയത്തിലെ ആക്ടിങ്ങ് അദ്ധ്യക്ഷനായ വാസിലിങ്കോവിനെ, അദ്ദേഹത്തിന്റെ ആഫീസിൽവച്ച് എനിക്കൊന്നു കണ്ടാൽകൊള്ളാം എന്ന്, ഞാൻ ഫോൺചെയ്തറിയിച്ചു. വിദേശങ്ങളിൽനിന്നും, അവിടെവന്നു താമസിക്കുന്ന ലേഖകന്മാർക്ക്, പത്രപ്രവർത്തനം സംബന്ധിച്ചും മററും ഉണ്ടാകുന്ന വിഷമതകൾ പരിഹരിക്കുന്നതിന്, വേണ്ട സഹായം ചെയ്തുകൊടുക്കുകയായിരുന്നു അദ്ദേഹത്തിന്റെ ജോലി. എന്നാൽ, പതിവുപോലെ, അദ്ദേഹം ആഫീസിൽ ഇല്ല എന്ന മറുപടിയാണ്, എനിക്കു കിട്ടിയതു്.

അന്നു വൈകിട്ട്, നാലുമണിക്ക് വാസിലിങ്കോതന്നെ എന്നെ കാണുന്നതിനാഗ്രഹിക്കുന്നുവെന്ന്, പ്രസ്സ്ഡിപ്പാർട്ടുമെന്റിൽനിന്നും, എന്നെ ഫോണിൽ അറിയിച്ചു. വൈകീട്ട് നാലുമണിവരെയുള്ള സമയം ഉപയോഗിച്ച്, ഞാൻ എന്റെ ആഫീസ് ആൻഡിയെ ഏല്പിക്കയും, പവൻ അക്കൗണ്ടുകൾ ലണ്ടനിലേക്കും ഡാളർഅക്കൗണ്ട് ന്യൂയാർക്കിലേയ്ക്കും മാററുകയും ചെയ്തു.

ഞാൻ വാസിലിങ്കോവിനെ ചെന്നുകണ്ടു. ഒരു യുക്രേനിയൻദേശക്കാരനും വളരെ മനഃപരിഷ്കാരം സിദ്ധിച്ചിട്ടുള്ളവനുമായ അദ്ദേഹത്തിന്, സാഹിത്യത്തിലും, തത്ത്വജ്ഞാനത്തിലും വളരെ പ്രതിപത്തിയുണ്ടായിരുന്നു.

വളരെ സങ്കടത്തോടുകൂടിയാണ് വാസിലിങ്കോ എന്നോടു സംസാരിക്കുവാൻ തുടങ്ങിയതു്. സെസിലിയായുടെ എഴുത്തിൽ

നിന്നും കിട്ടുന്ന വിവരങ്ങളനുസരിച്ച്, പ്രസ്സ്ഡിപ്പാർട്ടുമെൻറിന് എൻെറ പ്രസ്സകാർഡ് തിരിച്ചുമേടിക്കേണ്ടിയിരിക്കുന്നുവെന്നും, അതുപോലെതന്നെ, വിദേശകാര്യാലയത്തിന് മൂന്നുദിവസത്തിൽ കൂടുതൽ എന്നെ റഷ്യയിൽ താമസിക്കുവാൻ അനുവദിക്കുക സാദ്ധ്യമല്ലെന്നും, അദ്ദേഹം എന്നോടു പറഞ്ഞു. വിദേശികൾക്ക് സഞ്ചരിക്കാവുന്ന ഏതെങ്കിലും മാർഗ്ഗങ്ങളിൽകൂടി ഞങ്ങൾക്ക് അമേരിക്കയ്ക്ക് തിരിച്ചുപോകാമെന്നും, പക്ഷേ, വിമാനത്തിൽ പോകുന്നതാണ നല്ലതെന്നും, അദ്ദേഹം ഞങ്ങളെ അറിയിച്ചു. എനിക്ക് വേഗം റഷ്യ വിടേണ്ടിയിരിക്കുന്നുവെങ്കിലും, എൻെറ പിൻഗാമിക്ക് എൻെറ ജോലികൾ ഏറെറടുക്കുന്നതിന് യാതൊരു വിഷമതയും ഉണ്ടായിരിക്കയില്ലെന്നും, അദ്ദേഹം പറയുകയുണ്ടായി.

സ്റ്റീഗക്ക് എൻെറ ജോലി കിട്ടുമോ എന്ന് ഞാൻ ചോദിച്ചതിന്, ആ മനുഷ്യൻ അപേക്ഷിച്ചുനോക്കട്ടെ എന്ന വാസിലിങ്കോ മറുപടി പറഞ്ഞു. അന്നുച്ചയ്ക്കുതന്നെ ആൻഡി എൻെറ ജോലിക്ക് ഒരപേക്ഷയയച്ചു. ശനിയാഴ്ച, (ഞായറാഴ്ച രാവിലെ എനിക്ക് യാത്രതിരിക്കേണ്ടിയിരുന്നു) സ്റ്റീഗരെ എൻെറ ജോലി തുടന്നു നോക്കിക്കൊള്ളുന്നതിന് അനുവദിച്ചിരിക്കുന്നുവെന്ന്, പ്രസ്സ് ഡിപ്പാർട്ടുമെൻറ് പരസ്യപ്പെടുത്തി.

ഞാൻ പ്രസ്സ്ഡിപ്പാർട്ടുമെൻറു വിട്ടിറങ്ങി. ആളുകൾക്ക് വളരെ ഭയമായിരുന്ന എം. വി ഡി. (ആഭ്യന്തരഭരണകാര്യാലയം; അതിനെ എൻ. കെ. വി. ഡി. എന്നാണ് മുമ്പുവിളിച്ചിരുന്നത്) ആഫീസിലെ ഫോണിൽകൂടി, യാത്രയ്ക്കു തയാറാകാം എന്ന് ഞാൻ നീലയെ അറിയിച്ചു. ഞങ്ങളുടെ വാച്ചിലെ സമയം, ന്യൂയാക്കിലേതാക്കി. ന്യൂയാക്കിലെ സമയത്തിനും, മാസ്കോനഗര

ത്തിലെ സമയത്തിനും, എട്ടു മണിക്കൂറിന്റെ വ്യത്യാസമുണ്ടായിരുന്നു. അതു്, യഥാർത്ഥത്തിൽ, സ്വർഗ്ഗവും, പാതാളവും എന്നപോലെ രണ്ടു ലോകങ്ങൾ തമ്മിലുള്ള വ്യത്യാസംതന്നെയായിരുന്നു.

---

# അദ്ധ്യായം ൮

ഞങ്ങൾ ഭയപ്പെട്ടു് സ്പാസ്സോഹൌസ്സിൽ ചെന്നു താമസിക്കണമെന്ന ഉദ്ദേശത്തോടുകൂടിയായിരുന്നു, കഴിഞ്ഞ് ഒരാഴ്ചക്കാലമായി റഷ്യാക്കാർ ഞങ്ങളെ നിഴൽപോലെ പിന്തുടർന്നുകൊണ്ടിരുന്നതു്. സെസിലിയായുടെ എഴുത്തു പ്രസിദ്ധംചെയ്യുന്നതിനു മുമ്പാകട്ടെ, പിന്നീടാകട്ടെ (അംബാസ്സഡർ സ്മിത്തു ഞങ്ങളെ ക്ഷണിച്ചിട്ടുപോലും), ഞങ്ങൾ അങ്ങനെ ചെന്നു താമസിക്കുകയുണ്ടായില്ല. എന്തെന്നാൽ, അപ്രകാരമുള്ള താമസം എന്നെസ്സംബന്ധിച്ച ദുഷ്പ്രവാദം പ്രചരിപ്പിക്കുന്നതിനു കൂടുതൽ സഹായകമാകുമായിരുന്നു.

'നാലക്ഷരച്ചെറുക്കന്മാരെ'ന്നും, 'വൈ. എം. സി. ഏ.' ചെറുക്കന്മാരെന്നും, വിദേശികൾ വിളിച്ചിരുന്ന രഹസ്യപ്പോലീസു്, എല്ലായ്പ്പോഴും അംബാസ്സഡരെ പിന്തുടരുക പതിവായിരുന്നു. മിക്കവാറും വെളിയിൽ കഴിച്ചുകൂട്ടുന്ന ഇവരെ, 'വെയിലുകൊണ്ടു കരിഞ്ഞ സഖാക്കൾ' എന്നും, വിളിക്ക പതിവുണ്ടു്. മന്ത്രിമാരുടെ കാര്യാലയങ്ങൾ, എംബസ്സികൾ ഇവ ഉൾപ്പെടെ, മാസ്ക്കോപട്ടണത്തിലുള്ള എല്ലാ പ്രധാന കെട്ടിടങ്ങളുടെയും മുൻവശത്തും, അതുപോലെ മററു പ്രധാനപ്പെട്ട സ്ഥാനങ്ങളിലുമെല്ലാം ഈ മാന്യന്മാരെ നിറുത്തിയിരിക്കും. സോവിയററുനേതാക്കന്മാർ പട്ട

ന്നത്തിൻെറ അതിർത്തിക്കട്ടത്തും താമസിച്ചിരുന്നതുകൊണ്ടു്, ക്രെം ലിനിൽനിന്നും പ്രസ്തുത പാർപ്പിടങ്ങളിലേക്കു ചെന്നുചേരുന്ന പാതകളെ, നേതാക്കന്മാൎക്കുവേണ്ടി കാത്തുകൊള്ളേണ്ടതും, നാല ക്ഷരച്ചെറുക്കന്മാരുടെ പ്രധാന ഒരു കൃത്യമായിരുന്നു.

മാസ്ക്കോനഗരത്തിലുള്ള പാതകളുടെയെല്ലാം കേന്ദ്രസ്ഥാന മായ 'ആർബത്സ്ക്വയർ', എപ്പോഴും യാത്രക്കാരെക്കൊണ്ടും, വാഹനങ്ങളെക്കൊണ്ടും നിറഞ്ഞിരിക്കും. സ്ററാലിൻ, മൊളോ ട്ടോവു മുതലായ നേതാക്കന്മാരോ, അല്ലെങ്കിൽ 'പൊളിററ്ബ്യൂറോ' (രാഷ്ട്രീയവകുപ്പു്) വിലെ മറേറതെങ്കിലുമൊരംഗമോ, വെടിയുണ്ട യ്ക്കുപോലും ഭേദിക്കുവാൻ കഴിയാത്ത വാഹനങ്ങളിൽ ആർബത് സ്ക്വയർ കടന്നുവരുന്ന കാഴ്ച, കാണേണ്ടതുതന്നെയാണു്. റോഡി ൻെറ ഇരുവശങ്ങളിലുമുള്ള ദീപങ്ങൾ പെട്ടെന്നു ഭയാനകമായ ഒരു കടുംമഞ്ഞനിറംപൂണ്ടു്, യാത്രക്കാർ യാത്ര നിറുത്തി വഴിയിൽ അവിടവിടെ നില്ക്കവേ, നേതാക്കന്മാരുടെ കാറുകൾ അംഗരക്ഷക ന്മാരുടെ കാറുകളോടുംകൂട്ടി, ഗതാഗതനിയമങ്ങളെയെല്ലാം അവഗ ണിച്ചുകൊണ്ടു് ആർബത്സ്ക്വയർ ഭേദിച്ചുകൊണ്ടു പോകും. ചുററും നിറുത്തിയിട്ടുള്ള സൈനികോദ്യോഗസ്ഥന്മാർ, വെയിലുകൊണ്ടു കറുത്തുപോയ സഖാക്കൾ മുതലായവർ, ഏററവും സൂക്ഷിച്ചു കൊണ്ടു നില്ക്കും. ഓരോ വാഹനത്തിലേയ്ക്കും, അതുപോലെ ഓരോ ആളിൻെറയും മുഖത്തിലേയ്ക്കും, അവരുടെ ദൃഷ്ടികൾ, മാറിമാറി പതിഞ്ഞുകൊണ്ടിരിക്കും. എൻെറ താമസസ്ഥലത്തുനിന്നും ആഫീ സിലേയ്ക്കും, പിന്നീടു തിരിച്ചു താമസസ്ഥലത്തിലേയ്ക്കും യാത്ര ചെയ്യുന്നതിനിടയ്ക്കു്, പ്രസ്തുത കാഴ്ച, പലപ്രാവശ്യവും ഞാൻ കാണുകയുണ്ടായിട്ടുണ്ടു്. അനിവാൎയ്യമായ ഏതോ ഒരു മഹാവി പത്തു സംഭവിക്കുവാൻപോകുന്നതായിട്ടാണു്, എനിക്കു് ഓരോ പ്രാവശ്യവും തോന്നിയിട്ടുള്ളതു്.

വെയിലുകൊണ്ടു കരിഞ്ഞുപോയ സഖാക്കൾക്കു്, ഒരു നിശ്ചിതവസ്ത്രധാരണരീതിയൊന്നുമില്ല. എന്നാൽ, അവർ എപ്പോഴും കറുപ്പുനിറത്തോടുകൂടിയതോ, അല്ലെങ്കിൽ ഇരുണ്ട നീലനിറത്തോടുകൂടിയതോ ആയ തൊപ്പി, ധരിച്ചുകൊണ്ടിരിക്കും. എന്നുമാത്രമല്ല, ശരൽക്കാലത്തും, വസന്തകാലത്തും, ഇരുണ്ട നീല നിറമുള്ളതോ അല്ലെങ്കിൽ ഇരുണ്ട തവിട്ടുനിറമുള്ളതോ ആയ കുപ്പായവും, തണുപ്പുകാലത്തു്, ഭാരമുള്ളതും മൃഗരോമംകൊണ്ടുണ്ടാക്കിയതുമായ കഴുത്തുപട്ടയോടുകൂടി ഇരുണ്ട ചാരനിറംപൂണ്ട ഒരു പുറംകുപ്പായവുമാണു്, അവർ ധരിയ്ക്കുക പതിവു്. വേനല്ക്കാലത്താകട്ടെ, മാസ്കോപട്ടണത്തിലുള്ള തെരുവുകളിൽകൂടി നടക്കുന്ന അധികംപേരുടേയും വസ്ത്രങ്ങൾപോലെതന്നെ, നമ്മുടെ സഖാക്കളുടെ വസ്ത്രങ്ങളും, തവിട്ടുനിറത്തോടുകൂടി മുഷിഞ്ഞിരിക്കും.

അംബാസ്സഡർ സ്മിത്തിനെ എപ്പോഴും പിന്തുടൎന്നുകൊണ്ടിരുന്ന രണ്ടുപേർ, ശുഭ്രവസ്ത്രം ധരിച്ചിരുന്നു. തലസ്ഥാനനഗരിയിൽ ഏററവും നല്ല വസ്ത്രം ധരിച്ചിരുന്നതു്, അവരാണെന്നാണു തോന്നിയിരുന്നതു്. തങ്ങളുടെ 'സാഗ്രാനിച്ച്നി' (വിദേശങ്ങളിൽ നിൎമ്മിച്ച) മഴക്കോട്ടുകൾ, നീലനിറംപൂണ്ട ആകാശത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന സൂൎയ്യന്റെ കാന്തിയെപ്പോലും അതിശയിക്കത്തക്കവണ്ണം, അത്ര ശോഭയുള്ളതാണെന്നാണു് അവർ വിചാരിച്ചിരുന്നതു്. ഒരിക്കലും തുരുമ്പുപിടിക്കാത്ത ഉരുക്കുകൊണ്ടുണ്ടാക്കിയ ഹൃദയത്തോടുകൂടിയവരാണുപോലും, ബോൾഷെവിക്കു കക്ഷിക്കാർ. എന്നാൽ, അവരെയും, സംഭാവനകൾകൊണ്ടും മററും മയക്കുവാൻ സാധിച്ചിരുന്നു.

മാസ്കോനഗരത്തിലുള്ള 'ആരോരാ' എന്ന വിനോദശാലയിൽ, രാത്രികാലത്തു് ആളുകൾ സദസ്സുകൂടി വിനോദിച്ചിരുന്നു. എന്നാൽ, അതു വളരെ ചിലവുള്ള ഒരു സംഗതിയുമായിരുന്നു.

'ആവ്റൽഹാരിമാൻ' റഷ്യയിലെ അമേരിക്കൻ അംബാസ്സഡരായിരിക്കുമ്പോൾ, ഒരിക്കൽ, അമേരിക്കൻപ്രസിഡൻറിൻെറ സ്വന്തം പ്രതിനിധിയായിട്ട്, 'മാർക് എത്റിഡ്ജ്' എന്നൊരാൾ, എന്തോ ഒരു സംഗതിക്കായി മാസ്കോവിൽ വന്നുചേൎന്നു. മാർക് എത്റിഡ്ജ്, ആരോരാവിനോദശാലയിൽവച്ചു കുറെ സ്നേഹിതന്മാൎക്കു് ഒരു വിരുന്നുകൊടുത്തു. എത്റിഡ്ജിൻെറ ആളുകൾക്കു വേണ്ട വിഭവങ്ങളെല്ലാം കൊടുത്തു സല്ക്കരിക്കണമെന്നു്, പ്രസ്തുത വിനോദശാലയിലെ പരിചാരകപ്രധാനിക്കു നിൎദ്ദേശങ്ങൾ കൊടുത്തിരുന്നു. എന്നാൽ, ക്യാവിയർ (ഉപ്പുകൊണ്ടു രക്ഷിച്ച മുട്ട) എന്ന ഭോജ്യവും, ഷംപേൻ എന്ന മധുവും മാത്രം, അവിടെയുണ്ടായിരുന്നില്ല. അന്നരാത്രി, ഹാരിമാൻ, ഒരു റഷ്യൻയുവതിയുമായി നൃത്തത്തിൽ പങ്കുകൊണ്ടു. റഷ്യയിലുള്ള അദ്ദേഹത്തിൻെറ താമസത്തിനിടയ്ക്കു്, അന്നുമാത്രമായിരുന്നു അപ്രകാരം ഒരു നൃത്തത്തിൽ അദ്ദേഹം പങ്കുകൊണ്ടതു്. ഹാരിമാൻ റീലയുമായി നൃത്തം ചെയ്തു വിനോദിച്ചുകൊണ്ടിരിക്കുമ്പോൾ, വളരെ സമ്മാനങ്ങൾ ലഭിച്ചിട്ടുള്ളവനും മഹാശൂരനുമായ ഒരു റഷ്യൻസൈനികോദ്യോഗസ്ഥൻ, അതീവസുന്ദരിയായ ഒരു തരുണിയുമായി നൃത്തം ചെയ്തുകൊണ്ടു്, ഹാരിമാൻെറ അടുക്കൽ വന്നുചേൎന്നു. താൻ റീലയുമായി നൃത്തംചെയ്യുകയും, ഹാരിമാൻ തൻെറ സുന്ദരിയുമായി നൃത്തംചെയ്യുകയും ചെയ്യുന്നതിനു വിരോധമുണ്ടോ എന്നു്, അയാൾ ചോദിച്ചു. ഹാരിമാൻ അതിനു സമ്മതിച്ചു. റീലയുടെ അടുക്കൽനിന്നും, ഹാരിമാൻ ആരാണെന്നു മനസ്സിലാക്കിയ പ്രസ്തുത ഉദ്യോഗസ്ഥൻ, നൃത്തവും മററും കഴിഞ്ഞു ഹാരിമാനെ തനിക്കു പരിചയപ്പെടുത്തിക്കൊടുക്കണമെന്നു്, അപേക്ഷിച്ചു. എന്നാൽ, ഹാരിമാൻെറ അംഗരക്ഷകന്മാരിൽ ഒരാൾ, എന്തോ ആ ഉദ്യോഗസ്ഥൻെറ ചെവിയിൽ മന്ത്രിച്ചു. ഉടനെ ആ ഉദ്യോഗസ്ഥൻ,

തൻെറ സുന്ദരിയോടുകൂടി അവിടംവിട്ടു പോകുകയുംചെയ്തു. എന്നാൽ അംബാസ്സഡർ സ്മിത്തിനു്, ഇപ്രകാരമുള്ള ഒരനുഭവം ഉണ്ടായിട്ടില്ല. അദ്ദേഹത്തിൻെറ ഗാംഭീര്യം കണ്ടു് അദ്ദേഹത്തിൻെറ അംഗരക്ഷകന്മാൎക്കുപോലും അതിശയമാണുണ്ടായിട്ടുള്ളതു്.

ഒരിക്കൽ മി. സ്മിത്തു് അദ്ദേഹത്തിൻെറ ഉൾനാട്ടിലുള്ള താമസസ്ഥലത്തേയ്ക്കു യാത്രചെയ്യുകയായിരുന്നു. അദ്ദേഹത്തിനെ പിന്തുടൎന്നുകൊണ്ടിരുന്ന കാറിൻെറ ടയറിനു്, എന്തോ ഒരു കേടുപററി. കാർ പെട്ടെന്നു നിന്നുപോയതുകണ്ടു്, അദ്ദേഹം തൻെറ ഡ്റൈവറെ അയച്ചു് അവൎക്കു് എന്തെങ്കിലും സഹായം ആവശ്യമുണ്ടോ എന്നു ചോദിച്ചു. പിന്നീടൊരിക്കൽ അദ്ദേഹം കുറെ അതിഥികളുമായി മാസ്കോനഗരത്തിലേയ്ക്കു യാത്രചെയ്യുമ്പോൾ, പ്രസ്തുത അംഗരക്ഷകന്മാർ അതിഥികളിൽ ഒരാളിനെ തങ്ങളുടെ കാറിൽ കയററിക്കൊണ്ടുപോകാമെന്നു്, സന്തോഷത്തോടുകൂടി സമ്മതിച്ചു.

റഷ്യയിൽ, ഓരോരുത്തൻെറയും ജീവനും അവൻെറ താല്പൎയ്യങ്ങളും ഏററവും സുരക്ഷിതങ്ങളാണെന്നാണു്, റഷ്യാക്കാർ സ്വയം അഭിമാനിച്ചിരുന്നതു്. എന്നാൽ, അവൎക്കു്, അംഗരക്ഷകന്മാരില്ലാതെ ഒരുനിമിഷംപോലും കഴിച്ചുകൂട്ടുക സാധ്യമായിരുന്നില്ലത്രേ.

നീലയും ഞാനും, ഒരു വലിയ കെട്ടിടത്തിലാണു താമസിച്ചിരുന്നതു്. അതിൽ, വേറെയും പല ഉദ്യോഗസ്ഥന്മാരും, അതുപോലെ മൂന്നു വിദേശികളും, താമസിച്ചിരുന്നു. ഏപ്രിൽ എട്ടാംതീയതി വ്യാഴാഴ്ച, ഞാൻ എൻെറ ആഫീസിലേക്കു പോകുവാൻ ഇറങ്ങിയപ്പോഴാണു്, തൊപ്പിയും ഇരുണ്ടു തവിട്ടുനിറത്തോടുകൂടിയ കുപ്പായവും ധരിച്ച ഒരാൾ, ആരെയോ ലക്ഷ്യമാക്കിക്കൊണ്ടു ഞങ്ങളുടെ കെട്ടിടത്തിനുമുമ്പിൽ നില്ക്കുന്നതു കണ്ടതു്.

ഞാൻ ഉടനെതന്നെ അക്കാര്യം നീലയോടു പറയുകയുംചെയ്തു. ഞാൻ ആഫീസിലേക്കു നടന്നപ്പോൾ, അംഗരക്ഷകനും എന്നെ പിന്തുടരുന്നതായി നീല കണ്ടു. ഞാൻ ലഘുഭക്ഷണം കഴിക്കുവാനായി വീട്ടിലേയ്ക്കു തിരിച്ചുവന്നപ്പോൾ, അപ്പോഴും ആ മനുഷ്യൻ ഞങ്ങളുടെ കെട്ടിടത്തിനുമുമ്പിൽ പ്രത്യക്ഷനായി. ലഘുഭക്ഷണംകഴിഞ്ഞു്, ഞാനും നീലയും, ഒരു സായാഹ്നസഞ്ചാരത്തിനു് ഇറങ്ങി. അപ്പോഴും മുൻപറഞ്ഞ മനുഷ്യൻ ഞങ്ങളെ പിന്തുടൎന്നു. ഒരു കോണിൽചെന്നിട്ടു്, ഞാനും നീലയും പിരിഞ്ഞു. അപ്പോൾ, അയാൾ ആദ്യം നീലയെയും, പിന്നീടു് എന്നെയും പിന്തുടൎന്നു സഞ്ചരിച്ചു. അന്നു വൈകുന്നേരം, തെരുവിൽ, രണ്ടുപേർ ഞങ്ങളുടെ മുറിയിലുള്ള ജനാലകളുടെ എതിരെയായി നില്ക്കുന്നുണ്ടായിരുന്നു. അടുത്തദിവസം രാവിലെ, രണ്ടു യുവതികളും പ്രസ്തുത ജോലിക്കു വന്നുചേൎന്നു. ഇങ്ങനെ നാലുപേരുംകൂടി, ഞാൻ ഒരു ചാരനാണെന്നു പ്രസ്താവിക്കുന്നതുവരെ, അവരുടെ ജോലി തുടൎന്നുകൊണ്ടിരുന്നു.

൧൯൪൯ ജനുവരി മദ്ധ്യത്തിലായി, എന്റെ പിതാവിന്റെ മരണംപ്രമാണിച്ചു്, എനിക്കു ന്യൂയാൎക്കിലേയ്ക്കു പോകേണ്ടിവന്നു. അവിടെവച്ചു്, എൻ. ബി. സി. ടെലവിഷൻ (ദൂരവീക്ഷണം) സംബന്ധിച്ചു്, യൂറോപ്പിലെ പ്രതിനിധിയായി ഒരു ജോലികൂടി എനിക്കു ലഭിച്ചു. എന്റെ സ്ഥിരംജോലി എൻ. ബി. സി-ക്കാരുടെ മാസ്കോലേഖകനായിട്ടുതന്നെയായിരുന്നു. മാക്ഗ്രാഹിൽ കമ്പനിയുടെ ഡയറക്ടരായ ജാൺ എഫ്. ചാപ്പ്മാൻ, എന്നെ അവരുടെ മാസ്കോവകുപ്പിന്റെ അദ്ധ്യക്ഷനായും തുടരുവാൻ അനുവദിച്ചു.

എന്റെ പുതിയ എൻ. ബി. സി. ഉദ്യോഗം സംബന്ധിച്ചു്, എനിക്കു റഷ്യയുടെ സ്വാധീനത്തിലിരിക്കുന്ന എല്ലാ രാജ്യങ്ങളിൽ

നിന്നും, ന്യൂസ്റീലുകൾ, പ്രദർശനത്തിനനുവദിക്കപ്പെട്ട ഫിലിമുകൾ ഇവ ശേഖരിച്ച്, എൻ. ബി. സി-യുടെ ടെലവിഷൻപരിപാടിക്കുവേണ്ടി മുറയ്ക്കു് അയച്ചുകൊടുക്കേണ്ടിയിരുന്നു. അതുപോലെ തന്നെ പ്രസ്തുത രാജ്യങ്ങളുടെ തലസ്ഥാനനഗരങ്ങളിൽനിന്നും, എനിക്കു്, എൻ. ബി. സി. ക്കാരുടെ പരിപാടിയനുസരിച്ച്, വർത്തമാനങ്ങൾ പ്രക്ഷേപണംചെയ്യേണ്ടതായും വന്നുകൂടി.

൧൯൪൭ ഫെബ്രുവരി മദ്ധ്യത്തിൽ, ഞാൻ മാസ്കോനഗരത്തിലേയ്ക്കു തിരിച്ചുചെന്നപ്പോൾ, എൻെറ പുതിയ ജോലിസംബന്ധിച്ച മാസ്കോ വിട്ടുപോകയും തിരിച്ചുവരികയും ചെയ്യുന്നതിനുവേണ്ട സഹായസഹകരണങ്ങൾ, പ്രസ്ഡിപ്പാർട്ട്മെൻറു ചെയ്തു തരുന്നതാണെന്നു്, മി: വാസിലിങ്കോ എനിക്കു് ഉറപ്പുതന്നു. എന്തെന്നാൽ, എനിക്കു് മൂന്നുപ്രാവശ്യം മാസ്കോവിട്ടു പോവുകയും, ഓരോ പ്രാവശ്യവും ആവശ്യം കഴിഞ്ഞു് മാസ്കോനഗരത്തിലേയ്ക്കു തിരിച്ചുവരികയും ചെയ്യേണ്ടിയിരുന്നു.

പോളണ്ടു്, ഹംഗേറി, ആസ്ത്രിയാ, ചെക്കോസ്ലോവാക്കിയ, യൂഗോസ്ലേവ്യ, ബൾഗേറിയാ, റുമേനിയാ, അൽബേനിയാ ഈ രാജ്യങ്ങളിലുള്ള ഫിലിംപ്രവർത്തകസംഘങ്ങളുമായി, ഞാൻ എഴുത്തുകുത്തുകൾ ആരംഭിച്ചു. കല, സാഹിത്യം മുതലായവയെ സംബന്ധിച്ച പ്രവർത്തനങ്ങൾക്കു്, ഓരോ രാജ്യങ്ങളിൽനിന്നും മാസ്കോനഗരത്തിൽ വന്നു താമസിക്കുന്ന "കോംച്ചറൽ അററാഷെ" എന്ന ഉദ്യോഗസ്ഥന്മാർ മുഖാന്തിരമാണു്, ഞാൻ എഴുത്തുകുത്തുകൾ നിർവഹിച്ചതു്. അവയെല്ലാം ഫലപ്രദമാകുകയുംചെയ്തു. മദ്ധ്യയൂറോപ്പിൽ സഞ്ചരിക്കുന്നതിനു് ഒരു സമയപരിപാടിയും രൂപീകരിച്ചു്, ഏപ്രിൽ രണ്ടാംതീയതി യാത്രപുറപ്പെടുന്നതിനും തീരുമാനിച്ചു. ഞാൻ മാർച്ചു പതിന്നാലാംതീയതി വീണ്ടും വാസിലിങ്കോവിനെ ചെന്നു കാണുകയും,

അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണം, പിറേറദ്ദിവസം രാവിലെ, പ്രസ്സ്ഡിപ്പാട്ടുമെൻറിലേക്ക് ഒരെഴുത്തയയ്ക്കുകയും ചെയ്തു. വീസാഫാറങ്ങൾ പൂരിപ്പിച്ച്, ഞങ്ങളുടെ പാസ്സ്പോട്ടുകൾ ആഭ്യന്തരഭരണവകുപ്പിലെ വീസാസെക്ഷനിലേക്കും അയച്ചു കൊടുത്തു. എന്നാൽ, വാസിലിങ്കോവിൻെറ സിക്രട്ടറി എന്നെ ഫോണിൽ വിളിച്ച്, എൻെറ സംഗതിക്കു കുറെ താമസമുണ്ടാകുമെന്ന് അറിയിച്ചു.

എനിക്കു വിവരങ്ങൾ മനസ്സിലായി. എൻെറ യാത്രയെ സംബന്ധിച്ചു വാസിലിങ്കോ "ഫെഴ്സ്റ്റ് വൈസ്മിനിസ്റ്റർ ആഫ് ഫാറിൻ അഫെയഴ്സ്" ആയ (വിദേശകാര്യവകുപ്പിലെ പ്രഥമ ഉപമന്ത്രിയായ) വിഷിൻസ്കിയോട് ആലോചിക്കുകയും, അദ്ദേഹം, 'ഇരുമ്പുമറ'യ്ക്കപ്പുറത്തുള്ള രാജ്യങ്ങളിൽ ഞാൻ സഞ്ചരിക്കുന്നത് ഒട്ടും ഇഷ്ടപ്പെടുകയും ചെയ്തില്ല എന്നുള്ളതുമായിരുന്നു വാസ്തവം.

രണ്ടാഴ്ച കഴിഞ്ഞ്, അംബാസ്സഡർ സ്മിത്ത്, ഔദ്യോഗികമായി എൻെറ കാര്യം പ്രമാണിച്ച് ഇടപെടാമെന്നു വിചാരിച്ചു. എന്നാൽ, അതു വേണ്ടെന്നു ഞാൻ അദ്ദേഹത്തോട് അപേക്ഷിച്ചു. എൻെറ സഞ്ചാരപരിപാടിയും മററും ഞാൻ മാററിവച്ചു. ഞാനും നീലയും സഞ്ചരിക്കുന്നിടത്തെല്ലാം, റഷ്യാക്കാർ ഞങ്ങളെ പിന്തുടരുവാനും ആരംഭിച്ചു.

ഞാൻ താമസിച്ചിരുന്ന മാളികയുടെ മുകളിലത്തെ നിലയിലാണ്, അമേരിക്കൻ എംബസ്സിയിലെ കൾച്ചറൽ അററാഷെ (സാംസ്കാരികപ്രതിനിധി)യായ മെൽവിൻ റൂഗിൾസും അദ്ദേഹത്തിൻെറ കുടുംബവും താമസിച്ചിരുന്നത്. വൈ. എം. സി. എ. ചെറുക്കന്മാർ ആരെങ്കിലും രാത്രി ഞങ്ങളുടെ താമസസ്ഥലത്തു കടന്നുകൂടിയാൽ, ഉടനെ അമേരിക്കൻ എംബസ്സിയിൽ അറിയി

KOTTAYAM PUBLIC LIBRARY KOTTAYAM



കുന്നതിന്നു്, ഞാൻ ഉറക്കെ ഞങ്ങളുടെ മുറിയുടെ തട്ടിൽ ശബ്ദമുണ്ടാക്കണമെന്നു്, വൃഗിഗ്സ് എന്നോടു പറഞ്ഞിരുന്നു. എന്നാൽ അതിന്റെയൊന്നും ആവശ്യം ഉണ്ടായില്ല. ഒരിക്കൽ നീല റോഡു മറികടക്കുവാൻ ശ്രമിക്കവേ, അതിവേഗത്തിൽ ഒരു മോട്ടാർ പാഞ്ഞുകൊണ്ടുവന്നതു കണ്ടു് പെട്ടെന്നു നിന്നു. അവളെ പിന്തുടന്നുകൊണ്ടുവന്ന മനുഷ്യൻ കാൽ ഇടറി അവളുടെ പുറത്തു വീണു, നിലംപതിച്ചു. നീല അവനെ പിടിച്ചെഴുന്നേല്പിച്ചു. അവനു വലിയ പരിഭ്രമമായി.

റഷ്യൻസാഹിത്യവും നാടൻകൃതികളും സംബന്ധിച്ച പുസ്തകങ്ങൾ അന്വേഷിച്ചു്, ഞാൻ മാസ്കോനഗരത്തിലുള്ള പുസ്തകക്കടകളിലേയ്ക്കു പോവുക പതിവായിരുന്നു. പുതിയ ബുക്കുകൾ വളരെ കുറച്ചുമാത്രമേ ഉണ്ടായിരുന്നുള്ളു. പഴയ ബുക്കുകളും ആവശ്യമുള്ളിടത്തോളം അവിടെയുണ്ടായിരുന്നില്ല. എന്നാൽ പുസ്തകക്കടകളിലും, വെയിലുകൊണ്ടു കറുത്ത സഖാക്കൾ എന്നെ അനുഗമിച്ചു.

ഒരിക്കൽ റൈട്ടരുടെ ബുക്കുഷാപ്പിൽവച്ചു്, അവിടത്തെ ജോലിക്കാരിയായ യുവതി, ഒരു നാടൻകൃതി പഴയ വിലയ്ക്കു് ഒരാൾ കൊണ്ടുവരാമെന്നു പറഞ്ഞിട്ടുള്ളതിനെക്കുറിച്ചു് എന്നോടു സംസാരിച്ചുകൊണ്ടിരുന്നു. ഞാൻ വേറൊരു ഭാഗത്തേക്കു മാറിയപ്പോൾ, നമ്മുടെ കറുത്ത സഖാക്കളിൽ ഒരാൾ അവളുടെ അടുത്തുചെന്നു് എന്തോ മന്ത്രിച്ചു. ഉടനേതന്നെ അവളുടെ മുഖത്തിൽ ചില ഭാവഭേദങ്ങൾ ഉണ്ടാകുന്നതും ഞാൻ കാണുകയുണ്ടായി.

എന്നെസ്സംബന്ധിച്ച സെസിലിയായുടെ എഴുത്തു പ്രത്യക്ഷപ്പെടുന്നതിനു രണ്ടുദിവസം മുമ്പു്, കാലിനിൻതെരുവിൽകൂടി മാക്സിം ലിററ്വിനോവു് നടന്നുകൊണ്ടുവരുന്നതു്, ഞാനും നീലയും കാണുന്നതിന്നിടയായി.

സോവിയററു നയതന്ത്രങ്ങളിൽ ഒരിക്കൽ പ്രധാനമായ ഒരു ഭാഗം വഹിച്ചിട്ടുള്ള വന്ദ്യവയസ്കനായിരുന്നു, ലിററ്വിനോവ്. സോവിയററുനേതാക്കന്മാരുടെ അപ്രീതിക്കു പാത്രമായതിനാൽ, അവർ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി, അദ്ദേഹം ഞങ്ങളെ അഭിവാദ്യംചെയ്തു. എന്നാൽ ഞങ്ങൾ അദ്ദേഹത്തെ ബഹുമാനിക്കമാത്രം ചെയ്തിട്ട് അദ്ദേഹം ഞങ്ങളോടു സംസാരിക്കുവാൻ ഇഷ്ടപ്പെടുന്നു എന്നുള്ളതറിയാത്ത മട്ടിൽ തിരിഞ്ഞു നടന്നുകളഞ്ഞു.

വേറൊരവസരത്തിൽ ശരീരസൌഖ്യമില്ലാതിരുന്ന അബിസീനിയൻ ചാർജ്-ദി-അഫയഴ്സി (കാര്യപുരുഷ)ൻെറ റഷ്യാക്കാരിയായ ഭാര്യയെ ഞങ്ങൾ വഴിക്കുവച്ചു കണ്ടു. അവളുടെ ഭർത്താവിനു സുഖക്കേടു ഭേദമുണ്ടോയെന്നു ഞങ്ങൾ തിരക്കി. ഞങ്ങൾ അവളെവിട്ടു കുറെ ദൂരം പോയപ്പോൾ, ഞങ്ങളെ പിന്തുടൎന്നുവന്നവരിൽ ഒരാൾ അവളുടെ അടുത്തുചെന്ന് എന്തോ സംസാരിയ്ക്കുന്നതു ഞങ്ങൾ കണ്ടു.

---

# അദ്ധ്യായം ൩

പന്ത്രണ്ടുകൊല്ലത്തോളം മാസ്കോനഗരത്തിൽ ജീവിച്ചതിനുശേഷം, നാല്പത്തിയെട്ടുമണിക്കൂറിനകം സ്ഥലംവിട്ടുകൊള്ളണമെന്നു വന്നുചേൎന്നതു്, ഞങ്ങൾക്കു് എത്രയും പ്രയാസവും സങ്കടവും ഉള്ള ഒന്നായിരുന്നു.

ഒരു അദ്ധ്യയനമുറി, ഭക്ഷണമുറി, കിടക്കമുറി, കുഴൽവഴി തണുത്തവെള്ളം കിട്ടുന്ന ഒരു കുളിമുറി, ഇത്രയും ഉള്ളതായിരുന്നു ഞങ്ങളുടെ താമസസ്ഥലം. ഒരാഴ്ചയിൽ ഒരിക്കൽ ഞങ്ങൾക്കു ചൂടു

വെള്ളവും കിട്ടുമെന്നായിരുന്നു വയ്പു്. യുദ്ധത്തിനുമുമ്പു് ഞങ്ങൾക്കു് അതു ലഭിക്കുകയും ചെയ്തു. എന്നാൽ ൧൯൪൮ ജൂൺമാസത്തിനുശേഷം ഞങ്ങൾക്കു ചൂടുവെള്ളം കിട്ടിയിട്ടില്ല.

"എൻെറ റഷ്യയിലെ ജീവിതവും നസറോവ്സും" എന്ന ബുക്കെഴുതിയ മർക്കുഷാഫിഷർ, അവളുടെ രണ്ടു് ആൺകുട്ടികളോടു കൂടി, യുണൈറഡ്സ്റ്റേററ്സിൽ താമസിക്കുന്ന തൻെറ ഭർത്താവിനോടുകൂടിച്ചെന്നു താമസിക്കുവാൻ വേണ്ട അനുവാദം മേടിച്ചതിനുശേഷം, സോവിയററധികൃതർ ഞങ്ങൾക്കു വിട്ടുതന്നതായിരുന്നു ഞങ്ങളുടെ താമസസ്ഥലം.

റഷ്യയിൽ പെട്ടെന്നു് ഒരു താമസസ്ഥലം തയാറാക്കുക എന്നതു് എളുപ്പമല്ലായിരുന്നു. അതിനു സാധനങ്ങൾ വെളിയിൽ നിന്നും വരുത്തേണ്ടതായിരിക്കും. മാസ്കോവിൽ താമസിച്ചിട്ടു്അവിടം വിട്ടുപോകുന്ന വിദേശികളുടെ അടുക്കൽനിന്നും, അതുപോലെ രൊക്കം കിട്ടുന്ന വില മേടിച്ചുകൊണ്ടു് ആളുകൾക്കു സാധനം വിലയ്ക്കുകൊടുക്കുന്ന മാസ്കോവിലെ കമ്മിഷൻഷാപ്പുകളിൽനിന്നും അവ മേടിക്കാം. കമ്മിഷൻഷാപ്പുകൾ, അവയുടെ സേവനത്തിനു വിലയുടെ പതിനഞ്ചുശതമാനം ഈടാക്കുന്നതാണു്.

നീല, പാവപ്പെട്ട ഒരു കൃഷീവലകുടുംബത്തിലാണു ജനിച്ചതു്. നാട്ടിലെ വ്യവസായവല്ക്കരണത്തിനിടയ്ക്കുള്ള വിഷമതകൾ എല്ലാം അനുഭവിച്ചു വളൎന്ന അവൾ, എന്നോടുകൂടിയുള്ള ദാമ്പത്യബന്ധത്തിനുശേഷം ആദ്യമായിട്ടാണു്, ഇലക്ട്രിക്അയൺ, റേഡിയോ, റെഫ്റിജറേറർ, ഡിഷുകൾ ഇവയെല്ലാം വാങ്ങി ഉപയോഗിച്ചിട്ടുള്ളതു്. സാധാരണയായി ഒരു അമേരിക്കാക്കാരനു നിത്യോപയോഗത്തിനാവശ്യമായ സാധനങ്ങൾ ഒരു സോവിയററു പൌരൻ സുഖസാധനങ്ങളായിട്ടാണു കരുതിയിരുന്നതു്.

മെഴുകുതിരികൊണ്ടുള്ള ദീപം ഉപയോഗിക്കുന്നതിൽ, എനിക്കു് അത്രതന്നെ ഇഷ്ടമില്ലായിരുന്നു. നീല ൧൯൪൧-ൽ അമേരിക്ക സന്ദർശിച്ചപ്പോൾ, കണക്ടിക്കററിലെ ടിട്ടാപ്പി'ൽ താമസിച്ചിരുന്ന ജോസഫ് ബാൺസിന്റെ മാതാവു് മിസ്സിസ്സ് എൽംബാൺസ് നടത്തിയ ഒരു വിരുന്നിൽ പങ്കുകൊണ്ടതു നീലയ്ക്കു് ഒരു വലിയ അത്ഭുതമായിരുന്നു. ജോബാൺസ്, യുദ്ധാനന്തരം മാസ്കോ സന്ദർശിച്ചപ്പോൾ, ഞങ്ങളും ഒരു വിരുന്നു കഴിച്ചു. അപ്പോൾ നീല, സ്നേഹിതയായ ഒരു നടിയുടെ സഹായത്തോടു കൂടി ഇരവൽമേടിച്ച ഒരു മെഴുകുതിരിദീപംകൊണ്ടു്, മേശ അലങ്കരിച്ചു. മാസ്കോവിലെ നാട്യശാലയിൽ, 'ഒഥെല്ലോ'നാടകത്തിലെ ഞെക്കിക്കൊല്ലുന്ന രംഗം കാണിക്കുന്നതിനു മെഴുകുതിരികൊണ്ടുള്ള ദീപം ഉപയോഗിച്ചിരുന്നു.

൧൯൪൧ ഒക്ടോബറിൽ ഹിററ്ലർ മാസ്കോവിലേക്കു തള്ളിക്കയറിയപ്പോൾ അവിടത്തെ ലേഖകന്മാർക്കു കുബിഷേവിലേയ്ക്കു പോകേണ്ടിവന്നു. ൧൯൪൨ മേമാസത്തിൽ, ഞങ്ങളെ മാസ്കോവിലേക്കു തിരിച്ചുവരാൻ സമ്മതിക്കുകയും ചെയ്തു. ഞങ്ങളുടെ താമസസ്ഥലം കൊള്ളചെയ്യപ്പെടുകയും, അവിടെയുണ്ടായിരുന്ന സാധനങ്ങളെല്ലാം ഞങ്ങൾക്കു നഷ്ടപ്പെടുകയുമാണു ചെയ്തതു്. അപ്പോൾ ഭാഗ്യവശാൽ, നീല അമേരിക്കയിലായിരുന്നു. ൧൯൪൩ സെപ്തംബറിലാണു നീല ഒരു താമസസ്ഥലത്തിനുവേണ്ട എല്ലാ സാധനങ്ങളോടുംകൂടി, മാസ്കോവിലേക്കു തിരിച്ചുവന്നതു്.

ബെർലിനിലേക്കുള്ള സോവിയററുവിമാനം, നൂറു കിലോഗ്രാം അല്ലെങ്കിൽ ഇരുനൂററിയിരുപതു പൌണ്ടു തൂക്കം ലഗ്ഗേജു മാത്രമേ കൊണ്ടുപോകാൻ സമ്മതിച്ചിരുന്നുള്ളു. ഞങ്ങളുടെ താമസസ്ഥലം, അതിലുള്ള സാധനങ്ങളോടുകൂടി ഏററുമേടിച്ചുകൊള്ളാമെന്നു് ആൻഡി സമ്മതിച്ചതു്, ഞങ്ങൾക്കു വളരെ സഹായമാ

യിരുന്നു. ഒരുപ്രാവശ്യം മൂന്നുനാലു ബുക്കുകൾവീതം, അറുനൂറോളം വരുന്ന എൻെറ ബുക്കുകൾ, അമേരിക്കയ്ക്കു് അയച്ചുതരാമെന്നും, ആൻഡി പറഞ്ഞു. എൻെറ പണ്ടത്തെ സന്ദേശവാഹകയ്യും, ഹാളിവുഡ്ഡിലെ അരഡസൻ താരങ്ങളെക്കാളും സൌന്ദയ്യമുള്ളവളും 'ഷൂറാ' എന്ന വിദ്യാഭ്യാസമില്ലെങ്കിലും ദൃഢഗാത്രയും കൃഷിക്കാരിയുമായ ഒരു സ്ത്രീ ആൻഡിയെ സഹായിച്ചു.

ഞായറാഴ്ച രാവിലെ പുറപ്പെടുന്ന വിമാനത്തിലാണു് ഞങ്ങൾ യാത്രചെയ്യാൻ നിശ്ചയിച്ചിരുന്നതു്. മാസ്കോവിൽവച്ചുള്ള ഞങ്ങളുടെ അവസാനത്തെ ഇരുപത്തിനാലുമണിക്കൂറും, തങ്ങളുടെ അതിഥികളായി കഴിഞ്ഞുകൂടണമെന്നു്, അംബാസ്സഡർ സ്മിത്തും ഭായ്യയും ഞങ്ങളെ അറിയിച്ചു. അതിനു ഞങ്ങൾ കൃതജ്ഞത പ്രകടിപ്പിച്ചു. പക്ഷേ റഷ്യാക്കാർ സംശയിക്കുമെന്നുള്ളതുകൊണ്ടു്, ഞങ്ങൾ അപ്രകാരം ചെയ്തു താമസിക്കുന്നതിനു് ഒരുമ്പെട്ടില്ല. എന്നാൽ മാസ്കോവിൽവച്ചുള്ള ഞങ്ങളുടെ അവസാനത്തെ ഭക്ഷണം, (അതായതു് ശനിയാഴ്ച രാത്രിയിലേതു്) മി. സ്മിത്തിനോടും ഭായ്യയോടും കൂടിയായിരിക്കണമെന്നുള്ള ക്ഷണം ഞങ്ങൾ സ്വീകരിച്ചു.

ഞാനും ഭായ്യയും സ്പാസ്സോഹൗസ്സിലേക്കു പോകാൻ തയാറായപ്പോൾ, രണ്ടു റഷ്യൻയുവതികൾ ഞങ്ങളുടെ താമസസ്ഥലത്തു വന്നുചേന്നു. മാസ്കോവിലെ വിദേശീയലേഖകന്മാക്കു്, വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനു നിയുക്തരായ്, വിദേശകായ്യാലയത്തിലെ ഒരു വിഭാഗമായ ബ്യൂറോബിനിലെ രണ്ടു ഇൻസ്പെക്ടർമാരായിരുന്നു അവർ. അടുത്തദിവസം രാവിലെ, വിമാനത്താവളത്തിലേക്കു പോകേണ്ട സമയമായ, ഏഴുമണിക്കകം, ഞങ്ങളുടെവക സാധനങ്ങൾ മാററിക്കൊണ്ടു്, താമസസ്ഥലത്തിൻെറ താക്കോൽ അവരെ ഏല്പിച്ചുകൊള്ളണമെന്നു്, അവർ ഞങ്ങളെ

അറിയിച്ചു. ഇതും ഞങ്ങൾക്ക് എത്രയും അസഹനീയമായി തോന്നി. ഇൻസ്പെക്ടർമാരിൽ ഒരുത്തിയോടു ഞങ്ങൾ അതറിയിച്ചു. പൊക്കം കുറഞ്ഞു്, കറുത്ത നിറത്തോടുകൂടി, കണ്ണാടി ധരിച്ച അവൾക്ക് ഒരു അമേരിക്കൻചാരനെ പുറത്താക്കുന്നതിൽ, വലിയ രസമായിരുന്നു. എന്തെന്നാൽ, ആളുകൾ തിങ്ങിപ്പാർത്തിരുന്ന മാസ്ക്കോവിൽ, മൂന്നു മുറികൾ താമസത്തിനു ലഭിച്ചതു്, ഞങ്ങൾക്കുമാത്രമായിരുന്നു. പൊക്കമുള്ളവളും കണ്ടാൽ കൊള്ളാവുന്നവളുമായ മറേറവൾ വളരെ ഭേദമായിരുന്നു. അവളെ കണ്ടാൽ ഒരു സമുദായപ്രവർത്തകയെന്നേ തോന്നുകയുള്ളു. എന്നാൽ, ജോലിയുടെ സ്വഭാവമനുസരിച്ചു്, അവൾക്കും ആദ്യത്തേവളുമായിട്ടു് യോജിച്ചേ സംസാരിക്കാൻ സാധിച്ചുള്ളു.

എന്റെ പിൻഗാമി എന്റെ താമസസ്ഥലം ഏറവുമേടിക്കുവാൻ പോകുകയാണെന്നും, അതുസംബന്ധിച്ച കാര്യങ്ങളിൽ ഞങ്ങൾക്ക് ഒരു വിഷമവും ഉണ്ടാവുകയില്ലെന്നു് വാസിലിങ്കോ ഉറപ്പുതന്നിട്ടുണ്ടെന്നും ഞാൻ അറിയിച്ചു. പക്ഷേ, ഇക്കാര്യത്തിൽ പ്രസ്സ്ഡിപ്പാർട്ടുമെൻറിനു യാതൊരു കാര്യവുമില്ലെന്നാണ്, ആ കറുത്തപെണ്ണു പറഞ്ഞതു്. താമസസ്ഥലങ്ങളെക്കുറിച്ചുള്ള ഏർപ്പാടുകൾ, ബ്യൂറോബിനിന്റെ ജോലിയാണുപോലും. ആൻഡിക്ക് ആ താമസസ്ഥലം കിട്ടാൻപോകുന്നില്ലെന്നു്, അപ്പോൾ എനിക്കു മനസ്സിലായി. എന്തായാലും, അത്രവേഗം എന്റെ സാധനങ്ങൾ മാററുന്നതിനൊന്നും സാദ്ധ്യമല്ലെന്നു ഞാൻ തീർത്തു പറഞ്ഞു. ഇതുസംബന്ധിച്ചു്, ആ കറുത്തപെണ്ണ് വലപ്രാവശ്യം അവളുടെ മേലാവിനെ ഫോണിൽ വിളിച്ചു സംസാരിക്കുകയും, എന്നോടു വളരെ വാദപ്രതിവാദം നടത്തുകയും ചെയ്തു. ഒടുവിൽ ഞങ്ങൾ ഒരു തീരുമാനത്തിലെത്തി. താമസസ്ഥലത്തിന്റെ താക്കോൽ ഞങ്ങൾ അടുത്തദിവസം രാവിലെ ഏല്പിച്ചുകൊള്ളാം.

പക്ഷെ അതിലുള്ള സാധനങ്ങൾ, തല്ക്കാലം അവിടെത്തന്നെ വച്ചിരിക്കും. ആ സാധനങ്ങൾ റഷ്യാക്കാൎക്കു വളരെ വിലപ്പിടിപ്പുള്ളതായിരുന്നു. അതുകൊണ്ടു്, അതിൻെറ ചുമതല ഞാൻ ആൻഡിക്കു കൊടുക്കുന്നതായിട്ടു് എഴുതിക്കൊടുക്കണമെന്നും, ആൻഡി അവയെ രണ്ടുദിവസത്തിനകം മാററിക്കൊള്ളാമെന്നു് എഴുതിക്കൊടുക്കണമെന്നും, ഇൻസ്പെക്ടർമാർ ഞങ്ങളോടാവശ്യപ്പെട്ടു. ഞങ്ങൾ അപ്രകാരം ചെയ്തു.

ആൻഡിക്കു് ആ താമസസ്ഥലം കിട്ടിയില്ല. ആൻഡിയും ഡാൺഡാലാസ്സുംകൂടി, അതിലുള്ള ആഹാരസാധനങ്ങൾ, പാനീയങ്ങൾ, റെഫ്റിജറേറർ, റേഡിയോ, റേഡിയോ ഫോണൊഗ്രാഫ് ഇവ മേടിച്ചു.

ഞങ്ങളുടെ താമസസ്ഥലത്തിലെ മററു സാധനസാമഗ്രികളെ വില്ക്കുന്നതിനു്, ഒരു കമ്മിഷൻഷാപ്പിലെ അസെസ്സറെ ആൻഡി വിളിച്ചുകൊണ്ടുവന്നു. അയാൾ നിശ്ചയിച്ച വില വളരെ കൂടുതലായിരുന്നതിനാൽ, അമേരിക്കൻഎംബസ്സി അതു മേടിച്ചില്ല. പുത്തനായി അതേ സാധനങ്ങൾ ബ്രിട്ടനിൽനിന്നും അതിലും വളരെ കുറഞ്ഞവിലയ്ക്കു വരുത്താവുന്നതാണെന്നു്, ബ്രിട്ടീഷ് എംബസ്സിക്കു് അറിയാമായിരുന്നു. എന്നാൽ ഇൻഡ്യൻഎംബസ്സിയാകട്ടെ, ഒരു പുതിയ താമസസ്ഥലം തയാറാക്കുന്നതിനു്, കർട്ടനും ഒരു ടങ്കും മേടിച്ചു.

അപ്പോഴേയ്ക്കും, ആഴ്ച ഒന്നു കഴിഞ്ഞുപോയതിനാൽ, ഞ്ഃറോബിനിലെ ആളുകൾക്കു് വലിയ ദേഷ്യമായി. ആൻഡി ഒരു ടക്കു വാടകയ്ക്കെടുത്തു്, സാമാനങ്ങളെല്ലാം മുൻപറഞ്ഞ കമ്മിഷൻഷാപ്പിലേയ്ക്കു മാററി. എന്നാൽ അസെസ്സർ, മുൻകൂട്ടി സമ്മതിച്ചിരുന്ന ഇരുപത്തിനാലുവക സാമാനങ്ങളും സ്വീകരിച്ചില്ല. അഞ്ചുവക സാമാനങ്ങൾ മാത്രമേ അയാൾക്കു് വേണ്ടിയിരുന്നുള്ളു.

ആൻഡി, ഉടനെ, ബാക്കിയുള്ള സാമാനങ്ങളെ, അടുത്തുള്ള 'ക്രിസ്ത്യൻ സയൻസ് മാണിററർ' എന്ന പത്രം നടത്തിയിരുന്ന എഡ്മണ്ടുസ്റ്റീവൻസ് എന്നയാളിൻെറ വസതിയിലേയ്ക്കു മാററി. അദ്ദേഹവും ഞങ്ങൾക്കുവേണ്ടി സഹായംചെയ്തു. ആ സാധനങ്ങളും പിന്നീടു വില്ക്കപ്പെട്ടു. അവ മാററുന്നതിനും മററും വേണ്ടി വന്ന ചിലവുകൾ, അവയ്ക്കു കിട്ടിയ വിലയ്ക്കു സമമായിരുന്നു. എന്നാൽ, ആൻഡിയുടെ സഹായത്താൽ, ഞങ്ങൾക്കു് വലിയ നഷ്ടമൊന്നുമുണ്ടായില്ല.

ഞങ്ങളുടെ മാസ്കോവിലുള്ള അവസാനദിവസങ്ങൾ, നീല നല്ല ധൈര്യത്തോടുകൂടി കഴിച്ചുകൂട്ടി പക്ഷെ, ഇൻസ്പെക്ടർമാരുടെ പെരുമാററം അവളെ അല്പം വേദനിപ്പിച്ചു. അവർ ഞങ്ങളെ വിട്ട ഉടൻ, നീല പൊട്ടിക്കരഞ്ഞുപോയി. അവൾ സമാധാനപ്പെട്ടതിനുശേഷം, ഞങ്ങൾ ഉടനെ സ്പാസ്സോഹൗസ്സിലേയ്ക്കു തിരിച്ചു. ഞങ്ങൾ വളരെ താമസിച്ചുപോയി. എന്നാൽ, മി: സ്മിത്തിൻെറയും, ഭാര്യയുടെയും കരുണ, ഞങ്ങളെ സമാധാനപ്പെടുത്തി.

---

## അദ്ധ്യായം ൪

ഞങ്ങൾ മാസ്കോവിട്ടു പുറപ്പെട്ടദിവസം (അതായതു് ഞായറാഴ്ച) രാവിലെ, എസ്ഥിഗിൽമൂറും വാൾട്ടർ ക്രാൺകൈററും, ഞങ്ങളെ വന്നുകണ്ടു. ധിറുതിപ്പെട്ടു്, വെറും കാപ്പിമാത്രം കുടിച്ചിട്ടു്, കരഞ്ഞുകൊണ്ടുനിന്ന ചുവപ്പുതലമുടിക്കാരിയായ ലിയെനായോടും, ആൻഡിയോടും, ബ്യൂറോബിനിലെ ഇൻസ്പെക്ടർമാരോടും ഞങ്ങൾ യാത്രപറഞ്ഞു പുറപ്പെട്ടു. റഷ്യാക്കാർ, സാധാ

രണയായി സമയനിഷ്ഠ പാലിക്കുക പതിവില്ല. എന്നാൽ, ഇൻസ്പെക്ടരന്മാർ, അന്നു നേരത്തേതന്നെ, ഞങ്ങളുടെ താമസസ്ഥലത്തു വന്നെത്തിയിരുന്നു.

വിമാനത്താവളത്തിൽ, അംബാസ്സഡർ സ്മിത്തും മററുപല പത്രപ്രവത്തകന്മാരും, ഞങ്ങളെ യാത്രയയയ്ക്കുന്നതിനു വന്നു നില്ക്കുന്നുണ്ടായിരുന്നു.

ഞങ്ങൾ ആവശ്യപ്പെട്ടിരുന്നതു്, മാസ്റ്റോ-ബർലിൻവിമാനത്തിൽ യാത്രചെയ്യുന്നതിനുള്ള ടിക്കററിനായിരുന്നു. എന്നാൽ, മാസ്റ്റോ-മിൻസ്ക്കു-ബർലിൻ വിമാനത്തിൽ യാത്രചെയ്യുന്നതിനുള്ള ടിക്കററാണു്, ഞങ്ങൾക്കു കിട്ടിയതു്. റഷ്യാക്കാരല്ലാതെ വേറെയാരുമില്ലാത്ത ഒരു നാട്ടിൽ, ഇടയ്ക്കുവച്ചു് ഇറങ്ങേണ്ടിവരുമെന്നുള്ളതായിരുന്നു, ഞങ്ങളുടെ വിഷമം. റഷ്യൻചട്ടമനുസരിച്ചു്, മിൻസ്കിൽവച്ചു്, കസ്റ്റംസ് ഉദ്യോഗസ്ഥന്മാർ ഞങ്ങളെ പരിശോധിക്കുകയും ചെയ്യുമായിരുന്നു.

എന്തായാലും, എല്ലാവരോടും യാത്രപറഞ്ഞു്, വിമാനത്തിൽ കയറി, ഞങ്ങൾ മാസ്റ്റോ വിട്ടു.

ഞങ്ങളൊഴികെ, വിമാനത്തിലുള്ള മററു യാത്രക്കാരെല്ലാം റഷ്യാക്കാരായിരുന്നു. ബൈലോറഷ്യൻ റിപ്പബ്ളിക്കിൻെറ തലസ്ഥാനമായ മിൻസ്കിൽ ഇറങ്ങേണ്ടവരായിരുന്നു, അവരിൽ ചിലർ. യുദ്ധംകൊണ്ടു്, വളരെ നാശം അനുഭവിച്ച ഒരു പട്ടണമാണു് മിൻസ്ക്കു്. പുനരുദ്ധാരണം സംബന്ധിച്ച പ്രവത്തനങ്ങൾ, അവിടെ തകൃതിയായി നടന്നുകൊണ്ടിരുന്നു.

വിമാനം മിൻസ്കിൽ ഇറങ്ങിയ ഉടനെ, മററു യാത്രക്കാരെപ്പോലെ, ഞങ്ങളെയും, ഒരു കസ്റ്റംസ് ആഫീസരുടെ മുമ്പിൽ കൊണ്ടുപോയി. അവിടെ സ്റ്റാലിനിൻെറ ഒരു പടംമാത്രം വച്ചിരുന്നു.

നീലച്ചട്ട ധരിച്ച ഒരു കസ്റ്റംസ് ഉദ്യോഗസ്ഥനും, പച്ചത്തൊപ്പിയോടുകൂടിയ ഒരു 'ഫ്റാണ്ടിയർ ഗാഡ്സ്' (അതിർത്തിസംരക്ഷണം സംബന്ധിച്ച) ആഫീസരും, പ്രായംചെന്ന ഒരു സോവിയററുകേണലും അതുപോലെ യുവാവായ ഒരു നാവികോദ്യോഗസ്ഥനും അദ്ദേഹത്തിൻെറ ഭാര്യയും, ഞങ്ങളോടുകൂടി യാത്രചെയ്യിരുന്നു. യൂറോപ്പിലുള്ള ഏതോ ഒരു തുറമുഖത്തിൽ, റഷ്യയ്ക്കുവേണ്ടി നിർമ്മിച്ചുകൊണ്ടിരുന്ന കപ്പലുകൾ പരിശോധിക്കുവാനാണ്, നാവികോദ്യോഗസ്ഥൻ യാത്രചെയ്യിരുന്നതു്.

സാധാരണയായി റഷ്യാക്കാരോടു വളരെ കൾനമായും, വിദേശികളോടു ദയവോടുകൂടിയും, പെരുമാറിയിരുന്ന കസ്റ്റംസ് ഉദ്യോഗസ്ഥന്മാർ, ഇത്തവണ, എല്ലാവരേയും, വളരെ സൂക്ഷിച്ചു പരിശോധിച്ചുനോക്കി. ധരിച്ചിരുന്ന വസ്ത്രങ്ങളുടെ ഇടയ്ക്കു് വല്ലതും ഒളിച്ചുവച്ചിട്ടുണ്ടോ എന്നുപോലും അവർ നോക്കിയപ്പോൾ കുപിതനായ കേണലിനെ, സംശയിച്ച് അവർ ഒന്നുകൂടി പരിശോധിച്ചുനോക്കി.

ഒരുമണിക്കൂർ, ഇരുപത്തഞ്ചുമിനിട്ടു നീണ്ടുനിന്ന ഞങ്ങളുടെ പരിശോധനയ്ക്കിടയിൽ, ഓരോഇഞ്ചു തുണിയിലും അവർ കൈയിട്ടുനോക്കി. നീലയുടെ ഉടുപ്പിലുള്ള തോൾപട്ട അവർ വലിച്ചുകീറി. ഒരു സഞ്ചിയിൽ ഭാരമുള്ള എന്തോ ഒരു സാധനം ഉള്ളതുപോലെ തോന്നി, പൊളിച്ചുനോക്കിയപ്പോൾ അവർ കണ്ടതു്, നീലയുടെ മുഖക്കണ്ണാടിയായിരുന്നു.

എൻെറ പെട്ടിക്കകത്തു്, കുറെ നോട്ടുകളും, കത്തുകളും, അഡ്റസ്സുബുക്കുകളും, ചില ഫോട്ടോകളും, അതുപോലെ നീലയുടെ ഇംഗ്ലീഷും, ഫ്റഞ്ചും ഭാഷകളിലുള്ള പാഠപുസ്തകങ്ങളും, അവയുടെ നോട്ടുകളും ഉണ്ടായിരുന്നു. അവയിൽ ചില ഫോട്ടോകളൊഴിച്ച് ബാക്കിയുള്ള സാധനങ്ങളെല്ലാം, കസ്റ്റംസ് ഉദ്യോഗ

സ്ഥൻ ഞങ്ങളുടെ പക്കൽനിന്നും മേടിച്ചു. അല്പം ജമ്മനും, ലാററിനും അറിയാമായിരുന്ന ഒരു ഉദ്യോഗസ്ഥനാണ്, ആ സാധനങ്ങൾ പരിശോധിച്ചതു്. ററി. എസ്സ്. ഇലിയട്ടിൻെറ കവിതകളിൽ ചില ഭാഗങ്ങൾ, നീല അവളുടെ നോട്ടുബുക്കിൽ എഴുതിയിരുന്നതു കണ്ടു്, അതു മനസ്സിലാക്കിക്കൊടുക്കണമെന്നു് ആ ഉദ്യോഗസ്ഥൻ അപേക്ഷിച്ചു. നീല അതെന്താണെന്നു വിവരിച്ചുവെങ്കിലും, ഉദ്യോഗസ്ഥനു് അതു മനസ്സിലായില്ല. 75522

ഞങ്ങളുടെ പക്കൽ ഉണ്ടായിരുന്ന സാധനങ്ങളെക്കുറിച്ചു്, കസ്റ്റംസ് ഉദ്യോഗസ്ഥൻ മൂന്നുപേജുള്ള ഒരു ലിസ്റ്റ് തയാറാക്കി, പച്ചത്തൊപ്പിക്കാരനെക്കൊണ്ടു് ഒപ്പിടുവിച്ചിട്ടു്, എന്നോടും അതിൽ ഒപ്പിടുവാൻ പറഞ്ഞു. സാധനങ്ങളെല്ലാം മാസ്കോനഗരത്തിലേയ്ക്കയച്ചു പരിശോധനകഴിഞ്ഞു്, അവിടെ എനിക്കിഷ്ടമുള്ള ആരുടെയെങ്കിലും കയ്യിൽ അവ ഏൽപ്പിക്കാമെന്നും, അവർ അറിയിച്ചു. യുണൈറററ്ഡ് സ്റ്റേററ്സ് എംബസ്സിയിലോ, ആൻഡിയുടെ കയ്യിലോ, അവ ഏൽപ്പിക്കുന്നതാണു് എനിക്കിഷ്ടം, എന്നു് ഞാൻ അറിയിച്ചു. ഈ ബുക്കു് എഴുതുന്ന സമയത്തുപോലും (അതായതു് അഞ്ചുമാസം കഴിഞ്ഞിട്ടും), സാധനങ്ങൾ എനിക്കു് തിരിച്ചുകിട്ടിയിട്ടില്ല. സെപ്ടസ്ദാപത്രത്തിൻെറ ഒരു പ്രതിയും, എൻെറ സ്റ്റേററുമെൻറുകളുടെ ഓരോ കാപ്പിയുംകൂടി, ആ സാധനങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു.

ഞങ്ങൾക്കു പരിചയമുണ്ടായിരുന്ന ഒരു റഷ്യൻപെൺകുട്ടിയുടെ ഫോട്ടോ കണ്ടുകൊണ്ടു്, അതാരുടേതാണെന്നറിവാൻ കസ്റ്റംസ് ഉദ്യോഗസ്ഥൻ ആഗ്രഹിച്ചു. "എൻെറ ചെറുപ്പത്തിൽ എടുത്ത ഒരു ഫോട്ടോവാണതു്" എന്നു് നീല പറഞ്ഞു. നീലയുടെ തലമുടി കറുത്തിരിക്കുന്നല്ലോ എന്നു വിചാരിക്കാൻ തുടങ്ങിയ ആ ഉദ്യോഗസ്ഥനോടു്, "ഞാൻ എൻെറ തലമുടി

കരുപ്പിക്കുക പതിവായിരുന്നു" എന്നു നീല അറിയിച്ചു. "എൻെറ കണ്ണുകൾ കണ്ടിട്ടും, ഫോട്ടോ എൻേറതാണെന്നു മനസ്സിലാകുന്നില്ലേ?" എന്നു് അവൾ ചോദിച്ചു. "നിങ്ങൾ ആളു വളരെ മാറിയിട്ടുണ്ടു്" എന്നു പറഞ്ഞുകൊണ്ടു്, ഉദ്യോഗസ്ഥൻ ഫോട്ടോ തിരിച്ചുകൊടുത്തു.

ഞാൻ യുണൈററഡ്സ്റ്റേററ്സ് 'വാർ കറസ്പാണ്ടൻറു്' ആയിരിക്കുമ്പോൾ യുദ്ധകാലത്തു (യുദ്ധത്തിൻെറ സ്ഥിതിഗതികൾ അമേരിയ്ക്കയ്ക്കുവേണ്ടി ആരാഞ്ഞു് അറിയിക്കുന്ന പ്രവൃത്തിയിൽ ഞാൻ ഏർപ്പെട്ടിരിക്കുമ്പോൾ) എടുത്തതായിരുന്നു ചില ഫോട്ടോകൾ. ഇറാനിൽ സൈനികോദ്യോഗസ്ഥന്മാരുടെ ഇടയ്ക്കു് ഞാൻ നില്ക്കുന്ന ഒരു ഫോട്ടോവും, ബെൽഗ്രേഡിൽ 'മാഷ്ൽ ടിറേറാ'വിൻെറ അടുക്കൽ ഞാൻ നില്ക്കുന്ന ഒരു ഫോട്ടോവും, അവർ ശ്രദ്ധിച്ചുനോക്കി.

ഇൻഡ്യൻ എംബസ്സിയിലുള്ള എൻെറ ഒരു ഹിന്ദുസ്നേഹിതൻെറ കുടുംബാംഗങ്ങളുടെ ഒരു ഫോട്ടോ കണ്ടുകൊണ്ടു്, "ഹിന്ദുക്കൾ പാദരക്ഷകൾ ധരിക്കുന്നില്ലല്ലോ; അവർ മൂക്കുക്കണ്ണാടി വച്ചുകൊണ്ടിരിക്കുന്നതെന്തിനാണു്?" എന്നു് ആ ഉദ്യോഗസ്ഥൻ ചോദിച്ചു.

അവസാനമായി ആ ഉദ്യോഗസ്ഥൻ എൻെറ പുറംകുപ്പായം അഴിക്കുവാൻ പറഞ്ഞു്, എൻെറ കീശകളിൽ കൈയിട്ടുനോക്കിയിട്ടു്, "ഇത്രേയുള്ളു പരിശോധന", എന്നു പറഞ്ഞു.

"മാസ്കോനഗരത്തിൽവച്ചു് എനിക്കു ഫ്റഞ്ചു പഠിപ്പിച്ചുതന്ന ഒരു അദ്ധ്യാപിക, ഇപ്പോൾ ഫ്റാൻസിൽ താമസിക്കയാണു്. അവരുടെ മേൽവിലാസം, ഇപ്പോൾ നിങ്ങൾ കൈവശപ്പെടുത്തിയിട്ടുള്ള എൻെറ ബുക്കുകൾ ഒന്നിലുണ്ടു്. അതൊന്നു കുറിച്ചെടുത്തുകൊള്ളുന്നതിനു് നിങ്ങൾ എന്നെ അനുവദിക്കുമോ?" എന്നു നീല

TAYAM PUBLIC LIBRARY
KOTTAYAM

ചോദിച്ചു. ഉദ്യോഗസ്ഥൻ അതിനു സമ്മതിച്ചിട്ട്, അക്കാര്യം തന്റെ അഡ്റസ്സ്ബുക്കിൽ കുറിച്ചു. പ്രസ്തുത അദ്ധ്യാപികയുടെ പേര്, 'മേദ് മുവാസെ ആനെററ് ദാരെ' എന്നായിരുന്നു.

൧൯൨൭-ാമാണ്ടിലെ തണുപ്പുകാലത്ത്, മാസ്കോപട്ടണത്തിൽ വച്ചാണ് ഞങ്ങൾ ആദ്യമായി ആ സ്ത്രീയെക്കണ്ടത്. അവളുടെ ഭാഷയും ശബ്ദവും, മാധുര്യമേറിയവയായിരുന്നു. ൧൯൨൮-ലുള്ള വസന്തകാലത്ത്, അവൾ പാരീസിലുള്ള ഒരു ഹോട്ടലിന്റെ ഉടമസ്ഥയായിരുന്നു. സോവിയററ് 'റിപ്പാട്രിയേഷൻ കമ്മിഷനിൽ' ഉള്ള ഒരു താഴ്ന്ന ഉദ്യോഗസ്ഥൻ, പ്രസ്തുത ഹോട്ടലിൽവച്ച് അവളെ കാണുകയും, അവളിൽ അയാൾക്കു മോഹമുണ്ടാവുകയും ചെയ്തു. ലഫ്ററനൻറ് 'നിക്കൊലായ് പ്രോട്ടാസോവ്' എന്നു പേരുള്ള അയാൾ അവളെ പലവിധത്തിൽ പ്രലോഭിപ്പിച്ചതിനാൽ അയാളെ വിവാഹംചെയ്യാമെന്ന് അവൾ സമ്മതിച്ചു. ഹോട്ടലും മററുള്ള വസ്തുവകകളും വിററ്, ആ പണം മുഴുവൻ സ്വർണ്ണാഭരണങ്ങളാക്കിക്കൊള്ളുന്നതിനും, അയാൾ അവളെ പ്രേരിപ്പിച്ചു. രണ്ടു വാച്ചും, വൈരംപതിച്ച രണ്ടു സിഗററുകേസും, ഒരു സിഗററുഹോൾഡറുംകൂടി, അവർ മേടിച്ചു. ആ സാധനങ്ങൾക്ക് റഷ്യയിൽ നല്ല വില കിട്ടുമെന്നും, ആ പണംകൊണ്ട് റഷ്യയിൽ കുബാൻ എന്ന രാജ്യത്തിന്റെ തലസ്ഥാനമായ ക്രാസ്സ്നൊഡാർ എന്ന സ്ഥലത്തുചെന്ന്, പരമാനന്ദത്തോടുകൂടി രണ്ടുപേക്കും ജീവിക്കാമെന്നും അയാൾ അവളെ ധരിപ്പിച്ചു. തേനും പാലും ഒഴുകുന്ന രാജ്യമാണ് കുബാൻ എന്നും, അവിടെയുള്ള കുബാൻ കൊസ്സക്സ് എന്നു വിളിക്കപ്പെടുന്ന ആളുകൾ, ഏററവും സമർത്ഥന്മാരായ കുതിരസ്സവാരിക്കാരും പടയാളികളും ആകുന്നുവെന്നുമാണ്, അയാൾ അവളെ അറിയിച്ചത്. ഫ്രഞ്ച

പൌരത്വം വിട്ടൊഴിഞ്ഞിട്ടു്, പല രാഷ്ട്രങ്ങൾ ഒരു കുടുംബത്തെ പ്പോലെ കഴിഞ്ഞുകൂടുന്ന 'മഹനീയമായ' സോവിയററുയൂണിയനിൽ ചെന്നു താമസിക്കുക എന്നതിനുമാത്രം ആനെററ് സമ്മതിച്ചില്ല. അപ്രകാരം പ്രവൎത്തിക്കുന്നതിനു് നിർബന്ധിച്ച പാരീസിലുള്ള റഷ്യൻ എംബസ്സിയിലെ ആളുകളോടുപോലും, "നിങ്ങളുടെ രാജ്യം എങ്ങനെയുള്ളതാണെന്നു് ഞാൻ നോക്കട്ടെ," എന്നാണു് അവൾ പറഞ്ഞതു്.

'പ്രിയതമനായ എന്റെ കോലെങ്കാ' എന്നു വിളിക്കുവാനാണു് അയാൾ അവളെ പഠിപ്പിച്ചതു്. എന്നാൽ പാരീസു വിട്ടു റഷ്യൻഅതിർത്തിയിലേയ്ക്കു കടന്ന മാത്രയിൽ, അയാളുടെ ഭാവങ്ങളെല്ലാം മാറി. പാരീസിൽവച്ചു് അയാൾ അവളെ പഠിപ്പിച്ച റഷ്യൻവാക്കുകൾ ഉപയോഗിച്ചു്, അവൾ ട്രെയിനിലുള്ള സഹയാത്രക്കാരോടു സംസാരിക്കുന്നതിനു ശ്രമിച്ചതു്, അയാൾക്കു പിടിച്ചില്ല. എന്തെന്നാൽ, അയാളുടെ ഭാൎയ്യയാണെന്നുപറഞ്ഞു് അയാളുടെകൂടെ യാത്രചെയ്യുന്ന 'ഇൻസ്റ്ററാങ്കായെ' (അന്യരാജ്യക്കാരിയായ പെണ്ണിനെ)ക്കുറിച്ചു്, അടുത്തുള്ളവർ അയാളോടു് ഓരോന്നു ചോദിച്ചു. അതുകൊണ്ടു് അയാൾ അവളെ അടുത്തു പിടിച്ചിരുത്തി, മിണ്ടരുതെന്നു പറഞ്ഞിട്ടു് അയാളും നിശ്ശബ്ദനായിരുന്നു.

അവർ ക്രാസ്സ്നൊഡാറിൽ ചെന്നെത്തി. തന്റെ ഭാണ്ഡങ്ങളെല്ലാം അയാൾ അവളെക്കൊണ്ടു ചുമപ്പിച്ചു. അവളെ റെയിൽവേസ്റ്റേഷനിലുള്ള വെയിററിങ്ങ്റൂമിൽ നിറുത്തിയിട്ടു്, അയാളുടെ അമ്മ വീട്ടിലുണ്ടോ എന്നു ഫോണിൽ വിളിച്ചുചോദിക്കട്ടെ എന്നു പറഞ്ഞുകൊണ്ടു്, അയാൾ അവിടെനിന്നും മറഞ്ഞു. ഇരുപതുമിനിട്ടു കഴിഞ്ഞു്, അയാൾ തിരിച്ചുവന്നു്, അവളുടെ ഫ്റഞ്ചുപാസ്സ്പോർട്ടു്, വിമാനസർട്ടിഫിക്കററു് ഇവയെല്ലാം

ഉടൻ അയാളെ ഏല്പിക്കണമെന്നു പറഞ്ഞു. അതു സാധിക്കയി ല്ലെന്നു് അവളും ശഠിച്ചു.

അയാഠം അവളെ ഉടൻ കൊന്നുകളയുമെന്നു് അവഠംക്കു തോന്നി. തൻെറ അമ്മ, ദൂരെയുള്ള ഒരു കൂട്ടുകൃഷിസ്ഥലത്തി ലേയ്ക്കു മാറിത്താമസിക്കുകയാണെന്നും, തനിക്കു് ഒരു ഭാൎയ്യയും രണ്ടു കുട്ടികളും ഉണ്ടെന്നും, അയാഠം അവളെ അറിയിച്ചു.

അയാളുടെ വസ്ത്രങ്ങഠം വച്ചിരുന്ന മൂന്നു സൂട്ടുകേസ്സുകളും സ്വൎണ്ണാഭരണങ്ങളും കൈക്കലാക്കിക്കൊണ്ടു് അയാഠം അവിടെ നിന്നും കടന്നു. പാവം!, അവളുടെ സങ്കടത്തിനു് അതിരില്ലായി രുന്നു. അവഠം പ്രജ്ഞകെട്ടു്, കണ്ണീരൊലിപ്പിച്ചുകൊണ്ടു്, എന്തൊരു കഥയാണു താൻ അനുഭവിക്കുന്നതു് എന്നു ചിന്തിച്ചു കൊണ്ടു നിന്നു. ഹൈസ്ക്കൂളുകളിൽ സാഹിത്യം പഠിപ്പിച്ചു കൊണ്ടിരുന്നവളും, പാരീസിൽ ഒരു ഹോട്ടൽ നടത്തിക്കൊണ്ടിരുന്ന വളുമായ അവളെ, അവളുടെ പ്രിയപ്പെട്ട കോലെങ്കാ, ഇപ്രകാരം കുബാനിലുള്ള ഒരു പെരുവഴിയിൽ തള്ളിയിട്ടു പോയി.

ഉരുളക്കിഴങ്ങും, കാകറികളും വില്ക്കുന്നതിനായി അവിടെ വന്നുചേൎന്ന സ്ത്രീകളെല്ലാം, കരഞ്ഞുകൊണ്ടുനിന്ന അവളെ നോക്കി രസിച്ചുകൊണ്ടു പോയി.

കുറച്ചുകഴിഞ്ഞു്, പ്രായമായ ഒരു സ്ത്രീ ആനെററിൻെറ അടുക്കൽ ചെന്നു്, അവളുടെ സങ്കടത്തിനു കാരണമെന്താണെന്നു ജർമ്മൻഭാഷയിൽ ചോദിച്ചു. ക്രാസ്നൊഡാറിലുള്ള 'ഫോറിൻ ലാംഗേ്വജസ് ഇൻസ്ററിററ്യൂട്ടിൽ' (വിദേശഭാഷകളുടെ അഭ്യസന ത്തിനുവേണ്ടിയുള്ള ഒരു വിദ്യാശാലയിൽ) പഠിപ്പിക്കുന്നവളായി രുന്നു ആ സ്ത്രീ. അവഠം ഒടുവിൽ ഫ്റഞ്ചുഭാഷയിലും സംസാരി ക്കുവാൻ തുടങ്ങി. വിവരങ്ങഠം മനസ്സിലാക്കിയ ആ സ്ത്രീ, ആനെററിനെ 'എം. വി. ഡി'-യുടെ (ആഭ്യന്തരകാൎയ്യങ്ങഠംക്കു

വേണ്ടിയുള്ള വകുപ്പു്) പ്രാദേശികആഫീസിലേയ്ക്കു കൊണ്ടു പോയി. "ആ ആഫീസിൻെറ മേലാവു് ഒരു ചെറിയ മീശയു ള്ളവനാണെങ്കിലും, നല്ലവനായിരുന്നു" എന്നു് ആനെററുതന്നെ പറഞ്ഞിട്ടുണ്ടു്. അദ്ദേഹം അവൾക്കു ഹോട്ടലിൽ ഒരു മുറി മേടിച്ചുകൊടുത്തു്, ഇരുപത്തിനാലുമണിക്കൂറിനകം പ്രോട്ടാസോ വിനെ അവിടെ വരുത്തി, ആനെററിനെ രക്ഷിച്ചുകൊള്ളണമെന്നു് ഏർപ്പാടുചെയ്തു.

പ്രോട്ടാസോവു്, ആനെററിനെ അയാളുടെ അമ്മയുടെ അടുക്കൽ കൊണ്ടുചെന്നു വിട്ടിട്ടു്, അയാൾ ക്രാസ്സ്നൊഡാറിൽ ചെന്നു ജോലിചെയ്തുകൊണ്ടു് തൻെറ ഭാര്യയോടും മക്കളോടും കൂടിത്താമസിച്ചു. അമ്മയുമൊരുമിച്ചു് അയാളുടെ ഇളയ സഹോദരനും, അനുജത്തിയും താമസിച്ചിരുന്നു. അവരെല്ലാവരും ഒരു മുറിയിലാണു കിടന്നുറങ്ങിയിരുന്നതു്. കൂടക്കൂടെ പ്രോട്ടാ സോവു്, ആനെററു് എങ്ങനെ കഴിഞ്ഞുകൂടുന്നു എന്നു് എത്തി നോക്കാതെയുമിരുന്നില്ല. എം. വി. ഡി-യിലെ ചെറുമീശക്കാ രനെ താൻചെന്നു കാണുമെന്നു്, ആനെററു് പറയുമ്പോഴൊക്കെ, സുപ്രസിദ്ധരായ ഗോർഖി ചെഖോവു് എന്നീ കഷ്കന്മാരുടെ ഉത്തമപാരമ്പര്യമനുസരിച്ചു പ്രോട്ടാസോവു് അവളെ ദണ്ഡിക്കു കയും, കൊന്നുകളയുമെന്നു ഭയപ്പെടുത്തുകയും ചെയ്തു. എന്തായാലും, എല്ലാ സങ്കടങ്ങളും സഹിച്ചുകൊണ്ടു്, അവൾ അവിടെത്തന്നെ കഴിച്ചുകൂട്ടി. അവൾ, ഒരു നല്ല ജോലിക്കാരി യായിരുന്നു. എന്നാൽ ദിവസവും രാത്രി അവൾ പല്ലു വൃത്തി യാക്കുകയും, ശരീരം മുഴുവനും പുറത്തുകാണത്തക്കവണ്ണം അത്രയ്ക്കു നേർമ്മയേറിയ ഒരു സിൽക്കുഗൌണും ഇട്ടുകൊണ്ടു് കിടന്നുറങ്ങു കയും ചെയ്യുന്നതുകൊണ്ടു്, ആ വീട്ടിലുള്ളവരെല്ലാം അവളെ പുച്ഛി ച്ചിരുന്നു.

കൃഷിസ്ഥലത്തു ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ കുറെ പ്രായമുള്ളവളും, മരിയസ്റ്റീപാനോവ്നാ എന്നു പേരുള്ളവളുമായ അവിവാഹിതയായ ഒരു സ്ത്രീയുടെ സ്നേഹം ആനെററു സമ്പാദിച്ചു. അവരുടെ സഹായംകൊണ്ടു് ആനെററ് 'കെളക്റ്റീവ്ഫാ'മിലെ (കൂട്ടകൃഷിക്കാരുടെ സംഘടനയിലുള്ള) ഒരംഗമായി. സോവിയററു 'കോൽഖോസി'ൽ അംഗത്വം സിദ്ധിച്ച ആദ്യത്തെ വിദേശി ആനെററായിരുന്നു.

മരിയാസ്റ്റീപാനോവ്നാ, കൃഷിസംബന്ധിച്ചും കുബാൻ കൊസക്കുകളെ സംബന്ധിച്ചും പല സംഗതികൾ, ആനെററിനെ പഠിപ്പിച്ചു. എന്നാൽ ആ സ്ത്രീ, രാത്രികാലത്തു മദ്യപിക്കുന്നതിനു ആനെററിനേയും നിർബന്ധിച്ചു. റഷ്യാക്കാരുടെ വൃത്തികെട്ട നാടൻമദ്യമായ 'വോഡ്കാ', ആനെററും ഒടുവിൽ കുടിച്ചു ശീലിച്ചു.

മാസങ്ങൾ പലതുകഴിഞ്ഞു. ഒരുദിവസം ആനെററു ദേഷ്യപ്പെട്ടു്, രണ്ടുമൈൽ നടന്നു സ്റ്റേഷനിലേക്കു ചെന്നു്, ട്രെയിൻകേറി ക്രാസ്നൊഡാറിലെത്തി. എം. വി. ഡി. പ്രാദേശികആഫീസുമേലാവായ മീശക്കാരനെ വീണ്ടും ചെന്നുകണ്ടു്, ഉടൻ, തന്നെ, പാരീസിലേക്കയച്ചില്ലെങ്കിൽ ഫ്റാൻസിലെ ഗവണ്മെൻറിനു് ഒരെഴുത്തെഴുതിവച്ചിട്ടു്, താൻ ആത്മഹത്യചെയ്തുകളയുമെന്നു് അവൾ പറഞ്ഞു. അയാൾ അടുത്ത ട്രെയിനിൽ ഒരു ടിക്കെററു മേടിച്ചുകൊടുത്തു്, അവളെ മാസ്കോവിലേയ്ക്കുയച്ചു.

സോവിയററുതലസ്ഥാനനഗരിയിൽ, ആനെററ് ഒരുവർഷത്തോളം കഴിഞ്ഞുകൂടി, പാരീസിലേക്ക് പോകുന്നതിനുള്ള വീസാ മേടിയ്ക്കുന്നതിനു ശ്രമിച്ചു. ഒടുവിൽ, 'അവളെ ഇൻറർണൽ അഫയ്ഴ്സ് മിനിസ്റ്റ്റി'യുടെ (ആഭ്യന്തരകാര്യവകുപ്പിൻെറ) വീസാ ഡിപ്പാർട്ടുമെൻറിൽ, ഹാജരാകുവാൻ പറഞ്ഞു. പ്രോട്ടാസോവു

നേരത്തേതന്നെ ഒരു വിവാഹം ചെയ്തിട്ടുള്ളതായി അവർ കണ്ടുപിടിച്ചിരിക്കുന്നതുകൊണ്ട് അവളുടെ വിവാഹം സാധുവല്ലെന്നും, അതുകൊണ്ട് അവൾക്ക് എപ്പോൾ വേണമെങ്കിലും പാരീസിലേക്കു പോകാമെന്നും, അവർ അവളെ അറിയിച്ചു. തനിക്ക് ഉടനേതന്നെ പാരീസിലേക്കു പോകണമെന്ന് അവൾ പറഞ്ഞു. ഫ്റഞ്ച് പഠിപ്പിക്കുന്നതിൽ വളരെ തഴക്കം സമ്പാദിച്ചിരുന്ന ആനെററിനോട്, എല്ലാവർക്കും വലിയ ഇഷ്ടമായിരുന്നെങ്കിലും, ഫ്റാൻസിൽ ജനിച്ച അവൾ, ഒരു റഷ്യാക്കാരനെ വിവാഹം ചെയ്യത്തക്കവണ്ണം അത്രയ്ക്ക് അധഃപതിച്ചുപോയല്ലോ എന്നു വിചാരിച്ച്, മാസ്ക്കോവിലുള്ള ഫ്റഞ്ചുസ്ഥാനപതിയുടെ ഭാര്യയായ 'മദാം ക്യാത്രോ' മാത്രം അവളെ ഇഷ്ടപ്പെട്ടിരുന്നില്ല.

ആനെററ മാസ്ക്കോവിട്ടു പോകുന്നതിനുമുമ്പ്, അവളുടെ പ്രിയശിഷ്യയായ നീലയ്ക്കു തൻെറ പാരീസിലുള്ള മേൽവിലാസം കൊടുത്തിരുന്നു. അതാണ് നീല കുറിച്ചുമേടിച്ചതു്.

വിമാനത്തിൽവച്ച്, പാക്കററിൽനിന്നും എൻെറ കൈലേസു വലിച്ചെടുത്തപ്പോൾ, യുവാവായ ഒരു സോവിയററ കവി എഴുതി ഒപ്പിട്ടുവച്ചിരുന്ന ഒരു പദ്യം അടങ്ങിയ ഒരു കടലാസ്സുതുണ്ടു ഞാൻ കണ്ടു. പദ്യത്തിൻെറ സാരം ഇപ്രകാരമായിരുന്നു:

"എന്നെ ഇവിടെ കുഴിച്ചുമൂടിയിരിക്കുന്നു. എന്നെ ആരും കാണുന്നതിനോ, ഓർമ്മിക്കുന്നതിനോ ഇടയില്ല. ഈ മൊട്ടക്കുന്നിൽ ഞാൻ ഭയന്നു വിറച്ചുകൊണ്ടു കഴിയുന്നു. എൻെറ ശരീരവും മനസ്സും ക്ഷയിച്ചുതുടങ്ങിയിരിക്കുന്നതുകൊണ്ടാണ്, ഞാൻ വിറയ്ക്കുന്നതു്. എന്നിട്ടും, ആഹാരത്തിനും, ഉന്മേഷത്തിനും വേണ്ടിയുള്ള എൻെറ വിശപ്പ്, കൂടുതൽ കൂടുതൽ ഭയാനകമായിക്കൊണ്ടിരിക്കുന്നു. ആഹാരസാധനങ്ങളും മററും, എനിക്ക്, വേണ്ടിട

ത്തോളം തന്നാലും. സ്നേഹവും, പ്രേമവുമൊന്നുമല്ലല്ലോ, ഞാൻ ചോദിക്കുന്നതു്. പക്ഷേ, എൻെറ ഈ മുറവിളിക്കു് ആരും മറുപടി തരുവാനില്ല. ഞാൻ ഇവിടെക്കിടന്നു നശിക്കയേയുള്ളു. ഒരു കവിയുടെ ഹൃദയം, ഇതാ, നിരാശകൊണ്ടു ഭഗ്നമായിത്തീൎന്നിരിക്കുന്നു.''

ഈ പദ്യം ഒരു നൃത്യാക്കുകാരനെ അറിയിക്കുന്നതിനാണോ എന്നു തോന്നത്തക്കവണ്ണമാണു് എഴുതിയിരിക്കുന്നതു്. എന്നാൽ റഷ്യയിൽ ഈമാതിരി പദ്യങ്ങൾ എവിടെയും മുഴങ്ങിക്കൊണ്ടിരിക്കുന്നു. അവയുടെ നിൎമ്മാതാവിനെ കണ്ടുപിടിക്കുകയാണെങ്കിൽ, സമൎത്ഥനായ ഒരു യുവകവിയുടെ ജീവിതവും അസ്തമിക്കും.

ഞങ്ങളുടെ യാത്രയുടെ അവസാനത്തിൽ, നശിപ്പിക്കപ്പെട്ടതും എന്നാൽ ആ സ്ഥിതിയിലും ഗാംഭീൎയ്യമുള്ളതുമായ ബർലിൻ ഞങ്ങൾ കണ്ടു. ഞങ്ങൾ ഇറങ്ങിയ ഉടനെ, എൻ. ബി. സി. യിലെ എസ്സ്. ഹാക്കർ, ഞങ്ങളെ കാറിൽകയററി അദ്ദേഹത്തിൻെറ താമസസ്ഥലത്തേയ്ക്കു കൊണ്ടുപോയി.

റഷ്യൻമേഖലയിൽനിന്നും അമേരിക്കൻമേഖലയിലേക്കു കടന്നതിനുശേഷമാണു്, ഞങ്ങൾക്കിനി അപകടമൊന്നുമില്ലെന്നും, ഞങ്ങളുടെ ജീവൻെറ ഉടമസ്ഥന്മാർ ഞങ്ങൾതന്നെയാണെന്നും ഞങ്ങൾക്കു വിശ്വാസമുണ്ടായതു്.

ഭാഗം രണ്ട്

# ആദ്യത്തതോ,
# അവസാനത്തതോ അല്ല

AYAM PUBLIC LIBRARY
KOTTAYAM

# അദ്ധ്യായം ൭

മാസ്കോപട്ടണത്തിൽ താമസിച്ചിരുന്ന വിദേശികൾക്കെതിരായി നടത്തിയിരുന്ന പ്രവർത്തനങ്ങളിൽ, ഏതൊന്നിസ്സംബന്ധിച്ച കേസ്സ്, ആദ്യത്തേതോ അവസാനത്തേതോ അല്ല.

൧൯൪൭-ാമാണ്ട് അവസാനത്തിലാണ്, ഇങ്ങനെയുള്ള കേസ്സുകൾ ആരംഭിച്ചത്. 'സ്കീയിങ്ങി'നു (മഞ്ഞുകട്ടയിൽ തെന്നിസ്സഞ്ചരിച്ചു വിനോദിക്കുന്നതിനു) പററിയ സ്ഥലങ്ങൾ അന്വേഷിച്ചുകൊണ്ട്, യുണൈററഡ്സ്റ്റേററ്സു' 'മിലിട്ടറി അററാഷെ' (പ്രതിപുരുഷാലയത്തിലെ സൈനികമെമ്പർ) ആയിരുന്ന ജനറൽ ഹിൽട്ടൺ, മാസ്കോനദിയുടെ കരയിൽക്കൂടി നടന്നുപോയി. അതിനടുത്തെവിടെയോ സ്ഥിതിചെയ്തിരുന്ന ഒരു 'കെമിക്കൽ പ്ലാൻറി'ൻെറ (രസതന്ത്രവ്യവസായശാലയുടെ) ഫോട്ടോ എടുക്കുന്നതിനാണ് ഹിൽട്ടൺ അപ്രകാരം നടന്നത്, എന്നു റഷ്യാക്കാർ ഒരു കുററം പറഞ്ഞുണ്ടാക്കി. അങ്ങനെ ഒരു വ്യവസായശാല ഉള്ളതായിട്ടുപോലും തനിക്കു് അറിവില്ലെന്നും, തൻെറ കൈവശം ക്യാമറായൊന്നുമില്ലെന്നും അദ്ദേഹം പറഞ്ഞുവെങ്കിലും, അതൊന്നും റഷ്യാക്കാർ വിശ്വസിച്ചില്ല. തന്നെ പരിശോധിച്ചുനോക്കിക്കൊള്ളുന്നതിനു് അദ്ദേഹം സമ്മതിച്ചു. അതിനും അവർ തയ്യാറില്ലായിരുന്നു.

സൈനികപ്രാധാന്യമുള്ള ഒരു സ്ഥാപനത്തിൻെറ ഫോട്ടോ അദ്ദേഹം എടുത്തിരിക്കുന്നു എന്നുപറഞ്ഞു്, സോവിയററുപ്രസ്സ്, അടുത്തദിവസം രാവിലെ, അദ്ദേഹത്തിൻെറമേൽ ഒരു കുററം ചുമത്തി. അതിൻെറ വാസ്തവം എന്താണെന്നു കാണിച്ചുകൊണ്ടുള്ള അദ്ദേഹത്തിൻെറ പ്രസ്താവനകൾ, തങ്ങളുടെ ലേഖനങ്ങളിൽ കണ്ടതെല്ലാം, സോവിയററുസെൻസർ നീക്കംചെയ്തു.

ജനറൽ ഹിൽട്ടൺ ഒരു സൈനികമെമ്പറായിരുന്നതുകൊണ്ട് റഷ്യൻഅധികൃതക്ക് അദ്ദേഹത്തിനെ ഒന്നും ചെയ്യുവാൻ സാധിച്ചിരുന്നില്ല. എന്നാൽ ഞാൻ മാസ്കോ വിട്ടുപോയ ദിവസംമുതൽ റഷ്യാക്കാർ അദ്ദേഹത്തെയാണ് ഓരോവിധത്തിൽ ശല്യപ്പെടുത്തുവാൻ തുടങ്ങിയതു്. ശല്യം സഹിക്കാൻപാടില്ലാതെയാകുമ്പോൾ അദ്ദേഹത്തിൻെറ ഉദ്യോഗകാലാവധി കഴിയുന്നതിനുമുമ്പുതന്നെ അദ്ദേഹം മാസ്കോ വിട്ടുപോകുമെന്നും, അതു് അദ്ദേഹത്തെ സംബന്ധിച്ചുള്ള കുപ്രചരണത്തിനു വളരെ സഹായകമായിരിയ്ക്കുമെന്നുമാണ്, റഷ്യാക്കാർ ആശിച്ചതു്. എന്നാൽ അദ്ദേഹം അവരുടെ ശല്യങ്ങൾ അംശശഷം വകവച്ചില്ല.

൧൯൪൫ ജനുവരിമാസത്തിൽ, ബ്രിട്ടീഷ് എംബസ്സിയുടെ പ്രസ്സ്സെക്ഷനിലുള്ള ഒരു ഉദ്യോഗസ്ഥനായ മി. സാംസണിനെസ്സംബന്ധിച്ചു്, ഒരു കേസുണ്ടായി. നിത്യോപയോഗത്തിന്നാവശ്യമായ തുണി മുതലായ സാധനങ്ങൾ ഇറക്കുമതിചെയ്തു് അമിതലാഭത്തിനു വില്ക്കുന്നതിനു, മി. സാംസൺ തൻെറ റഷ്യൻ സിക്രട്ടറിയെ സഹായിച്ചു എന്നതായിരുന്നു കുററം. ഒരു സുന്ദരിയായ ആ സിക്രട്ടറി, ഗർഭവതിയായിരുന്നിട്ടുപോലും, റഷ്യാക്കാർ അവളെ കോടതിയിൽ വരുത്തി വിസ്തരിച്ചു ശിക്ഷിച്ചു. മി. സാംസൺ ഉടൻ റഷ്യ വിട്ടുകൊള്ളണമെന്നും അവർ അറിയിച്ചു.

ഒരുമാസം കഴിഞ്ഞു് ബ്രിട്ടീഷ്എംബസ്സിയിലുള്ള ഒരു ഉദ്യോഗസ്ഥൻ, റഷ്യാക്കാരിയായ 'റെഗിനാ' എന്ന ഒരു യുവതിയ്ക്കു് സിഫിലിസ് എന്ന രോഗം പകർത്തി എന്നൊരു കേസ്സു നടന്നു. ആ ഉദ്യോഗസ്ഥനെക്കൂടാതെതന്നെ, കോടതി അവനെ വിസ്തരിച്ചു കുററക്കാരനാണെന്നു തീരുമാനിച്ചു. പതിനെട്ടുമാസക്കാലത്തിനു തടവുശിക്ഷയും, ആറായിരം രൂബൾ (നിലവിലിരിയ്ക്കുന്ന നയ

തന്ത്രനിരക്കിൻപ്രകാരം ഒരു ഡാളറിനു് എട്ടു രൂപാ എന്ന കണക്കനുസരിച്ചു് എഴുനൂററിയൻപതു ഡാളർ, അതായതു് ഉദ്ദേശം ആറായിരംഉറുപ്പിക) പിഴയുമാണു്, കോടതി അവനു വിധിച്ചതു്. റെഗിനായ്ക്കു നല്ല ആഹാരം കൊടുത്തു്, പ്രത്യേക ചികിത്സകൾ നൽകുന്നതിനായിരുന്നു ആ തുക. എന്തെന്നാൽ, അവൾ നിരപരാധിനിയായിരുന്നുവത്രേ. എത്രയും നിന്ദ്യമായ ഒരു രീതിയിലാണു വിസ്താരം നടന്നതു്. പക്ഷേ വിസ്താരത്തിൽ അദ്ധ്യക്ഷത വഹിച്ചതു ഗാംഭീര്യമുള്ളവളും അവിവാഹിതയുമായ ഒരു സ്ത്രീയായിട്ടാണു തോന്നിയതു്.

നയതന്ത്രപരമായി ഓരോ രാജ്യങ്ങളിലേയ്ക്കയയ്ക്കപ്പെടുന്ന ദൌത്യസംഘങ്ങളെസ്സംബന്ധിച്ചു്, ഇപ്രകാരം പല സംഭവങ്ങൾ നടന്നിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടു്. ഇപ്പോഴും അങ്ങനെയുള്ള സംഭവങ്ങൾ നടക്കുന്നുമുണ്ടു്. എന്നാൽ പ്രതിയുടെ അഭാവത്തിൽതന്നെ അയാളെ വിസ്തരിച്ചു കുററക്കാരനായി വിധികല്പിക്കുക മുതലായ സമ്പ്രദായങ്ങൾ, മാസ്കോപട്ടണത്തിൽ മാത്രമേ ഉണ്ടായിരുന്നുള്ളു.

അന്യരാജ്യങ്ങളിൽനിന്നു വരുന്ന പ്രതിനിധികൾക്കു് മാസ്കോവിൽ നയതന്ത്രപരമായ സംരക്ഷണം ലഭിച്ചിരുന്നു എന്നുള്ള വസ്തുതയും, അതുപോലെതന്നെ അവർക്കു സാധനങ്ങൾ റഷ്യയ്ക്കകത്തേക്കു കൊണ്ടുവരികയും, പുറത്തേക്കു കൊണ്ടുപോകുകയും ചെയ്യുന്നതിനു യാതൊരു തടസ്സവും ഉണ്ടായിരുന്നില്ല എന്നുള്ള സംഗതിയും, ഇവിടെ പ്രസ്താവയോഗ്യമാണു്.

൧൯൪൮-ാമാണ്ടു് ആരംഭത്തിൽ, ഒരു ശനിയാഴ്ച കാലത്തു്, മാസ്കോപട്ടണത്തിലുള്ള അർജൻറീനിയൻ എംബസ്സിയിലെ രണ്ടു് ഉദ്യോഗസ്ഥന്മാർ, പ്രേഗിലേക്കു വിമാനംവഴി യാത്രചെയ്യുന്നതിനു പുറപ്പെടുകയായിരുന്നു. മാസ്കോപട്ടണത്തിൽ ഇന്നും നിലവിലി

രിക്കുന്ന സ്ഥലദൌർലഭ്യം നിമിത്തം, അർജൻറീനിയാക്കാരുടെ എംബസ്സിആഫീസും താമസസ്ഥലവും, ഹോട്ടലുകളിൽ ഒന്നായ ഗ്രാൻറുഹോട്ടലിലാണു സ്ഥിതിചെയ്തിരുന്നതു്.

മാസ്കോപട്ടണത്തിൽനിന്നും വിദേശികൾക്കു യാത്ര പുറപ്പെടുവാൻ വലേ ചടങ്ങുകളും നിർവ്വഹിക്കേണ്ടിയിരുന്നതെല്ലാം, നമ്മുടെ, അർജൻറീനിയന്മാർ, സ്പെയിൻരാജ്യത്തു ജനിച്ച രണ്ടു 'സാങ്കോപാൻസാ' (പറയുന്നതു് ഉടൻ അനുസരിക്കുന്ന ഭൃത്യന്മാർ) ക്കളെക്കൊണ്ടു, കഴിച്ചുകൂട്ടി. ൧൯൩൬-ാമാണ്ടിൽ തുടങ്ങിയ സ്പെയിനിലെ ആഭ്യന്തരലഹളക്കാലത്തു റഷ്യയിൽ കുടിയേറിത്താമസിച്ചവരായിരുന്നു, പ്രസ്തുത സ്പെയിൻകാർ. അപ്രകാരം ചെന്നു താമസിച്ച പലരേയും, റഷ്യൻപള്ളിക്കൂടങ്ങളിലും വ്യവസായശാലകളിലും പ്രവേശിപ്പിക്കുകയും മററുചിലരെ ജോലിക്കായി റഷ്യാക്കാർ കപ്പൽകയററി ഓരോ സ്ഥലങ്ങളിലേയ്ക്കയയ്ക്കുകയും ചെയ്തിരുന്നു. ശേഷിച്ച ചുരുക്കംചിലർ, വളരെ ദുരിതമനുഭവിച്ചുകൊണ്ടു്, ദ്വിഭാഷികളായും മററും റഷ്യൻതലസ്ഥാനത്തുതന്നെ കഴിച്ചുകൂട്ടി.

ഏകദേശം അർദ്ധരാത്രിവരെ, അർജൻറീനിയൻയാത്രക്കാർ ഭാണ്ഡങ്ങളും മററും തൂക്കിക്കൊണ്ടു കഴിച്ചുകൂട്ടി. പാതിരാവായപ്പോൾ അവരുടെ ഹോട്ടൽമാനേജർ, അവരുടെ മുറിയുടെ കതകുകൾ തട്ടി അവരെ വിളിച്ചു. അർജൻറീനിയന്മാരുടെ മുറികളിൽ റഷ്യൻയുവതികൾ ഉള്ളതായി സംശയമുള്ളതുകൊണ്ടു്, തനിക്കു് ആ മുറികൾ ഒന്നു പരിശോധിക്കണം, എന്നാണു് മാനേജർ ആവശ്യപ്പെട്ടതു്. രാത്രി വാതിൽ തുറക്കുവാനൊന്നും സാധിക്കയില്ലെന്നും, തങ്ങളുടെ മുറികളിൽ റഷ്യൻ യുവതികളൊന്നുമില്ലെന്നും അർജൻറീനിയന്മാർ അറിയിച്ചു. ഗർഭവതിയായ തൻെറ ഭാര്യ

യുംകൂടിയാണ് തൻെറ മുറിയിലുള്ളതു് എന്നുംകൂടി ഒരർജൻറീനിയൻ പറഞ്ഞു.

അടുത്തദിവസം രാവിലെ, അവരുടെ വലിയ രണ്ടു ട്രങ്കുകളും സഞ്ചികളും എടുത്തുകൊണ്ടു്, അവർ വിമാനത്താവളത്തിലെത്തി. ചുമട്ടുകൂലി കൊടുക്കുന്നതിനു് അവരുടെ കൈവശമുള്ള റൂബൾനാണയം തികയാതെവന്നു. ഒരു ഡാളറിനു് അഞ്ചര റൂബൾനിരക്കുവച്ചു്, വിലപിടിച്ച 'അമേരിക്കൻ ഗ്രീൻബാക്കുകൾ' (നോട്ടുകൾ) കൊടുക്കാമെന്നു് അവർ സമ്മതിച്ചു. എന്നാൽ റഷ്യൻസ്റ്റേററുബാങ്കുമുഖാന്തിരമോ, അല്ലെങ്കിൽ അവർ അധികാരം നൽകിയിട്ടുള്ള യാത്രക്കാർക്കുവേണ്ടിയുള്ള ഹോട്ടലുകളിലും അതിത്തിസ്ഥാനങ്ങളിലും നിയമിതരായ പ്രതിനിധികൾ മുഖാന്തിരമോ ആയിട്ടല്ലാതെ, വിദേശനാണയങ്ങളും നോട്ടുകളും കൈമാററം ചെയ്യുക സാദ്ധ്യമല്ലായിരുന്നു. മാസ്കോവിമാനത്താവളത്തിൽ, അതിനൊന്നും സൌകര്യമില്ലായിരുന്നതാനും.

വളരെ ഭാരമുള്ള അവരുടെ ട്രങ്കുകൾ ട്രെയിനും, ബോട്ടുംവഴി അയച്ചുകൊടുക്കാമെന്നു് വിമാനത്താവളത്തിലെ അധികാരികൾ പറഞ്ഞു. എന്നാൽ അർജൻറീനിയന്മാർ അതിനു സമ്മതിച്ചില്ല. ഒരാൾ അപ്പോൾതന്നെ മാസ്കോ വിടുന്നതിനും, മറെറാരാൾ ഒരാഴ്ച കഴിഞ്ഞു സ്ഥലം വിടുന്നതിനും തീരുമാനിച്ചു. അങ്ങനെ ഒരർജൻറീനിയാക്കാരൻ അവൻെറ ട്രങ്കും സഞ്ചിയുമായി ഗ്രാൻറുഹോട്ടലിൽ തിരിച്ചെത്തി. സ്വന്തം സാമാനങ്ങളെല്ലാം തൻെറ മുറിയ്ക്കകത്താക്കി വാതിൽ ബന്ധിച്ചിട്ടു്, അയാൾ ട്രങ്കു തുറന്നു. അപ്പോൾ സ്പെയിൻകാരിൽ ഒരുവനായ അൽഫോൺസോ, അതിൽനിന്നും പുറത്തുചാടി. അടുത്ത ശനിയാഴ്ച എങ്ങനെയെങ്കിലും സ്ഥലം വിടുന്നതിനു ശ്രമിക്കണമെന്നു പറഞ്ഞിട്ടു്, പാസ്സ്പോർട്ടും വിമാനടിക്കററും അർജൻറീനിയൻ അൽഫോൺസോവിൻെറ

കൈയിൽ കൊടുത്തു് വീസാ ഒരാഴ്ച്ചത്തേക്കുകൂടി നീട്ടിമേടിക്കുന്നതിനും, അടുത്ത വിമാനത്തിൽ സീററു റിസർവുചെയ്യുന്നതിനും വേണ്ട നിർദ്ദേശങ്ങളോടുകൂടി, അവനെ അയച്ചു.

അൽഫോൺസോ തിരിച്ചുവരികയുണ്ടായില്ല. ഹോട്ടലിലെ അധികാരികൾ, പുതുക്കിയ വീസയും, പാസ്പോർട്ടും, വിമാനടിക്കററും അന്നു വൈകുന്നേരം അർജൻറീനിയനെ ഏല്പിച്ചു.

അന്നു വൈകുന്നേരംതന്നെ, സോവിയററ് 'മിനിസ്ട്രി ആഫ് ഫാറിൻ അഫയഴ്സ്' (വിദേശകാര്യമന്ത്രിയുടെ ആഫീസ്) അർജൻറീനിയൻ 'ചാർജ്-ദി-അഫയഴ്സിന്' (നയതന്ത്രപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനു ചുമതലപ്പെട്ട ഒരു ഉദ്യോഗസ്ഥൻ) ഒരു കുറിപ്പ് അയച്ചു. (അർജൻറീനിയൻ സ്ഥാനപതി, ഫ്റാങ്കോ സ്പെയിനിലേക്ക് ഒരു വിശ്രമകാലയാത്ര പോയിരിക്കയായിരുന്നു.) അന്നു കാലത്തു് വിമാനത്തിൽ മാസ്കോവിട്ടു പുറപ്പെട്ട അർജൻറീനിയൻ എംബസ്സിയിലെ ഒരു ഉദ്യോഗസ്ഥൻെറ ടങ്കിൽ ജനനംകൊണ്ടു സ്പെയിൻകാരനും എന്നാൽ പൌരത്വംകൊണ്ടു റഷ്യാക്കാരനുമായ ഒരു മനുഷ്യനെ, വിമാനം അവസാനമായി സോവിയററ്അതിർത്തിയിൽ ഇറങ്ങിയ 'ലോവ്' എന്ന സ്ഥലത്തുവച്ചു കണ്ടുപിടിച്ചിരിക്കുന്നു, എന്നായിരുന്നു കുറിപ്പ്.

വായു കയറുകയും ഇറങ്ങുകയും ചെയ്യുവാൻ ടങ്കിൽ ദ്വാരമിടണമെന്നുള്ള കാര്യം, അർജൻറീനിയന്മാർ ഓർത്തിരുന്നില്ല. വളരെനേരം ടങ്കിനകത്തു കഴിച്ചുകൂട്ടിയിട്ടു് ശ്വാസംമുട്ടിത്തുടങ്ങിയ സ്പെയിൻകാരൻ, 'ലോവു'വിമാനത്താവളത്തിനടുത്തുവച്ച്, ടങ്കിൻെറ വശങ്ങളിൽ കൈയിട്ടടിക്കുവാൻ തുടങ്ങി. പൈലട്ട് വിവരമന്വേഷിച്ച്, ടങ്ക് പുറത്തുകൊണ്ടുവന്നു തുറന്നു. അർദ്ധപ്രാണനായിട്ടു് ടങ്കിനകത്തു കാണപ്പെട്ട മനുഷ്യൻെറ കൈവശം, രണ്ട് അർജൻറീനിയൻ പാസ്സ്പോർട്ടുകൾ ഉണ്ടായിരുന്നു. ഒന്ന്

ആ മനുഷ്യന്റെ പേക്കും, മററൊന്നു കൂട്ടുകാരനായ അൽഫോൺസോവിന്റെ പേക്കും ഉള്ളതായിരുന്നു. ലേപാവുവിമാനത്താവളത്തിലെ അധികാരികൾ, മാസ്കോപട്ടണത്തിലേക്കു വിവരങ്ങൾ ഫോണിൽ അറിയിച്ചു. അതിന്റെ തുടർച്ചയായിട്ടാണ് അൽഫോൺസോ അപ്രത്യക്ഷനായതു് എന്നും ഇപ്പോൾ വ്യക്തമായിരിക്കുമല്ലോ. ടങ്കിന്റെ ഉടമസ്ഥനായ അർജൻറീനിയനെയും പ്രസ്തുത അധികാരികൾ മാസ്കോവിലേക്കയച്ചു. അവിടെ, ഗർഭവതിയായ അവന്റെ ഭാര്യയ്ക്കു ചിത്തഭ്രമം പിടിപെട്ടിരിക്കയായിരുന്നു. 'ബാരോ' എന്ന അർജൻറീനിയൻ ചാർജ്-ദി-അഫയഴ്സ് മേൽപറഞ്ഞ സംഗതികൾ യാഥാർത്ഥ്യങ്ങളേ അല്ലെന്നാണ്, ആദ്യം പ്രസ്താവിച്ചതു്. എന്നാൽ പിന്നീട് അർജൻറീനിയൻ എംബസ്സിയുടെ കുറിപ്പിൽ കണ്ട സംഗതികളുമായി യാതൊരു ബന്ധവുമില്ലെന്നും, ഏതോ രണ്ടു കള്ളന്മാർ പാസ്സ്പോർട്ടുകൾ മോഷ്ടിച്ച് അവരുടെ പേരുകൾ അതിൽ എഴുതിച്ചേർക്കുകയാണു ചെയ്തതു് എന്നും, അദ്ദേഹം എല്ലാവർക്കും ഉറപ്പുകൊടുത്തു. നമ്മുടെ അർജൻറീനിയാക്കാർ രണ്ടുപേർക്കും ടങ്കുകൾ കൂടാതെ സ്വരാജ്യത്തേക്കു തിരിച്ചുപോകേണ്ടിവന്നു.

ഏതോചില ആവശ്യങ്ങൾക്കായി റഷ്യാക്കാർ, മുൻപ്രസ്താവിച്ച സംഭവങ്ങളെ സംബന്ധിച്ച ചർച്ചകൾ, വേഗം അവസാനിപ്പിക്കുകയാണു ചെയ്തതു്. റഷ്യയുമായി തങ്ങൾക്കു് നയതന്ത്രബന്ധമൊന്നും വേണ്ടെന്നു്, അർജൻറീനിയൻഗവമ്മെൻറു് ഭയപ്പെടുത്തി എന്നു ചിലർ പറയുന്നു. ഓരോ കാരണങ്ങൾ പറഞ്ഞുകൊണ്ടു് ചില്ലിയിലേയും ബ്രസീലിലേയും ഗവമ്മെൻറുകൾ റഷ്യയുമായുള്ള ബന്ധങ്ങൾ അവസാനിപ്പിച്ചിരുന്നതുകൊണ്ടു് തെക്കേ അമേരിക്കയിൽ ഒരിടത്തും റഷ്യാക്കാർക്കു് പ്രവേശനവുമില്ലായിരുന്നു

അമേരിയ്ക്കയിൽ ഇല്ലിനായിസ് എന്ന സംസ്ഥാനത്ത് ജനിച്ചവനും, മാസ്ക്കോവിലുള്ള യുണൈററഡ്സ്റ്റേററ്സ് ഇൻഫർമേഷൻ സർവീസിൻെറ (ഐക്യസംസ്ഥാനങ്ങളെ സംബന്ധിച്ച വിവരങ്ങൾ മാസ്ക്കോവിൽ വിതരണംചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ആഫീസ്) ഡയറക്ടരുമായ ആർമണ്ട് ഡി. വില്ലിസ്, യുണൈററഡ്പ്രസ്സുകാരനായ വോൾട്ടർ ക്രാങ്കെററിന്, ഒരു അഭിമുഖസന്ദർശനം നൽകി. റഷ്യാക്കാരോട് വിദ്വേഷം പരത്തുക എന്നത് ഒരു തൊഴിലായി സ്വീകരിച്ചിട്ടുള്ള ചിലർ, റഷ്യയുമായി സാംസ്ക്കാരികബന്ധം പുലർത്തുന്നതിനുവേണ്ടിയുള്ള തൻെറ സകല ശ്രമങ്ങളേയും വിഫലപ്പെടുത്തുന്നു എന്നു, വില്ലിസ് സന്ദർശനമദ്ധ്യേ പറകയുണ്ടായി. ഒരേകെട്ടിടത്തിൽ, ഞങ്ങൾ താമസിച്ചിരുന്ന മാളികയുടെ മുകളിലായിട്ടാണ് അദ്ദേഹവും താമസിച്ചിരുന്നത്. പ്രസ്ബിററീരിയൻ ക്രിസ്തുമതവിഭാഗക്കാരനായിരുന്ന അദ്ദേഹം, തൻെറ ദൈവവിശ്വാസവും ആത്മാർത്ഥതയുംകൊണ്ടൊന്നും ലോകത്തിലുള്ള രാഷ്ട്രീയതന്ത്രങ്ങളോടു പൊരുത്തുവാൻ സാധിക്കയില്ല എന്നു, ശരിയായി മനസ്സിലാക്കിയിട്ടില്ല.

ആർമണ്ടിൻെറ പ്രസ്താവനയെ ഉത്സാഹത്തോടുകൂടി വർത്തമാനപ്പത്രങ്ങളിലെല്ലാം പ്രസിദ്ധംചെയ്ത റഷ്യാക്കാർതന്നെയാണ്, താമസിയാതെ, അദ്ദേഹം ഒരു ചാരനാണെന്നും സംശയിച്ചത്. എന്തെന്നാൽ, യുദ്ധകാലത്ത്, അൻപത്തിരണ്ടുമാസക്കാലത്തോളം, ഐക്യസംസ്ഥാന നാവികപ്പടയിൽ സൈനികരഹസ്യങ്ങൾ ആരാഞ്ഞറിയുക മുതലായ സേവനങ്ങൾ അദ്ദേഹം അനുഷ്ഠിച്ചിട്ടുണ്ട് എന്നുള്ള വസ്തുത, റഷ്യാക്കാർ കണ്ടുപിടിച്ചു. ക്രിസ്തുമതവിദ്യാഭ്യാസം പ്രചരിപ്പിക്കുക, ആ മതതത്വങ്ങൾ പഠിപ്പിക്കുക

എന്നുള്ളതാണ് അദ്ദേഹത്തിൻെറ ജീവിതലക്ഷ്യം, എന്നുള്ളത് റഷ്യാക്കാർ ഭാഗ്യവശാൽ അറിഞ്ഞിരുന്നില്ല.

അമേരിക്കൻ ഐക്യസംസ്ഥാനത്ത്, പെൻസിൽവേനിയായിൽ ക്ലെയർട്ടൺ എന്ന സ്ഥലത്തു ജനിച്ച, മിസ്സ് അന്നാബെൽ ബുക്കാർ എന്ന യുവതി, ആർമണ്ടിൻെറ ആഫീസിൽ ജോലി നോക്കിക്കൊണ്ടിരിക്കവേ, റഷ്യാക്കാരുടെ വശത്തു ചേൎന്നു. യുണൈറഡ്സ്റ്റേററ്സ് എംബസ്സിയുമായുള്ള തൻെറ എല്ലാ ബന്ധങ്ങളും വിട്ടത്തിയിരിക്കുന്നു എന്ന് അറിയിച്ചുകൊണ്ടുള്ള അവളുടെ ഒരെഴുത്ത്, ഫെബ്റുവരി ഇരുപത്തിയേഴാംതീയതി സോവിയററ് പ്രസ്സ് പ്രസിദ്ധപ്പെടുത്തി.

"വിപ്ലവകാരികളായ ചിലർ, അമേരിക്കയും റഷ്യയും തമ്മിൽ വിരോധവും തെററിദ്ധാരണയും വൎദ്ധിപ്പിക്കുന്നതിനു ഉററുശ്രമിക്കുന്നു. റഷ്യാക്കാരാകട്ടെ, ലോകത്തെ നന്നാക്കുവാൻ ശ്രമിക്കയാണ്. എത്രയും യോഗ്യന്മാരായ റഷ്യാക്കാരെയും, അവരുടെ രാജ്യത്തേയും സംബന്ധിച്ച്, എനിക്കു പൂൎണ്ണമായ അറിവു ലഭിച്ചിട്ടുണ്ട്. ഇതിനെല്ലാററിനും പുറമേ, ഒരു റഷ്യാക്കാരനോട്ട് എനിക്കുണ്ടായിട്ടുള്ള പ്രണയബന്ധം, എൻെറ മനസ്സിനും എന്തെന്നില്ലാത്ത ഒരാനന്ദമാണ് ഉണ്ടാക്കിയിട്ടുള്ളത്" എന്നൊക്കെയായിരുന്നു ബുക്കാർ അവളുടെ എഴുത്തിൽ പ്രസ്താവിച്ചിരുന്നത്.

ഒരു റഷ്യൻഗായകനായ കാൺസ്റ്റാൻറിൻ ലാപ്ഷിൻ എന്ന യുവാവോട്ട്, ബുക്കാറിനു പ്രണയമുണ്ടായത് വാസ്തവമായിരിക്കാം. എന്നാൽ റഷ്യയോടുതന്നെ അവൾക്കു് പ്രതിപത്തിയുണ്ടായത്, റഷ്യാക്കാരുടെ അന്യായമായ ചില പ്രേരണകൾകൊണ്ടുമാത്രമായിരുന്നു എന്ന് എനിക്കു പല തെളിവുകൾകൊണ്ടും അറിവാൻ കഴിഞ്ഞിട്ടുണ്ട്.

ങ്ക്കാറിൻെറ കേസുകഴിഞ്ഞതാണ്, എന്നെ സംബന്ധിച്ച കേസുണ്ടായതു്. അതിനുശേഷം, ഐക്യസംസ്ഥാനത്തിലെ മിലിട്ടറി അററാഷെയുടെ ആഫീസിലുള്ള കോഡുറൂമിൽ ടെലട്ടൈപ്പു് ഓപ്പറേററർജോലി നോക്കിക്കൊണ്ടിരുന്നവനും, ഐക്യസംസ്ഥാനത്തിലെ സൈന്യത്തിൽ ഒരു സാർജൻറുമായിരുന്ന ജെയിംസ് എം. മാക്മില്ലിൻ, പെട്ടെന്നു് ഒരുദിവസം, തൻെറ അമേരിക്കൻ ഉദ്യോഗവും, പൌരത്വവും രാജിവച്ചിട്ടു്, റഷ്യയിലെ ഒരു പൌരനായിത്തീൎന്നു. അപ്രകാരം പ്രവൎത്തിച്ചില്ലെങ്കിൽ, അയാൾക്കോ, അയാളുടെ സ്നേഹഭാജനമായ റഷ്യൻയുവതിയ്ക്കോ, റഷ്യാക്കാർ മഹാസങ്കടങ്ങൾ വരുത്തിക്കൂട്ടും എന്നുള്ള ഒരു പരിതഃസ്ഥിതിയായിരുന്നു, മാക്മില്ലിൻെറ പ്രവൃത്തികളുടെ പ്രേരണ, എന്നും ആൎക്കും അറിയാൻ കഴിയുന്നതാണ്. പതിവുപോലെ, മാക്മില്ലിൻെറയും ഒരെഴുത്തു്, സോവിയററുപ്രസ്സ് പ്രസിദ്ധംചെയ്തിരുന്നു.

ഇപ്രകാരമുള്ളവയിൽ അവസാനത്തെ കേസ്സ്, ൧൯൪൮ ആഗസ്റ്റ് പത്തൊമ്പതാംതീയതിയാണ് ഞങ്ങളുടെ അറിവിൽ പെട്ടതു്. യൂണൈറെറഡ്സ്റ്റേററ്സിലെ അസിസ്റ്റൻറു നേവൽ അററാഷേ (പ്രതിപുരുഷാലയത്തിലെ നാവികസൈന്യത്തിൻെറ പ്രതിനിധിയുടെ അസിസ്റ്റൻറ്) ആയിട്ടു്, മാസ്കോനഗരത്തിൽ ജോലിനോക്കിയിരുന്ന മുപ്പത്തിരണ്ടുവയസ്സുള്ള ലെഫ്ടനൻറു റാബർട്ടു ഡ്രെഹർ എന്ന ഒരാളിനെ, റഷ്യ വിട്ടുകൊള്ളണമെന്നു സോവിയററുഗവണ്മെൻറു് അറിയിച്ചിരിക്കുന്നു എന്നാണു സോവിയററ്പ്രസ്സ് ഒരു വിജ്ഞാപനത്തിൽ പ്രസ്താവിച്ചതു്.

ഇ' എന്നുമാത്രം പേരുള്ളവനും, അമേരിക്കൻ നേവൽ ഇൻറലിജൻസ് വകുപ്പിൻെറ (നാവികരഹസ്യങ്ങൾ ആരാഞ്ഞറിയുന്ന വകുപ്പു്) ഒരു ഏജൻറുമായ, ഒരു റഷ്യൻ കസ്റ്റംസ് ആഫീ

സത്തുടെയട്ടക്കൽനിന്നും, ഡ്രൈഹർ രഹസ്യമായി സൈനികവിവരങ്ങൾ ശേഖരിക്കുന്നതു കണ്ട സോവിയററ് ആഭ്യന്തരകാര്യവകുപ്പ്, ഉടനെതന്നെ ഡ്രൈഹറെ കേസിൽപിടിച്ചു എന്നും, എം. വി. ഡി-യുടെ ഒരു പ്രതിനിധിയെത്തന്നെ ഡ്രൈഹർ തല്ലുന്നതിനു ശ്രമിച്ചുവെങ്കിലും, അദ്ദേഹം തൻെറ കുററം അവിടെവച്ചുതന്നെ സമ്മതിച്ചു എന്നുമാണ്, പ്രവ്ദാ എന്ന റഷ്യൻവത്തമാനപ്പത്രം പ്രസ്താവിച്ചതു്.

"നല്ല അമേരിക്കൻഭാഷയിൽ പറയുകയാണെങ്കിൽ, അതും ഒരു സൃഷ്ടിയാണ്" എന്നത്രെ മൈക്കേൽ മാക്ഡർമാട്ട് പ്രസ്തുത സംഭവത്തെക്കുറിച്ചു പ്രസ്താവിച്ചതു്. സ്റ്റേററുഡിപ്പാർട്ടുമെൻറിൻെറ പ്രസ്സ് ആഫീസരായിരുന്നു, മി. മാക്ഡർമാട്ട്.

ഡ്രൈഹർ മാസ്കോവിട്ടു്, നാലുമാസം കഴിഞ്ഞിട്ടാണ്, റഷ്യാക്കാർ അദ്ദേഹത്തിൻെറ കേസ്സ് പ്രസിദ്ധപ്പെടുത്തിയതു്. ആഗസ്റ്റ്മാസം മദ്ധ്യഭാഗംവരെ അവർ ആ സംഭവത്തെക്കുറിച്ച് ഉരിയാടിയില്ല. അപ്പോഴാണ്, അമേരിക്കൻ ഐക്യനാടുകളിലേയ്ക്കു യാത്രചെയ്തു മിസ്സിസ്സ് ഒക്സാനാ കോസങ്കിനാ, മൈക്കേൽ സമാറിൻ എന്നു രണ്ടു റഷ്യൻ അദ്ധ്യാപകവൃത്തിക്കാരും, രണ്ടാമത്തെ ആളിൻെറ ഭാര്യയും, തങ്ങൾക്കു റഷ്യയിലേയ്ക്കു തിരിച്ചു പോകുന്നതിന് ഒട്ടും മനസ്സില്ല എന്നു ലോകത്തെ അറിയിച്ച് അത്ഭുതപ്പെടുത്തിയതു്.

ന്യൂയാർക്കിലുള്ള സോവിയററു കാൺസുലേററിൽ (റഷ്യൻ പ്രതിനിധിയുടെ ആഫീസിൽ) കോസങ്കിനായ്ക്കു് വളരെ വിഷമതകൾ ഉണ്ടായി. എന്നാൽ അംബാസ്സഡർ സ്മിത്തു്, വളരെ സാഹസപ്പെട്ടു് അവരെ അതിൽനിന്നും രക്ഷിച്ചു.

ഏകദേശം നൂറുപേരോളം യൂണൈറഡ്സ്റ്റേററ്സ് എംബസ്സിയിൽ ജോലിനോക്കിയിരുന്നു. മാസ്കോവിലെ തെരുവു

കളിൽ അവക്ക് ഇറങ്ങിനടക്കേണ്ടിവരുമ്പോൾ, മൂന്നുപേരെങ്കിലും ഒന്നിച്ചുവേണം സഞ്ചരിക്കുന്നതിന് എന്ന് അവക്ക് നിർദ്ദേശങ്ങൾ നൽകപ്പെട്ടു.

റഷ്യൻതലസ്ഥാനത്ത്, മേ ഒന്നാംതീയതിയിലുള്ള പ്രകടനങ്ങൾ നടക്കുമ്പോൾ യുണൈറഡ്സ്റ്റേററ്സ് എംബസ്സിയിൽ കാൺസ്സലർ (ഉപദേഷ്ടാവ്) ആയിരുന്ന എൽഡ്രിഡ്ജ് ഡർബ്രോവിൻെറ ആറുവയസ്സുമാത്രം പ്രായംവരുന്ന ബ്രൂസ് എന്ന മകൻ, അമേരിക്കൻകൊടിയും പറത്തിക്കൊണ്ടു പ്രകടനത്തിൽ പങ്കെടുക്കും. അമേരിക്കൻപത്രികകളായ 'ടൈം', 'ന്യൂസ്‌വീക്' മുതലായവ ശേഖരിച്ച്, ആ കുട്ടി യാത്രക്കാക്ക കൊടുക്കും. രണ്ടു പോലീസുകാരും, എംബസ്സിയുടെ നടയിൽ നില്ക്കുന്ന രണ്ടു ശുഭ്രവസ്ത്രധാരികളും, കുട്ടിയുടെ പ്രവൃത്തികൾ തുറിച്ചുനോക്കിക്കൊണ്ടിരിക്കും.

"സ്റ്റാലിനിനെക്കുറിച്ചു ഞങ്ങൾ പള്ളിക്കൂടത്തിൽ പാട്ടുകൾ പാടും; ട്രൂമാനെക്കുറിച്ചും എനിക്കു പാട്ടുകൾ പഠിപ്പിച്ചുതരാത്തത് എന്തുകൊണ്ടച്ഛാ" എന്ന് ആ കുട്ടി ചിലപ്പോൾ ചോദിയ്ക്കും.

ഒരുദിവസം ഡർബ്രോ, മകൻെറ മുറിയിൽ കടന്നപ്പോൾ, സ്റ്റാലിൻ ഒരു ചെറുബാലനായിരിക്കുന്നത്, സ്റ്റാലിൻ തൊഴിലാളികളുടെ പ്രകടനവും ലഹളയും നയിക്കുന്നത്, സ്റ്റാലിൻ സൈബീരിയായിൽ, സ്റ്റാലിൻ ലെനിനോടുകൂടി, മുതലായവകളുടെ പടങ്ങൾവച്ചുകൊണ്ട് ആ മകൻ ഒരു പ്രദശ്നം തയാറാക്കുന്നതു കണ്ടു. "അല്ലയോ സ്റ്റാലിൻ! ഞങ്ങളുടെ സന്തോഷപ്രദമായ ശൈശവത്തിന്, ഞങ്ങൾ അങ്ങേയ്ക്കു നന്ദിപറഞ്ഞുകൊള്ളുന്നു" എന്ന്, സ്റ്റാലിൻതന്നെ നിമ്മിച്ച ഒരു മുദ്രാവാക്യവും മകൻെറ അടുക്കൽ കണ്ടു. "ഇന്നത്തെ ഞങ്ങളുടെ വീട്ടുപാഠമായി

സ്റ്റാലിൻമൂലകൾ വീട്ടിൽ തയാറാക്കണം എന്നാണു് ഞങ്ങളുടെ വാദ്ധ്യാർ പറഞ്ഞിരിക്കുന്നതു്'' എന്നും ആ കുട്ടി പറഞ്ഞു.

അന്യരാജ്യത്തുള്ള തങ്ങളുടെ പ്രതിനിധികളുടെ കുട്ടികൾക്കും മററുമായി, ആ രാജ്യങ്ങളിൽ റഷ്യാക്കാർ അവരുടെ സ്വന്തം പള്ളിക്കൂടങ്ങൾതന്നെ സ്ഥാപിച്ചിരുന്നു. എന്നാൽ കഴിഞ്ഞ വേനൽക്കാലത്തു് ആ പള്ളിക്കൂടങ്ങൾ അടച്ചുപൂട്ടിയിട്ടു്, റഷ്യൻ കുട്ടികൾ വിദേശങ്ങളിലുള്ള മുതലാളിത്തവിദ്യാഭ്യാസംകൊണ്ടു് ദുഷിച്ചുപോകാതിരിക്കുവാൻ അവരെ, റഷ്യയിലേക്കു തിരിച്ചു കൊണ്ടുവന്നു.

നാടുകടത്തപ്പെട്ട, ന്യൂയാക്കിലെ സോവിയറ്റ്കാൺസൽ ജനറൽ (വിദേശങ്ങളിലുള്ള റഷ്യൻപ്രതിനിധികളുടെ മേലാവു്) ആയിരുന്ന യാക്കോവ്ലൊമാകിൻ എന്നയാളിൻെറ പുത്രി, അവളുടെ അച്ഛൻ ൧൯൪൪-ൽ സാൻഫ്റാൻസിസ്കോവിൽ ഒരു കാൺസലായിരിക്കുമ്പോൾ, അവിടെയുള്ള ഒരു സാധാരണ പള്ളിക്കൂടത്തിലാണു പഠിച്ചതു്. അവളുടെ ക്ലാസ്സിലുള്ള കുട്ടികളോടു് വാദ്ധ്യാർ അമേരിക്കയിലേയും, റഷ്യയിലേയും കൊടികളുടെ പടങ്ങൾ വരയ്ക്കുവാൻ പറഞ്ഞു. ആ പെൺകുട്ടി അമേരിക്കൻകൊടിയുടേതുപോലുള്ള ഒരു പടംമാത്രം വരച്ചു. പക്ഷേ നക്ഷത്രങ്ങൾക്കും വരകൾക്കും പകരം, ചുററികയുടേയും, അരിവാളിൻേറയും നാല്പത്തെട്ടു പടങ്ങളാണു് കൊടിയിൽ അടയാളപ്പെടുത്തിയതു്.

# അദ്ധ്യായം ൬

അന്യരാജ്യങ്ങളിൽനിന്നും മാസ്റ്റോപട്ടണത്തിൽ വന്നു താമസിക്കുന്ന പത്രപ്രവൎത്തകന്മാരെ, റഷ്യാക്കാർ ഒരിക്കലും വിശ്വസിച്ചിരുന്നില്ല. റഷ്യാക്കാരുടെ സമ്പ്രദായങ്ങളെക്കുറിച്ചും, ഞങ്ങളുടെ ജോലിസംബന്ധിച്ചു ഞങ്ങളുമായി ഇടപെടുന്ന റഷ്യൻ ഔദ്യോഗികപ്രതിനിധികളെക്കുറിച്ചും, അഭിപ്രായങ്ങൾ തുറന്നുപറയുന്നതിനു്, ഞങ്ങൾക്കുമാത്രമേ സാധിച്ചിരുന്നുള്ളു. നയതന്ത്രപരമായി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാൎക്കു്, ചട്ടമനുസരിച്ചല്ലാതെ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതിനു കഴിഞ്ഞിരുന്നില്ല. അല്ലെങ്കിൽ അവർ, ചൎച്ചിലിനെപ്പോലെയുള്ളവരായിരിക്കണം. ചൎച്ചിൽപോലും, ഒരു റഷ്യൻഉദ്യോഗസ്ഥനെ 'ഡെങ്ങ്ഹീപ്പ്' (ചവററിൻകൂട്ടം) എന്നു വിളിക്കുന്നതിനു ധൈൎയ്യപ്പെടുകയില്ല. ഇപ്പോൾ 'ടാസ് ന്യൂസ് ഏജൻസി'യുടെ മേലാവായിരിക്കുന്ന 'നിക്കൊലായ് പാൽഗുനോവ്' റഷ്യൻ പ്രസ്സ് ഡിപ്പാർട്ടുമെൻറിൻെറ അദ്ധ്യക്ഷനായിരിക്കുമ്പോൾ, ലണ്ടനിലെ 'ഡെയിലിമെയിൽ ടെലഗ്രാഫ്' എന്ന പത്രത്തിനുവേണ്ടി പ്രവൎത്തിച്ചുകൊണ്ടിരുന്ന "ആൽഫ്റെഡ് കാളർട്ടൺ' എന്ന ദേഹം, 'ഡെങ്ങ്ഹീപ്പ്' എന്നാണു് നിക്കൊലായ് പാൽഗുനോവിനെ ഒരിക്കൽ വിളിച്ചതു്.

യാതൊരു ദൂഷ്യവും ഇല്ലായിരുന്ന തൻെറ ലേഖനത്തെ, ഒരു റഷ്യൻസെൻസർ അനാവശ്യമായി വെട്ടിക്കുറച്ചതിനു്, 'സി. ബി. എസ്' (കൊളംബിയാ ബ്രാഡ്കാസ്റ്റിങ്ങുസിസ്റ്റം) എന്ന സ്ഥാപനത്തിനുവേണ്ടി പ്രവൎത്തിച്ചുകൊണ്ടിരുന്ന 'ജെയിംസ്

ഫ്ളെമിങ്ങ്'' എന്നയാൾ, പ്രസ്തുത ലേഖനത്തെ തുണ്ടുതുണ്ടായി വലിച്ചുകീറി കാററിൽ പറത്തി. മൊളോട്ടോവിൻെറയോ, വിസിൻസ്കിയുടെയോ മുമ്പിൽവച്ചു്, അപ്രകാരമൊരു റഷ്യൻ കുറിപ്പു വലിച്ചുകീറുന്നതിനു്, ഒരു അംബാസ്സഡർക്കുപോലും ധൈര്യമുണ്ടാകയില്ല.

'ജിം' സെൻസറിനെ അവമാനിക്കയാണു ചെയ്തതു് എന്നു പറഞ്ഞുകൊണ്ടു്, പാൽഗ്രേനാവിനുശേഷം തൽസ്ഥാനത്തു നിയമിക്കപ്പെട്ട 'അഡ്‌ലോളോ പെരേടാവു്'' ഫ്ളെമിങ്ങിൻെറ പ്രസ് കാർഡു തിരിച്ചുമേടിച്ചു. അതുകൊണ്ടു ജെയിംസിനു് റഷ്യയിൽ കഴിഞ്ഞുകൂടുന്നതിനുപോലും സാധിക്കാതെയായി. ൧൯൪൪-ാമാണ്ടാണു് ഈ സംഭവമുണ്ടായതു്.

റഷ്യയുമായി സഹകരിച്ചു 'ഷട്ടിൽബാംബിങ്ങു്'പ്രസ്ഥാനം ആരംഭിക്കുന്നതിനായി, 'യുണൈററഡ്സ്റ്റേററ്സ് സ്റ്റ്റാററജിക് എയർഫോഴ്സ്സിൻെറ (സുപ്രധാനസ്ഥാനങ്ങൾ ആക്രമിക്കുന്നതിനുവേണ്ടിയുള്ള അമേരിക്കൻ വിമാനപ്പടയുടെ) വലിയ ബാംബർവിമാനങ്ങൾ, ൧൯൪൪ ജൂൺ ഒന്നാംതീയതി, യൂക്രേനിയൻപട്ടണമായ പോൾട്ടാവായിൽ ആദ്യമായി വന്നിറങ്ങുന്നുവെന്നു്, ഞങ്ങൾ കേട്ടു. അതുസംബന്ധിച്ചു്, റഷ്യൻപ്രസ്സ്‌വകുപ്പു്, ഞങ്ങളിൽ നാലു ലേഖകന്മാരെ മാത്രമേ ക്ഷണിച്ചുള്ളു. എട്ടു ലേഖകന്മാരെയെങ്കിലും കൊണ്ടുപോകണമെന്നു്, മാസ്ക്കോവിലുള്ള അമേരിക്കൻ 'മിലിട്ടറിമിഷൻെറ' (സൈനികപ്രതിനിധിസംഘത്തിൻെറ) അദ്ധ്യക്ഷനായ മേജർജനറൽ ജാൺറസ്സൽഡീൻ, വാദിച്ചു. എന്തായാലും ഞങ്ങൾ പതിനെട്ടുപേരും പ്രസ്തുത ദിവസം, മാസ്ക്കോവിലുള്ള സൈനികവിമാനത്താവളത്തിലെത്തി. ഞങ്ങളെയെല്ലാവരേയും, കൊണ്ടുപോയില്ലെങ്കിൽ, സത്യാഗ്രഹം അനുഷ്ഠിക്കുമെന്നു ഞങ്ങൾ അറിയിച്ചു. 'ഒക്കോവ്'' എന്നു

പേരുള്ള ധിക്കാരിയായ ഒരു യുവാവായിരുന്നു സെൻസർ. അയാൾ ഞങ്ങളുടെ ഐക്യം കണ്ടതിശയിച്ച്, വിദേശകാര്യാലയവുമായി ഫോണിൽ വളരെ ചർച്ചകൾചെയ്തിട്ട്, ഞങ്ങളെയെല്ലാവരേയും, മനസ്സില്ലാമനസ്സോടുകൂടി കൊണ്ടുപോയി. ഇങ്ങനെയുള്ള പല കാരണങ്ങളാൽ പത്രപ്രവർത്തകരായ ഞങ്ങളോടു റഷ്യൻ അധികൃതർക്കു വലിയ വെറുപ്പായിരുന്നു.

റഷ്യാക്കാർ, അവരുടെ രാജ്യത്തു താമസിക്കുന്ന വിദേശികളെ, അതിഥികളെപ്പോലെയാണ് കരുതിയിരുന്നത്. റഷ്യൻ പൌരന്മാക്ക് ലഭിക്കുന്നതിലും കൂടുതൽ ജീവിതസൌകര്യങ്ങൾ അവർ വിദേശികൾക്കു നൽകിയിരുന്നു. അതുകൊണ്ട്, ആ വിദേശികൾ, റഷ്യാക്കാരോട് മറുത്തു പെരുമാറുകയോ, അവരെക്കുറിച്ചു ഗുണദോഷനിരൂപണംചെയ്യുകയോ ചെയ്തിരുന്നില്ല. "ഒരതിഥി, ആതിഥേയനോടു മറുത്തുപെരുമാറുകയില്ല" എന്നൊരു പഴമൊഴി തന്നെയും റഷ്യയിലുണ്ട്.

വിദേശികളുടെ റഷ്യയിലുള്ള ജീവിതത്തിനു് അസുഖമുണ്ടാക്കി, അവരെ തങ്ങൾക്കു വശംവദരാക്കുവാൻ സാദ്ധ്യമല്ലെന്നു് റഷ്യാക്കാക്ക് നല്ലവണ്ണം അറിയാമായിരുന്നു. എന്നാൽ, ഞങ്ങളുടെ ലേഖനങ്ങൾ കഠിനമായ പരിശോധനയ്ക്കു വിധേയമാക്കുക എന്ന രീതി, അവർ സ്വീകരിച്ചിരുന്നു. യുദ്ധത്തിനുമുമ്പ്, പ്രസ്തുത പരിശോധന റഷ്യയിൽ ഒട്ടുംതന്നെ കഠിനമായിരുന്നില്ല. ഞാനും, വാൾട്ടർ ഡ്യൂറാൻറി, ജോസഫ് ബാൺസ്, ഹെൻറി ഷാപ്പിറോ, അലക്സാൻഡർവെത്ത് മുതലായ മററു ലേഖകന്മാരും, ധാരാളം ലേഖനങ്ങൾ യാതൊരു തടസ്സവുംകൂടാതെ അയച്ചിരുന്നു. റഷ്യയ്ക്കു് എത്ര ദോഷകരമായിട്ടുള്ള ഒരു ലേഖനമായാലും ശരി, അതിനെ ഫോൺവഴിയായിട്ടോ, കടൽക്കമ്പിവഴിയായിട്ടോ അയയ്ക്കുന്നതിനും സാധിച്ചിരുന്നു. പടിഞ്ഞാറേയൂറോപ്പിലുള്ള ഒരു

രാജ്യത്തിൻെറ തലസ്ഥാനത്തുനിന്നും, ൧൯൩൦-നും, ൧൯൪൦-നും ഇടയ്ക്കുനടന്ന 'ഗ്രേററ്പർജ്' (ആഭ്യന്തരരാഷ്ട്രീയശുദ്ധീകരണം) എന്നതിനെക്കുറിച്ച്, ഹാരോൾഡ് ഡെന്നിസ്സ് എന്നയാൾ, ലേഖനപരമ്പരകൾ അയച്ചുകൊണ്ടിരുന്നതു് ഞാൻ ഓക്കുന്നു. ആയിടയ്ക്കാണ്, ഉത്തരധ്രുവപര്യടനം സംബന്ധിച്ച് പേരുകേട്ട പ്രൊഫസ്സർ ഓട്ടോഷ്മിഡ്ത്ത് എന്നയാളിനെ, ശിരഃഛേദം ചെയ്തു എന്നു കേട്ടതു വാസ്തവമാണോ എന്ന്, ലണ്ടനിലെ 'ന്യൂസ്ക്രോണിക്കിൾ' എന്നോടു ചോദിച്ചതു്. 'ഗ്രേററ്നാർത്തേൺ സീറൂട്ട് അഡ്മിനിസ്ട്രേഷ'ൻെറ (വടക്കൻസമുദ്രമാർഗ്ഗങ്ങളുടെ ഭരണകൂടം) മേലാവായ അദ്ദേഹത്തിനെ, ഞാൻ ഫോണിൽ വിളിച്ചുനോക്കി. അദ്ദേഹം എനിക്കു മറുപടിതരികയും, താൻ മരിച്ചിട്ടൊന്നുമില്ലെന്ന് അദ്ദേഹം എന്നെ അറിയിക്കയും ചെയ്തു. അതിനെത്തുടന്ന്, ഞാൻ, അദ്ദേഹത്തെ വാസസ്ഥലത്തുചെന്നു കണ്ടു. തൻെറ സമുദ്രമാർഗ്ഗഭരണസംഘാംവകയായ ഏഴെട്ടുകപ്പലുകൾ, തണുപ്പുകാലമായതുകൊണ്ട് മഞ്ഞുകട്ടയിൽ ഉറച്ചുനില്ക്കുകയാണെന്നും, അതായിരിക്കണം തന്നെക്കുറിച്ചുള്ള കിംവദന്തികൾക്കു കാരണമെന്നും, അദ്ദേഹം പറഞ്ഞു. ഈ വിവരങ്ങളെല്ലാം ഞാൻ എൻെറ പത്രങ്ങൾക്കുവേണ്ടി ഫോൺവഴി റിപ്പോർട്ടു ചെയ്തു.

എന്നാൽ യുണൈറഡ്പ്രസ്സിനുവേണ്ടി പ്രവൎത്തിച്ചിരുന്ന 'യൂജിൻ ലിയൺസ്', റഷ്യൻവിദൂരപൂൎവ്വദേശത്തെക്കുറിച്ച് ഫോണിൽ അറിയിച്ച ഒരു ലേഖനം, റഷ്യയ്ക്കു് ദോഷകരമാണെന്നുകണ്ട്, റഷ്യാക്കാർ അദ്ദേഹത്തെ രാജ്യത്തിനു പുറത്താക്കി. അതുപോലെ, സ്റ്റാലിനും ജാപ്പനീസ്വിദേശകാര്യമന്ത്രിയായ മത്സുവോക്കായും തമ്മിലുള്ള സഖ്യം വെളിപ്പെടുത്തിക്കൊണ്ട്, റഷ്യയും ജപ്പാനും തമ്മിലുള്ള സന്ധിയെക്കുറിച്ച്, അനേകം

ലേഖനങ്ങൾ, ജാൺസ്റ്റാട്ട് എന്നയാൾ 'ന്യൂസ്ക്രാണിക്കിളി'ന് അയച്ചു. ൧൯൪൧ വസന്തകാലത്ത്, ടക്കിയിലിരുന്നുകൊണ്ടാണ് അയാൾ അപ്രകാരം ചെയ്തതു്. അതിനുവേണ്ടി, ജാൺസ്റ്റാട്ടിനെയും റഷ്യാക്കാർ നാട്ടിനുപുറത്താക്കി.

൧൯൩൯ ആഗസ്റ്റിൽ നടന്ന സോവിയററു-ജർമ്മൻസന്ധിയ്ക്കു കുറച്ചുദിവസംമുമ്പാണ്, മൊളോട്ടോവ്, ലിററ്‌വിനോവിനെ വിദേശകാര്യവകുപ്പിൻെറ മേലാവായി, വീണ്ടും നിയമിച്ചതു്. ഉടനേതന്നെ അദ്ദേഹം സെൻസർഷിപ്പ് (വാർത്തകളുടെ പരിശോധന) നിറുത്തലാക്കി. എന്നാൽ ൧൯൪൦-ൽ, സോവിയററു-ഫിൻലണ്ടുയുദ്ധത്തിൻെറ അവസാനത്തോടുകൂടി, പൂർവ്വാധികം ഊർജ്ജിതത്തോടുകൂടി, പരിശോധന വീണ്ടും നടപ്പിൽവന്നു. ൧൯൪൧ വേനൽക്കാലത്ത്, പരിശോധനാവകുപ്പിനെ, വിദേശകാര്യവകുപ്പുമായി ബന്ധമുള്ള പ്രസ്സ്‌ഡിപ്പാർട്ടുമെൻറിൽനിന്നും വേർതിരിച്ച്, എല്ലാവരും ഭയപ്പെട്ടിരുന്ന 'ഗ്ലാവ്‌ലിററ്' എന്നറിയപ്പെട്ട ഇൻെറർണൽ സോവിയററു സെൻസർഷിപ്പിൻെറ (ആഭ്യന്തര റഷ്യൻപരിശോധനാവകുപ്പ്), കീഴിലാക്കി. ഭരണം നടത്തുന്ന കമ്മ്യൂണിസ്റ്റ്‌പാർട്ടിയുടെ സെൻട്രൽകമ്മിററിക്കു മാത്രമേ, സെൻസർഷിപ്പിൻെറമേൽ അധികാരമുണ്ടായിരുന്നുള്ളു.

ഇപ്പോൾ നടപ്പിലിരിക്കുന്ന സെൻസർഷിപ്പുരീതിയനുസരിച്ച്, പത്രപ്രവർത്തകന്മാർക്ക് സെൻസറന്മാരെ കാണുന്നതിനുപോലും സാധിക്കുന്നില്ല. 'ട്രഡ്' എന്ന ട്രേഡുയൂണിയൻപത്രത്തിൻെറ അധിപനായിരുന്ന 'മെൽചെങ്കോ'വാണ്, വിദേശീയലേഖകന്മാരുടെ മേൽനോട്ടം വഹിക്കുന്നതു്.

മാസ്ക്കോനഗരത്തിലുള്ള ലേഖകന്മാർ, തങ്ങളുടെ ഓരോ ലേഖനത്തിൻെറയും മൂന്നുപ്രതികൾ, സെൻസർമാർ ജോലിചെയ്യുന്ന ടെലഗ്രാഫ്കെട്ടിടത്തിലേയ്ക്കു് അയച്ചുകൊടുക്കുന്നു. നീക്കം

ചെയ്യേണ്ട ഭാഗങ്ങൾ വെട്ടിക്കുറച്ചിട്ട്, സെൻസർമാർ ഒരു പ്രതി അവരുടെ കൈവശം സൂക്ഷിക്കുകയും, ഒരു പ്രതി ടെലഗ്രാഫ് ചെയ്യുന്നതിനയയ്ക്കുകയും, മൂന്നാമത്തെ പ്രതി ലേഖകന് തിരിച്ചയച്ചുകൊടുക്കയും ചെയ്യുന്നു. ചിലപ്പോൾ മൂന്നാമത്തെ പ്രതി കാണാതാകുക പതിവുണ്ട്. സെൻസർ, ലേഖനത്തിൽ വരുത്തിക്കൂട്ടുന്ന മാററങ്ങൾകൊണ്ട്, ലേഖനം നിഷ്പ്രയോജനമാവുകയും, അർത്ഥംതന്നെ മാറുകയും ചെയ്യാറുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ, തങ്ങൾക്കുകൂടി സെൻസർവരുത്തിയിട്ടുള്ള മാററങ്ങൾ കണ്ടിട്ടുവേണം, അവയെ ടെലഗ്രാഫ്ചെയ്യാൻ എന്നു ലേഖകന്മാർ അപേക്ഷിച്ചാലും, സെൻസർ അക്കാര്യം മറന്നുപോകും.

ഒരിക്കൽ റഷ്യൻപത്രമായ 'പ്രെസ്ദാ' അമേരിക്കയെക്കുറിച്ച് പ്രസിദ്ധംചെയ്ത ദോഷാരോപണങ്ങളെക്കുറിച്ച്, ഞാൻ എൻ. ബി. സി-ക്ക് റിപ്പോർട്ടുചെയ്തു. അതിൽ സെൻസർ വരുത്തിയ മാററംകൊണ്ട്, ഞാൻതന്നെ അമേരിക്കയെ ദൂഷിക്കുന്നുവോ, എന്നാണ് എൻ. ബി. സി-ക്കാർക്കു തോന്നിയത്.

സെൻസർമാർക്ക് ഇംഗ്ലീഷുപരിജ്ഞാനവും വളരെ കുറവാണ്. പലപ്പോഴും വാക്കുകളുടെ അർത്ഥം അവർ തെററി മനസ്സിലാക്കിയിരുന്നു. സാഹിത്യത്തിനും കലയ്ക്കുംവേണ്ടി, ഫെബ്രുവ-ൽ കൊടുത്ത സ്റ്റാലിൻപ്രൈസിനെക്കുറിച്ച് ഞാൻ റിപ്പോർട്ടുചെയ്ത അവസരത്തിൽ, ആ സമ്മാനങ്ങൾ 'ആഗ്രഹിക്കപ്പെടത്തക്കതാണ്" എന്ന അർത്ഥത്തിൽ, 'കവററഡ്" എന്ന ഇംഗ്ലീഷുവാക്ക് ഉപയോഗിച്ചിരുന്നു. സെൻസറുടെ കൈയിൽ ഉള്ള ഇംഗ്ലീഷ്-റഷ്യൻ ഡിക്ഷണറിയിൽ 'കവററഡ്" എന്ന വാക്കിനു 'കവററസ്" എന്നാണർത്ഥം കണ്ടത്. അതിൻെറ അർത്ഥം 'അത്യാഗ്രഹമുള്ള' എന്നാണ്. അതുകൊണ്ട്, എൻെറ 'കവററഡ്" എന്ന വാക്കിനെ സെൻസർ വെട്ടിക്കുറച്ചാണ് ലേഖനം ടെലഗ്രാഫ് ചെയ്തത്.

ചില ലേഖകന്മാർ, ദ്വയാത്ഥമുള്ളതും റഷ്യാക്കാക്ക് മനസ്സി ലാകാത്തതുമായ വാക്കുകൾ ഉപയോഗിച്ച് റിപ്പോർട്ടുകൾ എഴുതിയിരുന്നു. സെൻസറന്മാക്ക് അതു വലിയ ഭയമായിരുന്നു. അങ്ങനെയുള്ള ഒരു ലേഖനം ഡ്റൂ മിഡിൽട്ടൺ എന്നയാളിൻെറ ടൈപ്പ്റൈട്ടറിൽ ടൈപ്പുചെയ്തയച്ചതു്, ന്യൂയാക്കടൈംസിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അതുകൊണ്ടാണു്, റഷ്യാക്കാർ, അയാൾക്കു തിരിച്ചുപോകുന്നതിനുള്ള വീസാ കൊടുക്കാഞ്ഞതു്. അതുനിമിത്തം ഒന്നുരണ്ടു സെൻസറന്മാക്ക് ഉദ്യോഗം ഇല്ലാതാവുകയും ചെയ്തിരിക്കണം.

റേഡിയോലേഖകന്മാരുടെ പ്രക്ഷേപണങ്ങൾ ആദ്യം സെൻസറും, പിന്നീടു റേഡിയോകമ്മിററികളും സെൻസർ ചെയ്തിരുന്നു. സെൻസർ വെട്ടിക്കുറച്ചതനുസരിച്ചു ലേഖനങ്ങൾ പ്രക്ഷേപണംചെയ്യുന്നതിനു മാത്രമേ, റേഡിയോലേഖകന്മാക്കു സാധിച്ചിരുന്നുള്ളു. അതുസംബന്ധിച്ചു സെൻസറന്മാക്ക് വളരെ വിഷമതകൾ ഉണ്ടായിരുന്നതുകൊണ്ടു്, ൧൯൪൬-ലെ ശരല്ക്കാലത്തിൻെറ അവസാനത്തിൽ, റേഡിയോവഴി ലേഖനങ്ങൾ പ്രക്ഷേപണംചെയ്യുന്ന ഏപ്പാടു നിറുത്തപ്പെട്ടു. സി. ബി. എസ്സുകാർ, അവരുടെ ആഫീസ് അടച്ചുപൂട്ടി. എന്നാൽ, കേബിൾവഴി വാത്തകൾ റിപ്പോർട്ടുചെയ്താൽമതി എന്നുപറഞ്ഞു്, എൻ. ബി. സി-ക്കാർ എന്നെ മാസ്ക്കോവിൽ തുടരുന്നതിനനുവദിച്ചു.

റഷ്യയെസ്സംബന്ധിച്ച് ഒരു ചെറിയ നിരൂപണമെങ്കിലും കണ്ടാൽ, അതിനെ വെട്ടിക്കുറയ്ക്കണമെന്ന് സെൻസർമാർ നിർബന്ധിച്ചിരുന്നതുകൊണ്ടു്, റഷ്യയ്ക്കു ഗുണകരമായ ലേഖനങ്ങൾ പോലും ലേഖകന്മാർ പിൻവലിച്ചിട്ടുണ്ടു്.

൧൯൪൭ ഡിസംബറിൽ നടന്ന നാണയപരിഷ്കാരത്തെക്കുറിച്ചു ഞാൻ എഴുതിയ ഒരു ലേഖനത്തിൽ, പ്രസ്തുത പരിഷ്കാരം

കൊണ്ടു റഷ്യാക്കാക്ക് പൊതുവേ ജീവിതത്തോതു് നന്നാകുമെന്നും, എന്നാൽ ഒരു പുതിയ റൂബലിനു് പത്തു പഴയ റൂബൽ കൊടുക്കേണ്ടിയിരുന്നതുകൊണ്ടു്, റഷ്യാക്കാർ മിച്ചം വച്ചിട്ടുള്ള പണം മുഴുവൻ, ഉടനെ ചിലവഴിയുമെന്നും, ഞാൻ അഭിപ്രായപ്പെട്ടു. എന്റെ രണ്ടാമത്തെ അഭിപ്രായം സെൻസർ വെട്ടിക്കുറച്ചതുകൊണ്ടു്, ഞാൻ എന്റെ ലേഖനംതന്നെ പിൻവലിച്ചു. നാണയപരിഷ്കരണം സംബന്ധിച്ച മുഴുവൻ വിവരങ്ങളും മാക്ഗ്രാഹിൽ കമ്പനിക്കാക്ക് ഏജൻസിവഴിയും, 'വായിസ് ആഫ് അമേരിക്ക' എന്ന പ്രക്ഷേപണപരിപാടി വഴിയും ലഭിച്ചു.

റഷ്യയിലുള്ള വിദേശികളെല്ലാം വിദ്വേഷമുള്ളവരും റഷ്യയെ തകക്കുന്നതിനു് വഴിനോക്കിക്കൊണ്ടിരിക്കുന്നവരും ആണെന്നും, ഐക്യനാടുകളാണ് അവരെ നയിക്കുന്നതെന്നുമാണ്, റഷ്യാക്കാർ വിശ്വസിച്ചിരുന്നതു്. അതുകൊണ്ടു്, റഷ്യാക്കാരുമായി സഖ്യത്തിനോ, പരിചയത്തിനോ വിദേശികൾക്കു വഴിയൊന്നുമില്ലായിരുന്നു.

൧൯൪൭ ജൂൺ നാലാംതീയതി, റഷ്യയിൽ, "സ്റ്റേററ്സ് സീക്രററ്സ് ഡിക്രി" എന്നൊരു ചട്ടം നടപ്പിലാക്കി. വ്യവസായം, കൃഷി, സാമ്പത്തികസ്ഥിതി, വാണിജ്യം, ഗതാഗതം മുതലായവയെ സംബന്ധിച്ചു്, പുറത്താക്കാൻ പാടില്ലാത്ത രഹസ്യങ്ങൾ വെളിപ്പെടുത്തുന്നവരെ, പത്തുമുതൽ ഇരുപതുവരെ വർഷങ്ങൾക്കു്, അടിമകളുടെ ക്യാമ്പുകളിൽ അയച്ചു് ശിക്ഷിക്കുന്നതാണെന്നായിരുന്നു, ആ ചട്ടത്തിന്റെ സാരം. അടിമകളുടെ ക്യാമ്പിനെ 'കറക്ടീവ്ക്യാമ്പ്'' (സന്മാർഗ്ഗത്തിലേക്കു കൊണ്ടുവരുന്നതിനുള്ള ക്യാമ്പ്) എന്നാണു വിളിച്ചിരുന്നതു്.

൧൯൪൮ ജനുവരിയിൽ, റഷ്യയിൽ വേറൊരു ചട്ടം നടപ്പിൽവന്നു. വിദേശകാര്യാലയംവഴിയല്ലാതെ, റഷ്യൻപൌരന്മാ

രാരും, വിദേശികളുമായി യാതൊരു ഇടപാടും നടത്താൻ പാടില്ലെന്നാണ്, ആ ചട്ടം നിർദ്ദേശിച്ചതു്. അമേരിക്കൻ എംബെസ്സിയ്ക്കുവേണ്ടിയും, വിദേശീയലേഖകന്മാക്കുവേണ്ടിയും, ജോലിനോക്കിയിരുന്ന പല റഷ്യാക്കാരേയും, അവരുടെ ഗവണ്മെൻറ് ഓരോ കുററങ്ങൾ ആരോപിച്ച കോടതിയിൽ വിസ്തരിക്കയും, കുറഞ്ഞതു് ഏഴെട്ടുപേരെയെങ്കിലും അറസ്റ്റ്ചെയ്ത, മറവുചെയ്ത ഇങ്ങനെ ശിക്ഷിക്കയും ചെയ്തിട്ടുണ്ടു്.

ഈ കാരണങ്ങൾകൊണ്ടു, വിദേശികളെല്ലാം ഒരു പ്രത്യേക കാളനിയിലാണു താമസിച്ചിരുന്നതു്.

റഷ്യാക്കാരുടെ ദുഷിച്ച വ്യവസ്ഥയ്ക്കു് ഉദാഹരണമായി, അവിടെയുള്ള ചില കുട്ടികളുടെ വിദേശികളായ പിതാക്കന്മാർ, കുട്ടികളുടെ മാതാക്കളിൽനിന്നും വേർപെടുത്തപ്പെട്ടിട്ടുണ്ടു്. ആ കുട്ടികളുടെ പേരുകൾ മററു റഷ്യൻകുട്ടികളുടേതുപോലെയിരിക്കുകയില്ല. അവൻെറ പേരു്, 'ആംഗ്ലോ-സാക്സൺ'പേരായിരിക്കും. അവൻ അമ്മയുടെയടുക്കൽ ചോദിക്കും; "അമ്മേ! എല്ലാവക്കും കാണത്തക്ക പിതാക്കന്മാരാണല്ലോ ഉള്ളതു്. എൻെറ അച്ഛൻ മാത്രം കാണുവാൻ സാധിക്കാത്ത ഒരു വിദേശിയായിരിക്കുന്നതെന്താണ്?" ആ കുട്ടികൾക്കുവേണ്ടി ശബ്ദമുയർത്തുന്നതു്, ലേഖകന്മാർ മാത്രമാണ്. എന്നാൽ റഷ്യാക്കാർ അവരെ വെറുക്കുന്നു.

എനിക്കു്, റഷ്യയിലുള്ള നാടൻഗാനങ്ങളിലും, കഥകളിലും, താല്പര്യമുണ്ടു്. എന്നാൽ ജനുവരിയിലെ ചട്ടമനുസരിച്ച്, പ്രസ്സ് ഡിപ്പാർട്ടുമെൻറിൻെറ അനുവാദം കൂടാതെ, എനിക്കു യാതൊരു പബ്ളിക്ലൈബ്രറികളിലും ചെന്നിരുന്നു വായിക്കുവാൻ കഴിഞ്ഞിരുന്നില്ല. അനുവാദത്തിനുവേണ്ടി, ഞാൻ വളരെ ശ്രമിച്ചിട്ടും ഇതുവരെയും എനിക്കതു കിട്ടിയിട്ടില്ല.

൧൯൪൧-ൽ മാസ്കോ സന്ദർശിച്ച 'ഹാരോൾഡ് സ്റ്റാസ്സെൻ' എന്ന ആളിനോട്, സെൻസർഷിപ്പു നിറുത്തുവാനൊന്നും ഒരിക്കലും സാദ്ധ്യമല്ലെന്നാണ്, സ്റ്റാലിൻതന്നെ പ്രസ്താവിച്ചിട്ടുള്ളതു്.

ഒരിക്കൽ റഷ്യയ്ക്കുവേണ്ടി പ്രവർത്തിച്ചിരുന്ന വാൾട്ടർ ഡുറാൻറീ, ഹാരോൾഡു ഡെന്നി, ലൂയിഫിഷർ മുതലായ ഗ്രന്ഥകാരന്മാർക്ക്, ഇപ്പോൾ റഷ്യയ്ക്കുവേണ്ടി ഒന്നും എഴുതുവാൻ സാധിക്കയില്ല. യൂജിൻ ലിയൺസ്, ലൂയിഫിഷർ, ബ്രൂക്സ് ആററ്കിൻസൺ, അലക്സാൻഡർ കെൻഡ്റിക് മുതലായവർ, റഷ്യയുടെ നികൃഷ്ടമായ വ്യവസ്ഥകളെക്കുറിച്ച്, പല പുസ്തകങ്ങളും ലേഖനങ്ങളും പുറത്താക്കുന്നു. റഷ്യയിൽനിന്നും തിരിച്ചുവരുന്ന പല ലേഖകന്മാരും, അപ്രകാരംതന്നെ പ്രവർത്തിക്കുന്നു.

കൊസങ്കിനാ-സമാറിൻസംഭവവും, സോവിയററുകാൺസൽ ജനറൽ യാക്കോവ് ലൊമാക്കിൻ എന്നയാളിനെ നാടുകടത്തേണ്ടിവന്ന പരിതഃസ്ഥിതികളും, റഷ്യാക്കാരുടെ വിദേശികളോടുള്ള വിദ്വേഷത്തെ വളരെ വർദ്ധിപ്പിക്കയാണു ചെയ്തിട്ടുള്ളതു്.

ഞാൻ മാസ്കോവിട്ടു പോകുന്നതിനുമുമ്പ്, ഒരു പ്രസ്സ്കാൺഫറൻസിനായി, എൻെറ സഹപ്രവർത്തകരെല്ലാം എൻെറ ആഫീസിൽ ഒന്നിച്ചുകൂടി. 'അടുത്തതു ഞാനായിരിക്കുമോ' എന്നൊരു ചോദ്യമാണ്, അപ്പോൾ ഞാൻ അവരോരോരുത്തരുടേയും മുഖഭാവത്തിൽ, കണ്ടതു്.

# അദ്ധ്യായം ൭

പ്രവദ, സൊവസ്ദാ, ലിററററി ഗസററ് മുതലായ റഷ്യൻ പത്രങ്ങളിൽ, ഒരുദിവസംപോലും അമേരിക്കയെക്കുറിച്ചു ദുഷ്പ്രവാദം കാണാതിരിക്കുകയില്ല. പ്രസ്സ്, റേഡിയോ, സാഹിത്യം, നാടകം, സിനിമ, പ്രദശ്നങ്ങൾ, സക്കസ്സ് മുതലായവ ഉപയോഗിച്ചും, അവർ അമേരിക്കയോടു വിദ്വേഷം പരത്തും.

നമ്മുടെ ഭരണാധികാരികൾ 'വാൾസ്ട്രീററ്'കാരുടെ സേവകന്മാരാണ്; നമ്മുടെ തൊഴിലാളികൾ ഇപ്പോഴും ദുരിതമനുഭവിക്കുന്നു; നീഗ്രോന്യൂനപക്ഷക്കാർക്കും ഇതുവരെയും മോചനം ലഭിച്ചിട്ടില്ല; നമ്മുടെ സാഹിത്യം ദുഷിച്ചു ക്ഷയിച്ചുകൊണ്ടിരിക്കുന്നു; ദുർവൃത്തിയും, കള്ളവും പഠിക്കുന്നതിനുള്ള ഒരു സ്ഥലമാണ് ഹാളിവുഡ്; നമ്മുടെ ഇപ്പോഴത്തെ ആദർശങ്ങൾ സംസ്കാരം മുഴുവൻ നശിപ്പിക്കത്തക്ക ഒന്നാണ്; വളരെക്കാലമായി എല്ലാവരും പുകഴ്ത്തിക്കൊണ്ടിരുന്ന നമ്മുടെ കലാപരങ്ങളായ നേട്ടങ്ങൾ ഇതാ തകരുവാൻ പോകുന്നു; റഷ്യാക്കാരുടെയടുക്കൽനിന്നും, അമേരിക്കാക്കാർ മോഷ്ടിച്ചുകൊണ്ടുവന്ന കണ്ടുപിടിത്തങ്ങൾക്കും മററും, കയ്യും കണക്കുമില്ല; നാം ഏററവും നിന്ദ്യന്മാർതന്നെ; അമേരിക്കാക്കാരുടെ ഭവനനിർമ്മാണകലയും ഒട്ടും പുരോഗമിച്ചിട്ടില്ല; 'എംപയർ സ്റേററുബിൽഡിങ്ങ്സ്' എന്ന കെട്ടിടം, ഇതാ കാററിൽ പറക്കുകയാണ്; റഷ്യാക്കാർക്ക്, ഇതുവരേയും ഒരു 'സ്കൈസ്ക്രേപ്പർ' (അനേകം നിലകളുള്ള വളരെ പൊക്കമുള്ള കെട്ടിടം) പോലും നിമ്മിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും, റഷ്യൻ ഭവനനിമ്മാണവിദഗ്ദ്ധന്മാർ, ഏററവും പൊക്കമുള്ളതും, മനോഹരവും, സമ്പൂർണ്ണവുമായ അനേകം സ്കൈസ്ക്രേപ്പറുകൾ നിമ്മിക്കുവാൻപോകുകയാണ്; ആ കെട്ടിടങ്ങൾ, സന്മാർഗ്ഗം നശിച്ചു

മുതലാളിത്തരാജ്യങ്ങളിലുള്ള കെട്ടിടങ്ങളെപ്പോലെ, കാററിൽ ആടിക്കൊണ്ടിരിക്കുകയില്ല; ഇതൊക്കെയാണു നമ്മെക്കുറിച്ച് റഷ്യാക്കാർക്കു പറയാനുള്ളതു്.

അണുശക്തിയാകുന്ന പല്ലുകൾ പുറത്തു കാണത്തക്കവണ്ണം, ഗിനിപിഗ്ഗ (ചെറിയ ഒരുതരം പന്നി)കളാകുന്ന ചെറുരാജ്യങ്ങളെ ഭക്ഷിച്ചുകൊണ്ടു്, യുദ്ധാനന്തരലോകത്തിൽ കഴിഞ്ഞുകൂടുന്ന ഒരു വലിയ ചെന്നായായിട്ടാണു്, അമേരിക്കൻ ഐക്യനാടുകളെ ക്രെംലിൻ ചിത്രീകരിക്കുന്നതു്. സമാധാനകാംക്ഷികളായ റഷ്യാക്കാർക്കെതിരായി, ജമ്മനിയെയും ജപ്പാനെയും തയാറാക്കി ഇളക്കിവിടുന്നതിനായിരുന്നു, അമേരിക്ക ശ്രമിച്ചിരുന്നതു് എന്നും അവർ പ്രസ്താവിച്ചിരുന്നു.

വിദേശനയം സംബന്ധിച്ചു് അമേരിയ്ക്കയ്ക്കു പിണഞ്ഞിട്ടുള്ള ചില അബദ്ധങ്ങൾ, റഷ്യയുടെ കുപ്രചരണത്തിനു വളരെ സഹായകമായിട്ടുണ്ടു്. അതുകൊണ്ടു്, സ്വാതന്ത്ര്യകാംക്ഷികളായ പ്രജായത്തരാജ്യങ്ങൾപോലും, അമേരിക്കയെ സംശയിക്കുന്നതിനിടവന്നിട്ടുണ്ടു്. ഉദാഹരണമായി, പാലസ്തീനിൻെറ കാര്യത്തിൽ നമുക്കു കുറെ താമസം പിണഞ്ഞുപോയി. മററുചില രാജ്യങ്ങളിൽ, അമേരിക്കൻസ്വാതന്ത്ര്യപ്രഖ്യാപനമെന്നപോലെ ഒരു വിപ്ലവം അനിവാര്യമായിത്തീൎന്നിട്ടുണ്ടെന്നു മനസ്സിലാക്കാതെയാണു്, നാം നമ്മുടെ നയം തുടൎന്നുകൊണ്ടുപോയതു്. എന്നാൽ, ചൈന, ഇൻഡൊനേഷ്യ, ഗ്രീസ്, റഷ്യാക്കാർതന്നെ സ്വാധീനപ്പെടുത്തിയിട്ടുള്ള ബാൾക്കൻരാജ്യങ്ങൾ മുതലായ ഏതൊരു രാജ്യത്തിൻെറ കഥ എടുത്തുനോക്കിയാലും ശരി, അവരുടെയെല്ലാം സ്വാതന്ത്ര്യസമരങ്ങൾക്കു മാൎഗ്ഗദൎശനം നൽകിയിട്ടുള്ളതു്, അമേരിക്കയാണു്. മൈത്രീരാഷ്ട്രങ്ങൾക്കു്, സ്വന്തം ഭരണകൂടം രൂപീകരിച്ചു സ്വതന്ത്രമായി ജീവിക്കുന്നതിനുവേണ്ട സഹായംചെയ്യുക

എന്നുള്ള പ്രസിഡൻറു വിൽസൻെറ വാക്കുകൾതന്നെയാണ് അമേരിക്കയുടെ ആദർശം.

നമ്മുടെ അബദ്ധംകൊണ്ടുമാത്രം ചില രാജ്യങ്ങളിൽ യാദൃച്ഛികമായി ഉണ്ടാകുന്ന പഴുതുകളെ, സ്വർഗ്ഗത്തിൽനിന്നും അയച്ചുകൊടുത്ത അവസരവും സൌകര്യവുമാണെന്നു തോന്നുമാറ്, ഉടനെ വിനിയോഗിച്ച് റഷ്യാക്കാർ രാഷ്ട്രീയവിപ്ലവങ്ങൾ വരുത്തിക്കൂട്ടുന്നു. പ്രസ്തുത സ്വാതന്ത്ര്യസമരങ്ങൾക്കു പ്രചോദനം നൽകിയിട്ടുള്ളതു് അമേരിക്കയാണെന്നിരിക്കേ, പേരും പെരുമയും റഷ്യയ്ക്കാണു കിട്ടുന്നതു്.

എല്ലാ റോഡുകളും ചെന്നുചേരുന്നതു് കമ്മ്യൂണിസത്തിലേയ്ക്കുതന്നെ, എന്നു മെളോട്ടോവ് ഒരിക്കൽ പറഞ്ഞിട്ടുണ്ട്. തനിക്കു സ്വന്തമായ ലോകത്തിൻെറ ആറിലൊരുഭാഗത്തിൽ, സ്റ്റാലിൻ സ്വേച്ഛയായി നടപ്പിൽവരുത്തിയിട്ടുള്ള സോവിയററുഭരണസമ്പ്രദായംതന്നെയാണ്, ഏതൊരു രാജ്യത്തിലുമുള്ള കമ്മ്യൂണിസവും. എന്നാൽ, അമേരിക്കയുടെ ബലവും ഉറപ്പും ഉള്ളിടത്തോളം കാലം, റഷ്യാക്കാർക്കു ലോകാധിനിവേശം സാധ്യമല്ല എന്ന്, അവൎക്കുതന്നെ അറിയാം. അമേരിക്കയുടെ ഉയൎന്ന ജീവിതത്തോതു്, കടംവായ്പപ്രസ്ഥാനം, സാമ്പത്തികപുനരുദ്ധാരണപദ്ധതി, ഇവകൊണ്ടു് അമേരിക്ക പല രാജ്യങ്ങളുടേയും സ്നേഹവും വിശ്വാസവും സമാർജിച്ചിട്ടുണ്ട്.

അമേരിക്കയിലെ ജീവിതരാമണീയകം റഷ്യാക്കാർ അറികപോലും ചെയ്യരുതു്; അമേരിക്ക അന്യരാജ്യങ്ങളെ സ്വാധീനപ്പെടുത്തുന്നതിനു ശ്രമിക്കുന്നതായി റഷ്യാക്കാർ വിശ്വസിക്കണം; അമേരിക്കൻസംസ്കാരംതന്നെ നികൃഷ്ടവും നിന്ദ്യവുമായിട്ടുവേണം അവർ കരുതുവാൻ, എന്നെല്ലാമുള്ള ഉദ്ദേശത്തോടുകൂടി കമ്മ്യൂണിസ്റ്റുകാർ ഉററു പ്രവൎത്തിക്കുന്നെങ്കിലും, 'വായിസ് ആഫ് അമേ

രിക്ക' എന്ന അമേരിക്കൻപ്രക്ഷേപണം കേൾക്കുന്നതിന്, റഷ്യാക്കാർ അതീവ താല്പര്യം പ്രദർശിപ്പിക്കുന്നു.

റഷ്യാക്കാർ അമേരിക്കയുടെ സൽപ്പേരിനെ എത്രതന്നെ ക്ഷതപ്പെടുത്തുന്നതിനു ശ്രമിച്ചാലും, അമേരിക്കൎക്കു റഷ്യയോടു ബഹുമാനവും സ്നേഹവുമാണുള്ളത്. ദൈനംദിനജീവിതത്തിൽ പോലും, അവർ ജനായത്തതത്വം അനുസരിക്കുന്നു എന്ന്, റഷ്യാക്കാരിൽതന്നെ പലരും ധരിച്ചിട്ടുണ്ട്. യുദ്ധകാലത്തു യുക്രെയിൻ വിമാനത്താവളങ്ങളിൽ ജോലിക്കുപോയിരുന്ന അമേരിക്കൻയുവാക്കന്മാർ, റഷ്യാക്കാരോടുകൂടിയുള്ള തങ്ങളുടെ ജീവിതം, ആനന്ദപ്രദമായിരുന്നെന്നാണു പ്രസ്താവിച്ചത്. അമേരിക്കാക്കാരെ, റഷ്യാക്കാരുടെ ബന്ധുക്കളായിട്ടല്ലാതെ തനിക്കു ചിന്തിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന്, ഇല്യാസെൻവിൻസ്കി എന്ന റഷ്യൻകവിയും പറഞ്ഞിട്ടുണ്ട്.

എന്നാൽ ഇങ്ങനെയുള്ള മനോഭാവം, ഇന്നു റഷ്യയിൽ കുറവാണ്. എന്തെന്നാൽ, ദുഷിച്ചുനശിച്ചുകൊണ്ടിരുന്ന വിദേശീയതയോടും, പ്രത്യേകിച്ചു പടിഞ്ഞാറൻരാജ്യങ്ങളോടും, അനുഭാവം ഉണ്ടായിരിക്കുന്നതുതന്നെ അധഃപതനത്തിനു കാരണമാണ്, എന്നായിരുന്നു അവരുടെ തത്വവിശ്വാസം. ആ 'സുഖക്കേട്' ഉണ്ടായിരുന്ന പല ഗ്രന്ഥകാരന്മാർക്കും ശാസ്ത്രജ്ഞന്മാൎക്കും മററും, 'കടുത്ത മരുന്നുകൾ'കൊടുത്തു്, അവരെത്തന്നെയും ക്രെംലിൻ ഇല്ലാതാക്കി. പ്രസ്തുത തത്വപ്രചരണത്തിനായി, 'ക്രോക്കൊഡായിൽ' എന്ന വിനോദമാസികയുടെ ജോലിക്കാരെത്തന്നെയും, ക്രെംലിൻ പുനഃസംഘടിപ്പിച്ചു.

വിദേശഭാഷകളിൽനിന്നും റഷ്യൻഭാഷയിൽ കടന്നുകൂടിയിട്ടുള്ള സാധനങ്ങളുടെ പേരുകൾ, ഹോട്ടലുകളുടെ പേരുകൾ, ഇവ മാററി, ശുദ്ധ റഷ്യൻപേരുകൾ അവയ്ക്കു കൊടുക്കണം,

ഫഎന്നും ചില റഷ്യൻപൌരന്മാർ ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ ഒരാളായിരുന്നു, സൈപസ്ദായിൽ ഒരു ലേഖനം എഴുതിയ, പി. ബെഡ്റോസോവ്.

ഇംഗ്ലണ്ടിലും അമേരിക്കയിലും മററും കണ്ടുപിടിച്ച പല യന്ത്രസാമഗ്രികളും, റഷ്യയിലാണ് ആദ്യം കണ്ടുപിടിച്ചത് എന്നും റഷ്യാക്കാർ അവകാശപ്പെടുന്നു. പ്രസ്തുത കണ്ടുപിടിത്തങ്ങളുടെ ഒരു നൂതനചരിത്രം തയാറാക്കിക്കൊണ്ടിരിക്കുന്ന ഒരുകൂട്ടം റഷ്യൻവിദ്വാന്മാർ, താഴെകാണിക്കുന്നവയെയാണ് ഇതുവരെയായിട്ട് അവരുടെ കണ്ടുപിടിത്തങ്ങളായിട്ട് അവകാശപ്പെട്ടിട്ടുള്ളത്.

| | |
|---|---|
| റേഡിയോ | ആയിൽട്ടാങ്കർ |
| സിന്തററിക് റബ്ബർ | ടർബോഡ്റിൽ |
| സ്റ്റീം എൻജിൻ | റിഫ്ളക്റ്ററിങ്ങ്ടെലസ്കോപ്പ് |
| ലോക്കമോട്ടീവ് | സബ്മറൈൻ |
| എയർപ്ലെയിൻ | പെൻസിലിൻ |
| ഇലക്ട്രിക്ലൈററ് | കോൾകട്ടിങ്ങ്കമ്പയിൻ |
| ട്രാൻസ്ഫാർമർ | ക്യാററർപില്ലർട്രാക്ടർ |
| ഇലക്ട്രിക്ആർക്-വെൽഡിങ്ങ് | ഹാർവെസ്റ്റർ കമ്പയിൻ |
| സ്പിന്നിങ്ങ്ജെന്നി | ഹൈഡ്റാളിക്മാണിററർ |
| ആനിലൈൻഡൈസ് | ആഡിങ്ങ്മെഷീൻ |
| കപോലാഫർണേസ് | വെദർഫോർ കാസ്റ്റ്മെത്തേഡ് |

അമേരിക്ക ഗോതമ്പു കൃഷിചെയ്യുവാൻ മനസ്സിലാക്കിയതു റഷ്യയുടെ അടുക്കൽനിന്നാണെന്നും, അതാണ് അമേരിക്കയെ രക്ഷിച്ചതെന്നും റഷ്യ പറയുന്നു. അതുപോലെ അൽഫാൽഫാ (പയറുവർഗ്ഗത്തിൽപെട്ട ഒന്ന്) ആപ്പിൾ, ഇവ, അമേരിക്കയ്ക്കു

KOTTAYAM PUBLIC LIBRARY
KOTTAYAM

ആദ്യമായി കിട്ടിയതു റഷ്യയിൽനിന്നാണെന്നും, ബെറിങ്ങ്കടൽ വഴി റഷ്യാക്കാരാണ് ആദ്യമായി അമേരിക്ക കണ്ടുപിടിച്ചതു് എന്നും, അവർ പ്രസ്താവിക്കുന്നു.

ഇങ്ങനെ സാധിക്കുന്ന എല്ലാ ഉപായങ്ങളും പ്രയോഗിച്ച്, 'സോവിയററുമനുഷ്യൻെറ' വൈശിഷ്ട്യവും സംസ്കാരവും പുലത്തി, കഥകൾ, നാടകങ്ങൾ, സിനിമകൾ ഇവവഴിയായി, അവൻെറ ധൈര്യം, സത്യം മുതലായ ഗുണഗണങ്ങളെ പ്രകീത്തിക്കുക എന്നുള്ളതാണു ക്രെംലിൻെറ ഇപ്പോഴുള്ള ഒരു പ്രവൃത്തി.

അന്യരാജ്യങ്ങൾക്ക്, റഷ്യയുമായുള്ള സാംസ്കാരികബന്ധം, കേവലം അസാദ്ധ്യമായിട്ടാണ് തീന്നിരിക്കുന്നതു്. കൊളമ്പിയാ യൂണിവേഴ്സിററിയിൽ, 'റഷ്യൻ ഇൻസ്റ്റിററ്യൂട്ടി'ൻെറയും 'സ്ലാവിക്ഡിപ്പാർട്ടുമെൻറി'ൻെറയും അദ്ധ്യക്ഷനും, റഷ്യൻചരിത്രവും സാഹിത്യവും സംബന്ധിച്ച് അപാരപാണ്ഡിത്യം സിദ്ധിച്ചവനും ആയ, പ്രൊഫസ്സർ എർണസ്റ്റ് ജെ. സൈമൺസ് "അമേരിക്കൻ കൌൺസിൽ ആഫ് ലേർണഡ് സൊസൈററീസ്" (പണ്ഡിതന്മാരുടെ കൗൺസിൽ) എന്ന സ്ഥാപനത്തിനുവേണ്ടി, റാക്ക്ഫെല്ലർ ഫൌണ്ടേഷൻെറ ധനസഹായത്തോടുകൂടി, റഷ്യയിലേക്കു് ഒരു യാത്രചെയ്തു. അദ്ദേഹം വല സാംസ്കാരികപദ്ധതികളോടുകൂടിയാണ്, യാത്രചെയ്തതു്. എന്നാൽ, റഷ്യാക്കാർ അദ്ദേഹത്തെ, ഏററവും നിന്ദ്യമായ രീതിയിലാണ് സ്വീകരിച്ചതു്. വി. ഓ. കെ. എസ്. (അന്യരാജ്യങ്ങളുമായുള്ള സാംസ്കാരികബന്ധം സംബന്ധിച്ച സൊസൈററി), മാസ്കോയൂണിവേഴ്സിററി, ലെനിൻലൈബ്രറി, ഇവിടെയൊന്നും അദ്ദേഹത്തിനു് ശരിയായി പ്രവേശനംപോലും ലഭിച്ചില്ല. അദ്ദേഹം നിരാശയോടെ തിരിച്ചുവന്നു. ഉടനെ, സോവിയററുപ്രസ്സ്, കൊളമ്പിയാ സർവകലാശാലയിലെ റഷ്യൻ ഇൻസ്റ്റിററ്യൂട്ടു ചാരന്മാരുടെ സ്കൂളാ

ണെന്നും, അതിൻെറ മേലാവായ ഗെറായിഡ് റാബിൻസൺ ചാരന്മാരുടെ ഏജൻറാണെന്നും, സൈമൺസ് എഴുതിയ ലിയോ ടാൾസ്റ്റായിയുടെ ജീവചരിത്രം വകയ്ക്കുകൊള്ളാത്തതാണെന്നും, പ്രസ്താവനകൾ പ്രസിദ്ധപ്പെടുത്തി.

എന്നാൽ, 'പുതിയ ജനാധിപത്യം' സമ്പാദിച്ച ചില രാജ്യങ്ങളുമായി, റഷ്യ, ബന്ധം ഉറപ്പിക്കുന്നുണ്ട്. അതിൻെറ ഉദ്ദേശം, റഷ്യൻ ആദർശങ്ങളും, ജീവിതരീതികളും ആ രാജ്യങ്ങളിൽ ക്രമേണ പ്രചരിപ്പിക്കണമെന്നുള്ളതായിരുന്നു.

ഹിററ്ലർ റഷ്യയെ ആക്രമിച്ചപ്പോൾ, ആരംഭത്തിലുണ്ടായ പ്രത്യാഘാതങ്ങൾ, 'പോളിററ്ബ്യൂറോ'വിനെത്തന്നെയും ഒന്നു കിടുക്കി. അപ്പോൾ, മാതൃഭൂമിക്കുവേണ്ടി (മദർറഷ്യ) യുദ്ധംചെയ്യുക, എന്നു സ്റ്റാലിൻ ആവശ്യപ്പെട്ടതുകൊണ്ടാണ്, റഷ്യാക്കാർ മഹോന്നതമായ ത്യാഗം അനുഷ്ഠിച്ചതു്. അല്ലാതെ, 'കമ്മ്യൂണിസ്ററുകാർ'ക്കുവേണ്ടി യുദ്ധംചെയ്യുക എന്നല്ല, അദ്ദേഹം ആവശ്യപ്പെട്ടതു്. ഈ വസ്തുത, സ്റ്റാലിൻതന്നെ, ഹാരിഹോപ്കിൻസിനോട് സമ്മതിച്ചിട്ടുണ്ട്.

അതുപോലെതന്നെ, യുദ്ധംകൊണ്ട് റഷ്യാക്കാർ ഏററവും സങ്കടം അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ, അവർ 'ഹോളിട്രിനിററി" (സ്വർഗ്ഗീയപിതാവിൻെറയും, മകനായ ക്രിസ്തുദേവൻെറയും, ഹോളിഗോസ്റ്റിൻെറയും ഐക്യം)യോടാണ സഹായമഭ്യർത്ഥിച്ചതു്; അല്ലാതെ 'മാർക്സ്'', 'ലെനിൻ', 'സ്റ്റാലിൻ' ഇവരോടല്ലായിരുന്നു. അതുപോലെ, അവക്ക് മനസ്സിനു ശാന്തിനൽകിയതു്, ബൈബിളായിരുന്നു; അല്ലാതെ സ്റ്റാലിൻ എഴുതിയ 'ലെനിനിസമോ', കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ചരിത്രമോ, അല്ലായിരുന്നു. ക്രെംലിനിന്, അക്കാലത്തു്, ദുരഭിമാനംകളഞ്ഞു്, ചച്ചുമായി സഹകരിക്കേണ്ടിവന്നു.

യുദ്ധം കഴിഞ്ഞു്, ആളുകൾക്കു് സമാധാനവും സന്തുഷ്ടിയും നൽകാമെന്നാണു്, കമ്മ്യൂണിസ്റ്റ്പാർട്ടി പ്രതിജ്ഞചെയ്തിരുന്നതു്. എന്നാൽ യുദ്ധം ജയിച്ചുകഴിഞ്ഞിട്ടും, അപ്രകാരമൊന്നും കാണാത്തതുകൊണ്ടു്, റഷ്യാക്കാരുടെ മനസ്സിൽ വാസ്തവമായി, വലിയ അസംതൃപ്തിയാണുള്ളതു്.

യുദ്ധത്തിൽ സേവനം അനുഷ്ഠിച്ച ആയിരക്കണക്കിനുള്ള റഷ്യൻയുവാക്കന്മാർ, റഷ്യൻമേഖലവിട്ടു്, ബ്രിട്ടീഷ് മേഖലയിലേയ്ക്കും, അമേരിക്കൻമേഖലയിലേയ്ക്കും വന്നുചേന്നു. സ്വന്തസ്ഥലങ്ങൾ നഷ്ടപ്പെട്ട പല റഷ്യാക്കാരും, തങ്ങൾക്കു് റഷ്യയിലേക്കു തിരിച്ചുപോകേണ്ട, എന്നു പ്രസ്താവിച്ചു. ശേഷിച്ചു് റഷ്യയിലേയ്ക്കു തിരിച്ചുപോയവർതന്നെ, ബ്രിട്ടീഷുകാരോടും, അമേരിക്കാക്കാരോടുംകൂടിയുള്ള തങ്ങളുടെ സന്തോഷകരമായ ജീവിതം ഓത്തു നെടുവീർപ്പിട്ടുകൊണ്ടിരുന്നു.

ഒരിക്കൽ കുറെ റഷ്യൻയുവാക്കൾ, ഒരു ജമ്മൻപട്ടണത്തിൻെറ അതിർത്തിയിലുള്ള ഒരു സ്ഥലം പിടിച്ചടക്കി. അവിടെ മനോഹരമായ കെട്ടിടങ്ങളും മററും കണ്ടു്, അവിടെ ധനവാന്മാരായ മുതലാളികളാണു് താമസിക്കുന്നതെന്നു വിചാരിച്ചു. എന്നാൽ അന്വേഷിച്ചപ്പോൾ, അതു് കുറെ തൊഴിലാളികളുടെ സ്ഥലമാണെന്നാണു് അവർ അറിഞ്ഞതു്.

പിന്നീടൊരിക്കൽ, ഒരു റഷ്യൻപട്ടാളക്കാരൻ, ഒരു ജമ്മനെ തടുത്തുനിറുത്തിക്കൊണ്ടു്, തനിക്കു് ഒരു വാച്ചു തരണമെന്നു പറഞ്ഞു. തൻെറ കൈയിൽ വാച്ചൊന്നുമില്ലെന്നു് ജമ്മൻകാരൻ മറുപടി പറഞ്ഞു. അപ്പോൾ റഷ്യാക്കാരൻ തൻെറ പാക്കററിൽ നിന്നും ഒരു വാച്ചെടുത്തു പാവപ്പെട്ട ജമ്മനു കൊടുത്തിട്ടു്, 'സോവിയററുശക്തിയോടു് നന്ദിപറഞ്ഞുകൊള്ളുക' എന്നു പറഞ്ഞു.

മറെറാരു റഷ്യൻപട്ടാളക്കാരൻ, ഒരിക്കൽ, ഒരു ജർമ്മൻകാരിയായ ഒരു യുവതിയോടു്, തന്നോടുകൂടി ശയിക്കണമെന്നു നിർബ്ബന്ധിച്ചു. രക്ഷപ്പെടാൻ വഴിയൊന്നും കാണാത്ത അവൾ, താനൊരു യഹൂദയാണെന്നു പറഞ്ഞു. അപ്പോഴേയ്ക്കും, റഷ്യാക്കാരൻ, സോവിയററുഭരണഘടനയിൽ ജാതിമതഭേദമൊന്നുമില്ലെന്നും, എല്ലാവരും സമത്വമുള്ളവരാണെന്നും മററും കാണിച്ചു് ഒരു പ്രസംഗം നടത്തിയിട്ടു് ആ യുവതിയെ ബലാൽസംഗംചെയ്തു.

റഷ്യ ഒരിക്കലും നന്നാകാത്തതെന്തുകൊണ്ടെന്നുള്ള ചോദ്യത്തിനു്, റഷ്യയുടെ ഉത്തരം, അതു് സാമ്രാജ്യമേന്മോഹത്തോടുകൂടിയ അമേരിക്കയുടെ പ്രവർത്തനങ്ങൾകൊണ്ടാണെന്നാണു്.

മാക്ഗ്രാഹിൽ ആഫീസിലേക്കു ഞാൻ അയയ്ക്കുന്ന റിപ്പോർട്ടുകളിൽ പല ഭാഗങ്ങളും, റഷ്യൻസെൻസർ വെട്ടിക്കുറയ്ക്കുകയാണല്ലോ ചെയ്തിരുന്നതു്. അതേസമയത്തു്, റഷ്യാക്കാരും, വളരെ പണം ചിലവുചെയ്തു്, ഞാൻ റിപ്പോർട്ടുചെയ്തിരുന്ന വിഷയങ്ങൾതന്നെ അടങ്ങിയ പത്രികകളും മററും, ന്യൂയാർക്കിൽ പ്രചരിപ്പിക്കുന്നുണ്ടായിരുന്നു. പ്രസ്തുത വിഷയങ്ങളെക്കുറിച്ചു്, മാക്ഗ്രാഹില്ലുകാർ, മററു മാർഗ്ഗങ്ങളിൽക്കൂടിയും വർത്തമാനങ്ങൾ അറിഞ്ഞിരുന്നു. ഈ വിവരങ്ങളെല്ലാം വച്ചുകൊണ്ടു്, സിറാക്യൂസ് സർവകലാശാലയിലുള്ള ഹാരി ഷ്വാർട്ട്സിനെപ്പോലെയുള്ളവർ, റഷ്യയെക്കുറിച്ചുള്ള യാഥാർത്ഥ്യങ്ങൾ അനുമാനിച്ചു്, ലേഖനം എഴുതിക്കൊടുത്തിരുന്നു. പ്രസ്തുത യാഥാർത്ഥ്യങ്ങൾ, രഹസ്യമായി ഞാൻ അയച്ചിരുന്നതായിരിക്കുമെന്നു വിചാരിച്ചാണു്, റഷ്യാക്കാർ എന്നെ സംശയിച്ചതു്. പോരെങ്കിൽ എഴുത്തുകാർ, കലാകാരന്മാർ തുടങ്ങി പല റഷ്യൻസ്നേഹിതന്മാരും, എനിക്കുണ്ടായിരുന്നു.

എൻെറ ജനനം റഷ്യയിലായിരുന്നു. എൻെറ പതിന്നാലാംവയസ്സിൽ ജനാധിപത്യഭരണം യഥാർത്ഥത്തിൽ പ്രവർത്തി

ച്ചുകൊണ്ടിരുന്ന ഐക്യനാടുകളിൽ ചെന്നുചേരുന്നതിനുള്ള ഭാഗ്യം, എനിക്കു സിദ്ധിച്ചു. ആദ്യം ന്യൂയാക്കിൽ ചെന്നുചേൎന്ന ഞാൻ ഉപരിവിദ്യാഭ്യാസത്തിനായി വിസ്കൺസിനിലുള്ള മാഡിസൺ എന്ന സ്ഥലത്തേയ്ക്കു മാറിത്താമസിച്ചു. ൧൯൩൭-ൽ വേനല്ക്കാലത്തു്, ഞാൻ റഷ്യയിലേയ്ക്കു തിരിച്ചുപോയി. അപ്പോഴാണു് എനിക്കു് അമേരിയ്ക്കയ്ക്കും റഷ്യയ്ക്കും തമ്മിലുള്ള വ്യത്യാസം മനസ്സിലായതു്. കമ്മ്യൂണിസ്റ്റ്കക്ഷിക്കാർ, മനുഷ്യന്റെ ആത്മാഭിമാനം ലവലേശം വകവെയ്ക്കാതെ, അവരുടെ സ്വന്തം താല്പൎയ്യങ്ങൾ വച്ചുപുലത്തുന്നതിനുവേണ്ടി, അവരുടെ തത്വങ്ങൾ അടിച്ചേല്പിച്ചിരുന്നു.

മാക്സിംഗോൎക്കിയുടെ ഒരു പ്രധാനതത്വം, "മനുഷ്യനായി ജനിക്കുക എന്നുള്ളതുതന്നെ അഭിമാനകരമായ ഒന്നാണു്" എന്നതായിരുന്നു. എന്നാൽ പ്രായോഗികജീവിതത്തിൽ, കമ്മ്യൂണിസ്റ്റ്കാർ പ്രസ്തുത തത്വം അനുസരിച്ചിരുന്നില്ല.

---

ഭാഗം മൂന്ന്

# മാസ്ക്കോനഗരത്തിലെ വിചിത്രസംഭവങ്ങൾ

# അദ്ധ്യായം ൮

൧൯൩൬-ാമാണ്ടു നവംബർമാസത്തിന്റെ അവസാനത്തിൽ, ഒരുദിവസം വൈകുന്നേരം സോവിയററുതലസ്ഥാനത്തിന്റെ നടയ്ക്കു സ്ഥിതിചെയ്തിരുന്ന 'ഡയനാമോറിങ്കി'ന്റെ പുറമും ഞാൻ 'സ്കേറററു'ചെയ്തു വിനോദിക്കുകയായിരുന്നു. മനോഹരമായ, ക്രിമിയ, കാക്കസസ്സ് മുതലായ സ്ഥലങ്ങളിലേയ്ക്കു ഒരു യാത്രകഴിഞ്ഞു തിരിച്ചുവന്നിരുന്ന ഞാൻ, പ്രസ്തുത വിനോദത്തിൽ വളരെ സമർത്ഥനാണെന്നാണ്, സ്വയം വിചാരിച്ചിരുന്നതു്. എന്നാൽ എന്റെ വിനോദത്തിനിടയിൽ ഞാൻ മറിഞ്ഞുവീണു. അപ്പോൾ, അതിസുന്ദരിയായ ഒരു റഷ്യൻയുവതി, എന്നെ പിടിച്ചെഴുന്നേൽപ്പിച്ചു. പക്ഷേ ഉടൻതന്നെ അവൾ എന്റെ അടുക്കൽനിന്നു, മറഞ്ഞു. പിന്നീടൊരുദിവസവും, ഞാൻ അവളെ കണ്ടുമുട്ടിയപ്പോൾ, ഞാൻ മനഃപൂർവ്വം അവളുടെ കാൽക്കൽ മറിഞ്ഞുവീണു. അപ്പോഴും അവൾ എന്നെ പിടിച്ചെഴുന്നേൽപ്പിച്ചു. അവളുടെ പേരു് 'നീല' എന്നായിരുന്നു.

എനിക്കു നീലയോടും, അവൾക്കു് എന്നോടും അനുരാഗം ഉദിച്ചു. പക്ഷേ, അവൾ എന്നെ അവളുടെ താമസസ്ഥലത്തേക്കു ക്ഷണിക്കുകയോ, അവൾ എന്റെ താമസസ്ഥലത്തു വരികയോ ചെയ്തിരുന്നില്ല. "നിങ്ങൾക്കു് ഉപദ്രവമുണ്ടാക്കുന്നതിനു് എനിക്കു് ഇഷ്ടമില്ല", എന്നുമാത്രം, ഒരിക്കൽ അവൾ എന്നോടു പറഞ്ഞു. ഒരുദിവസം, ഞാൻ ക്ഷമകെട്ടു്, എന്നെ അവൾ വിവാഹംചെയ്യുന്നില്ലെങ്കിൽ, ഞാൻ അമേരിക്കയ്ക്കു തിരിച്ചുപോകുന്നുണ്ടെന്നു പറഞ്ഞു. അപ്പോഴാണ് അവൾ, അവളുടെ കഥ എന്നോടു പറഞ്ഞതു്. ലെനിൻഗ്രാഡിലുള്ള, യുവാവായ ഒരു ആഖ്യായികാകാരനെ നീല വിവാഹംചെയ്തിരുന്നു. ൧൯൩൨-ൽ നടന്ന

ചകിറോവി'ന്റെ കൊലപാതകം സംബന്ധിച്ച്, അനേകം ഗ്രന്ഥകർത്താക്കളെ അറസ്റ്റ്ചെയ്ത്തു വിസ്തരിച്ചകൂട്ടത്തിൽ, നീലയുടെ ഭർത്താവും, കോടതിയിൽ വിസ്തരിക്കപ്പെട്ടുകയും, നാട്ടുകടത്തപ്പെട്ടുകയും ചെയ്ത്തു. അവിടെയെവിടെയോവച്ച് അയാൾ മരിച്ചു. അയാളുടെ വിധവയെ, ഞാൻ വിവാഹംചെയ്യുന്നതു്, അപകടകരമല്ലയോ എന്നാണു നീല ഭയപ്പെട്ടതു്. അന്യരാജ്യത്തിലെ ഒരു പൌരനായ എന്നെ വിവാഹംചെയ്യുന്നതുകൊണ്ടു നീലയ്ക്കു് ആപത്തുവരാവുന്നതാണെന്നു ഞാൻ സംശയിച്ചുവെങ്കിലും, അവളുടെ ഭർത്താവെന്ന നിലയ്ക്കു്, അവളെ, എനിയ്ക്കു പരിരക്ഷിക്കുവാൻ സാധിക്കുമെന്നു ഞാൻ വിശ്വസിച്ചു. എന്തായാലും, ഉടനെതന്നെ അവൾ, എന്നെ വിവാഹംചെയ്യണമെന്നു ഞാൻ നിർബ്ബന്ധിച്ചു. എന്നാൽ അവൾ, കുറച്ചുകൂടി ക്ഷമിക്കണമെന്നു പറഞ്ഞു.

രാഷ്ട്രീയശുദ്ധീകരണം സംബന്ധിച്ച്, വിസ്താരത്തിനു വിധേയരാക്കപ്പെട്ടവരുടെ ഭാര്യമാരേയും, അവരെ ആശ്രയിച്ചുകഴിയുന്ന മററുള്ളവരേയും, മാസ്കോവിൽനിന്നു പുറത്താക്കുന്നുണ്ടെന്നു ഞാൻ കേട്ടു. ഞാൻ ഉടനെ, നീലയെ ഫോണിൽ വിളിച്ചു. നീലയും, എന്നെ തിരക്കിക്കൊണ്ടിരിക്കയായിരുന്നു. എന്തെന്നാൽ, ഒരാഴ്ച്ചയ്ക്കകം, നീല ഈആർബത്'പ്രദേശത്തുള്ള സൈനികഹെഡ് കാർട്ടേഴ്സിൽ ഹാജരായിക്കൊള്ളണമെന്നു പറഞ്ഞുകൊണ്ടുള്ള ഒരു നോട്ടീസ് നീലയ്ക്കു കിട്ടിയിരുന്നു.

പിന്നീടു ഞാൻ നീലയെ കണ്ടപ്പോൾ, ഉടനെതന്നെ "സാഗ്സ്" (വിവാഹവും, വിവാഹമോചനവും മററും രജിസ്റ്റർ ചെയ്യുന്ന ആഫീസ്) എന്ന സ്ഥലത്തുചെന്ന് എന്നോടുകൂടിയുള്ള അവളുടെ വിവാഹം രജിസ്റ്റർചെയ്യണമെന്നു്, ഞാൻ വീണ്ടും നിർബന്ധിച്ചു. ഒടുവിൽ അവൾ അതിനു സമ്മതിച്ചു. യാതൊരു

ആഡംബരവുംകൂടാതെ ഞങ്ങളുടെ വിവാഹം നടന്നു. അതിനു ശേഷം ഞാൻ അവളെ അവളുടെ ജോലിസ്ഥലത്തു കൊണ്ടാക്കി. എന്തെന്നാൽ, റഷ്യൻയുവതികളെയൊന്നും ഞാൻ കൂടെത്താമസിപ്പിക്കയില്ലെന്ന കരാറിന്മേലായിരുന്നു, എനിക്കു താമസത്തിന് ഒരു മുറി കിട്ടിയിരുന്നതു്. വിദേശികളായ യുവതികൾക്കു മുറി അവകാശപ്പെടാൻ സാധിക്കാത്തതിനാൽ അവരെ കൂടെത്താമസിപ്പിക്കുന്നതിനു വിരോധവുമില്ലായിരുന്നു. നീലയാകട്ടെ, മറെറാരു റഷ്യൻയുവതിയോടുകൂടിയാണു താമസിച്ചിരുന്നതു്. അവൾക്കു ഹോട്ടലിൽ താമസിക്കുന്നതിനു വലിയ ഭയവുമായിരുന്നു.

വിവാഹദിവസം രാത്രി, ഞാനും നീലയും ആഹാരത്തിന് ഒരുമിച്ചുകൂടിയപ്പോൾ, അവളുടെ ഉദ്യോഗം നഷ്ടപ്പെട്ടുപോയതായി അവൾ പറഞ്ഞു. 'ജേണൽ-ദ-മാസ്കോ' എന്നു ഫ്റഞ്ചു ഭാഷയിൽ പ്രസിദ്ധംചെയ്തിരുന്ന, സോവിയററുവിദേശകാര്യാലയംവക പത്രികയുടെ, കലാവകുപ്പിൽ, രണ്ടാമത്തെ പ്രധാന ആഫീസരായിരുന്നു, നീല. അവിടെയുള്ള നാലു പത്രാധിപപ്രധാനികളെ അതിനുമുമ്പു വിസ്താരത്തിനു വിധേയരാക്കിയിരുന്നു. 'നീല ഐവാനോവ്നാ ഷെവ്കോ' (നീലയുടെ മുഴുവൻ പേരു്) യെ, തങ്ങളുടെ ആഫീസിൽ ഹാജരാകുന്നതിന് ആവശ്യപ്പെട്ടിരുന്നുവെന്ന് സൈനികഹെഡ്ക്വാർട്ടേഴ്സ്, നമ്മുടെ പത്രികയുടെ പത്രാധിപരെ അറിയിച്ചു. പത്രാധിപർ നീലയെ ഉടനെതന്നെ ജോലിയിൽനിന്നും പിരിച്ചുവിട്ടു. നീലയുടെ 'ലേബർബുക്കിൽ' (ഉദ്യോഗവിവരങ്ങൾ കുറിക്കുന്ന ഒരു ബുക്കു്) അവൾ 'സ്വമനസ്സാലേ' ജോലിയിൽനിന്നു പിരിഞ്ഞു എന്ന് അവിടെയുള്ള പ്രാദേശികതൊഴിലാളിസംഘടനയുടെ സിക്രട്ടറി രേഖപ്പെടുത്തുകയുംചെയ്തു. ഇങ്ങനെ വളരെയധികംപേർ 'സ്വമനസ്സാലെ' ഉദ്യോഗത്തിൽനിന്നും പിരിഞ്ഞുപോക പതിവായിരുന്നു.

എംബസ്സികളുമായി ഇടപെടുന്നതു നീലയ്ക്കു വളരെ ഭയമായിരുന്നതിനാൽ യുണൈററഡ്സ്റ്റേററ്സ് അംബാസഡറായ ജോസഫ് ഈ. ഡേവിസിനോടു സഹായമൊന്നും അഭ്യൎത്ഥിക്കരുതെന്നും, എംബസിയിൽ ഞങ്ങളുടെ വിവാഹം ഉടനെ തന്നെ രജിസ്റ്റർചെയ്യണമെന്നും നീല എന്നോടപേക്ഷിച്ചു.

മാസ്ക്കോനഗരത്തിന്റെ മദ്ധ്യത്തു സ്ഥിതിചെയ്തിരുന്ന സൈനികഹെഡ്ക്വാർട്ടേഴ്സിലേയ്ക്കു നീല പോയപ്പോൾ, ഞാനും അവളെ അനുഗമിച്ചു. (ആ പ്രദേശത്തെ, പ്രസിദ്ധ റഷ്യൻവ്യവസായിയായ 'സ്റ്റാനിസ്‌ലാവിസ്കി'യുടെ പേരു പറഞ്ഞാണു വിളിക്കുന്നതു്.) നീല പ്രസ്തുത ആഫീസിനകത്തേയ്ക്കു പോകുകയും, ഞാൻ ദൂരെയൊരിടത്തു മാറിനിൽക്കുകയുംചെയ്തു. ആ ആഫീസിലെ 'നെക്കൽനിക്കു്' നീലയുടെ കൈയിൽ ഒരു ഫാറം കൊടുത്തു് അതു പൂരിപ്പിക്കുവാൻ പറഞ്ഞു. അതേഫാറം തന്നെയാണു്, നാടുകടത്തപ്പെടുന്നതിനുമുമ്പു പല പാവപ്പെട്ട സ്ത്രീകൾക്കും പൂരിപ്പിക്കേണ്ടിയിരുന്നതു്. ഫാറത്തിൽ, എന്റെ പേരുകൂടിച്ചേൎത്തു്, നീല അവളുടെ പേരെഴുതിയപ്പോൾ അതിനെക്കുറിച്ചു ചോദ്യംചെയ്ത 'നെക്കൽനിക്കിനോടു' നീല എന്നെക്കുറിച്ചുള്ള വിവരങ്ങൾ അറിയിച്ചു. അതു സത്യമാണോ എന്നു് നക്കൽനിക്കു് ഫോൺമുഖാന്തിരം ചോദിച്ചറിഞ്ഞിട്ടു്, ഒരാഴ്ച കഴിഞ്ഞു തന്നെവന്നു കാണണമെന്നു നീലയോടു പറയുകയും, അതുവരെ മാസ്കോവിട്ടു പോകയില്ലെന്നു നീലയെക്കൊണ്ടു് എഴുതിമേടിച്ചുകൊള്ളുകയുംചെയ്തു. ഒരാഴ്ച കഴിഞ്ഞു നീല നക്കൽനിക്കിനെ ചെന്നു കണ്ടപ്പോൾ, തനിക്കു് ഒരബദ്ധം വന്നുപോയതാണെന്നും നീലയ്ക്കു റഷ്യയ്ക്കുള്ളിൽ എവിടെവേണമെങ്കിലും സഞ്ചരിക്കാമെന്നും, പറഞ്ഞു. മൂന്നാഴ്ച കഴിഞ്ഞു്, ഞാൻ നീലയ്ക്കു് 'പുട്ടേവ്കാ' എന്ന യാത്രയ്ക്കുള്ള ഒരു ടിക്കററു മേടിച്ചുകൊടുത്തു.

YAM PUBLIC LIBRARY

അതനുസരിച്ച്, അവൾക്ക്, രണ്ടുമാസക്കാലത്തോളം, കാക്കസസ് പ്രദേശത്ത്, കരിങ്കടൽതീരത്തുള്ള ഒരു സുഖവാസസ്ഥലത്തു ചെന്നു താമസിക്കുവാൻ സാധിച്ചു. നവംബർ ഏഴാംതീയതി നടക്കുന്ന ആഘോഷങ്ങൾ കഴിഞ്ഞ് ഉടൻ തിരിച്ചുവരാമെന്നും, അപ്പോഴും ഒരു താമസസ്ഥലം കിട്ടിയില്ലെങ്കിൽ, അവൾ എന്നോടു കൂടി ഒരു ഹോട്ടലിൽ താമസിച്ചുകൊള്ളാമെന്നും സമ്മതിച്ചു.

നീല തിരിച്ചുവരേണ്ട ദിവസത്തിനു രണ്ടുദിവസംമുമ്പ്, ഒരുദിവസം ഞാൻ 'ചെമ്പട'യുടെ പരേഡു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അമേരിക്കയിൽവച്ചു പരിചയപ്പെട്ട എൻെറ ഒരു സ്നേഹിതനും, മാക്ഗ്രാഹിൽകമ്പനിക്കാരുടെ 'ബിസ്സിനസ്സ്‌വീക്' 'ലണ്ടൻഎക്സ്ചേഞ്ച്ടെലഗ്രാഫ്' ഈ പത്രികകളുടെ മാസ്കോലേഖകനുമായ 'ഗോർഡൻകാഷിൻ' എന്നെ അദ്ദേഹത്തിൻെറ താമസസ്ഥലത്തേക്കു ക്ഷണിച്ചു. ലൂയിഫിഷർ താമസിച്ചിരുന്ന 'നായ്ക്കളുടെ ഇടവഴി'യിലായിരുന്നു, ഗോർഡൻെറയും താമസസ്ഥലം. അതിന്നു മൂന്നു മുറികളുണ്ടായിരുന്നു. ഗോർഡനൊന്നിച്ച്, 'ലണ്ടൻ ന്യൂസ് ക്രാണിക്കിൾ' എന്ന പത്രത്തിൻെറ മാസ്കോലേഖകനായ സാമുവൽ റോഡ്മാനും താമസിച്ചിരുന്നു. റോഡ്മാൻ ഒന്നുരണ്ടു ദിവസത്തിനകം അമേരിക്കയ്ക്കു തിരിച്ചുപോകുകയായിരുന്നതിനാൽ, എനിക്കു ഗോർഡനോടൊന്നിച്ചു താമസിക്കരുതോ എന്ന് അയാൾ ചോദിച്ചു. ഞങ്ങൾ ആഹാരംകഴിച്ചുകൊണ്ടിരുന്നപ്പോൾ എനിക്കു സ്നേഹിതകളാരുമില്ലയോയെന്നു ചോദിച്ചു. ഞാൻ നീലയെക്കുറിച്ച് അയാളെ അറിയിച്ചു. നീല തിരിച്ചുവന്നതിനുശേഷം, ഒരുദിവസം, ഞങ്ങളെല്ലാവരും ഒന്നിച്ചിരുന്ന് ആഹാരം കഴിക്കുകയുംചെയ്തു. ഞങ്ങൾക്കു താമസസ്ഥലം കിട്ടിയില്ലെന്നറിഞ്ഞ ഗോർഡൻ അദ്ദേഹത്തിൻെറ താമസസ്ഥലത്തു ഞങ്ങൾക്കുംകൂടി താമസിക്കാ

മെന്നു പറഞ്ഞു. ഞങ്ങൾ അപ്രകാരം താമസം മാററി. വളരെ സങ്കടങ്ങൾ അനുഭവിച്ചുവളൎന്ന നീലയ്ക്കു്, പ്രസ്തുത താമസസ്ഥലം ഒരു കൊട്ടാരമായിട്ടാണു തോന്നിയതു്. അവിടെയുള്ള, റെഫ്റിജറേററർ, റേഡിയോ, ഇലക്ട്രിക്അയൺ, ഡിഷുകൾ ഇവയെല്ലാം അവൾക്കു് ആനന്ദം നൽകി. സിവ്ട്ടസെവ്-വ്രാഷെക്കിൽ, പതിനഞ്ചാം നമ്പരായി ഒരു പഴകിയ കെട്ടിടത്തിൻെറ ആറാമത്തെ നിലയിൽ സ്ഥിതിചെയ്തിരുന്ന ഞങ്ങളുടെ താമസസ്ഥലത്തിൻെറ ഒരു മുറി ഗോർഡൻ എനിക്കും നീലയ്ക്കും വിട്ടുതന്നു. വേറൊരു മുറി അദ്ദേഹത്തിൻെറ ആഫീസും, മറെറാരു മുറി അദ്ദേഹത്തിൻെറ കിടക്കമുറിയും മററുമായിരുന്നു. ഗോർഡൻെറ വീട്ടുജോലിക്കാരി, അടുക്കളയിലാണു് കിടന്നുറങ്ങിയിരുന്നതു്.

ആദ്യകാലങ്ങളിൽ ഞാനും, നീലയും, ഗോർഡനും ഒന്നിച്ചിരുന്നാണു് ഉച്ചഭക്ഷണം കഴിച്ചിരുന്നതു്. ഗോർഡൻെറ ജോലിക്കാരി പരിഷ്കൃതമായ, അമേരിക്കൻമട്ടിലാണു് ആഹാരസാധനങ്ങൾ വിളമ്പിയിരുന്നതു്. റഷ്യാക്കാരുടെ, സാധാരണമായ സ്വഭാവം അനുസരിച്ചു്, കൈലേസു നാശമാക്കാതിരിക്കാനായി, ആദ്യത്തെദിവസം ഞങ്ങൾ ഒരുമിച്ചു് ആഹാരംകഴിക്കുമ്പോൾ, നീലയാകട്ടെ കുറച്ചുകലെ ചെന്നിരുന്നു ഭക്ഷണംകഴിച്ചു. "ആഹാരം കഴിക്കുന്നതിനിടയ്ക്കു്, ഗോർഡൻ, കൈലേസു നാശമാക്കിയതു കണ്ടോ?" എന്നു് അവൾ പിന്നീടു് എന്നോടു പറഞ്ഞു. "കൈ തുടയ്ക്കുന്നതിനുള്ളതാണു്, കൈലേസ്" എന്നു് ഞാൻ അവളെ മനസ്സിലാക്കി. ഇങ്ങനെ ഓരോ അവസരം ഉപയോഗിച്ചു്, മററു പല പരിഷ്കൃതജീവിതരീതികളും ഞാൻ അവളെ പഠിപ്പിച്ചു.

നീലയ്ക്കു ചെറുപ്പത്തിൽത്തന്നെ വസ്ത്രധാരണത്തിൽ വലിയ ഭ്രമമായിരുന്നു. എന്നാൽ ഞങ്ങളുടെ വിവാഹംകഴിയുന്നതുവരെ,

എന്നിൽനിന്ന് അവൾ യാതൊരു പാരിതോഷികവും, സ്വീകരിച്ചിരുന്നില്ല. ഉദാഹരണമായി, വിവാഹത്തിനുമുമ്പ് ഒരിക്കൽ, ഞാൻ അവളെ ഒരു രാത്രി വീട്ടിൽകൊണ്ടുചെന്നാക്കിയപ്പോൾ, അവളുടെ കണ്ണിൽ ഒരു പൊടി വീണു. നീലയുടെ കൈയിൽ കൈലേസില്ലായിരുന്നതുകൊണ്ട്, ഞാൻ എന്റെ കൈലേസ് അവൾക്കു കൊടുത്ത്, കണ്ണു കഴുകി തുടയ്ക്കുവാൻ പറഞ്ഞു. കൈലേസു നാശമായതുകൊണ്ട്, അതു കഴുകി അടുത്തപ്രാവശ്യം എന്നെക്കാണുമ്പോൾ തരാം എന്നവൾ പറഞ്ഞു. ഞാൻ അവിടം വിട്ടു. പിറേറദിവസം അവൾ കഴുകി ഉണങ്ങാനിട്ടിരുന്ന ആ കൈലേസു കാററിൽ എവിടെയോ പറന്നുപോയി. എനിക്കു തിരിച്ചുതരുന്നതിനായി, അതുപോലൊരു കൈലേസു മേടിക്കുവാൻ, അവൾ വിദേശച്ചരക്കുകൾ വില്ക്കുന്ന പല കടകളിലും അന്വേഷിച്ചിട്ടും കിട്ടാത്തതുകൊണ്ട്, എന്നെക്കാണുന്നതു് അവൾ മാററിവച്ചു. റഷ്യക്കാരുടെ പൊതുവെയുള്ള ജീവിതത്തോതും ഇത്രകണ്ടു മോശമായിരുന്നു. ഒരു ചെറുതോതിൽ, ഞങ്ങളെപ്പോലെയുള്ള ലേഖകന്മാർക്ക്, കുറെ ആഹാരസാധനങ്ങളും, വസ്ത്രവും അന്യരാജ്യത്തുനിന്നും വരുത്തുന്നതിന് അനുവാദമുണ്ടായിരുന്നു. അതനുസരിച്ച്, നീലയ്ക്കു് കുറെ വസ്ത്രസാധനങ്ങൾ വന്നുചേന്നു. എന്നാൽ ഒരുസെററു വസ്ത്രങ്ങൾമാത്രമേ അവൾക്കു യോജിച്ചുള്ളു. മററുള്ള ഉടുപ്പുകളും, ചെരിപ്പുകളും അവൾക്കു ചെറുതായിപ്പോയെന്നുപറഞ്ഞു് അവൾ വിങ്ങിവിങ്ങിക്കരഞ്ഞു.

ക്രമേണ നീല മിടുക്കിയായിത്തീന്നു. നയതന്ത്രപരമായി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ കുടുംബങ്ങളുമായി പെരുമാറുന്നതിന് അവൾ പഠിച്ചു. ബൈററി, ജോസഫ് ബാൺസ്, നാർവിജിയൻ അംബാസ്സഡറുടെ മകളായ 'അന്നാ-ലയിസ്-അർബി' ഇവർ നീലയുടെ ചങ്ങാതികളായിത്തീന്നു.

അംബാസ്സഡർ ജോസഫ് ഈ. ബാൺസ് മാസ്കോവിട്ടു പോകുമ്പോൾ, അന്നു വിദേശകാര്യമേധാവി ആയിരുന്ന മാക്സിം ലിററ്വിനോവ് ഒരു വിരുന്നുനടത്തി. അതിന് ലിററ്വിനോവ് എന്നെയും, നീലയെയും ക്ഷണിച്ചു. ആ വിരുന്നിനുപോകാൻ, നീലയ്ക്കു് ശരിയായ വേഷസംവിധാനങ്ങൾ ഇല്ലായിരുന്നു. നീല സംബന്ധിച്ച ആദ്യത്തെ നയതന്ത്രപരമായ വിരുന്നു് ഇതായിരുന്നു. ബെററിബാൺസ് നീലയ്ക്കു് രണ്ടു സ്റ്റാക്കിങ്ങ്സ് കൊടുത്തയച്ചു. ഒരു ഫിലിംനിർമ്മിതാവിന്റെ ഭാര്യയും, നീലയുടെ ഒരു സ്നേഹിതയുമായ 'അന്ന'യുടെ കൈവശം ഒരു 'ഈവനിങ്ങ്ഗൌൺ' ഉണ്ടായിരുന്നു. നീല അതു മേടിച്ചു. പക്ഷെ അതു മുഷിഞ്ഞതും ചെറുതുമായിരുന്നു. നീല അതു് ഒരുവിധം ശരിപ്പെടുത്തി ധരിച്ചു. ഗൌണിന്റെ പുറത്തിടുന്നതിനു ചുവന്ന ഒരു ജാക്കററും, ഒരുജോടി സ്വർണ്ണനിറമുള്ള പാദരക്ഷകളുംകൂടി അന്ന കൊടുത്തയച്ചു. നീലയുടെ ബദ്ധപ്പാടുകൾ കണ്ടു് എനിക്കു വളരെ സങ്കടം തോന്നി.

കുറേനേരം, നീലയും ഞാനും നൃത്തംചെയ്തതിനുശേഷം, ഞാൻ നീലയോടു ഗോർഡനോടുകൂടി നൃത്തംചെയ്യുവാൻ പറഞ്ഞു. നൃത്തംചെയ്യുന്നതിനിടയ്ക്കു്, താൻ ഓർമ്മിക്കാതെ ധരിച്ചുകൊണ്ടിരുന്ന 'റബ്ബർഷൂസ്' മാററുന്നതിനു ഗോർഡൻ അകത്തേക്കുപോയി. ഞാൻ മറെറാരു ലേഖകന്റെ റഷ്യൻഭാര്യയുമായി സംസാരിച്ചുകൊണ്ടിരുന്നു. അപ്പോൾ നല്ല വസ്ത്രം ധരിച്ചിരുന്നവനും, ഒരു ചെറിയ രാജ്യത്തിലെ സൈനികപ്രതിനിധിയുമായ ഒരാൾ നീലയുടെ അടുത്തുവന്നു് നൃത്തംചെയ്യാമോ എന്നു ചോദിച്ചു. നീല അതിനു മടിച്ചു. എന്നാൽ ഞാൻ സംസാരിച്ചുകൊണ്ടിരുന്ന യുവതി, ലജ്ജയൊന്നും അരുതു് എന്നു നീലയോടു പറഞ്ഞു. കുറച്ചുകഴിഞ്ഞു്, ആ യുവതിയുടെ അയല്ക്കാരനും, ആ വിരുന്നുശാ

ലയിലെ ഒരു പരിചാരകനുമായ "ഐവാൻ-വാസിൽ എവിച്ച്" എന്ന ഒരാളിനെ അവർ വിളിച്ചു സംസാരിച്ചു. അവൻമുഖാന്തിരം, ആവശ്യമുള്ള ആഹാരസാധനങ്ങൾ ഈരണ്ടു പങ്കുവീതം വാങ്ങാമെന്ന് അവർ പറഞ്ഞതുകേട്ട്, ഞാനും, നീലയും മററും ചിരിച്ചുപോയി. എന്നാൽ വിഭവസമൃദ്ധമായ ഇത്തരം വിരുന്നുകൾ ഇപ്പോൾ നിന്നുപോയിട്ടുണ്ട്. മൊളോട്ടോവ്, വിദേശകാര്യമേധാവിയായപ്പോൾ, അതിഥികൾ നിശ്ചിതവേഷം ധരിക്കണമെന്നും മററും നിയമങ്ങൾ ഉണ്ടാക്കി.

തൻെറ നയവും, ബുദ്ധിയുംകൊണ്ട്, നീല പെരുമാററത്തിലും മററുമുള്ള പല തെററുകൾ വരാതെ സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഇംഗ്ലീഷുഭാഷയുടെ പ്രയോഗത്തിൽ ഉണ്ടാകുന്ന ചില അബദ്ധങ്ങൾകൊണ്ട്, എൻെറ കൂട്ടുകാരെ നീല പലപ്പോഴും രസിപ്പിക്കുന്നുണ്ട്.

---

# അദ്ധ്യായം ൯

മാസ്കോനഗരത്തിൽ താമസിച്ചിരുന്ന വിദേശികൾക്ക്, പാചകക്കാരികൾ, ഡ്രൈവറന്മാർ തുടങ്ങി അവിടെയുള്ള ജോലിക്കാരെക്കൂടാതെ നിത്യാവശ്യങ്ങൾപോലും നിർവഹിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഉദാഹരണമായി എൻെറ "ഗ്യാരേജ്" എൻെറ താമസസ്ഥലത്തുനിന്നും രണ്ടുമൈൽ ദൂരെയും, എൻെറ ആഫീസിൽനിന്ന് ഒരുമൈൽ ദൂരെയുമാണു സ്ഥിതിചെയ്തിരുന്നത്. ഒരുദിവസം, ഞാൻ, പുതുതായി മേടിച്ച എൻെറ സ്റ്റുഡിബേക്കർ കാർ ഒന്നുരണ്ടുമണിക്കൂർനേരത്തേയ്ക്കു്, ഒരു സ്നേഹിതൻെറ നടയിൽ

നിവൃത്തിയിരുന്നു. ഞാൻ തിരിച്ചുവന്നപ്പോൾ കാറിൻെറ ഹബ്ബ്മൂടിയും, വിൻഡ്ഷീൽഡ്‌വൈപ്പേഴ്സും ഭാഗങ്ങൾ കാണാനില്ലായിരുന്നു.

കാറിനു പെട്രോൾ മേടിക്കുന്നതു വലിയ ഒരു മിനക്കേടായിരുന്നു. അതു റേഷനാണ്. നഗരത്തിൻെറ മദ്ധ്യത്തിൽനിന്ന് രണ്ടുമൈൽ അകലെയാണു ഗ്യാസൊലിൻസ്റ്റേഷൻ സ്ഥിതിചെയ്തിരുന്നത്. അതിന് ആദ്യം ബ്യൂറോബിൻഅധികാരികൾക്ക് ഒരു അപേക്ഷ അയയ്ക്കണം. പിന്നീട് ഡ്രൈവർ പണം കൊണ്ടുകൊടുത്ത്, ഒരു കുറിപ്പുമേടിച്ച്, അതു വേറൊരു സ്ഥലത്തുകൊണ്ടുപോയി ഗ്യാസിനുള്ള ടിക്കററു മേടിക്കും. ആ ടിക്കററുകൊടുത്താണ്, ഗ്യാസൊലിൻസ്റ്റേഷനിൽനിന്നും, പെട്രോൾ മേടിച്ചിരുന്നത്.

കാറിൻെറ ഏതെങ്കിലും ഭാഗങ്ങൾ ഇല്ലാതെപോയാൽ, അതു തിരിച്ചുമേടിച്ചു വയ്ക്കുന്നതിനു വലിയ വിഷമമായിരുന്നു. പ്രസ്തുത ഭാഗങ്ങൾ മേടിക്കുന്നതിനു സമർത്ഥനായ 'യൂവ്ജെനി' എന്ന ഒരു ജോലിക്കാരൻ എനിക്കുണ്ടായിരുന്നു. പക്ഷേ അവൻ, കാറിനാവശ്യമുള്ള ഭാഗങ്ങൾ മേടിച്ചുകൊണ്ട്, പെട്ടെന്നു രണ്ടുമൂന്നു ദിവസങ്ങൾക്ക് അപ്രത്യക്ഷനാകും. തിരിച്ചുവരുമ്പോൾ അവൻ ഓരോ കള്ളക്കഥകൾ എന്നോടു പറയുകയും ചെയ്യും. അവൻ മേടിച്ചുകൊണ്ടുവരുന്ന സാധനങ്ങൾതന്നെ, അവയുടെ വില്പനക്കാരൻ വല്ല എംബസ്സികാറുകളിൽനിന്നും മററും മോഷ്ടിച്ചെടുത്തതായിരിക്കും. അതിനു സാധാരണവിലയുടെ മൂന്നിരട്ടിവില കൊടുക്കയുംവേണം. എന്നുമാത്രമല്ല, വിലയോടുകൂടി, വില്പനക്കാരനു് ഇഷ്ടമുള്ള വിദേശീയസാധനങ്ങളുംകൂടി പാരിതോഷികമായി കൊടുക്കേണ്ടിയിരിക്കും.

മാസ്കോവിലുള്ള എന്റെ അവസാനദിവസങ്ങൾക്കിടയിൽ, എനിക്ക്, 'പേവൽ ഇവാനോവിച്ച് ദിയാക്കോവ്' എന്നു പേരുള്ള സമർത്ഥനായ ഒരു ഡ്രൈവറെ കിട്ടി. അമേരിക്ക റഷ്യയെ ൧൯൩൩-ൽ അംഗീകരിച്ചതിനുശേഷം, ആദ്യമായി മാസ്കോനഗരത്തിൽ, വന്നെത്തിയ മനോഹരമായ കാർ അംബാസ്സഡർ 'ബുള്ളിററി'ന്റേതായിരുന്നു. അതിന്റെ ഡ്രൈവറും, ബുള്ളിററിന്റെ ബട്ട്ലറും, പേവലായിരുന്നു. ബുള്ളിററിന്റെ കാർ 'റോഡ്സ്ററർമേക്കാ'യിരുന്നു. പിന്നീട് മാസ്കോവിൽ വന്നുചേർന്ന ഒരു നല്ല കാർ, ൧൯൪൬-ൽ ഞാൻ വരുത്തിയ 'ഒസാർക്കു ബ്ളൂ-൧൯൪൭ മാഡൽ സ്ററുഡിബേക്കരാ'യിരുന്നു. പേവലിനു് അതു വളരെ ഇഷ്ടപ്പെട്ടു. അവൻ അതിനെ 'സ്ററുഡിക്, ബ്ളൂബേർഡ്' എന്നാണു് വിളിച്ചിരുന്നതു്. ആ കാറുംകൊണ്ടു്, അവൻ, എവിടെവേണമെങ്കിലും ചെന്നു്, നീലയ്ക്കും എനിയ്ക്കും വേണ്ടി, എന്തുകാര്യവും, സാധിച്ചുകൊണ്ടുവന്നിരുന്നു. രണ്ടുവർഷത്തിനകം എന്റേതുപോലെയുള്ള രണ്ടു കാറുകൾകൂടി മാസ്കോനഗരത്തിൽ വന്നുചേർന്നു. പക്ഷെ അതുപോലെയുള്ള ആദ്യത്തെ കാർ, താനാണു് ഓട്ടിയതു് എന്നുപറഞ്ഞു്, അവൻ പുതിയ കാറുകൾ നോക്കുകപോലും ചെയ്തില്ല.

൧൯൪൭ നവമ്പർ ഇരുപത്തിമൂന്നാംതീയതി, സ്വീഡിഷ് എംബസ്സിയിലെ ഒരു വിരുന്നുകഴിഞ്ഞു് കാറിൽ കയറാൻ ഭാവിച്ച ഞാൻ, മഞ്ഞുകട്ടയിൽ കാൽ ഇടറിവീണു്, എന്റെ കാൽ ഒടിഞ്ഞു. പേവൽ, മററു ഡ്രൈവറന്മാരുടെ സഹായത്തോടുകൂടി എന്നെ ഒരു റഷ്യൻ ആശുപത്രിയിൽ കൊണ്ടുചെന്നു. എന്റെയും, നീലയുടെയും അഴകുള്ള വസ്ത്രങ്ങൾ കണ്ടു്, ആശുപത്രിക്കാർ തുറിച്ചുനിന്നുപോയി.

നീല ദിവസവും, രാവിലെ, എനിക്കുള്ള എഴുത്തുകളും, ആഹാരസാധനവുംകൊണ്ടു് ആശുപത്രിയിലേയ്ക്കു വരും. എന്തെന്നാൽ, ആശുപത്രിയിൽ രോഗികൾക്കു് ആഹാരമൊന്നും ശരിയായി കൊടുത്തിരുന്നില്ല. എനിക്കു കൊണ്ടുവരുന്ന ആഹാരസാധനത്തിൽ ഒരുപങ്കു് സാധുക്കളായ ആശുപത്രിജോലിക്കാൎക്കും കൊടുത്തിരുന്നു. 'ഞുറോബിൻ' അധികാരികൾവഴി ഞാൻ ആശുപത്രിയിലേക്കു വന്നിരുന്നെങ്കിൽ, എനിക്കു വളരെ പണച്ചെലവും, ദുരിതവും, അനുഭവിക്കേണ്ടിയിരിക്കുമായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ, ഒരു 'കോപ്പെയ്ക്കു'പോലും ചിലവുചെയ്യാതെ, ഒരു റഷ്യാക്കാരനു കിട്ടുന്ന, ഏററവും നല്ല ചികിത്സയാണു് എനിക്കു ലഭിച്ചതു്. ഇംഗ്ലീഷു സംസാരിക്കുന്നവനും, കലാരസികനുമായ 'സെർജിയ്യുദിൻ' എന്ന സമർത്ഥനായ ഒരു റഷ്യൻഡാക്ടരാണു് എന്നെ ചികിത്സിച്ചതും.

എനിക്കു രാവിലത്തെ ആഹാരം തന്നതിനുശേഷം നീല താമസസ്ഥലത്തേയ്ക്കു തിരിച്ചുചെന്നു് ഒരു ലഘുഭക്ഷണം കഴിച്ചിട്ടു്, വീണ്ടും അവൾ ആശുപത്രിയിലേയ്ക്കു വന്നുചേരും. നീല എനിക്കു വൈകുന്നേരത്തെ ഭക്ഷണം തന്നു്, മണി ആറടിക്കുമ്പോഴേയ്ക്കും, നീലയെ തിരിച്ചു കാറിൽ താമസസ്ഥലത്തേക്കു കൊണ്ടുപോകാൻ പേവൽ വന്നുചേരും. ഓരോ കാരണങ്ങൾകൊണ്ടു് നീലയ്ക്കു് ആശുപത്രിവിട്ടിറങ്ങുവാൻ താമസം നേരിടുക പതിവായിരുന്നതുകൊണ്ടു്, പേവൽ പലപ്പോഴും അക്ഷമനായിത്തീൎന്നിട്ടുണ്ടു്. അതുകൊണ്ടു്, പലപ്പോഴും നീല പേവലിനെ വീട്ടിലേക്കു പൊയ്ക്കൊള്ളുവാൻ പറഞ്ഞിട്ടു്, നാലുമൈൽദൂരവും നടന്നു്, താമസസ്ഥലത്തേക്കു പോവുകയും പതിവായിരുന്നു. ഒരുദിവസം വൈകുന്നേരം, നീല തിരിച്ചുവരുന്നതുവരെ താൻ കാത്തുനിന്നുകൊള്ളാമെന്നു്, പേവൽ പറഞ്ഞു.

THE KOTTAYAM P... KOTTAYAM. TRAVANCORE.

പക്ഷേ അന്നുമുതൽ, നീല ചെല്ലുമ്പോഴേക്കും പേവലിനെ കാണാതെയായി. കുറേനേരം കഴിഞ്ഞു് അവൻ ധൃതിപ്പെട്ടു് വന്നുചേരുകയും ചെയ്യും.

ഒരുദിവസം വൈകിട്ടു്, നീലയ്ക്കു് ഒരു വിരുന്നിനു പോകേണ്ടിയിരുന്നു. അതുകൊണ്ടു് അവൾക്കു കുറെ നേരത്തെ, ആശുപത്രിയിൽനിന്നും പോകേണ്ടിയിരുന്നു. എന്നാൽ അവൾ പേവലിനെ, അവിടെയെങ്ങും കണ്ടില്ല. അന്വേഷിച്ചുനോക്കിയപ്പോൾ, അയാൾ, ആശുപത്രിയുടെ പ്രവേശനസ്ഥലത്തു്, രോഗികളെ രജിസ്റ്റർചെയ്തുകൊണ്ടിരുന്ന മംഗോളിയൻപ്രകൃതിയോടുകൂടിയ ഒരു യുവതിക്കുവേണ്ടി, ആളുകളെ 'ക്യൂ' (ഒരാൾക്കുപിറകെ വേറൊരാളായി) നിറുത്തിക്കൊണ്ടിരിക്കയായിരുന്നു. 'നൈന'യെന്നായിരുന്നു ആ യുവതിയുടെ പേരു്. അവൾക്കു്, ഇരുപത്തിരണ്ടു വയസ്സു പ്രായമായിരുന്നു. നാല്പത്തിരണ്ടുവയസ്സുള്ള പേവൽ, സുന്ദരിയായ 'ലാറാ' എന്ന ഒരുത്തിയെ വിവാഹംചെയ്തിട്ടുണ്ടായിരുന്നു. ലാറയും പേവലിന്റെ രണ്ടാമത്തെ ഭാര്യയായിരുന്നു. പേവൽ, വിവാഹം വിടുത്തിയ, അവന്റെ ഭാര്യ, പതിനഞ്ചുവയസ്സായ ഒരു പുത്രിയോടുകൂടി, 'കെപിബിഷേവ്'' എന്ന സ്ഥലത്തുചെന്നു താമസിക്കയായിരുന്നു.

നൈനായെ വിവാഹം ചെയ്യുന്നതിനുവേണ്ടി, പേവൽ ലാറയുമായുള്ള തന്റെ വിവാഹബന്ധം വിടുത്തുവാൻ, 'പീപ്പിൾസ് (ജനകീയ) ഡിസ്ട്രിക്ടു് കോടതി'യിൽ ഒരു പെറ്റിഷൻ കൊടുത്തു. കോടതിയിൽവച്ചു്, ലാറ ഒരു മലടിയാണെന്നു്, പേവൽ പ്രസ്താവിച്ചു. അയാളുടെ ആദ്യത്തെ ഭാര്യ പ്രസവിക്കുന്നവളായിട്ടും, പേവൽ അവളെ തള്ളിക്കളഞ്ഞില്ലയോയെന്നു ലാറ ചോദിച്ചു. അപ്പോൾ, താൻ നൈനയെ സ്നേഹിക്കുന്നുവെന്നു പേവൽ സമ്മതിച്ചു. അക്കാരണത്തിനുവേണ്ടി, ലാറയെ തള്ളി

ക്കളയാൻ, കോടതി സമ്മതിക്കയില്ലെന്നു ജഡ്ജി അറിയിച്ചു. ഇങ്ങനെ വിവാഹമോചനം സംബന്ധിച്ചും മററുമുള്ള പ്രസ്തുത ജഡ്ജിമാരുടെ ഉത്തരവുകൾ, നാലുപേജുമാത്രം കാണുന്ന മഹസ്സാ വിലെ വർത്തമാനപത്രങ്ങൾ ഒന്നരണ്ടെണ്ണത്തിൽ പരസ്യം ചെയ്യുന്നതിനു വളരെ കാലതാമസം വേണ്ടിവന്നു. അങ്ങനെ പരസ്യം ചെയ്തതിനുശേഷം മാത്രമേ, വിവാഹമോചനം കൊടുക്കുകയോ, കൊടുക്കാതിരിക്കുകയോ ചെയ്യുവാൻ അധികാരമുണ്ടായിരുന്ന 'നഗരക്കോടതി'കളിൽ ആ കേസുകൾ വിസ്തരിക്കുവാൻ സാധിച്ചിരുന്നുള്ളു. അതിനിടയ്ക്കു കേസുസംബന്ധിച്ച് പല കള്ളത്തരങ്ങളും നടക്കുകയും ചെയ്തിരുന്നു.

നൈനയുടെ മാതാപിതാക്കൾ, വളരെ നല്ല ആളുകളായിരുന്നു. പുത്രിയുടെ ഭാവഭേദവും മററും കണ്ടു് വിവരങ്ങൾ ചോദിച്ചറിഞ്ഞ പ്രസ്തുത മാതാപിതാക്കൾ പേവൽ വിവാഹമോചനത്തിനു ശ്രമിച്ചുവെന്നു കേട്ടു നടുങ്ങി. എന്നാൽ അവരുടെ ഏകപുത്രിയായ നൈന, പേവലിനെ വിവാഹംചെയ്യാൻ സാധിച്ചില്ലെങ്കിൽ, താൻ ആത്മഹത്യചെയ്യുമെന്നു പറഞ്ഞു. അതുകൊണ്ടു്, അവളുടെ അച്ഛനമ്മമാർ പേവലിനെ, ഒരു ഞായറാഴ്ച തങ്ങളുടെ വീട്ടിൽവച്ചു ഭക്ഷണത്തിനു ക്ഷണിച്ചു. പേവലിനുവേണ്ടി ഞങ്ങൾ സ്റ്റാക്കുഹാമിൽനിന്നു വരുത്തിയ ഇരുണ്ട നീലനിറമുള്ള കോട്ടും, കോടിഷർട്ടും ഇട്ടുകൊണ്ടു്, പേവൽ നൈനയുടെ വീട്ടിൽ ചെന്നു. അവൻെറ വാക്ചാതുര്യംകൊണ്ടു് നൈനയുടെ മാതാപിതാക്കൾ മയങ്ങിപ്പോയി. താൻ അതുവരെ ചെയ്തിരുന്ന വിവാഹങ്ങൾ, സംസ്ഥാനം മുഖാന്തിരമായതുകൊണ്ടു് അതു വകയില്ലെന്നും, താൻ നൈനയെ വിവാഹംചെയ്യാൻ ഉദ്ദേശിച്ചിരുന്നതു 'ചർച്ച്' (ദേവാലയം) മുഖാന്തിരമായതിനാൽ അതാണു ശരിയായിട്ടുള്ളതെന്നും, പവൽ പറഞ്ഞു എങ്കിലും, ലാറയുമായുള്ള വിവാഹബന്ധം

വിട്ടുത്തിയതിനുശേഷം മാത്രമേ, പേവൽ നൈനയെ വിവാഹം ചെയ്യാൻ പാടുള്ളൂ എന്നു് അവളുടെ മാതാപിതാക്കന്മാർ പറഞ്ഞു. ഒടുവിൽ നൈനയും പേവലും അക്ഷമരായതുകൊണ്ടു്, രണ്ടു മുറികൾ മാത്രമുണ്ടായിരുന്ന അവരുടെ താമസസ്ഥലത്തു് പേവലിനെയും വന്നുതാമസിക്കുന്നതിനു് ആ മാതാപിതാക്കൾ സമ്മതിച്ചു. പക്ഷെ അതിനു്, പേവൽ ലാറയോടുകൂടി താമസിച്ചിരുന്ന മുറിയിൽനിന്നും ഔദ്യോഗികമായി വിട്ടുപോകയും, അയാളുടെ പുതിയ വാസസ്ഥലത്തെക്കുറിച്ചു് 'മിലിഷ്യാ'യുടെ അടുക്കൽ രജിസ്റ്റർ ചെയ്കയും, പ്രസ്തുത വിവരം പേവലിന്റെ പാസ്പോർട്ടിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടിയിരുന്നു. എന്നാൽ പേവൽ അതിനൊന്നും തയാറില്ലായിരുന്നു. എന്തെന്നാൽ, ലാറയുമായുള്ള വിവാഹബന്ധം വിടുത്തുവാൻ സാധിക്കാതെവരികയും, അവൻ നൈനയുടെ ഭർത്താവല്ലാത്തതുകൊണ്ടു്, മിലിഷ്യ അവളുടെ വീട്ടിൽ പേവലിനെ താമസിക്കുന്നതിനു സമ്മതിക്കാതിരിക്കുകയും ചെയ്താൽ അവന്റെ നില പരുങ്ങലിലാകുമായിരുന്നു. പോരെങ്കിൽ ലാറയുടെ താമസസ്ഥലത്തിന്റെ പകുതി അവകാശപ്പെടുന്നതിനു്, പേവൽ ഒരാഴ്ചയിൽ ഒരിക്കലെങ്കിലും, അവിടെ പോവുകയും, രാത്രി കഴിച്ചുകൂട്ടുകയും ചെയ്യേണ്ടിയിരുന്നു.

•

ഒരുദിവസം പേവൽ, നൈനാ, അവളുടെ മാതാപിതാക്കൾ ഇവർ ആഹാരംകഴിച്ചുകൊണ്ടിരിക്കുമ്പോൾ, ലാറ അവിടെച്ചെന്നു് ബഹളമുണ്ടാക്കി. പേവൽ, കൊന്നുകളയുമെന്നുംമറ്റും പറഞ്ഞു്, ലാറയെ പുറത്താക്കി. ലാറയ്ക്കും, പേവലിനുംകൂടി, കിടന്നുറങ്ങുന്നതിനു് ഒരു കിടക്കയേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു്, മേലാൽ തന്റെ കിടക്കയിൽകിടന്നുറങ്ങുന്നതിനു പേവലിനെ സമ്മതിക്കയില്ലെന്നു് ലാറ പറഞ്ഞു. പേവൽ ഒരു കിടക്കയ്ക്കായി പല

സ്ഥലത്തും അന്വേഷിച്ചുനടന്നു. ഒടുവിൽ ഞാൻ എന്റെ ഒരു കിടക്ക അവന് ഉപയോഗത്തിനു കൊടുത്തു.

മിലിഷ്യയുടെ സൂപ്രണ്ടിനും, ജാനിററൾക്കും, കുറെ മദ്യവും മററും മേടിച്ചുകൊടുത്ത്, രജിസ്റ്റർചെയ്യാതെതന്നെ കുറെ മാസങ്ങൾക്കു പേവൽ നൈനായുടെ വീട്ടിൽ താമസിച്ചു. എന്നാൽ താമസിയാതെ അധികാരികൾ അവനെ കുററപ്പെടുത്തി. നൂററിഅമ്പതു റൂബൾ അവനു പിഴകൊടുക്കേണ്ടതായിവന്നു. നൈനായുടെ അച്ഛനേയും അവർ ഭയപ്പെടുത്തി. ആ മനുഷ്യനും, പേവൽ പലവിധത്തിൽ അസുഖം ഉണ്ടാക്കിയിരുന്നു.

എന്നാൽ നൈനയാകട്ടെ, വിദൂരപൂർവ്വദേശത്തേക്കു യാത്ര ചെയ്തിരുന്ന ഒരു റഷ്യൻ അദ്ധ്യാപികയുടെ മുറി കരസ്ഥമാക്കി, അതു തന്റെപേരിൽ രജിസ്റ്റർചെയ്ത്, പേവലോടുകൂടി അതിൽ താമസിച്ചു. അവൾ ആശുപത്രിയിലെ ജോലി ഉപേക്ഷിച്ച്, എന്റെ സ്നേഹിതനായ ഒരു അമേരിക്കൻലേഖകന്റെ സന്ദേശവാഹികയായിത്തീർന്നു. എന്നാൽ പേവൽ, ആ ജോലി നൈനയുടെ യോഗ്യതയ്ക്കു യോജിച്ചതല്ലെന്നുപറഞ്ഞ്, ആഹാരസാധനങ്ങൾ വിളമ്പുന്നതിന് അവളെ പരിശീലിപ്പിച്ചു.

അതിഥികൾ ഞങ്ങളുടെ താമസസ്ഥലത്തു ഭക്ഷണത്തിനു വരുമ്പോൾ, അവരെ വേണ്ടവിധത്തിൽ സ്വീകരിക്കയും പരിചരിക്കയും ചെയ്യുന്നതിന്, പേവൽ, അവരുടെ പേര്, സ്ഥാനമാനങ്ങൾ ഇവ ചോദിച്ചു മനസ്സിലാക്കിയിരുന്നു.

ഒരിക്കൽ ന്യൂസീലാൻഡിലെ മന്ത്രി, ഞങ്ങളുടെ താമസസ്ഥലത്ത് ഒരു വിരുന്നിനു വന്നു. ഞങ്ങളുടെ അനുമതിയോടുകൂടി, നൈനയും അതിഥികളെ പരിചരിക്കുന്നതിനൊരുങ്ങി, സ്ത്രീകൾക്കു സാധനങ്ങൾ വിളമ്പിയിട്ട്, പിന്നീടാദ്യം ന്യൂസീലാൻഡിലെ മന്ത്രിക്ക് വിഭവങ്ങൾ വിളമ്പിക്കൊടുക്കണമെന്നു പേവൽ നൈന

യോടു പറഞ്ഞു. എന്നാൽ നൈനാ, പേവൽ പറഞ്ഞതു മറന്നു് മന്ത്രിക്കു് ആദ്യം ആഹാരസാധനങ്ങൾ വിളമ്പിയിട്ടു്, സ്ത്രീകൾക്കു വിഭവങ്ങൾ വിളമ്പി. കാരണം ചോദിച്ചപ്പോൾ പ്രസ്തുത മന്ത്രി ഒരു വന്ദ്യവയസ്കനായതുകൊണ്ടാണെന്നു നൈന മറുപടി പറഞ്ഞു.

---

# അദ്ധ്യായം ൧൦

റഷ്യയിൽ ജോലിക്കാരോടു വളരെ നിർദ്ദയമായിട്ടാണു് അവരുടെ യജമാനന്മാർ പെരുമാറിയിരുന്നതു്. എന്റെ താമസസ്ഥലത്തിനു് എതിരെ താമസിച്ചിരുന്ന ഒരു ഉപമന്ത്രി അയാളുടെ വീട്ടിലുള്ള ജോലിക്കാരിയെ വളരെ സങ്കടപ്പെടുത്തിയിരുന്നു. ഒരിക്കൽ അടുത്തുള്ള ഒരു ഗ്യാസുകമ്പനിയിൽ ജോലിയായിരുന്ന ഒരു യുവതി, ആ ഉപമന്ത്രിയുടെ അടുക്കൽചെന്നു് അയാൾ, ആ മാസത്തിനു മുമ്പിലത്തെ മാസം, ഗ്യാസ് ഉപയോഗിച്ചതിനു കൊടുക്കേണ്ട പണം ഉടനെ കൊടുത്തുതീക്കണമെന്നു പറഞ്ഞു. അതിനു വിസമ്മതിച്ച മന്ത്രിയോടു ഗ്യാസ്സപ്ലൈ ഉടനെ നിറുത്തിക്കളെയുമെന്നു് അവൾ പറഞ്ഞു. അതിനു്, മന്ത്രി അവളെ പിടിച്ചു പുറത്തേക്കു തള്ളി. അവൾ ഞങ്ങളുടെ താമസസ്ഥലത്തു ഫോൺ വഴി അവളുടെ മേലാവിനെ വിവരം അറിയിച്ചു. മേലാവു്, സംഭവങ്ങളെക്കുറിച്ചു് ഒരു റിപ്പോർട്ടെഴുതിക്കൊടുക്കുവാനാണു പറഞ്ഞതു്. പ്രസ്തുത മന്ത്രിയുടെ അഹങ്കാരം കുറയ്ക്കുന്നതിനുവേണ്ടി, നടന്ന സംഭവങ്ങളെക്കുറിച്ചു് ഒരു ലേഖനം എഴുതി എൻ. ബി. സി-ക്കു് അയച്ചുകൊടുക്കാമെന്നു ഞാനും ഉദ്ദേശിച്ചു.

എന്നാൽ സാധുവായ ആ യുവതിക്കു്, അതുകൊണ്ടു് സങ്കടമുണ്ടായാലോ എന്നുവിചാരിച്ചു് ഞാൻ, അപ്രകാരം ചെയ്തില്ല.

റഷ്യയിൽ വീട്ടുടമസ്ഥനെ 'ബാരിൻ' എന്നും, വീട്ടുടമസ്ഥയെ 'ബാരിന്യ'യെന്നുമാണു വിളിച്ചിരുന്നതു്. നീല തന്നത്താൻ വസ്ത്രങ്ങൾ ഇസ്തിരിവയ്ക്കുകയും മററും ചെയ്തിരുന്നതുകൊണ്ടു്, വളരെക്കാലം പരിചാരികയായി ജോലിചെയ്തു ശീലമുള്ളവളായ ഞങ്ങളുടെ വീട്ടുജോലിക്കാരി, 'ഓൾഗാ ഫ്യോഡോറോവ്നാ,' നീല ഒരു ബാരിന്യായേ അല്ലെന്നു പറഞ്ഞു. ഞങ്ങളുടെ മുറിയിൽ വളരെയധികം മരസ്സാമാനങ്ങളൊന്നുമില്ലാത്തതുകൊണ്ടു്, തൻെറ മുമ്പിലത്തെ യജമാനനും, ജാഡ്ബാൻഡുനേതാവുമായ ഉട്ടെസോവിൻെറ വീടു് ഒരു കൊട്ടാരംപോലെയിരുന്നുവെന്നു് ഓൾഗാ പറഞ്ഞു. താമസിയാതെ അവൾ ഞങ്ങളെ വിട്ടുപോയി.

'ക്യൂ' ആയിട്ടു നിന്നു് ഓരോ സാധനങ്ങൾ മേടിച്ചുകൊണ്ടു വരുന്നതിനും, ഗ്യാസ്സപ്ലൈ, ചൂടുവെള്ളം കുഴൽവഴി വിതരണംചെയ്യുന്നതു്, വാഷിങ്ങ്മിഷ്യൻ, ഇലക്ട്രിക്യന്ത്രങ്ങൾ ഈ സൗകര്യങ്ങളൊന്നുമില്ലാത്ത റഷ്യയിൽ വീട്ടുജോലികൾ നോക്കുന്നതിനും ഒരു പരിചാരികയില്ലാതെ സാധിച്ചിരുന്നില്ല. ഓൾഗാ ഞങ്ങളെവിട്ടു പതിനെട്ടുമാസം കഴിഞ്ഞു് ഞങ്ങൾക്കു പതിനെട്ടുവയസ്സുള്ള 'ആസിയ' എന്നൊരു പരിചാരികയെ കിട്ടി. ഒരു ബൈലൊറഷ്യൻഗ്രാമത്തിൽനിന്നും, വിദ്യാഭ്യാസത്തിനായി, സോവിയററുതലസ്ഥാനനഗരിയിൽ വന്നവളായിരുന്നു അവൾ. താമസത്തിനു് ഒരു സ്ഥലം കിട്ടാതെ വിഷമിച്ച അവൾ, ഒരു പരിചാരികയായി ജോലിനോക്കിക്കൊള്ളാമെന്നു സമ്മതിച്ചു. പക്ഷെ അവൾ, തൊഴിലാളിസംഘടനമുഖാന്തിരമാണു്, ഞങ്ങളുടെ അടുക്കൽ ജോലി ഏററതു്. അതനുസരിച്ചു് ഞങ്ങൾ അവളുടെ ആഹാരച്ചിലവു വഹിക്കണമെന്നും, അവളിൽനിന്നും തൊഴിലാളി

സംഘടനയ്ക്കു കിട്ടേണ്ട ആദായം കൊടുക്കണമെന്നും, ആണ്ടിൽ രണ്ടു ഷൂസും, രണ്ടു് ഉടുപ്പും, മേടിച്ചുകൊടുക്കണമെന്നും, അതു പോലെ അവർക്കു് മാസംതോറും, രണ്ടു ഷീററുകളോടുകൂടിയ ഒരു കിടക്ക കൊടുത്തുകൊള്ളണമെന്നും സംഘടന ഏർപ്പാടു ചെയ്തു. ഇതിനെല്ലാത്തിനുംപുറമേ, ഒരാഴ്ചയിൽ ഒരുദിവസവും, രണ്ടു വൈകുന്നേരവും, അതുപോലെ ഒരുവർഷത്തിൽ രണ്ടാഴ്ചയും ഞങ്ങൾ അവർക്കു് അവധികൊടുക്കണമെന്നും നിബന്ധനയുണ്ടായിരുന്നു. ആസിയാ ഞങ്ങളുടെ അടുക്കൽ ജോലിക്കുവന്ന കാര്യം ഗൃഹരോബിൻ അധികാരികൾ അറിഞ്ഞിരുന്നില്ല. ഞങ്ങളുടെ ഗൃഹജീവിതത്തിൽ സാധാരണമായിരുന്ന പരിഷ്കൃതരീതികളെക്കുറിച്ചു് ആസിയായ്ക്കു് ഒരറിവും ഉണ്ടായിരുന്നില്ല. അതു്, മുതലാളികളുടെ ഒരുവക ചൂഷണമാണെന്നാണു് അവൾ വിചാരിച്ചിരുന്നതു്. "തൊവാറിസ്ച്ച്" എന്നാണു് അവൾ എന്നെ വിളിച്ചിരുന്നതും. ആഹാരം കഴിച്ചുകൊണ്ടിരിക്കുമ്പോഴും, അത്യാവശ്യകാര്യങ്ങൾ വല്ലതും എഴുതിക്കൊണ്ടിരിക്കുമ്പോഴും, ജീവിതം, കക്ഷിവഴക്കു്, ജർമ്മൻഭാഷ ഇവയെക്കുറിച്ചു ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കരുതു് എന്നു ഞാൻ പറയുന്നതു് ആസിയായ്ക്കു രസിച്ചിരുന്നില്ല. ഉപരിവിദ്യാഭ്യാസം, ഉദ്യോഗം മുതലായ കാരണങ്ങൾക്കുവേണ്ടി വിദേശഭാഷകൾ പഠിക്കുന്നതിൽ റഷ്യാക്കാർ ഏററവും പ്രതിപത്തികാണിച്ചിരുന്നു. "റഷ്യൻഭാഷയിൽ ആലോചിച്ചു ക്ഷീണിക്കുമ്പോൾ, ഇംഗ്ലീഷുഭാഷകൊണ്ടു് ഞാൻ ആനന്ദിച്ചിരുന്നു" എന്നു്, "ജോർജി വഴ്സാകോവ്" എന്ന പ്രസിദ്ധ റഷ്യൻ എൻജിനീയർ ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ടു്. വേറൊരവസരത്തിൽ ഒരു ഹോട്ടൽജോലിക്കാരൻ എന്നോടു പറഞ്ഞു: "ഞാൻ ക്ഷീണിച്ചു വീട്ടിലേക്കു വരും. കിടക്കയിൽ കിടന്നുകൊണ്ടു് ഞാൻ ഒരു ഫ്റഞ്ചുപുസ്തകം തുറന്നു

നോക്കും. ഒന്നും മനസ്സിലായില്ലെങ്കിലും, എനിക്കു് അതുകൊണ്ടു് ഒരു ആത്മാഭിമാനം തോന്നും." ആസിയായാകട്ടെ അവളുടെ പള്ളിക്കൂടത്തിൽവച്ചു് അവൾ പഠിച്ച അന്യഭാഷ ജർമ്മനായിരുന്നു. പക്ഷെ കഴിഞ്ഞ പതിനഞ്ചുവർഷക്കാലമായി ഇംഗ്ലീഷുഭാഷാഭ്യസനത്തിനു റഷ്യയിൽ വളരെ പ്രാധാന്യം സിദ്ധിച്ചിട്ടുണ്ടു്.

ഒരു ചെറിയ കേസു (പെട്ടി) കിട്ടിയാൽകൊള്ളാമെന്നു് ആസിയാ വളരെക്കാലമായി ആഗ്രഹിച്ചിരുന്നു. അവളുടെ ചെറുപ്പകാലത്തു്, അവളുടെ പ്രദേശത്തുള്ള കൂട്ടകൃഷിസ്ഥലം പരിശോധിക്കുന്നതിനു വന്നിരുന്ന ഡിസ്ട്രിക്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിയുടെ സിക്രട്ടറി ഒരു ചെറിയ കേസു വഹിച്ചിരുന്നു. അയാളെക്കുറിച്ചു് അവളുടെ അച്ഛൻ വളരെ സ്തുതിച്ചുപറകയുണ്ടായി. അതുപോലെ ആ പ്രദേശത്തുള്ള കൂട്ടകൃഷിസ്ഥലത്തിലെ ചെയർമാൻ പട്ടണത്തിലേക്കു പോയിട്ടുവരുമ്പോൾ ഒരു ചെറിയ കേസും മേടിച്ചുകൊണ്ടുവന്നു. ൧൯൩൯ ശരൽക്കാലത്തു ഞാൻ ബൾഗേറിയായിലേക്കു് ഒരു വിമാനയാത്രചെയ്യാൻ പുറപ്പെട്ടപ്പോൾ, ആസിയായ്ക്കു് എന്തെങ്കിലും മേടിച്ചുകൊണ്ടുവരണമോ എന്നു ചോദിച്ചു. ഒരു ചെറിയ കേസും, ഒരുജോടി റബ്ബറും (ഷൂസിന്റെ പുറമെ ഇടുന്ന ഒരു ആവരണം; ഓവർഷൂസ്) കിട്ടിയാൽകൊള്ളാം എന്നു് അവൾ അറിയിച്ചു. രണ്ടുജോടി റബ്ബറുകൾ അവൾക്കു നേരത്തേതന്നെ ഉണ്ടായിരുന്നു. യുദ്ധമുണ്ടാകുമ്പോൾ അവ കിട്ടാതെയായാലോ എന്നു വിചാരിച്ചാണു് അവൾ ഒരു ജോടികൂടി ആവശ്യപ്പെട്ടതു്. അവൾ ആഗ്രഹിച്ചതു രണ്ടും ഞാൻ അവൾക്കു കൊണ്ടുവന്നുകൊടുത്തു. പക്ഷെ, ആഹാരസാധനം വിളമ്പുന്ന സമയത്തുപോലും, അവൾ ആ കേസു കയ്യിൽ വച്ചുകൊണ്ടു നടക്കും. അതൊരു വലിയ അഭിമാനമാണെന്നാണു് അവൾ കരുതിയിരുന്നതു്. ഒടുവിൽ ഞാൻ അതു പാടില്ലെന്നു വിലക്കി.

ഒരുദിവസം വൈകിട്ട്, ഞാനും നീലയും ഒരു വിരുന്നിനു പോയി. നീലയ്ക്കു നല്ല സുഖമില്ലാത്തതിനാൽ ഞങ്ങൾ കുറെ നേരത്തെ തിരിച്ചുവന്നു. അപ്പോൾ, ആസിയാ, ഭക്ഷണമുറിയിൽ സുന്ദരനായ ഒരു യുവഭടനുമായി സല്ലപിച്ചുകൊണ്ടിരിക്കുന്നതു ഞങ്ങൾ കണ്ടു. ഞങ്ങളെക്കണ്ടയുടൻ, ആ യുവാവു്, എണീററു. "അല്ലയോ സീനിയാ, ഈ വന്നിരിക്കുന്നതു്, എൻെറ സഹോദരിയും, അവരുടെ ഭർത്താവായ സഖാവു മാഗിഡോഫ്ഫുമാണു്. അദ്ദേഹം മാസ്ക്കോസർക്കസ്സിലെ ഒരു കലാകാരനാണ്" എന്നു് അവൾ ഭടനോടു പറഞ്ഞു. ഞങ്ങൾ സീനിയയ്ക്കു കൈകൊടുത്തു. അവൻ സ്ഥലംവിട്ടശേഷം, കരഞ്ഞുകൊണ്ടു്, ആസിയാ ഞങ്ങളോടു പറഞ്ഞു: "ക്ഷമിക്കണം, ഞാൻ ഒരു ജോലിക്കാരിയാണെന്നു് എനിക്കു് ആ ഭടനോടു പറയുവാൻ വയ്യ." ഈ കാരണംവച്ചുകൊണ്ടു് ആസിയാ താമസിയാതെ ഞങ്ങളെ വിട്ടു. ബ്യൂറോബിൻഅധികാരികൾ അവളെ കണ്ടുപിടിച്ചു് പേരു രജിസ്റ്റർ ചെയ്യാൻ പറഞ്ഞു. അവർ ആവശ്യപ്പെട്ടതനുസരിച്ചു്, ഞങ്ങളുടെ പ്രവർത്തനങ്ങൾ ശ്രദ്ധിച്ചു് അവരെ അറിയിക്കുന്നതിനു് അവൾ വിസമ്മതിച്ചു എന്നാണു് എനിക്കു തോന്നുന്നതു്. മോട്ടാർവാഹനം ഓടിക്കുന്നതിനു പഠിപ്പിക്കുന്ന, മാസ്കോനഗരത്തിലുള്ള, ഒരു സ്കൂളിൽ ആസിയാ ചേർന്നു പഠിക്കുകയും, മാസ്കോഗതാഗതവകുപ്പിൽ, ഏററവും സമർത്ഥയായ ഒരു സ്ററാക്കനോവൈററായിട്ടു് അവൾ തീരുകയുംചെയ്തുവെന്നു ഞാൻ പിന്നീടു് അറിയുകയുണ്ടായി. ആസിയാ ഞങ്ങളോടുകൂടി താമസിക്കുമ്പോൾ, ഒരിക്കൽ, ഞാൻ ചെമ്പടയെക്കുറിച്ചു ചില വിവരങ്ങൾ ഒരു ചരിത്രപുസ്തകത്തിൽ നോക്കിക്കൊണ്ടിരിക്കയായിരുന്നു. "ഗ്രേററ്പർജ്" സംബന്ധിച്ച രാജ്യദ്രോഹിയായി കൊല്ലപ്പെട്ട ജനറൽ തുഖാചെവ്സ്കി'യുടെ ഒരു പടം അതിൽ കണ്ടു്, ഞാൻ അതു് ആസിയയെക്കാ-

ണിച്ചു് "അവൻ സുന്ദരനല്ലയോ" എന്നു ചോദിച്ചപ്പോൾ "ഒരു പൊതുജനദ്രോഹിക്കു് എങ്ങനെ സുന്ദരനാകാൻ കഴിയും?" എന്നാണു് അവൾ എന്നോടു ചോദിച്ചതു്.

ചുവന്ന തലമുടിയോടുകൂടിയ 'ലിയെന'യായിരുന്നു, ഞങ്ങളുടെ അടുത്ത പരിചാരിക. അവളുടെ സ്വഭാവം, ആസിയായുടേതിൽനിന്നും വളരെ വ്യത്യസ്തമായിരുന്നു. അവൾ പ്രകൃത്യാതന്നെ ഒരു പാചകക്കാരിയായിരുന്നു. അമേരിക്കൻഎംബസ്സിയിലുള്ള ഒരു സിക്രട്ടറിക്കുവേണ്ടി, വളരെക്കാലം അടുക്കളജോലി നോക്കിയിരുന്ന അവൾക്കു് തൻെറ ജോലി ഏററവും ഇഷ്ടവുമായിരുന്നു. നീല, വിരുന്നുകൾക്കു പോവുകയും, പുസ്തകങ്ങൾ വായിക്കുകയും മാത്രമേ ചെയ്തിരുന്നുള്ളൂവെന്നും, ഞാൻ ഫോണും, ടൈപ്പ്റൈററും കൊണ്ടു സമയം കഴിച്ചുകൂട്ടുന്നുവെന്നും, എന്നാൽ ലിയെനായ്ക്കാണു് ഏററവും ബുദ്ധിമുട്ടുണ്ടായിരുന്നതെന്നും, അവൾ ഒരിക്കൽ പറയുകയുണ്ടായി. പാചകത്തിൽ യാതൊരു കുറവും ഉണ്ടായിരിക്കുന്നതിനു് അവൾ സമ്മതിച്ചിരുന്നില്ല. ഇറച്ചി വിളമ്പുന്നതിനു്, പാഴ്സ്ലി (ഒരുവക ചെടി) കാണാഞ്ഞിട്ടു്, അതു കൊണ്ടുവരുന്നതിനുവേണ്ടി, ഞങ്ങളുടെ ലഞ്ചിനു് (രാവിലെയുള്ള ലഘുഭക്ഷണത്തിനു്) അരമണിക്കൂർ താമസിപ്പിച്ചു. ലീയെനാ സത്യസന്ധയും, മിതവ്യയശീലമുള്ളവളുംകൂടിയായിരുന്നു. ഓരോ മാസവും ആഹാരംവകയ്ക്കു ചിലവാകുന്ന തുകയ്ക്കു നിശ്ചിതകണക്കു് എഴുതിയുണ്ടാക്കണമെന്നു് അവൾ നിർബന്ധിച്ചു. ഞാൻ ആശുപത്രിയിൽ കിടക്കുമ്പോൾ, ദിവസവും, റാത്തലിനു നാലര അമേരിക്കൻഡോളറോളം ചിലവുചെയ്തു് ഒരുറാത്തൽ ആപ്പിൾവീതമെങ്കിലും കഴിക്കണമെന്നു ഡാക്ടർമാർ പറഞ്ഞു. ലിയെനാ, അവളുടെ കണക്കിൽ ആപ്പിളിൻെറ ചിലവു് ഉൾപ്പെടുത്തുകയില്ലെന്നു പറഞ്ഞു. നീല,

അതിനു പ്രത്യേകം ഒരു തുക വിനിയോഗിച്ച്, വേവലിനോട് അതു കുറിച്ചുവച്ചുകൊള്ളുവാൻ പറഞ്ഞു. ലേഖകന്മാർ ഞങ്ങളോടു കൂടി ആഹാരംകഴിക്കുന്നതിനു വന്നുചേരുന്നതു ലിയെനായ്ക്കു് ഇഷ്ടമില്ലായിരുന്നു. എന്തെന്നാൽ, നഗരത്തിലുള്ള ഹോട്ടലുകളിലെ ആഹാരംകൊണ്ടു മുഷിഞ്ഞു്, അവർ വളരെയധികം ഭക്ഷിച്ചിരുന്നു. റഷ്യാക്കാർ വീട്ടിൽ ആഹാരത്തിനു വന്നുചേരുന്നതും അവൾക്കിഷ്ടമില്ലായിരുന്നു. എന്തെന്നാൽ ദാരിദ്ര്യവാസികളായ അവർ വലിയ ആർത്തിക്കാരായിരുന്നു. അവൎക്കു വകതിരിവും ഉണ്ടായിരുന്നില്ല. ലിയെനാ ആഹാരസാധനം വിളമ്പുമ്പോൾ, ഒരു റഷ്യാക്കാരൻ അവളുടെ പാചകസാമർത്ഥ്യത്തെക്കുറിച്ചു പ്രശംസിച്ചിരുന്നതു് അവൾ വെറുത്തിരുന്നു.

അതുപോലെ, നയതന്ത്രപരമായി, വിദേശങ്ങളിൽനിന്നും വന്നു താമസിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ താമസസ്ഥലങ്ങളിൽ നടക്കുന്ന വിരുന്നുകളിൽ സംബന്ധിച്ചിട്ടു ഞങ്ങൾ തിരിച്ചുവരുമ്പോൾ, ഞങ്ങൾക്കു കിട്ടിയ വിഭവങ്ങളുടെ ഗുണത്തെക്കുറിച്ചു ലിയെനാ ഞങ്ങളോടു ചോദിച്ചു മനസ്സിലാക്കി, അതിനെക്കാളും നന്നായിട്ട്, സാധനങ്ങൾ പാകംചെയ്യുന്നതിനു ലിയെനാ വഴികൾ കണ്ടുപിടിക്കും. ഒരിക്കൽ മെക്സിക്കൻഎംബസ്സിയിൽ രാത്രിയിൽ നടന്ന ഒരു വിരുന്നിനു ഞങ്ങൾക്കു കിട്ടിയ വിഭവങ്ങൾ വളരെ നന്നായിരുന്നെന്നു ഞാൻ പറഞ്ഞുപോയി. ഇരുപത്തിനാലു മണിക്കൂർനേരം, ലിയെനാ ഞങ്ങളോടു സംസാരിക്കപോലും ചെയ്യാതെ, അടുക്കളയിൽ ബഹളമുണ്ടാക്കി. മെക്സിക്കൻഎംബസ്സിയോടു ഫോണിൽ പലപ്രാവശ്യവും സംസാരിക്കയും, അവിടത്തേയ്ക്കു് ഒരു യാത്രചെയ്യുകയും ചെയ്തു്, അവൾ അവരുടെ പാചകരീതി മനസ്സിലാക്കി പിന്നീട് അവൾ ഞങ്ങളെക്കൊണ്ടു നയതന്ത്രപരമായ ഒരു വിരുന്നുകൊടുപ്പിച്ചു. അതിന്, അവൾ

വിഭവങ്ങൾ മെക്സിക്കൻവിരുന്നിനുള്ളവയെക്കാളും വളരെ നന്നാ-
യിട്ടു തയാറാക്കി.

ലിയെനായ്ക്കു്, മററു പല കാര്യങ്ങളിലും അജ്ഞതയും,
അന്ധവിശ്വാസവുമുണ്ടായിരുന്നു. യുദ്ധം തുടങ്ങിയപ്പോൾ,
ഞങ്ങളെ വിട്ടുപോകുന്നതിനു്, ഞാൻ അവളെ സമ്മതിച്ചു.
യുദ്ധം കഴിഞ്ഞു തിരിച്ചെടുത്തുകൊള്ളാമെന്നും ഞാൻ പറഞ്ഞു.
അതനുസരിച്ചു് ൧൯൪൨ സെപ്റ്റംബറിൽ, അവൾ മെട്രോപ്പോൾ
ഹോട്ടലിൽ വന്നു് ഞങ്ങളെക്കണ്ടു. "യുദ്ധം കഴിഞ്ഞില്ലല്ലോ"
എന്നു ഞാൻ പറഞ്ഞു. അപ്പോൾ അവൾ മറുപടി പറഞ്ഞു:
"ഈയാണ്ടു് കുമിളുകൾ ഉണ്ടായിട്ടില്ല. ജനിച്ച കുട്ടികൾ അധി-
കവും പെൺകുട്ടികളാണു്. അതുകൊണ്ടു യുദ്ധം എളുപ്പം അവ-
സാനിക്കും."

ലിയെനാ അക്ഷരാഭ്യാസമില്ലാത്തവളും, സിനിമ മുതലായ-
തുകളിൽ യാതൊരു താല്പര്യവുമില്ലാത്തവളുമായിരുന്നു. അവൾ
പരിഷ്കൃതയാണെന്നാണു് അവൾ വിചാരിച്ചിരുന്നതു്. എന്തെ-
ന്നാൽ അവളുടെ സഹവാസം, വിദേശികളുമായിട്ടായിരുന്നു.
അവളുടെ ചുവന്ന തലമുടിയും, പൊക്കക്കുറവും മററും കണ്ടു്,
പുരുഷന്മാരാരും അവളെ ഇഷ്ടപ്പെട്ടിരുന്നില്ല. അതിനു വേറെ
ചില കാരണങ്ങളുമുണ്ടായിരുന്നു.

ഒരിക്കൽ അവൾ ഒരു ചുക്കുകടക്കാരനുമായി പരിചയ-
പ്പെട്ടു്, അവനു സായാഹ്നഭക്ഷണം തയാറാക്കുന്നതിനു് അവന്റെ
വീട്ടിലേക്കു പോകുക പതിവായി. എന്നാൽ അവനും, മററു
പല റഷ്യാക്കാരെപ്പോലെ, ഭോജനത്തിൽ മാത്രമേ രസിച്ചിരു-
ന്നുള്ളു എന്നുപറഞ്ഞു് അവൾ അവനെ വിട്ടു.

ലിയെനാ വിവാഹജീവിതം ആഗ്രഹിക്കുന്നു എന്നറിഞ്ഞു്,
അവളുടെ ഒരു സ്നേഹിത, അവിവാഹിതനായ ഒരു മനുഷ്യനുമായി

പരിചയപ്പെടുത്തുന്നതിനു വേണ്ട ഏൎപ്പാടുചെയ്തു. നീല അവൾക്കു് ഒരുജോടി വെള്ളവളകളും, പളുങ്കുമാലയും ഇട്ടുകൊണ്ടു പോകാൻ കൊടുത്തു. പൂക്കൾകൊണ്ടലങ്കരിച്ച രണ്ടു ചീപ്പും നീല അവൾക്കു സമ്മാനിച്ചു് വിലപിടിച്ച ചാനൽ നം. ൫.' എന്ന സെൻറിൽ കുറെ തുള്ളികളും അവളുടെ പുറത്തു തളിച്ചു. എന്നാൽ വിവാഹാലോചന സഫലമായില്ല. എന്തെന്നാൽ വിചാരിച്ചിരുന്ന മനുഷ്യൻ ഒരു ടക്കുഡ്രൈവറായിരുന്നു. അയാൾ തൻെറ സ്റ്റഡിബേക്കർടക്കിനെക്കുറിച്ചും, മാസ്കോനഗരത്തിൽ ഗതാഗതനിയമങ്ങൾ അവഗണിച്ചതുകൊണ്ടു്, താനും പോലീസുകാരുമായുണ്ടായ കലശലുകളെക്കുറിച്ചും മാത്രമേ അവൻ സംസാരിച്ചുള്ളൂ. അവൻ കറുത്ത റൊട്ടികൊണ്ടുമാത്രം തൃപ്തിപ്പെട്ടു. ഒന്നാംതരം അമേരിക്കൻമാവുകൊണ്ടു് ലിയെനാ, ഉണ്ടാക്കിയ സാധനങ്ങൾ അവൻ വേണ്ടത്ര കഴിച്ചില്ല. ഹെറിങ്ങിൻെറ (ഒരുതരം മത്സ്യം) ഒരു കഷണം, അവൻ കൈകൊണ്ടു് എടുത്തു ഭക്ഷിച്ചു. ഇങ്ങനെ ഒട്ടും സംസ്കാരമില്ലാത്ത ഒരു മനുഷ്യനെ താൻ ഇഷ്ടപ്പെടുന്നില്ല എന്നു ലിയെനാ പറഞ്ഞു.

ഞങ്ങൾ മാസ്കോ വിട്ടപ്പോൾ, യു പി. യുടെ ലേഖകനും എൻെറ സ്നേഹിതനുമായ വാൾട്ടർക്രാങ്കൈറ് ലിയെനായെ ജോലിക്കു് എടുത്തു.

ഭാഗം നാല്

# എമിലി പോസ്റ്റ്,
# റഷ്യ ആക്രമിക്കുന്നു

# അദ്ധ്യായം ൧൧

അണുയുഗസമാധാനത്തിന്റെ അനിശ്ചിതാവസ്ഥകൾക്കിടയിൽ, ആർക്കും അറിയുവാൻ സാധിക്കാതെ, ചില സംഭവവികാസങ്ങൾ റഷ്യയിൽ പതുക്കെ രൂപമെടുത്തുകൊണ്ടിരിക്കയാണു്. സ്റ്റാലിൻപഞ്ചവത്സരപദ്ധതി, രാഷ്ട്രീയവിപുലീകരണം ലക്ഷ്യമാക്കിക്കൊണ്ടുള്ള റഷ്യൻവിദേശനയം ഇവയിൽ, റഷ്യൻജനതയ്ക്കു് യാതൊരു കാര്യവുമില്ല. അതുകൊണ്ടു് അവർ വളരെയധികം സങ്കടപ്പെടുകയും, നവീനമായ ഒരു ജീവിതരീതിക്കുവേണ്ടി തപിച്ചുകൊണ്ടിരിക്കയും, ആണു ചെയ്യുന്നതു്.

പാശ്ചാത്യരീതികളേയും, ആംഗ്ലോ സാക്സൺ സംസ്കാരത്തെത്തന്നെയും, വെറുക്കുന്ന റഷ്യാക്കാർ, 'എമിലി പോസ്റ്റ്' എന്ന മഹാന്റെ കൃതികൾ വളരെ ഇഷ്ടപ്പെടുന്നു. ൧൯൨൦-മുതൽ ൧൯൪൦ വരെ, അമേരിക്കാക്കാർ ബൈബിൾപോലെ ബഹുമാനിച്ചിരുന്ന പ്രസ്തുത കൃതികൾ, സോവിയറ്റുവിദേശകാര്യവകുപ്പു നടത്തിവരുന്ന നയതന്ത്രപരിശീലനത്തിനുവേണ്ടിയുള്ള സ്ക്കൂളുകളിലും, റഷ്യൻ സൈനികവിദ്യാശാലകളിലും, ഉപയോഗിച്ചുവരുന്നു. ആചാരമര്യാദകളിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്ന മിലിട്ടറി അററാഷേ'കൾക്കുവേണ്ടിയുള്ള സ്ക്കൂളുകളിൽ പ്രസ്തുത കൃതികൾക്കു വളരെ പ്രാധാന്യം കല്പിക്കുന്നു. എന്നാൽ ആ കൃതികൾ, റഷ്യയിലെ പൊതുജനങ്ങൾക്കു ലഭ്യമല്ല. ഇങ്ങനെ, റഷ്യയിൽനിന്നും വിദേശങ്ങളിലേക്കയയ്ക്കപ്പെടുന്ന പ്രതിനിധികളെ, 'അധഃപതിച്ച പടിഞ്ഞാറൻ പ്രജാധിപത്യരാജ്യങ്ങളിലുള്ള' സാമുദായികസദാചാരങ്ങൾതന്നെയാണു പഠിപ്പിക്കുന്നതു്. എന്നുതന്നെയല്ല, പാശ്ചാത്യജീവിതരീതികളോടും,

സംസ്കാരത്തോടും റഷ്യൻ പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള, അനുഭാവവും പറഞ്ഞറിയിക്കാൻ സാധിക്കയില്ല.

'വിദേശി' എന്നൎത്ഥമുള്ള 'ഇനോസ്ത്രാനററ്' എന്ന റഷ്യൻവാക്കു്, വൃത്തിയുള്ള, അഴകുള്ള, സദാചാരമുള്ള എന്ന വാക്കുകൾക്കു പൎയ്യായമാണു്. 'വിദേശങ്ങളിൽ നിൎമ്മിച്ചതു്' എന്നൎത്ഥമുള്ള 'സാഗ്രാനിച്ച്നി' എന്ന റഷ്യൻവാക്കു്, ഗുണം, സൂക്ഷ്മതയോടുകൂടി നിൎമ്മിച്ചതു് എന്ന വാക്കുകൾക്കു പൎയ്യായമാണു്. പല റഷ്യൻനഗരങ്ങളിലും, സൌന്ദൎയ്യവൎദ്ധകങ്ങളായ സാധനങ്ങൾ വിൽക്കുന്ന കടകളേയും, തയ്യൽക്കടകളേയും, 'അമേരിക്കാനാ' എന്നാണു റഷ്യാക്കാർ വിളിക്കുന്നതു്.

സദാചാര രീതികളെക്കുറിച്ചു് അറിവുകിട്ടിയാലുടൻ റഷ്യാക്കാർ അതു് സ്വീകരിച്ചുതുടങ്ങുന്നു. റഷ്യാക്കാരുടെ ഇടയിലുള്ള സദാചാര രീതികൾ ഏതെങ്കിലും, വിദേശികൾ അനുസരിക്കാതിരുന്നാൽ അതൊരു അവമാനമായിട്ടും അവർ കരുതുന്നു.

ഒന്നാംലോകമഹായുദ്ധകാലത്തു്, ഒരു 'പർച്ചേസിങ്ങ് കമ്മിഷൻെറ' (സാധനങ്ങൾ മേടിക്കുന്നതിനു നിയുക്തമായ ഒരു സംഘം) അംഗമായി അമേരിക്കയ്ക്കു പോയിട്ടു് തിരിച്ചുവന്ന ഒരു റഷ്യൻ എൻജിനീയർ ഒരിക്കൽ എന്നോടു പറഞ്ഞു: "ഞാൻ ഒരു വലിയ അമേരിക്കൻവ്യവസായനേതാവിനെ കാണാൻ ചെന്നു. ഞാൻ യോഗ്യമായ രീതിയിൽ വസ്ത്രം ധരിച്ചുകൊണ്ടാണു ചെന്നതു്. എന്നാൽ അദ്ദേഹം വെറും ഷർട്ടുമാത്രം ഇട്ടുകൊണ്ടു്, 'ച്യൂയിങ്ങ്ഗം' ചവച്ചുകൊണ്ടു് എന്നെ സ്വീകരിക്കയും, തിരിയുന്ന ഒരു കസേരയിൽ ഇരുന്നു്, കാലുകൾ ഡസ്കിൻെറ മുകളിലിട്ടുകൊണ്ടു് കാൎയ്യം സംസാരിക്കുകയുംചെയ്തു. ഒരു റഷ്യാക്കാരനായ എന്നെ അദ്ദേഹം അവമാനിക്കുന്നതായിട്ടാണു ഞാൻ കരുതിയതു്. എന്നാൽ അദ്ദേഹത്തിൻെറ സാധനങ്ങൾ എനിക്കു

വേണ്ടിയിരുന്നതിനാൽ ഞാൻ ഒന്നും മിണ്ടിയില്ല. വേറൊരു വ്യവസായനേതാവിനെ കണ്ടപ്പോൾ അദ്ദേഹവും ആദ്യത്തെ ആളിനെപ്പോലെതന്നെ പെരുമാറിയതിനാൽ, ക്രുദ്ധനായി ഞാനും കാലുകൾ ഡസ്കിനുപുറത്തിട്ടുകൊണ്ടു് സംസാരിച്ചു. എന്നാൽ അദ്ദേഹം അതു ശ്രദ്ധിക്കപോലും ചെയ്തില്ല. അമേരിക്കാക്കാർ ആചാരക്രമംമാത്രം അനുഷ്ഠിക്കുന്നതിൽ ഭ്രമിച്ചിരുന്നില്ല എന്നു്, അപ്പോഴാണു് എനിക്കു മനസ്സിലായതു്."

ബ്രൂക്ക്സുവിൽ എന്ന സ്ഥലത്തു് ചായകഴിച്ചുകൊണ്ടിരിക്കുമ്പോൾ, പരിഷ്കൃതയായ ഒരു സ്ത്രീ എന്നോടു പറഞ്ഞു: "എൻെറ മകൻ മാസ്കോവിലുള്ള അമേരിക്കൻ എംബസ്സിയിൽ കുറേക്കാലം കഴിഞ്ഞുകൂടി. രണ്ടുവർഷം അവൻ ഇറാനിലും ജീവിച്ചിട്ടുണ്ടു്. ആ മകൻ മാസ്കോനഗരത്തിൽവച്ചു വിവാഹംചെയ്ത റഷ്യൻഭാര്യയുമായി ഇപ്പോൾ തിരിച്ചുവരും. അവൾ സദാചാരവും മര്യാദയും ഉള്ളവളായിരിക്കുമോ, എന്തോ." റഷ്യാക്കാരുടെ സംസ്കാരഹീനതയേയും, അജ്ഞതയേയുംകുറിച്ചു് വേറെയും പല ചോദ്യങ്ങൾ ആ സ്ത്രീ ചോദിക്കുന്നതിനാഗ്രഹിച്ചു എന്നു് എനിക്കു മനസ്സിലായി തങ്ങളുടെ കുറവുകൾ പരിഹരിച്ചു് സാംസ്കാരികമായും മററുമുള്ള അഭിവൃദ്ധി നേടേണ്ടതു് എങ്ങനെ എന്നുള്ള പ്രശ്നമാണു് അനേകകോടി റഷ്യാക്കാരുടെ മനസ്സിലുള്ളതു്.

ആഹാരംകഴിഞ്ഞു് ഏമ്പക്കംവിടുക എന്നതു് റഷ്യാക്കാർ ഒരനാചാരമായി ഇപ്പോഴും വിചാരിക്കുന്നില്ല. നല്ല ഒരു ഭോജനത്തിൻെറ അടയാളമായിട്ടാണു് അവർ അതിനെ കരുതുന്നതു്. എവിടെയെങ്കിലും വിരുന്നിനുപോകുമ്പോൾ ആതിഥേയൻ ആഹാരസാധനങ്ങൾ വിളമ്പുന്നതു് ആദ്യം വേണ്ടെന്നു പറയണം. രണ്ടാമതു വിളമ്പുമ്പോഴാണു സ്വീകരിക്കേണ്ടതു്. ഇതാണു മര്യാദ. അതുപോലെ ഒരാൾക്കു സുഖമില്ലെങ്കിൽ അയാൾ

ആഹാരം വേണ്ടത്ര കഴിക്കരുതു്. എന്തെന്നാൽ ശരിയായി ആഹാരംകഴിക്കുന്ന ഒരാൾക്കു് സുഖക്കേടൊന്നും കാണുകയില്ലല്ലോ. എന്റെ അമ്മായിക്കു്, സുഖമില്ലാതിരുന്നപ്പോൾ, അവൾക്കുവേണ്ടി ഒഴിച്ചുകൊടുത്ത സൂപ്പുമുഴുവൻ കഴിക്കാതിരുന്നതിനുവേണ്ടി, നീല ദേഷ്യപ്പെട്ടു. അതു മര്യാദയല്ലെന്നും, പോരെങ്കിൽ ഞാൻ മുറിയിൽ നിന്നിരുന്നുവെന്നുമാണു് അമ്മായി പറഞ്ഞതു്. പക്ഷെ സൂപ്പു വളരെ രുചിയായിരുന്നുവെന്നു് അവർ സമ്മതിച്ചു.

ഒരു മൊളോട്ടോവുവിരുന്നു നടക്കുമ്പോൾ, ചെമ്പടയിലുള്ള ഒരു ജനറൽ, ഒരു ആളിവുഫലം പിച്ചാത്തികൊണ്ടു മുറിക്കുന്നതും, ഒരു റഷ്യൻ നയതന്ത്രജ്ഞന്റെ ഭാര്യ പണിപ്പെട്ടു് ഒരുകഷണം ചാക്കൊലേററു് മുള്ളുകൊണ്ടു കുത്തി വായിലാക്കുന്നതും, ഞാൻ കണ്ടു. ആ സ്ത്രീ, കറുത്ത വസ്ത്രവും, മങ്ങിയ മഞ്ഞനിറമുള്ള ഷൂസും, തവിട്ടുനിറമുള്ള സഞ്ചിയും ഉള്ളവളായിരുന്നു.

മാസ്കോനഗരത്തിലുള്ള, 'ബോൾബെയറിങ്ങ്‌വർക്സി'ൽ 'യെകത്തെരീനാ ബാരിഷ്നിക്കാവാ' എന്ന ഒരു സ്ത്രീ ജോലി ചെയ്തിരുന്നു. അവളുടെ പുതിയ ഒരു കണ്ടുപിടിത്തംകൊണ്ടു് ബോൾബെയറിങ്ങ്‌വർക്സിൽ നിർമ്മിതി ത്വരിതപ്പെട്ടു. അതു സംബന്ധിച്ചു് അവൾക്കു് വിലയേറിയ 'സ്റ്റാലിൻപ്രൈസ്' കിട്ടി. അവൾ അവളുടെ സെക്‌ഷനിൽ ഫോർമാനായിത്തീരുകയും, 'ട്രേഡുയൂണിയൻകൗൺസിൽ' അവളെ ഒരു പ്രധാന കമ്മററിയുടെ അംഗത്വത്തിനു സ്ഥാനാർത്ഥിയായി നിർത്തുകയും ചെയ്തു. എന്നാൽ അവൾ സൂത്രക്കാരിയും, മോട്ടാർഡ്രൈവറെപ്പോലെ സംസാരിക്കുന്നവളും, അവളുടെ സിഗററും തന്നെത്താൻ ഉണ്ടാക്കുന്നവളും മററും ആയതുകൊണ്ടു് സംസ്കാരഹീനയാണെന്നു പറഞ്ഞു് ആളുകൾ അവൾക്കു് വോട്ടു ശരിയായി കൊടുത്തില്ല.

ഛാത്ര്യായുടേതുപോലെയുള്ള സന്ദർഭങ്ങളിലാണ് റഷ്യാക്കാക്ക് ആരെക്കുറിച്ചുവേണമെങ്കിലും, എന്തിനെക്കുറിച്ചുവേണമെങ്കിലും നിരൂപണംചെയ്യാൻ അധികാരം നൽകിയിരുന്നതു്. എന്നാൽ കമ്യൂണിസ്റ്റ്പാർട്ടി, പാളിററ്ബ്യൂറോ ഇവയിലുള്ള ആളുകളിൽ ആരെയെങ്കിലുംകുറിച്ചു നിരൂപണംചെയ്യുന്നവരെ 'ട്രോസ്കിയെററ്' ആണെന്നു കുററപ്പെടുത്തിയിരുന്നു. എന്നുമാത്രമല്ല അവരെ 'പെടിഞ്ഞാറൻ സാമ്രാജ്യദുർമ്മോഹികളുടെ അനുയായി'കളാണെന്നും വിളിച്ചിരുന്നു.

കമ്യൂണിസ്റ്റ്യുവാക്കന്മാരുടെ ഒരു വർത്തമാനപ്പത്രമായ 'കോംസോമോൾസ്കായാപ്രവദ' എന്നതിൽ ഒരു ലേഖനം കണ്ടു. ഒരു നാട്ടുംപുറത്തുകാരനെയും അവനെ അതിരററു സ്നേഹിച്ചിരുന്ന ഒരു യുവതിയെയും കുറിച്ചായിരുന്നു ലേഖനം. യുവാവു് അവളെ ഒരു നൃത്തത്തിനു ക്ഷണിച്ചു. എന്നാൽ, പട്ടാളക്കാരൻ ഒരു ലഹളക്കാരനെ പിടിച്ചുകൊണ്ടു പോകുന്നതുപോലെയും, പോലീസുകാർ ഒരു കുററവാളിയെ കൊണ്ടുപോകുന്നതുപോലെയും, ആ യുവാവു് അവളെ വലിച്ചിഴച്ചുകൊണ്ടു് ആർക്കെസ്ട്രായുടെ മുമ്പിൽ ചെന്നതുകൊണ്ടു്, യുവതി നൃത്തത്തിനു വിസമ്മതിക്കുകയും, അവരുടെ സ്നേഹം അവസാനിക്കയുംചെയ്തു. 'സ്ത്രീകളുടെ കാൽവിരലുകളിൽ ചവിട്ടാതിരിക്കുന്ന കല' എന്നും മററുമുള്ള വിഷയങ്ങളെപ്പററി, യുവാക്കന്മാരുടെ സദാചാരത്തിനായി, പുസ്തകങ്ങൾ എഴുതണം എന്നും പ്രസ്തുത ലേഖനത്തിൻെറ കർത്താവു് അഭിപ്രായപ്പെട്ടു. എന്തെന്നാൽ 'ദൈനംദിനജീവിതത്തിൽപോലും സ്ത്രീകളെ ബഹുമാനിക്കുക എന്നതാണു ശരിയായ സംസ്കാരം' എന്നു് അയാൾ വാദിച്ചു. സംസ്കാരത്തിനു 'കൾച്ചൂർണി' എന്നാണു് റഷ്യാക്കാർ വിളിച്ചിരുന്നതു്. ബസ്സിലും മററുംവച്ചു്, വൃദ്ധന്മാക്കു സീററു കൊടുക്കാതിരിക്ക, ഒരു സ്ത്രീ

പ്രസംഗിക്കുമ്പോൾ എഴുന്നേല്ക്കാതിരിക്ക, പൊതുസ്ഥലങ്ങളിൽ തുപ്പുക, ആഹാരംകഴിക്കുമ്പോൾ ചുണ്ടുകൊണ്ടും മററും ശബ്ദമുണ്ടാക്കുക ഇവയെല്ലാം 'നൈകൾംച്ചൂർണി' അല്ലെങ്കിൽ സംസ്കാരഹീനതയായിരുന്നു. എന്നാൽ ൧൯൧൭-ൽ നടന്ന വിപ്ലവത്തിനു ശേഷം, സമത്വത്തിൻെറപേരിൽ, സദാചാരത്തിൻെറ ആകപ്പാടെയുള്ള നശീകരണമാണ് നടന്നിട്ടുള്ളത് എന്നും പറയാം. എന്തെന്നാൽ സാറിൻെറ ഭരണകാലത്ത്, ഉന്നതപദവിയിൽ കഴിഞ്ഞുകൂടിയിരുന്ന ഉദ്യോഗസ്ഥന്മാർ, സ്ത്രീജനങ്ങൾ, യുവതികൾ ഇവർക്കെല്ലാം അവർ ശീലിച്ചുവന്ന ഉന്നതാദർശങ്ങൾ ഉപേക്ഷിച്ച്, അപരിഷ്കൃതമായ സാധാരണക്കാരുടെ ജീവിതരീതി അഭ്യസിക്കേണ്ടിവരികയും പുതിയ ഭരണരീതിയെ പിൻതാങ്ങേണ്ടിവരികയും ചെയ്തു. എന്നുമാത്രമല്ല, സർവ്വാധികാരിയായ ഒരു നേതാവിനു്, ഒരു രാത്രികൊണ്ടും, പേനയുടെ ഒരു അനക്കംകൊണ്ടും, ഭരണകൂടം തകിടംമറിക്ക, സൈനികോദ്യോഗസ്ഥന്മാരെ നിയമിക്ക, മാർഷൽ ടിമറാവിനെപ്പോലെയുള്ള സ്വദേശസ്നേഹികളെ രാജ്യദ്രോഹികളാണെന്നു കല്പിക്കുക മുതലായവ സാധിക്കും എന്നും വന്നുകൂടി. എന്നാൽ അവക്കും ഇരുപതുകോടി റഷ്യൻജനങ്ങളുടെ മനോഭാവത്തെ മാററുന്നതിനൊന്നും സാധിക്കാൻപോകുന്നില്ല.

സ്റ്റാലിനിനുപോലും, വിഷമം ഉണ്ടാക്കത്തക്കവനായി റഷ്യയിലെ റെയിൽവേയുടെ നേതാവായി 'ലാസർ കഗനോവിച്ച്' എന്നൊരു വ്യവസായപ്രമുഖൻ ഉണ്ടായിരുന്നു. അയാളുടെ ആജ്ഞയനുസരിച്ച് അയാളെക്കാണുന്നതിനു്, യൂറാൽപ്രദേശത്തുള്ള ഒരു റെയിൽവേഉദ്യോഗസ്ഥൻ വന്നുചേൻറു. എന്നാൽ ആ ഉദ്യോഗസ്ഥൻ, മുഖക്ഷൌരംചെയ്യുകയോ, ഉടുപ്പു മാററുകയോ ചെയ്തിരുന്നില്ല. അതുകൊണ്ടു്, അയാൾ മുഖക്ഷൌരംചെയ്തു്,

ഉടുപ്പു മാററിയതിനുശേഷം മാത്രമേ അയാളെ നമ്മുടെ നേതാവു് സ്വീകരിച്ചുള്ളു.

൧൯൨൦-നും, '൩൦-നും ഇടയ്ക്കു് എല്ലായിടത്തും നൃത്തകലാശാലകൾ ഏർപ്പെടുത്തപ്പെട്ടു. നഗരത്തിലുള്ള ആഫീസുകൾ, ഫാക്ടറികൾ, കൂട്ടകൃഷിസ്ഥലങ്ങൾ എന്നുവേണ്ട എല്ലായിടത്തും, നൃത്തകലാസംഘങ്ങൾ പ്രവർത്തനം നടത്തി. ഏതു പ്രായത്തിലുള്ളവർക്കും അതിൽ പങ്കെടുക്കാം. നൃത്തകലാസംഘങ്ങൾ തമ്മിൽ തന്നെയും മത്സരിച്ചു. സിനിമായ്ക്കു് ആരംഭത്തിൽ അരമണിക്കൂർനേരത്തേയ്ക്കു് നവീനപാശ്ചാത്യനൃത്തരീതികൾ' പ്രദർശിപ്പിച്ചു. ജോലികൊണ്ടു ക്ഷീണിച്ച, തടങ്കൽപാളയത്തിലെ ഉദ്യോഗസ്ഥന്മാരുടെ ഭാര്യമാർക്കു നൃത്തത്തിൽ പരിശീലനംകൊടുക്കുന്നതിനു്, നൃത്തം അറിയാവുന്ന പുരുഷന്മാരായ തടവുകാരെപ്പോലും മോചിപ്പിച്ചു. "അസഭ്യമായ ജാസ്‌സംഗീതം ബലിഷ്ഠന്മാർക്കു കേൾക്കത്തക്കതല്ല" എന്നു്, മാക്സിംഗോർകി പ്രസ്താവിച്ചിരുന്നു. എന്നാൽ ലിയോണിഡ് ഉട്ടെസാവ്" എന്നയാൾ സംഗീതകലയിൽ റഷ്യയിൽവച്ചു് ഏററവും പ്രശസ്തനായിത്തീർന്നു. ഉത്തരധ്രുവപര്യടനം നടത്തിയ 'ഐവാൻ പാപ്പാനിൻ' മഞ്ഞുകട്ടയുടെ പുറത്തുകൂടിയുള്ള യാത്രയിൽ ഉട്ടസോവിൻെറ സംഗീതറിക്കാർഡുകൾ ഉപയോഗിച്ചു രസിച്ചതായി അയാളുടെ ഡയറിയിൽ കുറിച്ചിരിക്കുന്നു. യുദ്ധസമയത്തു്, ചെമ്പടയിലെ പട്ടാളക്കാർ ഉട്ടസോവിനുവേണ്ടി വോട്ടുചെയ്തു. ഇങ്ങനെയൊക്കെയാണെങ്കിലും, ജാസ്‌സംഗീതം റഷ്യയിൽ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. എന്തെന്നാൽ, അതു്, അധഃപതിച്ച മുതലാളിത്തരാജ്യങ്ങളിലേതായതുകൊണ്ടാണു്. നാടൻസംഗീതവും നൃത്തവുമാണു് ഇപ്പോൾ പ്രോത്സാഹിപ്പിക്കപ്പെടുന്നതു്. ഹിററ്ലർ

ജർമ്മനിയിൽ ജാസ്സംഗീതം പ്രചരിപ്പിച്ചപ്പോൾ റഷ്യയിലും,, അതു പ്രാബല്യത്തിലിരുന്നു.

"ജീവിതരാമണീയകത്തിനുവേണ്ടിയാണ് റഷ്യൻജനങ്ങൾ ആർത്തിയോടുകൂടി പാശ്ചാത്യസമ്പ്രദായങ്ങളോടും ജീവിതരീതികളോടും അനുഭാവം പ്രദർശിപ്പിച്ചതു്. ൧൯൩൫-ൽ സ്റ്റാലിൻ ഇപ്രകാരം പ്രസ്താവിച്ചു: "ജീവിതം കൂടുതൽ രമണീയവും, സന്തോഷപ്രദവുമായിത്തീർന്നിരിക്കുന്നു." പക്ഷെ ആളുകൾക്ക് പ്രസ്താവനകൊണ്ടുമാത്രം തൃപ്തിവന്നില്ല. ഹോട്ടലുകളിലും മററും, വേണ്ടത്ര മുള്ളുകൾ, കത്തികൾ, സ്പൂൺ മുതലായ അത്യാവശ്യസാധനങ്ങൾ കിട്ടാതിരിക്കുന്നതിനെക്കുറിച്ചും, പരിചാരകന്മാരുടെയും, വില്പനക്കാരുടെയും അപമര്യാദകളെക്കുറിച്ചും, ആവലാതികൾ വർത്തമാനപ്പത്രങ്ങളിൽ എപ്പോഴും കാണുവാൻ സാധിച്ചു. പോരെങ്കിൽ, ഇൽഫ്, പെട്രോവ് മുതലായ രസികന്മാർ, അമേരിക്കയിലേയ്ക്കു് ഒരു യാത്രചെയ്തു് തിരിച്ചുവന്നു് റഷ്യയിൽ വലിയ കോളിളക്കങ്ങൾ ഉണ്ടാക്കി. യുദ്ധത്തിനു മുമ്പും, യുദ്ധത്തിനു ശേഷവും, മിൻസ്ക്കുമുതൽ വ്ളാഡിവാസ്റ്റക്‌വരെയുള്ള റഷ്യൻനഗരങ്ങളിൽ, ചെമ്പിച്ച നിറത്തോടുകൂടിയതും, മഞ്ഞനിറത്തോടുകൂടിയതുമായ മുടിയുള്ള അനേകം യുവതികളെ കണ്ടിരുന്നു. മെട്രോപ്പോൾ ഹോട്ടലിലുള്ള, സൌന്ദര്യവദ്ധകങ്ങളായ സാധനങ്ങൾ വില്ക്കുന്ന ഷാപ്പിൽ, ചെമ്പടയിലെ പല ഉദ്യോഗസ്ഥന്മാരും സ്ഥിരമായി കൂടിയിരുന്നു. യൂക്രേനിയൻപട്ടണമായ 'കാർകോവിൽ' സ്വാതന്ത്ര്യം കിട്ടുന്നതിനു രണ്ടുദിവസത്തിനുമുമ്പ് 'മാനിക്ക്യൂവർ' എന്നു് എഴുതിയിരുന്ന ബോർഡിനുതാഴെ അനേകം റഷ്യൻ ഭടന്മാർ നില്ക്കുന്നതു് ഞാൻ കണ്ടു. അനേകം കൃഷീവലകന്യകകൾ സിൽക്കുസ്റ്റാക്കിങ്ങ്സ്, അണ്ടർവെയർ മുതലായവ തിരക്കി നടന്നു. നാട്ടിലുള്ള മുഴുവൻ ധനവും, വിഭവങ്ങളും ഉപയോഗിച്ചു്

യുദ്ധസാമഗ്രികൾ നിർമ്മിച്ചുകൊണ്ടിരുന്നതിനാലാണ്, അവശ്യസാധനങ്ങൾക്ക് ഏററവും ദൌർലഭ്യവും, ഉണ്ടാക്കുന്ന സാധനങ്ങൾക്കു ഗുണക്കുറവും ഉണ്ടായത്. അതുകൊണ്ടുതന്നെയാണ്, ജനങ്ങൾക്കു വിദേശച്ചരക്കുകളിൽ താല്പര്യം വർദ്ധിച്ചതും.

യുദ്ധത്തിനു മുമ്പും, പിമ്പും ജനങ്ങൾ ജീവിതരാമണീയകത' നേടുവാനായി അവരുടെ സർവ്വസ്വവും, ബലികഴിക്കണമെന്നു ഭരണാധികാരികളായ കമ്മ്യൂണിസ്റ്റ്കക്ഷിക്കാർ ജനങ്ങളെ ഉൽബോധിപ്പിച്ചു. എന്നാൽ ഇതുവരെയും, ജനങ്ങൾക്ക് അതെന്താണെന്നുപോലും അറിവാൻ കഴിഞ്ഞിട്ടില്ല. യുദ്ധകാലത്ത് പാശ്ചാത്യരാജ്യങ്ങളിലെയ്ക്കു യാത്രചെയ്യുവാൻ സാധിച്ച അസംഖ്യം റഷ്യൻയുവാക്കന്മാരും, യുവതികളും, ആ രാജ്യങ്ങളിൽ ആളുകൾക്കു ലഭിക്കുന്ന പരമാനന്ദപ്രദമായ ജീവിതസൌകര്യങ്ങൾ ആസ്വാദിച്ചറിഞ്ഞുകൊണ്ട് തിരിച്ചുപോയി, തങ്ങളുടെ ബന്ധുമിത്രാദികളെ അവയെല്ലാം വർണ്ണിച്ചുകേൾപ്പിച്ചു. എന്നാൽ അവർ സംഘടിക്കാതിരിക്കാൻ, അവരെ സോവിയററുഭരണാധികാരികൾ, പല സ്ഥലങ്ങളിലെയ്ക്കും പല ജോലികളിലെയ്ക്കും പറഞ്ഞയച്ചു. ആളുകൾ ഇളകാതിരിക്കുവാൻ, പ്രസ്തുത ഭരണാധികാരികൾ, നിത്യോപയോഗത്തിനാവശ്യമായ സാധനങ്ങൾ ഇറക്കുമതിചെയ്യുന്നതിന്റെ അളവ് അല്പമൊന്നു വർദ്ധിപ്പിച്ചു. അതുകൊണ്ട് ജനങ്ങൾക്കു ലഭ്യമായ അല്പമായ സൌകര്യവർദ്ധനയെ, സോവിയററുറഷ്യയുടെ മഹോന്നതമായ സാംസ്കാരികപുരോഗതിയാണെന്നും മററും വിവരിച്ച്, ആളുകളുടെ കണ്ണിൽ മണ്ണിട്ടു. റഷ്യയിലെ കോംസോമോൾസ്കായാ പ്രവദാ', ക്രൊക്കൊഡായിൽ' മുതലായ വിനോദമാസികകളിൽ, പലപ്പോഴും, സദാചാരമില്ലാത്തവരെയും, ആദിമനിവാസികളെയും അധിക്ഷേപിച്ചിരുന്നു.

സദാചാരപ്രചരണത്തിനുവേണ്ടി, വിദ്യാലയങ്ങളിലും മററും കുട്ടികൾ എപ്പോഴും വെളുത്ത കാളറോടുകൂടിയ വൃത്തിയുള്ള വസ്ത്രം ധരിക്കണമെന്നും എല്ലാവരോടും പരിഷ്കൃതരീതിയിൽ പെരുമാറണമെന്നും നിർബന്ധംവരുത്തി. അതുപോലെതന്നെ, രാജ്യത്തിലുള്ള വിവിധ ആഫീസുകൾ, സൈനികവിദ്യാലയങ്ങൾ, നയതന്ത്രപരമായ വിദ്യാഭ്യാസം നൽകുന്ന, വിദേശകാര്യാലയം വക, പാഠശാലകൾ ഇവിടങ്ങളിലുള്ളവരുടെ സദാചാരപരമായ പരിശീലനത്തിന് ഏററവും പ്രാധാന്യം നൽകി.

അന്യരാജ്യങ്ങളിൽ നയതന്ത്രപരമായ ഉദ്യോഗം വഹിക്കുന്നതിന് പരിശീലിപ്പിക്കുന്ന വിദ്യാമന്ദിരങ്ങളിൽ പെൺകുട്ടികളെ പ്രവേശിപ്പിച്ചിരുന്നില്ല. അവിടെ പഠിക്കുന്നവർക്ക് 'എമിലി പോസ്ററി'ൻെറ കൃതികൾ നിർബന്ധമായി പഠിക്കേണ്ടിയിരുന്നു. പ്രസ്തുത കൃതികളിലുള്ള, "സ്മാൾഹൗസ് ആഫ് പെർഫക്ഷ"നിൽ താമസിച്ചിരുന്ന 'മി: ഓൾഡ്നേ'മും അദ്ദേഹത്തിൻെറ ഭാര്യയും ശീലിച്ചിരുന്ന, ആഡംബരരഹിതവും, പരിശുദ്ധവുമായ ഒരു ജീവിതരീതിയായിരുന്നു അദ്ധ്യേതാക്കൾ അഭ്യസിക്കേണ്ടിയിരുന്നത്. അല്ലാതെ 'ഗോൾഡൻ ഹാളിലോ,' 'വേൾഡ്ലീസ് ആഫ് ഗ്രേററ് എസ്റ്റേററി'ലോ കാണുന്ന ജീവിതരീതിയല്ലായിരുന്നു അനുകരിക്കേണ്ടിയിരുന്നത്.

സദാചാരത്തെക്കുറിച്ച് ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള മരിച്ചിട്ടില്ലാത്ത ഏററവും വലിയ ഗ്രന്ഥകാരൻ ഹെമിംഗ്വേയാണെന്നാണ് റഷ്യാക്കാർ വിചാരിച്ചിരുന്നത്. വിപ്ലവത്തിനുമുമ്പ്, സദാചാരത്തെക്കുറിച്ച് എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾക്ക് വലിയ പ്രിയമായിരുന്നു.

റഷ്യ ജമ്മനിയോട് യുദ്ധം പ്രഖ്യാപിച്ചപ്പോൾ പല സങ്കലിതരാജ്യങ്ങളിൽനിന്നും, സൈനികപ്രതിനിധിസംഘങ്ങൾ

KOTTAYAM PUBLIC LIBRARY

മാസ്കോവിൽ വന്നുചേന്നു. പ്രസ്തുത സംഘങ്ങൾ കൊടുത്ത വിരുന്നുകളിൽ വേണ്ടവിധത്തിൽ പങ്കെടുക്കുവാൻ അറിഞ്ഞുകൂടാത്ത റഷ്യൻഉദ്യോഗസ്ഥന്മാർ വളരെ വിഷമിച്ചു. സ്റ്റാലിനും മൊളോട്ടോവും അതറിഞ്ഞു്, റഷ്യൻഉദ്യോഗസ്ഥന്മാക്കും മററും സാമുദായികജീവിതത്തിൽ വേണ്ട പരിശീലനം നൽകുന്നതിനു് ഉടൻ ഏപ്പാടുചെയ്യണമെന്നു്, റഷ്യയിലെ ഉദ്യോഗസ്ഥമേധാവിയായ 'മാഷൽ ഷാപോഷ്നിക്കോവി'ന്റെ അടുക്കൽ ആജ്ഞാപിച്ചു. അതനുസരിച്ചു്, ഉദ്യോഗസ്ഥന്മാരെ തരംതിരിച്ചു് അവക്കു്, നൃത്തം, കൈകൾ ചുംബിക്കുന്നതു്, വിരുന്നിൽ പങ്കെടുക്കുന്നതു് മുതലായ സദാചാരപരമായ കലകളിൽ പരിജ്ഞാനം നൽകപ്പെട്ടു.

സാമുദായികജീവിതത്തെ സംബന്ധിച്ചുള്ള പരിശീലനം നൽകുന്നതിൽ നേതൃത്വം വഹിച്ചതു് 'ലെഫ്ടനൻറു് ജനറൽ അലെക്സി ഇഗ്നാത്യേവ്' ആയിരുന്നു. വിപ്ലവത്തിനുമുമ്പു്, സാറീനായുടെ (റഷ്യൻചക്രവത്തിയുടെ പത്നി) ബാഡിഗാർഡിൽ ഒരു ഉദ്യോഗസ്ഥനും, ഒരു പ്രഭുവും ആയിരുന്ന അദ്ദേഹം അക്കാലത്തു്, ജപ്പാൻ, സ്വീഡൻ, ഫിൻലണ്ടു്, ഫ്റാൻസ് ഈ രാജ്യങ്ങളിൽ സൈനികപ്രതിനിധിയായി ജോലിനോക്കിയിരുന്നു. ആറടി രണ്ടിഞ്ചുപൊക്കമുള്ള അദ്ദേഹത്തിനു് എഴുപതു് വയസ്സിനുമേൽ പ്രായമുണ്ടെങ്കിലും, ഇപ്പോഴും അദ്ദേഹം ഏററവും സുന്ദരനായ ഒരാളാണു്. അദ്ദേഹം ഊജ്ജിതമുള്ളവനും എന്നാൽ ആത്മനിയന്ത്രണമുള്ളവനും ആണു്. അതുപോലെ അദ്ദേഹം ഒരു ഫലിതപ്രിയനും സംഭാഷണചാതുര്യമുള്ളവനുമായിരുന്നു. ഇപ്പോഴും സൌന്ദര്യത്തിൽ കുറവൊന്നുമില്ലാത്ത, അദ്ദേഹത്തിന്റെ ഭാര്യ ഒരു നൃത്തകലാവിദഗ്ദ്ധയായിരുന്നു.

ഇഗ്നാത്യേവ് ചെമ്പടയുടെ 'എമിലി പോസ്റ്റ്' ആയിത്തീന്നു. 'അമ്പതുവഷത്തെ സൈനികജീവിതം' എന്ന പേരോടുകൂടി അദ്ദേഹം എഴുതിയിട്ടുള്ള ഗ്രന്ഥത്തിൽനിന്നും, രാജസദസ്സിലും മററുമുള്ള ജീവിതത്തെയും, രീതികളെയുംകുറിച്ച് നമുക്കു വളരെ വിവരങ്ങൾ മനസ്സിലാകുന്നു. 'ആർബിററർ എലിജാൻഷീ' അല്ലെങ്കിൽ സദാചാരപരിശീലനത്തിനുള്ള സവ്വാധികാരിയായിത്തീന്ന ഇഗ്നാത്യേവ് പ്രസ്തുത ജോലി കിട്ടുന്നതിനുമുമ്പ്, സൈനികാംഗങ്ങളുടെ വിദേശഭാഷാഭ്യസനത്തിൻെറ മേൽനോട്ടം വഹിച്ചിരുന്നു. ഓരോ സോവിയററുദ്യോഗസ്ഥനും ഒരു വിദേശഭാഷയെങ്കിലും പഠിക്കണമെന്നു നിർബന്ധമായിരുന്നു. അറിയാവുന്ന വിദേശഭാഷകളുടെ എണ്ണമനുസരിച്ചായിരുന്നു അവരുടെ ശമ്പളം. സാമുദായികപരിശീലനം സംബന്ധിച്ച് ഇഗ്നാത്യേവിന് മാർഷൽസ് (പ്രധാന സൈന്യാധിപന്മാർ) തുടങ്ങി സൈനികവിദ്യാലയങ്ങളിലെ കേഡററുകൾവരെ എല്ലാവരുടെയുംമേൽ അധികാരമുണ്ടായിരുന്നു. സാർചക്രവത്തിയുടെ സേനാനായകന്മാരിൽ എററവും ശ്രേഷ്ഠനായ 'അലെക്സാൻഡർ-സുവോറോവ്' എന്ന മഹാൻെറ പേരിനോടനുബന്ധിച്ച് സുവോറോവ്സ്കൂളുകൾ എന്നാണ് സൈനികവിദ്യാലയങ്ങളെ വിളിച്ചുവന്നിരുന്നത്. റഷ്യയിലുള്ള പത്തു സുവോറോവുസ്കൂളുകൾ, ഒരിക്കൽ പ്രസിദ്ധമായിരുന്ന സാർചക്രവത്തിയുടെ ഉദ്യോഗസ്ഥന്മാരുടെ ധീരതയും സാമർത്ഥ്യവും വീണ്ടെടുക്കുന്നതിനു ശ്രമിക്കയാണ്. ഉദാഹരണമായി പ്രസ്തുത സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന പതിനൊന്നുവയസ്സുള്ള ഒരു കുട്ടി അവൻെറ യൂണിഫാറം ഇട്ടുകൊണ്ട്, കാണുന്ന ആഫീസറന്മാരെ അഭിവാദ്യംചെയ്തുകൊണ്ട് മാസ്കോനഗരത്തിലെ ഒരു തെരുവിൽക്കൂടി കടന്നുപോയി. തെരുവിൽ അലഞ്ഞുനടന്നുകൊണ്ടിരുന്ന ഒരു കുട്ടി സുവോറോവൈററിനെ

പിൻതുടന്ന് അധിക്ഷേപിച്ചുകൊണ്ടുപോയി. സുവോറോവൈററ് കഴിയുന്നതും ക്ഷമിച്ചു. ഒടുവിൽ ക്ഷമകെട്ട്, ഏററവും മര്യാദ പൂർവ്വം, അവൻ, തന്നെ അധിക്ഷേപിക്കുന്നതു നിറുത്തണമെന്നു പറഞ്ഞു. എന്നിട്ടും അനുസരിക്കാത്ത ബാലനെ, സുവോറോവൈററ് തൻെറ ഗ്ലൗവ്സ്' എടുത്തെറിഞ്ഞു് അവൻെറ ഉപദ്രവം ശമിപ്പിച്ചു. പിന്നീട് തൻെറ ഗ്ലൗവ്സ് തിരിച്ച് എടുത്തിട്ടു കൊണ്ട് അവൻ പഴയപോലെ തൻെറ ജോലി തുടന്നു. ഈ ബാലനും അവൻെറ മുറ്റത്തിൽപ്പരം കൂട്ടുകാരോടുകൂടി, കൈ ചുംബിച്ചു പരിശീലിക്കുന്നതിനു നൂറാമത്തെ പ്രാവശ്യം, കിഴവിയായ ഒരു സ്ത്രീയുടെ അടുത്തു ചെല്ലുന്നതു കണ്ടു.

മനുഷ്യൻ ആഹാരസാധനം കൈകൊണ്ടെടുത്ത് ഉയർത്തി കഴിക്കുമ്പോൾ, മൃഗങ്ങൾ അവയുടെ വായ്, ആഹാരസാധനത്തിലേയ്ക്കു് താഴ്ത്തിക്കൊണ്ടുവന്ന് ഭക്ഷണം കഴിക്കുന്നുവെന്നും, അതാണ മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസമെന്നുമാണ് ആ കുട്ടികളെ ആദ്യം പഠിപ്പിച്ചിരുന്നതു്. കൈലേസ്, മുള്ള്, പിച്ചാത്തി, സ്പൂൺ, സാസറിൻെറ പുറത്തു വച്ചിരിക്കുന്ന ടീക്കപ്പ് ഇവയെല്ലാം ഉപയോഗിക്കേണ്ടതു് എങ്ങനെയെന്നും മററും അവരെ പഠിപ്പിച്ചിരുന്നു.

ഹൈസ്ക്കൂൾവിദ്യാഭ്യാസമെങ്കിലും ഇല്ലാത്ത ഒരു പെൺകുട്ടിയെ, ഇക്കാലത്ത് ഒരു സോവിയററുദ്യോഗസ്ഥന് വിവാഹം ചെയ്യാൻ സാധിക്കയില്ല. നേരത്തേതന്നെ കൃഷീവലയുവതികളെയോ, ഫാക്ടറിജോലിക്കാരെയോ, വിവാഹം ചെയ്തിരുന്ന ചിലർ, വിവാഹബന്ധം വിടുത്തി, നടികൾ, നൃത്തകലാവിദഗ്ദ്ധകൾ, സിക്രട്ടറിമാർ ഇവരെ വിവാഹംചെയ്തു. എന്നാൽ സോവിയററുനേതാക്കന്മാർ ഇതിനെ വിരോധിക്കുന്നു.

റഷ്യയിൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സംസ്കാരപരമായ അന്തരം സംബന്ധിച്ച് പല ചെറുകഥകളും എഴുതിയിട്ടുണ്ട്. അതിൽ ഒന്ന്, ഇപ്പോൾ അവമാനിക്കപ്പെട്ട 'മൈക്കേൽ സോഷ് ച്ചെങ്കോ' എഴുതിയതായിരുന്നു. അതിലെ കഥാനായകനായ ഒരു ഉയന്ന റഷ്യൻഉദ്യോഗസ്ഥൻ, നിരക്ഷരകുക്ഷിയായ തൻെറ ഭാര്യ എഴുത്തും വായനയും അഭ്യസിക്കുമെന്ന് ആശിച്ചു കഴിഞ്ഞു. ഒരുദിവസം, ഭാര്യ തൻെറ ഭത്താവിൻെറ പാക്കററിനകത്തു നീലനിറത്തിലുള്ള ലററർപേപ്പറിൽ എഴുതിയിട്ടുള്ള ഒരെഴുത്തു കണ്ടു. അതുകണ്ടു സംശയിച്ച് ഭാര്യ സാഹസപ്പെട്ട്, എഴുത്തും വായനയും വശമാക്കി. പിന്നീട് അവൾ പ്രസ്തുത എഴുത്ത് വായിച്ചുനോക്കി. തനിക്കുവേണ്ടി ഭത്താവ് ആവശ്യപ്പെട്ടിരുന്ന കുറെ പുസ്തകങ്ങൾക്ക്, ഭത്താവിൻെറ സിക്രട്ടറി ആർഡർകൊടുത്തു എന്നു പ്രസ്താവിച്ചുകൊണ്ടുള്ള ആ സിക്രട്ടറിയുടെ ഒരെഴുത്തായിരുന്നു അതു്.

വേറൊരു കഥ ഒരു ജനറലിനേയും അയാളുടെ ഭാര്യയേയും കുറിച്ചുള്ളതായിരുന്നു. അവർ ഒരു പുതിയ വസതിയിലേയ്ക്കു മാറി. പിയാനൊ കിടക്കമുറിയിൽ ഇടുന്നതിനു ഭാര്യ നിശ്ചയിച്ചു. കിടക്കമുറിയിൽ പ്രതിധ്വനി ഉണ്ടാകയില്ലെന്നു ഭത്താവ് അഭിപ്രായപ്പെട്ടു. ബർലിനിലുള്ള ഭത്താവിന് എഴുത്തയച്ച്, കുറെ പ്രതിധ്വനി വരുത്താമെന്ന് ഭാര്യ നേരമ്പോക്കുപറഞ്ഞു.

മറെറാരു കഥയിൽ കുറെ സേനാനായകന്മാർ ഭാര്യമാരോടുകൂടി ബോൾഷായ്തീയേററിൽ സംഗീതവും നൃത്തവും ആസ്വാദിക്കുന്നതിനു പോയി. ആ ഭാര്യമാക്ക് 'സിൽവർ ഫാക്സിൻെറ രോമം' അണിയുന്നതിൽ വലിയ ഭ്രമമായിരുന്നു. അവർ അതു്,

രണ്ടുമൂന്നെണ്ണംവീതം അണിഞ്ഞുകൊണ്ടു പോയി. എന്നാൽ കുറച്ചു ദൂരെ ഇരുന്നിരുന്ന ഒരു മാഷ്ലിൻെറ ഭാര്യ അതിൽ ഒന്നുപോലും അണിഞ്ഞിരുന്നില്ലെന്നുകണ്ടു സേനാനായകന്മാരുടെ ഭാര്യമാർ ഒരു രാത്രികൊണ്ടു്, ഫാഷൻ മാറിപ്പോയോ, എന്നു സംശയിച്ചു. അവിടെനിന്നു് ഇറങ്ങിപ്പോകുന്നതിനു ശ്രമിച്ച ആ ഭാര്യമാർ സൂക്ഷിച്ചുനോക്കിയപ്പോൾ മാഷ്ലിൻെറ ഭാര്യ 'സിൽവർ ഫോക്സി'ൻെറ ഏഴുരോമങ്ങൾ അണിഞ്ഞിരുന്നതു് അവർ കണ്ടു.

നാട്ടിലുള്ള സ്റ്റയിൽ, ഫാഷൻ ഇവ നിയന്ത്രിച്ചിരുന്നതു് 'അററ്ലിയർ മാഡ്'' എന്നു പേരുള്ള ഗവണ്മെൻറുസ്ഥാപനമായിരുന്നു. 'വോഗ്'', 'ഹാർവേഴ്സ് ബസാർ' ഈ പത്രികകളുടെ ഓരോ പ്രതി എങ്ങനെയോ കൈക്കലാക്കിയ കുറെ റഷ്യൻ യുവതികൾ, പ്രസ്തുത പത്രികകളിൽ കണ്ട 'ന്യൂലുക്'' (പുതിയ സൌന്ദര്യം) നടപ്പിൽവരുത്തുന്നതിനു ശ്രമിച്ചു. എന്നാൽ 'ന്യൂലുക്'' അധഃപതിച്ച മുതലാളിത്തരാജ്യങ്ങളിലെ സമ്പ്രദായമായതിനാൽ അതു് അനുകരണയോഗ്യമല്ലെന്നു്, അററ്ലിയർ മാഡ് പ്രസ്താവിച്ചു.

മാസ്കോനഗരത്തിൽ കൈമുട്ടുകൾവരെ മാത്രം നീണ്ടുകിടക്കുന്ന ഉടുപ്പു് സ്ത്രീകൾ ഇട്ടുകൊണ്ടു നടക്കുന്നതിനു വിരോധമില്ലായിരുന്നു.

റുമേനിയായിലെ കമ്മ്യൂണിസ്റ്റ്പാർട്ടി പ്രസിദ്ധീകരിച്ചിരുന്ന 'സ്കാൻറിയാ' എന്ന പത്രത്തിൽ 'ന്യൂലുക്കി'നെപ്പററി ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "സ്ത്രീകളുടെ മനസ്സിനെ വശീകരിച്ചു്, മുതലാളികളുടെ കീഴിലുള്ള അടിമത്തത്തിൽനിന്നു് മോചനം ലഭിക്കുന്നതിനുവേണ്ടിയുള്ള അവരുടെ സമരത്തിൽനിന്നും അവരെ വ്യതിചലിപ്പിക്കാൻ അമേരിക്ക കണ്ടുപിടിച്ച ഒരു വഴിയാണു

ന്യൂലുക്". രൂമേനിയൻസ്ത്രീകൾ ആരുംതന്നെ അതുകൊണ്ടു മയങ്ങിയിട്ടില്ല. അവർ സർവ്വശക്തികളും ഉപയോഗിച്ചു സാമ്രാജ്യദുർമ്മോഹികളായ മുതലാളികളുടെ തന്ത്രങ്ങളെ എതിർക്കതന്നെ വേണം."

ന്യൂലുക്കിനെക്കുറിച്ച് അന്വേഷിച്ചുകൊണ്ട്, ഞാൻ അററ്ലിയർ മാഡിലെ ഡിസൈൻകാരിയെ ചെന്നുകണ്ടു. അപ്പോൾ അവൾ റഷ്യയിലുള്ള ഓരോ ഭാഗത്തും നടപ്പിൽവരുത്തുന്നതിനു വിചാരിച്ചിട്ടുള്ള പല വസ്ത്രധാരണരീതികൾ എന്നെ മനസ്സിലാക്കി. എന്നാൽ അനേകവർഷങ്ങൾക്കു് അവ നടപ്പിൽ വരാൻപോകുന്നില്ലെന്ന് എനിക്കറിയാമായിരുന്നു.

ഒരിക്കൽ ഞാനും നീലയും ഒരു സിനിമ കാണുന്നതിനു പോയി. അപ്പോൾ ചില അമേരിക്കൻയുവതികൾ നല്ല വസ്ത്രം ധരിച്ചുകൊണ്ടു് വെറും തറയിലിരിക്കുന്നതു കണ്ടു് നീല വളരെ അത്ഭുതപ്പെട്ടു.

പിന്നീടൊരിക്കൽ ൧൯൪൭-ൽ ഞാനും നീലയും ഒരു വിരുന്നിനു ചെന്നു. വിരുന്നിനിടയ്ക്കു മാക്സിം ലിററ്വിനോവിൻെറ ബ്രിട്ടീഷുകാരിയായ ഐവിലിററ്വിനോവ് എന്നു പേരുള്ള ഭാര്യ തൻെറ ടവ്വലിനെ ഒരുപ്രാവശ്യം മാത്രം ഉപയോഗിച്ചിട്ട് ദൂരെക്കളഞ്ഞതു നീലയ്ക്കു് ഏററവും അത്ഭുതം ഉണ്ടാക്കി.

റഷ്യയിലെ ആഹാരസാധനങ്ങളുടെ ദൌർലഭ്യവും വളരെ വർദ്ധിച്ചുകൊണ്ടുവരികയാണ്. റഷ്യൻഭാഷയിലേക്കു തർജ്ജമ ചെയ്തിട്ടുള്ള ഒരു അമേരിക്കൻപാചകപുസ്തകം, റഷ്യയിൽ വളരെ കോളിളക്കങ്ങൾ ഉണ്ടാക്കുന്നുണ്ടു്. 'മുന്നറിവു തരാതെ വരുന്ന അതിഥികൾ' എന്നു പേരുള്ള എട്ടാമത്തെ അദ്ധ്യായമാണ്

അതിന്റെ കാരണം. വീട്ടിൽ ആഹാരസാധനങ്ങൾ ഒന്നും ഇല്ലാതിരിക്കുമ്പോൾ അഞ്ചാറ് അതിഥികൾ വരികയാണെങ്കിൽ റെഫ്റിജറേറ്റർ തുറന്ന്, അതിൽ ബാക്കിവച്ചിട്ടുള്ള പകുതി കോഴിക്കുഞ്ഞ്, തുണ്ടിച്ച ഹാം, തണുപ്പുകൊണ്ടു വേവിച്ച ഉരുളക്കിഴങ്ങ്, ലെറ്റൂസ്മേയൊണൈസ്, ടൊമാറ്റൊ, സെലെറി ഇവകൊണ്ടു പെട്ടെന്ന് നമുക്കു രുചികരമായ "കോൾഡ്സാലഡ്" ഉണ്ടാക്കാം എന്നാണ് ആ ബുക്കിൽ പ്രസ്താവിച്ചിരിക്കുന്നത്.

ഈ അദ്ധ്യായം വായിക്കുമ്പോൾ അതിലുള്ള തമാശ കണ്ടു ചിരിക്കയും, ചിലപ്പോൾ കരയുകയും ചെയ്യാതിരിക്കയില്ല.

ഭാഗം അഞ്ച്

# എനിക്കറിയാവുന്ന ചില റഷ്യാക്കാർ

# അദ്ധ്യായം ൧൨

റഷ്യയിൽ വിദേശികൾക്കുവേണ്ടി ജോലിനോക്കുന്നവരെ "റസ്സ്കിസ്" എന്നാണു വിളിച്ചിരുന്നത്. എന്നാൽ ആ വാക്കിന്റെ അർത്ഥം റഷ്യൻ എന്നുമാത്രമാണ്. അവരെപ്പററി വിദേശികൾക്ക് നല്ല ഒരഭിപ്രായം ഉണ്ടാകണമെന്നു വിചാരിച്ച് അവർ സാധാരണറഷ്യാക്കാരെക്കാളും ഉയൎന്ന ഒരു രീതിയിലാണു ജീവിച്ചിരുന്നത്. അവൎക്ക് വലിയ ശമ്പളം കൊടുക്കേണ്ടിയിരുന്നു. ഉദാഹരണമായി എന്റെ ഡ്രൈവൎക്ക് എഴുനൂറുമുതൽ എണ്ണൂറു റൂബിൾ വരെ ശമ്പളവും മററുപല സൌകര്യങ്ങളും നൽകിയിരുന്നു. ചില എംബസ്സികൾ പ്രസ്തുത ജോലിക്കാൎക്ക്, ശമ്പളത്തിന്റെ പകുതി പണമായിട്ടു കൊടുക്കയും ബാക്കിക്കു് ആഹാരസാധനങ്ങൾ, വസ്ത്രം ഇവ കൊടുക്കയും ചെയ്തിരുന്നു. ആ ജോലിക്കാർ, പ്രസ്തുത സാധനങ്ങൾ പലപ്പോഴും അമിത വിലയ്ക്കു വില്ക്കുകയും എംബസ്സിയെപ്പോലും കേസ്സിൽ ഉൾപ്പെടുത്തി വിഷമിപ്പിക്കുകയും ചെയ്തിരുന്നു. ഇതുകൂടാതെ അവർ വിദേശികളോടുകൂടിയുള്ള അവരുടെ ജോലി സൌകൎയ്യപ്പെടുത്തി അവരുടെ ജീവിതാവശ്യങ്ങൾ എല്ലാംതന്നെ നിർവഹിച്ചിരുന്നു.

ഞാൻ ഒരിക്കൽ ഒരു പിക്നിക് കഴിഞ്ഞു മാസ്കോനഗരത്തിലേക്കു തിരിച്ചുവരുമ്പോൾ മെററ്റോപ്പോൾ ഹോട്ടലിൽവച്ച് എന്റെ ഒരു സ്നേഹിതനെ കണ്ടു. അതിനുമുമ്പ് ഞാൻ ആ മനുഷ്യനെ പാൎക്കിൽ കാർ ഓടിച്ചുകൊണ്ടിരിക്കുന്നതു കണ്ടിരുന്നു. അപ്പോൾ അയാൾ ഒരു യുവതിയോടുകൂടി സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. അയാളുടെ ഡ്രൈവർ ഉച്ചയ്ക്കു് അവധിചോദിച്ചുകൊണ്ടു പോയിയെന്നും, അതു തന്നെക്കുറിച്ച് രഹസ്യപ്പോലിസിന്റെയടുക്കൽ റിപ്പോർട്ടുചെയ്യുന്നതിനായിരിക്കുമെന്നും

അദ്ദേഹം പറകയുണ്ടായി. വാസ്തവത്തിൽ അപ്രകാരംതന്നെ പ്രവൎത്തിച്ച ആ ഡ്രൈവർ എന്റെ സ്നേഹിതനെവിട്ട് വേറൊരു ജോലി സ്വീകരിച്ചു.

റസ്സ്കിസ്സുകൾക്കെല്ലാം അവർ ജോലിചെയ്യുന്ന വിദേശികളെക്കുറിച്ച് മുറയ്ക്കു രഹസ്യപ്പോലീസിനു റിപ്പോർട്ടുകൊടുക്കേണ്ടിയിരുന്നു. റഷ്യൻഭാഷപോലുമറിവാൻപാടില്ലാത്ത വിദേശീയരായ ഉദ്യോഗസ്ഥന്മാരെ റസ്സ്കിസ്സുകൾ വഞ്ചിക്കുകയും ചെയ്യുന്നു. പെട്ടെന്നു തിരിച്ചുവിളിക്കപ്പെട്ട ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥന്റെയടുക്കൽനിന്നും ഞാൻ, അദ്ദേഹത്തിന്റെ കാർ വിലയ്ക്കു മേടിച്ചു. അതു് ഓടിച്ചുകൊണ്ടിരുന്ന ഡ്രൈവർ, അതിന്റെ സ്പീഡോമീറററിനു കേടുവരുത്തിയിരുന്നു. എന്തെന്നാൽ അയാൾ രണ്ടുമൈൽ ദൂരെയുള്ള, ഗ്യാരേജിലേക്കു കൊണ്ടുപോകുകയാണെന്നുപറഞ്ഞു്, കാറു് ഇരുപത്തിഅഞ്ചുമൈലോളം ടാക്സിയായി വാടകയ്ക്കുവിട്ടു പണമുണ്ടാക്കിയിരുന്നു.

റസ്സ്കിസ്സുകാൾക്കു്, അവർ സേവിച്ചിരുന്ന വിദേശികളെ വിട്ടുപോകുന്നതിനു് ഒരിക്കലും മനസ്സുണ്ടായിരുന്നില്ല. എന്നാ റഷ്യാക്കാർ അവരെ തക്കംനോക്കി കേസ്സിൽ അകപ്പെടുത്തിയിരുന്നു. അല്ലെങ്കിൽ റസ്സ്കിസ്സുകൾ രഹസ്യപ്പോലീസിനു് അവർ ആവശ്യപ്പെടുന്ന വിവരങ്ങൾ കൊടുക്കണം. റസ്സ്കിസ്സുകൾജോലി വിട്ടുപോകുകയാണെങ്കിലും, അവർ വിദേശികൾക്കുവേണ്ടി ജോലി ചെയ്തു എന്നൊരു അയോഗ്യത, റഷ്യാക്കാർ കല്പിച്ചിരുന്നു. എന്നെക്കുറിച്ചുള്ള അപവാദം സൈപസ്ദാപത്രത്തിൽ പ്രത്യക്ഷപ്പെട്ട ദിവസം, എന്നെ കാണുന്നതിനിടയായ എന്റെ ഒരു സിക്രട്ടറി, കണ്ണീർ പൊഴിച്ചുകൊണ്ടു്, „അയ്യോ, ഇനി ഞാൻ എന്തു ചെയ്യും; എനിക്കിനി റഷ്യയിൽ ജോലികിട്ടുകയില്ലല്ലോ" എന്നു

പറഞ്ഞു്, കുറെദിവസങ്ങൾക്കകം ആത്മഹത്യചെയ്കയും ചെയ്തു.

എന്റെ ഒരു സ്നേഹിതനുവേണ്ടി സിക്രട്ടറിയായി ജോലി നോക്കിയിരുന്നവളെ യുണൈറെഡ് സ്റ്റേററ്സിലെ ഒരു സൈനികോദ്യോഗസ്ഥൻ സ്നേഹിച്ചിരുന്നു. ആ ഉദ്യോഗസ്ഥനോടുകൂടിയുള്ള അവളുടെ സഹവാസം മനസ്സിലാക്കിയ രഹസ്യപ്പോലീസ്, അവൾക്കു റഷ്യയിൽ വേറൊരു ജോലി മേടിച്ചു കൊടുക്കാമെന്നുപറഞ്ഞു്, അവളെക്കൊണ്ടു് ആദ്യം സിക്രട്ടറിജോലി രാജിവയ്പിച്ചു. പിന്നീടു് അവളെ അവർ നിരാധാരയാക്കിയതിനാലാണു് മൂന്നുദിവസത്തിനകം അവൾ ആത്മഹത്യ ചെയ്തതു്. ഇങ്ങനെയുള്ള അവസരങ്ങളിൽ, വിദേശികൾ പ്രസ്തുത ജോലിക്കാർക്കു യാതൊരു സഹായവും ചെയ്യാതിരിക്കുവാനാണു് അവരെ ജോലി രാജിവയ്പിച്ചതു്. ഈ ഉപദ്രവങ്ങൾ കരുതി, റസ്സ്കിസ്സകൾ ഓരോരുത്തരായി എംബെസ്സികൾ വിട്ടു പോവുകയാണു ചെയ്യുന്നതു്. ഹിന്ദുഎംബെസ്സിയെക്കുറിച്ചുമാത്രം ആവക വിഷമം ഉണ്ടായില്ല. എന്തെന്നാൽ, ഇന്ത്യൻ അംബാസ്സഡരായ മദാംപണ്ഡിററ് വളരെ നയമുള്ള ഒരാളായിരുന്നു.

റഷ്യയിൽ അമേരിക്കാക്കാരോടും മററും ഇടപെട്ടിരുന്ന യുവതികളെ, 'മൊഴാനോ'യുവതികൾ എന്നാണു വിളിച്ചിരുന്നതു്. റഷ്യൻഭാഷയിൽ 'മൊഴാനോ' എന്ന വാക്കിന്റെ അർത്ഥം, 'നിനക്കാകാം. നിനക്കു് ആശയുണ്ടെങ്കിൽ' എന്നാണു്. ഈ പെൺകുട്ടികൾ, ചിലപ്പോൾ, അവിവാഹിതരായ വിദേശീയരായ ഉദ്യോഗസ്ഥന്മാരെ അന്വേഷിച്ചറിഞ്ഞു് 'ജോലിക്കു്' അടുത്തുകൂടും. ചിലപ്പോൾ പ്രസ്തുത ഉദ്യോഗസ്ഥന്മാരെക്കുറിച്ചു വിവരങ്ങൾ അന്വേഷിച്ചറിയുന്നതിനു്, രഹസ്യപ്പോലീസ് നിയോഗിച്ചയച്ചവരായിരിക്കും ആ യുവതികൾ. എന്നാൽ അവരെല്ലാംത

ന്നെ പെട്ടെന്ന് അപ്രത്യക്ഷരാക്കുക പതിവുണ്ട്. ചില മൊഴ്‌സ്കോനോയുവതികൾ സമർത്ഥകളായിരുന്നു. ഉദാഹരണമായി 'വീര്' എന്ന ഒരു യുവതി, പ്രൈവററുസാർജന്റ്, ലെഫ്ടനന്റ് ഇവർ തുടങ്ങി, ക്യാപ്ടൻവരെയുള്ള എല്ലാ അമേരിക്കൻപട്ടാള ഉദ്യോഗസ്ഥന്മാരെയും വശീകരിച്ചു. ചിലപ്പോൾ തടങ്കൽപാളയങ്ങളിൽനിന്നും വന്നിട്ടുള്ളവരായിരിക്കും ഈ 'മൊഴ്‌സ്കോനോ'യുവതികൾ. അവിടെയുള്ള രാഷ്ട്രീയശുദ്ധീകരണം സംബന്ധിച്ച വിസ്താരത്തിനു വിധേയരാക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഭാര്യമാരും, കാവൽക്കാരും എല്ലാം ഈ 'മൊഴ്‌സ്കോനോ'യുവതികളെ 'ഇനോസ്ട്രാങ്കാ'(വിദേശീയസ്ത്രീ) എന്നാണു വിളിച്ചിരുന്നത്. സംസ്കൃതചിത്തരും, നല്ല സ്ഥിതിയിലുള്ളവരുമായ വിദേശീയലേഖകന്മാർ, നയതന്ത്രപരമായ ഉദ്യോഗസ്ഥന്മാർ ഇവരോട് ഇടപെട്ട്, ഇവരെ പ്രേമിക്കുന്ന പ്രസ്തുത യുവതികൾ 'സോഗ്രാനിററ്സാ' (കടലിനപ്പുറമുള്ള രാജ്യങ്ങൾ) ഒരു 'ഉട്ടോപ്പിയാ' (സ്വർഗ്ഗസമാനമായി ജീവിതസൌകര്യങ്ങൾകൊണ്ടു നിറഞ്ഞ പ്രദേശം) ആണെന്നാണു കരുതിയിരുന്നത്. അവരുടെ ഏററവും ആനന്ദകരമായ അപേക്ഷ 'എന്നെ നിങ്ങൾ വിവാഹംചെയ്യുമോ' എന്നുള്ളതായിരുന്നു. എന്നാൽ ൧൯൪൭-ൽ സോവിയററുപൌരന്മാരും, വിദേശികളും തമ്മിൽ വിവാഹംചെയ്യരുത് എന്ന നിയമം നടപ്പിലാക്കി. അതു മൊഴ്‌സ്കോനോയുവതികൾക്ക് ഒരു വലിയ സങ്കടമായിരുന്നു. എന്തെന്നാൽ വിദേശികളുമായുള്ള വിവാഹംകൊണ്ട് അവക്ക്, സാമുദായികവും ധനപരവുമായ പല ജീവിതസൌകര്യങ്ങൾ സിദ്ധിച്ചിരുന്നു. ഉദാഹരണമായി, 'മെഴ്സ്യ് പാലിററിസ്' എന്ന ഗ്രീക്കുഅംബാസഡരെ വിവാഹംചെയ്ത ഹെലൻ എന്ന റഷ്യൻയുവതിക്ക്, ഒരു മാളികയിൽ താമസിക്കുന്നതിനും, ഒരു ഡസൻ ഭൃത്യന്മാരെവച്ചു ജോലിചെയ്യിപ്പിക്കുന്നതിനും, മൊളോ-

ട്ടോവ്, വിഷിൻസ്കി മുതലായ പ്രമുഖന്മാരോടു കൈകൊടുക്കുന്നതിനും മററും സാധിച്ചു. ഇററാലിയൻഗവമെൻറ് പ്രസ്തുത അംബാസഡരെ തിരിച്ചുവിളിച്ചപ്പോൾ, അദ്ദേഹത്തെ അനുഗമിക്കുന്നതിന് റഷ്യാക്കാർ ഹെലനെ സമ്മതിച്ചില്ല. അദ്ദേഹം അവളുമായി ബന്ധം വിടുർത്തുകയും, ഉടനെതന്നെ അവർ അവളെ അറസ്റ്റ്ചെയ്തു നാടുകടത്തുകയും ചെയ്തു.

൧൯൪൭-വരെ വിദേശികളെ വിവാഹംചെയ്ത് അവരോടുകൂടി രാജ്യംവിടുന്നവർക്ക് റഷ്യൻപൌരത്വം ഉപേക്ഷിക്കേണ്ടിയിരുന്നു. എന്നാൽ ൧൯൪൭-നുശേഷം അവർക്ക് റഷ്യയിലേക്കു തിരിച്ചുവരുന്നതിന് അനുവാദമുള്ള പാസ്സ്പോർട്ടുകൾ നൽകി. വിവാഹംതന്നെ ആഡംബരപൂർണ്ണവും, ആനന്ദപ്രദവും സുരക്ഷിതവുമായ കുടുംബജീവിതം എന്നാണ് ഈ യുവതികൾ ധരിച്ചിരുന്നത്.

ഈയിടെ തങ്ങളുടെ വിദേശികളായ ഭർത്താക്കന്മാരോടുകൂടി ഗ്രേററ്ബ്രിട്ടനിലേക്കു പോയ രണ്ടു റഷ്യൻയുവതികൾ അവിടം ദാരിദ്ര്യവും, തൊഴിലില്ലായ്മയും, പട്ടിണിയുംകൊണ്ടു നിറഞ്ഞിരിക്കുന്നതിനാൽ' തിരിച്ചു റഷ്യയിലേക്കുവരുന്നു എന്നു പ്രസ്താവിച്ചതിൻെറ വാസ്തവം നമുക്കു ചിന്തിച്ചറിയാവുന്നതാണ്. യുദ്ധകാലത്താണ് അവർ വിദേശികളെ വിവാഹം ചെയ്തത്. അപ്പോൾ റഷ്യ വിഷമതകൾകൊണ്ടു നരകിക്കയായിരുന്നു. എന്നാൽ നമ്മുടെ യുവതികൾ ആഡംബരത്തോടുകൂടി ജീവിച്ചു. ഗ്രേററ്ബ്രിട്ടനിൽ ജീവിതം കുറേക്കൂടി ആഡംബരമുള്ളതായിരിക്കുമെന്നു വിചാരിച്ച അവർക്ക് അവിടെയുള്ള സാധാരണമായ ജീവിതത്തോടു് അനുകരിക്കേണ്ടിവന്നു. തിരിച്ചു മാസ്കോവിലേക്കുവന്നു ജീവിക്കണമെന്നു് ഉദ്ദേശിച്ച അവർക്ക് ഇംഗ്ലണ്ടിനെ കുററംപറയേണ്ടിയിരുന്നു.

വിദേശികളെ വിവാഹംചെയ്ത ചില യുവതികൾ, അവർ സ്ഥലംവിട്ട ഉടനെ റഷ്യയോടുള്ള അവരുടെ ഭക്തി പ്രകടിപ്പിക്കുവാൻ' വിവാഹബന്ധം വിടുർത്തി, പുതിയ ആളുകളെ സ്വീകരിച്ചു. ഉദാഹരണമായി സുന്ദരിയായ 'ഗാലിനാ ട്രനായേവാ', അവൾ വിവാഹംചെയ്തിരുന്ന 'സാർജൻറ് ജാൺ ബൈകാണിഷ്' എന്ന അമേരിക്കൻസൈനികോദ്യോഗസ്ഥൻ തിരിച്ചുവിളിക്കപ്പെട്ടപ്പോൾ മിലിട്ടറി അററാഷെയുടെ ആഫീസിൽ കോഡുക്ലാക്കായി ജോലിനോക്കിയിരുന്ന ഇരുപത്തിയൊന്നുവയസ്സുള്ള സാർജൻറുജെയിംസ് എം. മാക്മില്ലിനെ വിവാഹംചെയ്തു. അയാളെപ്പോലെയുള്ള പത്തിരുപതു അമേരിക്കൻയുവാക്കന്മാർ താമസിച്ചുകൊണ്ടിരുന്ന സ്ഥലത്തു്, റഷ്യൻയുവതികളെയല്ലാതെ റഷ്യൻയുവാക്കന്മാരെ പ്രവേശിപ്പിക്കുന്നതിനു റഷ്യൻഅധികൃതർ സമ്മതിച്ചിരുന്നില്ല. മാക്മില്ലിൻ അങ്ങനെ ഗാലിനായെ അതിരററു സ്നേഹിച്ചിരുന്നു. അവൾ അവനെ ഉപേക്ഷിക്കുമെന്നു ഭയപ്പെട്ടുത്തി. ഉടനെ അയാൾ അമേരിക്കൻപൌരത്വം ഉപേക്ഷിച്ചു് അവളെ വിവാഹംചെയ്തു.

എന്നാൽ ചില റഷ്യൻസ്ത്രീകൾ, അവർ വിവാഹംചെയ്തിരുന്ന, അമേരിക്കാക്കാരും മററും, റഷ്യവിട്ടു പോയിട്ടും, അവരോടു ഭക്തിയോടും ബഹുമാനത്തോടുംകൂടിത്തന്നെ ജീവിച്ചു. ഉദാഹരണമായി, റഷ്യയിൽനിന്നു തിരിച്ചുപോകേണ്ടിവന്ന ഒരു അമേരിക്കൻ സൈനികോദ്യോഗസ്ഥൻ, റഷ്യയിലുള്ള തൻെറ ഭാര്യയോടുള്ള സ്നേഹംകൊണ്ടു് യാതൊരു ആഡംബരങ്ങളിലും പങ്കുകൊള്ളാതെ ജീവിച്ചു. അവൾക്കും അത്രത്തോളം ഭക്തിയും സ്നേഹവും അയാളോടുമുണ്ടായിരുന്നു.

# അദ്ധ്യായം ൧൩

റഷ്യയിൽ, ഉദ്യോഗസ്ഥമേധാവികൾ അവരുടെ കീഴുദ്യോഗസ്ഥന്മാരോട് ഏററവും നികൃഷ്ടമായ രീതിയിൽ പെരുമാറിയിരുന്നു. അതിൽ ഒരാളായിരുന്ന 'പാളിററ്ബ്യൂറോവിലെ ഒരു മെമ്പറായിരുന്ന, 'അലക്സാൻഡർ ഷ്ചെർബാക്കോവ്.' ൧൯൩൪-ൽ അദ്ദേഹം റൈററഴ്സ് യൂണിയന്റെ (ഗ്രന്ഥകാരന്മാരുടെ സംഘം) സിക്രട്ടറിജനറലായിരുന്നു. അക്കാലത്തു ഞാൻ, ൧൯൧൭-ലെ വിപ്ലവം സംബന്ധിച്ചുള്ള യക്ഷികഥകൾ, ഐതിഹ്യങ്ങൾ മുതലായവയെ ഇംഗ്ലീഷിലേക്കു തർജ്ജമചെയ്യുകയും നാടൻഗാനങ്ങൾ ശേഖരിക്കുകയും ചെയ്യുകയായിരുന്നു. അതുസംബന്ധിച്ച് എനിക്കു റഷ്യൻനാടൻഗായകന്മാരുടെയെല്ലാം മേധാവിയായ 'യൂറിമത്വെയെവിച്ച് സോകലോവ്' എന്ന ഒരു മാന്യന്റെ സഹായം ലഭിച്ചു. അദ്ദേഹം ഒരു കലാസമ്പന്നനും, 'സോവിയററ് അക്കാഡമി ആഫ് സയൻസസ്' എന്ന സ്ഥാപനത്തിലെ ഒരംഗവും, ഒരു സർവ്വകലാശാലാപ്രൊഫസ്സരും, ഗ്രന്ഥകാരസംഘടനയിലെ നാടൻകൃതികളുടെ വകുപ്പിന്റെ അദ്ധ്യക്ഷനും ആയിരുന്നു. ഞാൻ അദ്ദേഹവുമായി പലപ്പോഴും ചർച്ചകൾ നടത്തിയിരുന്നു. സാഹിത്യവും നാടൻകൃതികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അദ്ദേഹം ഒരു ഗ്രന്ഥം തയാറാക്കുകയായിരുന്നു. വാഷിങ്ടൺ ഇർവിങ്ങ് എഴുതിയ 'അൽഹംബ്ര' എന്ന സ്പാനിഷ് പുരാണകഥയിൽനിന്നും ലഭിച്ച പ്രേരണകൊണ്ടാണ്, 'പുഷ്കിൻ' എന്ന റഷ്യൻ എഴുത്തുകാരൻ 'ടെയിൽ ആഫ് ദി ഗോൾഡൻ കാക്കെറൽ' എന്ന കൃതി രചിച്ചതു് എന്ന് അദ്ദേഹത്തിൽനിന്നും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. ആ അഭിപ്രായം അർത്ഥരഹിതവും, ബുദ്ധിശൂന്യവുമാണെന്നും, ലോകസാഹിത്യത്തി

ലുള്ള റഷ്യയുടെ മഹനീയനേട്ടങ്ങളെക്കുറിച്ച് അദ്ദേഹത്തിന് ഒട്ടും ജ്ഞാനമില്ലായിരുന്നെന്നും അദ്ദേഹത്തിന്റെ ശിഷ്യനായ വിക്ടർ സൈഡൽ നിക്കോവ് പിന്നീടൊരിക്കൽ (പതിനൊന്നു വർഷങ്ങൾക്കുശേഷം) പ്രസ്താവിച്ചു.

൧൯൩൪-ാമാണ്ട് ഒരു ദിവസം, ഗ്രന്ഥകാരസംഘടനയുടെ നാടൻകൃതികളുടെ വകുപ്പിന്റെ ഒരു മീററിങ്ങിൽ സംബന്ധിക്കുന്നതിനു സോകലോവ് എന്നെ ക്ഷണിച്ചു. ഷ്ചേർബാക്കോവും അതിൽ സംബന്ധിക്കുന്നുണ്ടായിരുന്നു. കുറെ വർഷങ്ങൾ കഴിഞ്ഞു സോവിയററ് ഇൻഫർമേഷൻബ്യൂറോവിന്റെ (വാർത്താവിതരണവകുപ്പ്) യുദ്ധകാലമേധാവിയും, ചെമ്പടയുടെ പ്രചരണവകുപ്പിന്റെ അദ്ധ്യക്ഷനും ആയിത്തീർന്നു. ഷ്ചേർബാക്കോവ് ഒരു മഹാബുദ്ധിശാലിയും,കറിനാദ്ധ്വാനിയും ആയിരുന്നു. എന്നാൽസാഹിത്യകുശലത അദ്ദേഹത്തിന് അത്രതന്നെ ഉണ്ടായിരുന്നില്ല. പ്രവദ പത്രത്തിന്റെ പ്രസാധകന്മാർ റഷ്യയുടെയും അതിന്റെ നേതാവായ സ്റ്റാലിന്റെയും നേട്ടങ്ങളെ പുകഴ്ത്തിക്കൊണ്ടു് അനേകം നാടൻകൃതികൾഅടങ്ങിയ ഒരു പുസ്തകം പ്രസിദ്ധംചെയ്യണമെന്നു് ഉദ്ദേശിച്ചു് അതിനുവേണ്ട നാടൻകഥകൾ, പദ്യങ്ങൾ മുതലായവ കഴക്സ്റ്റാൻ, ഉസ്സെകിസ്റ്റാൻ, ജാർജിയ, യുക്രെയിൻ മുതലായ റഷ്യൻപ്രദേശങ്ങളിൽനിന്നു് ശേഖരിക്കുന്നതിനു ചെയ്തിട്ടുള്ള ഏർപ്പാടുകൾ എത്രകണ്ടു പുരോഗമിച്ചിട്ടുണ്ടെന്നു്, മീററിങ്ങിൽ വച്ചു് ഷ്ചേർബാക്കോവ് ചോദിച്ചു. പ്രസ്തുത പരിപാടി ഒട്ടുംതന്നെ പുരോഗമിച്ചിട്ടില്ലെന്നു് സോകലോവ് അറിയിച്ചു. അതുകൊണ്ടു ക്രുദ്ധിച്ച ഷ്ചേർബാക്കോവ്, സോകലോവിനു് ഒട്ടുംതന്നെ കാര്യശേഷിയില്ലെന്നും, നാടൻകഥാകൃത്തുക്കളും, കവികളും, മടയന്മാരും, രാജ്യദ്രോഹികളുമാണെന്നും സ്റ്റാക്കനോവൈററിലെ കൃഷിക്കാരും തൊഴിലാളികളും മററും നവമ്പർ ഏഴാംതീയതി

നടക്കുന്ന ഒക്ടോബർ വിപ്ലവദിനാഘോഷത്തിനുമുമ്പുതന്നെ വളരെയധികം ധാന്യവും ഉഴവുയന്ത്രങ്ങളും നിർമ്മിച്ചിരുന്നുവെന്നും പ്രസ്താവിച്ചു. ഉഴവുയന്ത്രങ്ങളും, ധാന്യവുംപോലെ, നാടൻകവിതകളും, കഥകളും നിർമ്മിക്കുവാൻ സാധിക്കയില്ലെന്നും, താൻ ജോലി രാജിവയ്ക്കുവാൻ തയാറാണെന്നും സോകലോവ് അറിയിച്ചു. ജോലി രാജിവയ്ക്കുന്നതിന് അനുവാദം ലഭിച്ചില്ല. പുസ്തകം പ്രസിദ്ധംചെയ്തപ്പോൾ അതിൽ സോകലോവിൻെറ പേരുപോലും കാണുകയുമുണ്ടായില്ല. എന്നുമാത്രമല്ല ലെനിനിനെക്കുറിച്ചായിരുന്നു ആളുകൾ വളരെയധികം കൃതികൾ നിർമ്മിച്ചിരുന്നത്. സ്റ്റാലിനെക്കുറിച്ച് അവർക്ക് അത്രതന്നെ ഭക്തിയുണ്ടായിരുന്നില്ല.

സൈബീരിയായിൽവച്ച് ഏററവും വലിയ ക്രെംലിൻ നേതാവും, മഹാപ്രഭുവുമായിരുന്ന 'മൈക്കേൽ കലാഗിൻ', അദ്ദേഹത്തിൻെറ അസാധാരണമായ പ്രയത്നവും കാര്യശേഷിയും കൊണ്ടു്, 'നോവോസിബിഴ്സ്ക്'' എന്ന പ്രദേശം മുഴുവനും, വ്യവസായങ്ങളുടേയും, റെയിൽവേമാർഗ്ഗങ്ങളുടേയും ഒരു പ്രധാനകേന്ദ്രമാക്കിത്തീർത്തു. യുദ്ധകാലത്ത് ഞാനും എൻെറ പല സ്നേഹിതന്മാരും ഒന്നിച്ച് 'നോവോസിബിഴ്സ്ക്'' സന്ദർശിച്ചു. പണ്ടു് 'ചേമ്പർ ആഫ് കാമേഴ്സി'ൻെറ വൈസ്പ്രസിഡണ്ടായ 'ഹെൻട്രീവാലേസ്'', പ്രസിഡണ്ടായിരുന്ന 'എറിക് ജാൺസൺ', അദ്ദേഹത്തിൻെറ അസിസ്റ്റൻറായ 'ജോയിസ് ഹൊറാ', ഗ്രന്ഥകർത്താവും, പ്രസാധകനുമായ 'വില്യം എൽ. വയിററ്'', 'യൂണൈററഡ്പ്രസ്'' പത്രത്തിൻെറ ലേഖകനായ 'ഹാരിസൺ സാലിസ്ബറി', 'ന്യൂയാർക്ക് ടൈംസ്'' പത്രത്തിൻെറ ലേഖകനായ 'വില്യം ലാറൻസ്'', 'ടൈം ആൻഡ് ലൈഫ്'' പത്രത്തിൻെറ ലേഖക

നായ 'റിച്ചാർഡ്, ഈ. ലാററർബാക്ക്' ഇവരെല്ലാം ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു.

മാസ്കോനഗരത്തിൽ സ്ഥിതിചെയ്തിരുന്ന റഷ്യയിലെ ഏററവും വലിയ 'ആപ്ട്ടിക്കൽ പ്ലാൻറുനമ്പർ നൻ' (ദൂരദർശന കണ്ണാടി മുതലായവ നിർമ്മിക്കുന്ന യന്ത്രശാല) ൧൯൪൧-ൽ നോവോസിബിഴ്സ്കിലേയ്ക്കു മാററപ്പെട്ടു. അതിൽ ജോലിചെയ്തിരുന്ന ഏഴായിരം തൊഴിലാളികളിൽ നാലായിരംപേരെയുംകൂടി പ്രസ്തുത സ്ഥലത്തേയ്ക്കു കൊണ്ടുപോയി. പതിനയ്യായിരംപേർ പ്രവർത്തിച്ചുതുടങ്ങിയ ആ സ്ഥാപനത്തിൽ എഴുപതുശതമാനം തൊഴിലാളികളും സ്ത്രീകളും പെൺകുട്ടികളുമായിരുന്നു. ഈ സ്ഥാപനത്തിൻെറ ഡയറക്ടർ 'അലെക്സാൻഡർ കോത്‌ലിയാർ' എന്നൊരു സുമുഖനായിരുന്നു.

മൈക്ക് (മൈക്കൽ കുലാഗിൻ) ഞങ്ങളുടെ സന്ദർശകസംഘത്തെ കോത്‌ലിയാരുടെ ആഫീസിലേയ്ക്കു വിളിച്ചുകൊണ്ടുപോയി. അവിടെവച്ച് മൈക്ക് എറിക്ജാൺസണ് ഒരു 'ഇങ്കുവെൽ' (ഡസ്കിൽ ഒരു ദ്വാരമിട്ട് അതിലുറപ്പിക്കുന്ന മഷിക്കുപ്പി) സമ്മാനിച്ച്, അതിനെ ജാൺസൻെറ താമസസ്ഥലത്തേക്കു കൊടുത്തയയ്ക്കണമെന്ന്, കോത്‌ലിയാറോട് ഏർപ്പാടു ചെയ്തു. എന്നാൽ ഇങ്ക്‌വെൽ ജാൺസണു വന്നുചേർന്നില്ല. പിന്നീട് ജാൺസൺ സ്ഥലംവിട്ടുപോകുമ്പോൾ മൈക്ക് കൊടുത്ത ഒരു വിരുന്നിനിടയിൽ, കോത്‌ലിയാർ ഇങ്കുവെൽ കൊടുത്തയയ്ക്കുന്നതിനു മറന്നുപോയി എന്നറിഞ്ഞു. ആ പ്രദേശത്ത് ൧൯൩൨-ൽ തുടങ്ങി പണിതീർന്നുകൊണ്ടുവന്ന ഒരു ആപ്പറാഹൌസിനെ (സംഗീതം നൃത്തം ഇവ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു സ്ഥലം) ക്കുറിച്ചും മററും സംസാരിച്ചുകൊണ്ടിരുന്ന മൈക്ക് പെട്ടെന്നു ക്രുദ്ധനായി, കോത്‌ലിയാറെ എന്തെന്നില്ലാതെ എത്രയും

നീചവും നിന്ദ്യവുമായവിധത്തിൽ ശകാരിച്ചു. കോത്'ലിയാറാകട്ടെ അവിടെനിന്നും പൊയ്ക്കളഞ്ഞു.

വിലപിടിച്ച വജ്രം, പത്മരാഗം ഇവയിൽ അമ്പതെണ്ണം കൂടി മൈക്ക് ജാൺസണു സമ്മാനിച്ചു. എന്നാൽ താൻ റിപ്പബ്ളിക്കൻകക്ഷിയിൽ ഉൾപ്പെട്ടവനാണെന്നും, ആ കക്ഷിയുടെ നിബന്ധനകളനുസരിച്ച്, അന്യരാജ്യത്തിലുള്ള പൌരന്മാരുടെ അടുക്കൽനിന്നും, വലിയ സമ്മാനങ്ങൾ സ്വീകരിക്കാൻ പാടില്ലെന്നും പറഞ്ഞു്, നന്ദി പ്രകടിപ്പിച്ചുകൊണ്ടു് ജാൺസൺ രത്നങ്ങൾ തിരികെ ഏല്പിച്ചു.

അതേവിരുന്നിൽവച്ചുതന്നെ, ഞാൻ റഷ്യൻസാറിന്റെ പട്ടാളത്തിൽ ഉദ്യോഗം ഭരിച്ചുകൊണ്ടു്, ഒന്നാംലോകമഹായുദ്ധകാലത്തു്, കമ്മ്യൂണിസ്റ്റ്റഷ്യയ്ക്കെതിരായി പ്രവത്തിച്ചതു താൻ ഓക്കുന്നുവെന്നും, എന്നാൽ പഴയ വിരോധമെല്ലാം മറന്നു്, ചെമ്പടയിൽ ചേന്നു് റഷ്യയ്ക്കുവേണ്ടി പ്രവത്തിക്കണമെന്നും, മൈക്ക് എന്നോടു പറഞ്ഞു. എന്നാൽ ഇതുകേട്ടു്, മൈക്ക് മദ്യപാനം ചെയ്തിരിക്കയാണോ എന്നാണു് എനിക്കു തോന്നിയതു്.

# അദ്ധ്യായം ൧൪

റഷ്യയിലുള്ള എന്റെ ആത്മസ്നേഹിതന്മാരിൽ ഒരാളായിരുന്നു 'ഓസിപ് ദാനിലോവ്.' ഒരു സാഹിത്യനിരൂപകനും, നാടകകൃത്തുമായ അദ്ദേഹത്തിന്റെ കുടുംബവുമായി, ഉദ്ദേശം പത്തുവർഷം മുമ്പാണ് എനിക്കു പരിചയം സിദ്ധിച്ചതു്. ഒരു ഗായികയായ, അദ്ദേഹത്തിന്റെ ഭാര്യ ഓൾഗാ, റഷ്യൻചെമ്പടയെ യുദ്ധമദ്ധ്യേ പാട്ടുപാടി രസിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ൧൯൪൨-ൽ ഒരു ജർമ്മൻബോംബുകൊണ്ടു കൊല്ലപ്പെട്ടു. ദാനിലോവിന്റെ ഏകപുത്രനായ വ്ളാഡിമിർ ഒരു റേഡിയോ ടെക്ക്നിഷ്യനായിരുന്നു. ശത്രുക്കളുടെ മദ്ധ്യേ ചെന്നു യുദ്ധംചെയ്യുന്നതിനു തയാറായ അയാളെ പാരഷൂട്ടിൽ ഗെറില്ലായുദ്ധം നടന്നുകൊണ്ടിരുന്ന ബ്രൈയാൻസ്കുവനപ്രദേശത്തുകൊണ്ടിറക്കി. പിന്നീട് അയാൾക്കു് എന്തു സംഭവിച്ചുവെന്നു് അറിഞ്ഞുകൂടാ. ഒടുവിൽ, ഇരുപത്തിരണ്ടുവയസ്സുള്ളവളും, മാസ്കോവിലെ വിദേശഭാഷാഭ്യസനമന്ദിരത്തിലെ ഒരു വിദ്യാർത്ഥിനിയുമായ മാഷാ എന്ന ഒരു പുത്രി മാത്രം ദാനിലോവിനു ശേഷിച്ചു. നല്ല ആരോഗ്യമില്ലാത്തതുകൊണ്ടു്, ദാനിലോവിനു് കിബിഷേവിൽചെന്നു താമസിക്കേണ്ടിവന്നു. അവിടെവച്ചു്, പലപ്പോഴും ഞാൻ അദ്ദേഹത്തെ കാണുക പതിവുണ്ടു്. എന്നാൽ ൧൯൪൮-ൽ തുടങ്ങിയ അമേരിക്കൻ വിദ്വേഷപ്രസ്ഥാനംനിമിത്തം, ഞങ്ങൾ തമ്മിൽ കാണുക എന്നതു് അല്പമൊന്നു കുറച്ചു. എന്നാൽ ദാനിലോവ് പ്രസ്തുത പ്രസ്ഥാനത്തെ പുച്ഛിക്കയാണു ചെയ്തതു്.

എന്നാൽ ൧൯൪൭ വേനൽക്കാലത്തിന്റെ ആരംഭത്തിൽ, ദാനിലോവിൽ ചില മാററങ്ങൾ കണ്ടു. ഒരുദിവസം ഉച്ചയ്ക്കു് ഞാൻ ദാനിലോവിന്റെ വീട്ടിൽ ചെന്നുചേൻ്നു. അപ്പോൾ മാഷാ

തനിച്ചിരിക്കയായിരുന്നു. ഞാൻ പോകാൻ ഭാവിച്ചു. എന്നാൽ അവൾ എന്നെ നില്ക്കുവാൻ പറഞ്ഞു് ഇപ്രകാരം അറിയിച്ചു: "അച്ഛൻ ഒരു നാടകം എഴുതിത്തീർത്തിരിക്കയാണു്. അതു് അമേരിക്കയെക്കുറിച്ചാണു്. അതു വായിച്ചിട്ടു് എനിക്കുതന്നെ നാണമാകുന്നു." കാൺസ്റ്റാൻറിൻ സൈമൊണോവ് എന്ന ഒരു നാടകകൃത്തു് 'റഷ്യൻപ്രശ്നം' എന്ന ഒരു നാടകം രചിച്ചിരുന്നു. അതിൽ, അമേരിക്കൻപത്രപ്രവർത്തകന്മാർ സംസ്കാരം അധഃപതിച്ചുപോയവരാണെന്നും, അല്പമെങ്കിലും സൽഗുണങ്ങൾ ഉള്ളവക്കു്, ഉദ്യോഗം രാജിവയ്ക്കുകയോ, ആത്മഹത്യചെയ്യുകയോ ചെയ്യേണ്ടിയിരുന്നു എന്നും മററും കാണിച്ചിരുന്നു. ആ നാടകത്തിനേക്കാൾ കുറേക്കൂടി കഷ്ടമായിരുന്നു ദാനിലോവിൻെറ നാടകം. എന്തെന്നാൽ, അമേരിക്കാക്കാർ അവരുടെ ജോലി നഷ്ടപ്പെട്ടുപോകാതിരിക്കുന്നതിനുവേണ്ടി എന്തും പ്രവർത്തിച്ചിരുന്നു എന്നാണു് അതിൽ കാണിച്ചിരുന്നതു്. വാസ്തവത്തിൽ, ദാനിലോവ് അതിൽ ഒരു വാക്കുപോലും വിശ്വസിച്ചിരുന്നില്ല എന്നു മാഷാ എന്നോടു പറഞ്ഞു.

ഞാൻ മാഷായെ അവസാനമായി ചുംബിച്ചിട്ടു് അവിടം വിട്ടു. പിന്നീടു് ഞാൻ അവിടെ ചെല്ലുകയേ ഉണ്ടായില്ല. എന്നാൽ ഞങ്ങൾ മാസ്കോ വിട്ടുപോകുന്നതിനു തലേദിവസം അർദ്ധരാത്രികഴിഞ്ഞു്, നീല, ഓസിപ്പിനേയും മാഷായേയും ഫോണിൽ വിളിച്ചു്, ഞങ്ങൾ അമേരിക്കയ്ക്കു യാത്രയാവുകയാണെന്നറിയിച്ചു. അപ്പോഴും ഉറങ്ങിയിട്ടില്ലാത്ത ഓസിപ്പും മാഷായും അവക്കു ഞങ്ങളോടു് വളരെ സ്നേഹമുണ്ടെന്നറിയിച്ചു.

# അദ്ധ്യായം ൧൫

സംഗീതത്തിൽ അനിതരസാധാരണമായ വൈദഗ്ദ്ധ്യം സമ്പാദിച്ച ഒരു റഷ്യാക്കാരനായിരുന്നു, 'അലക്സാൻഡർ വെർട്ടിൻസ്കി.' അദ്ദേഹം വിദൂരദേശങ്ങളെക്കുറിച്ചാണ് അദ്ദേഹത്തിന്റെ പാട്ടുകളിൽ വർണ്ണിച്ചിരുന്നത്. വിപ്ലവകാലത്ത്, അദ്ദേഹം റഷ്യവിട്ട് ലോകത്തിന്റെ ഓരോ ഭാഗത്തു ചുററിസ്സഞ്ചരിച്ച്, റഷ്യൻഭാഷ അറിയാവുന്നവരെയെല്ലാം പാടിരസിപ്പിച്ചുകൊണ്ടു കഴിഞ്ഞു. റഷ്യയിലാകട്ടെ, അദ്ദേഹത്തിന്റെ സംഗീതത്തിൽ ആളുകൾക്ക് ഏററവും താല്പര്യം ഉണ്ടായി. അദ്ദേഹത്തിന്റെ ഗാനങ്ങൾ അടങ്ങിയ റിക്കാർഡുകൾകൊണ്ട് അവർ ആനന്ദിച്ചു.

യുദ്ധകാലത്ത്, വെർട്ടിൻസ്കി, റഷ്യാക്കാരുടെ ദുരിതനിവാരണത്തിനുവേണ്ടി തന്റെ സമ്പാദ്യത്തിൽനിന്ന് വലിയ തുകകൾ സംഭാവനചെയ്തു. അതുകൊണ്ട് അദ്ദേഹത്തിനു റഷ്യയിലേയ്ക്കു തിരിച്ചുവരാൻ സാധിച്ചു. മാസ്കോനഗരത്തിൽ തിരിച്ചുവന്ന ഉടൻ, അദ്ദേഹം, തന്റെ ഭംഗിയേറിയ രണ്ടു സൂട്ടുകേസ്സുകൾ താഴെ വച്ചിട്ട്, തന്റെ പിതൃഭൂമിയെ ചുംബിച്ചു. ആ തക്കംനോക്കി, ആരോ അദ്ദേഹത്തിന്റെ സൂട്ടുകേസ്സുകൾ മോഷ്ടിച്ചുകൊണ്ടുപോയി. മാസ്കോവിലേയ്ക്കു തിരിച്ചുവന്നതിനുശേഷവും, തന്റെ സംഗീതംകൊണ്ട് വെർട്ടിൻസ്കി ഒരു വലിയ തുക സമ്പാദിച്ചു. ഇപ്പോൾ അദ്ദേഹത്തിനു വാർദ്ധക്യം പ്രാപിച്ചിട്ടുണ്ടെങ്കിലും, അദ്ദേഹത്തിന്റെ പാട്ടുകച്ചേരികൾക്കും മററും ഒരു ടിക്കററുമേടിക്കുന്നതിനു വലിയ വിഷമമാണ്. അദ്ദേഹത്തിന്റെ സംഗീതം കേട്ടു രസിക്കുന്നതിന്, പട്ടാളക്കാർ, ഉദ്യോഗസ്ഥമേധാവികൾ ഇവർ തുടങ്ങി, സ്ത്രീകൾ, പെൺകുട്ടികൾ, തൊഴിലാളികൾ ഇവർവരെയുള്ള

വരെല്ലാം സന്നിഹിതരായിരിക്ക പതിവുണ്ട്. വെർട്ടിൻസ്കിയുടെ സംഗീതരീതിയനുസരിച്ച് റഷ്യൻഗായകന്മാരെ പരിശീലിപ്പിക്കാമെന്ന് ഒരിക്കൽ 'കലാസംഘ'ത്തിലെ ഒരു അംഗം പ്രസ്താവിച്ചതിന്, "നമുക്ക് ഒരു വെർട്ടിൻസ്കി മതി" എന്നാണ് സ്റ്റാലിൻ മറുപടിപറഞ്ഞതു്.

---

# അദ്ധ്യായം ൧൬

KOTTAYAM PUBLIC LIBRARY KOTTAYAM.

ഞാൻ മാസ്കോ വിടുന്നതിനു പതിനെട്ടുമാസം മുമ്പുതന്നെ, അവിടെയുള്ള ആത്മസ്നേഹിതന്മാർ പലരോടും എന്റെ സഹവാസം നിറുത്തിയിരുന്നു. എന്തെന്നാൽ എന്നോടുകൂടിയുള്ള സഹവാസം അവർക്ക് അപകടകരമായിരുന്നു.

അമേരിക്കാക്കാരോട് അനുഭാവം പ്രദർശിപ്പിച്ചതിന്, കോടതിയിൽ വിസ്തരിക്കപ്പെട്ട ഒരാളായിരുന്നു 'സെമിയൺ യാക്കോവ്ലെവിച്ച് ഗോലോവെങ്കോ.' ൧൯൪൭ ഡിസംബർ മാസം ഒരു രാത്രിയിൽ വക്ത്താങ്കോവ് തീയേററിൽ 'മച്ച് അഡോ എബൗട്ട് നത്തിങ്ങ്' എന്ന നാടകം നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഞാൻ ഗോലോവെങ്കോവിനെ കണ്ടുമുട്ടിയതു്. ഓരോ സീനും അദ്ദേഹം അത്ഭുതത്തോടുകൂടി നോക്കി രസിച്ചുകൊണ്ടിരുന്നു. ഞാനാകട്ടെ, പെൻസിലോടുകൂടിയ ഒരു ഫൌണ്ടൻ പേനകൊണ്ട്, നാടകത്തെക്കുറിച്ചു നോട്ടുകൾ കുറിച്ചുകൊണ്ടിരുന്നു. അതുകണ്ട ഗോലോവെങ്കോ, എന്റെ പേനയുടെ 'റീഫിൽ' മെക്കാനിസവും മററും എങ്ങനെയാണു പ്രവർത്തിക്കുന്നതു് എന്നറിയുവാൻ ആഗ്രഹിച്ചു. അതു മനസ്സിലാക്കുന്നതിനുവേണ്ടി, അദ്ദേഹവും ഭാര്യയായ 'സൈനൈദാ മൈറോണോവ്നാ'യും

എന്നെ അദ്ദേഹത്തിന്റെ താമസസ്ഥലത്തേയ്ക്കു ക്ഷണിച്ചു. ഞാൻ അവിടെ ചെന്നപ്പോൾ, അവർ എന്നെ ഹൃദ്യമാകുംവണ്ണം സല്ക്കരിച്ചു. പേനയുടെ പ്രവൎത്തനം, അദ്ദേഹം തന്നത്താൻ കണ്ടു പിടിച്ചു. അന്നുമുതൽ കൂടക്കൂടെ ഞാൻ അദ്ദേഹത്തെ സന്ദൎശിച്ചു.

കപ്പൽനിൎമ്മിതിയിൽ പ്രധാനപ്പെട്ട, 'നിക്കോലായേവ്' എന്ന സ്ഥലത്താണു ഗോലോവെങ്കോ ജനിച്ചുവളൎന്നതു്. പത്താമത്തെ വയസ്സിൽ അദ്ദേഹം, അദ്ദേഹത്തിന്റെ അച്ഛനെ കപ്പൽ നിൎമ്മാണത്തിലും മററും സഹായിച്ചു്, വേണ്ട പരിശീലനം സമ്പാദിച്ചു. എന്നാൽ കമ്മ്യൂണിസ്റ്റ്തത്വപ്രചരണം നടത്തിയതിനു് ഗോലോവെങ്കോവിന്റെ അച്ഛൻ സൈബീരിയായിലേയ്ക്കു നാടു കടത്തപ്പെട്ടു. അവിടെവച്ചു് അദ്ദേഹം മരിച്ചു. അച്ഛന്റെ പ്രവൎത്തനം തുടൎന്ന ഗോലോവെങ്കോ, വിപ്ലവത്തിനുശേഷം, രണ്ടു വൎഷം കഴിഞ്ഞു്, ഒരു ബോൾഷെവിക്കായി ൧൯൧൭-ൽ 'കെരൻസ്കി'യോടു പൊരുതി. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ പ്രദേശത്തുള്ള കപ്പൽനിൎമ്മാണസ്ഥാപനത്തിന്റെ ഒന്നാമത്തെ ബോൾഷെവിക്ക് ഡയറക്ടരായി. രണ്ടുവൎഷം കഴിഞ്ഞു് അദ്ദേഹം മാസ്കോനഗരത്തിലേയ്ക്കു പഠിക്കുവാൻ പോയി. കൂട്ടകൃഷിപ്രസ്ഥാനത്തിന്റെ പ്രചരണകാലത്തു്, കൂട്ടകൃഷിക്കാരെ സഹായിക്കുന്നതിനു് അദ്ദേഹത്തിനു് നാട്ടുംപുറത്തേക്കു പോകേണ്ടിവന്നു. താമസിയാതെ അദ്ദേഹം നഗരത്തിലേക്കു തിരിച്ചുവന്നു. എന്നാൽ ബോൾഷെവിക്കുകാർ, അദ്ദേഹത്തെ നഗരത്തിലുള്ള ഏററവും വലിയ 'ട്രക്ക് ആൻഡ് ആട്ടോ റിപ്പെയർ പ്ലാൻറിന്റെ' (മോട്ടാർനിൎമ്മാണത്തിനുള്ള യന്ത്രശാല) ഡയറക്ടരാക്കി. എന്നിട്ടും ഗോലോവെങ്കോ പഠിത്തം നിറുത്തിയില്ല. രാവിലെ എട്ടുമണിമുതൽ ഒൻപതുമണിവരെ എൻജിനീയർമാർ മുതലായ കീഴുദ്യോഗസ്ഥന്മാൎക്കു സന്ദൎശനം നൽകി.

ഒൻപതുമുതൽ പത്തുവരെ കണക്കും, പിന്നീട് ഒരുമണിക്കൂർ ഇംഗ്ലീഷും അദ്ദേഹം പഠിച്ചു.

അസാധാരണമായ കാര്യശേഷിയും ബുദ്ധിയുമുള്ള അദ്ദേഹം, തൻെറ കീഴിലുള്ള രണ്ടായിരം ജോലിക്കാരെ ഏററവും സാമർത്ഥ്യത്തോടെ പ്രവൎത്തിപ്പിച്ചിരുന്നു; അമേരിക്കൻ വ്യവസായസംഘങ്ങൾ 'പീസ് വർക്ക് സിസ്റ്റം' (ചില്ലറജോലിചെയ്യുന്ന സമ്പ്രദായം) സമ്മതിച്ചിരുന്നില്ല എന്നു ഞാൻ അറിയിച്ചപ്പോൾ, അതുകൊണ്ടു തന്നെ സോഷ്യലിസ്റ്റുകാൎക്ക് അമേരിക്കാക്കാരെക്കാൾ പുരോഗതി പ്രാപിക്കുവാൻ സാധിക്കുമെന്നു അദ്ദേഹം എന്നോടു പറഞ്ഞു.

റഷ്യയിലുള്ള ഓരോ സോവിയററുവ്യവസായത്തിൻെറയും മേധാവികൾക്കു് ഇഷ്ടംപോലെ ഉപയോഗിക്കത്തക്കതായി "ഡയറക്ടരുടെ ഫണ്ടു" എന്നൊരു തുക ഉണ്ടായിരുന്നു. സമ്മാനങ്ങൾ, വിദ്യാഭ്യാസപ്രവൎത്തനങ്ങൾ, വിരുന്നുകൾ, മേയ് ഒന്നാംതീയതി, നവംബർ ഏഴാംതീയതി മുതലായ ദിവസങ്ങളിലുള്ള ആഘോഷങ്ങൾ ഇവയ്ക്കായിരുന്നു ആ തുക. എന്നാൽ തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുന്നതിനാണു്, അദ്ദേഹം ആ തുക ഉപയോഗിച്ചതു്.

കുറെ തൊഴിലാളിയുവാക്കൾക്കു്, വോൾഗാനദിയിൽക്കൂടി ഒരു ബോട്ടുയാത്ര ചെയ്താൽകൊള്ളാമെന്നു തോന്നിയപ്പോൾ, ഉടനെ അദ്ദേഹം അതിനുവേണ്ട ഏൎപ്പാടുകൾ ചെയ്തു. എന്നാൽ അവർ പ്രവൎത്തിച്ചിരുന്ന വ്യവസായത്തിൽ സാധനനിൎമ്മിതി ഒരു നിശ്ചിതശതമാനം വർദ്ധിപ്പിക്കണമെന്നും, അതേ വ്യവസായത്തിൽ മത്സരിച്ചിരുന്ന 'വാസ്യാ സ്മെർണോവിൻെറ' വിഭാഗത്തെ തോല്പിക്കണമെന്നും, അങ്ങനെയാണെങ്കിൽ ആ തൊഴിലാളികൾക്കോരോരുത്തൎക്കും, മാസ്കോനഗരത്തിൽ, വ്യവസായശാലയുടെ അടുക്കൽ, സ്ഥിതിചെയ്തിരുന്ന സത്രത്തിൽ രണ്ടാഴ്ച താമസിക്കുന്ന

തിന് അനുവാദം കൊടുക്കാമെന്നും, ഗോലോവെങ്കോ പറഞ്ഞു. മത്സരത്തിൽ ഷാസ്യ്യാസ്സെർണോവ് തോററു. സാധനനിർമ്മിതി വർദ്ധിപ്പിക്കുന്നതിനു ഗോലോവെങ്കോവിൻെറ കക്ഷിക്കാർ പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു. ചില്ലറയായി ജോലിചെയ്യി പ്പിക്കുന്ന രീതി നിറുത്തൽചെയ്യപ്പെട്ടു. തൊഴിലാളിസ്ത്രീകളുടെ കുഞ്ഞുങ്ങളെ വളർത്തുന്നതിന്, ഗോലോവെങ്കോ 'ക്രാഷുകൾ' (ശിശുസംരക്ഷണാലയങ്ങൾ) സ്ഥാപിച്ച്, സാധനങ്ങൾ കൂടുതൽ നിർമ്മിക്കുന്ന സ്ത്രീകൾക്ക് ആവക സൌകര്യങ്ങൾ നൽകുന്നതിൽ മുൻഗണന നൽകണമെന്നും നിബന്ധനചെയ്തു.

ഗോലോവെങ്കോ എന്നെ ഒരിക്കലും അദ്ദേഹത്തിൻെറ വ്യവസായശാലയിലേയ്ക്കു ക്ഷണിച്ചിട്ടില്ല. അദ്ദേഹത്തിനെ കുറിച്ചുള്ള ലേഖനങ്ങളിൽനിന്നുമാണ് ഞാൻ പല വിവരങ്ങളും മനസ്സിലാക്കിയതു്. അദ്ദേഹത്തിൻെറ വ്യവസായശാലയിലുള്ള, പത്തൊൻപതുവയസ്സുമാത്രം പ്രായംവരുന്ന മിത്യ എന്ന യുവാവിനെ അവനു സിദ്ധമായിരുന്ന പ്രത്യേക നിർമ്മാണവൈദഗ്ദ്ധ്യത്തിനുവേണ്ടി 'അമേരിക്കാനെററ്സ്' എന്നാണു പട്ടപ്പേരുവിളിച്ചിരുന്നതു്. ഐക്യനാടുകളെക്കുറിച്ചുള്ള എൻെറ ലേഖനങ്ങളിൽനിന്നാണെന്നു തോന്നുന്നു, ഗോലോവെങ്കോയും തൻെറ തൊഴിലാളികൾക്കു് ശുചിയായി ജീവിക്കുന്നതിനുവേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുത്തു.

എന്നാൽ ഗോലോവെങ്കാവിനു ചില വിഷമതകളും ഉണ്ടായി. അദ്ദേഹം സഹായം നൽകിയിരുന്ന തൊഴിലാളിസ്ത്രീകൾ കമ്മ്യൂണിസ്റ്റ്കക്ഷിയിലെ അംഗങ്ങളല്ലെന്നും, അതുകൊണ്ടു് അദ്ദേഹം കമ്മ്യൂണിസ്റ്റുകക്ഷിയുടെ നേരെ വിരോധമനോഭാവം വച്ചുകൊണ്ടിരിക്കുന്നതല്ലയോ അതു് എന്നെല്ലാം ഒരു തൊഴിലാളി ആവലാതിപ്പെട്ടു. അതു വിചാരണചെയ്യുന്ന

തിനു ചുമതലപ്പെട്ട പ്രാദേശികകമ്മ്യൂണിസ്റ്റു പാർട്ടിയുടെ കമ്മിററിസിക്രട്ടറി, ഇപ്രകാരം പ്രസ്താവിച്ചു: "ഗോലോവെങ്കോ, കമ്മ്യൂണിസ്റ്റു പാർട്ടിയുടെ അംഗങ്ങളായ തൊഴിലാളികളുടെ കാര്യം വിസ്മരിച്ചു. എന്തായാലും അദ്ദേഹം വ്യവസായംസംബ ന്ധിച്ച് അമേരിക്കൻരീതികളിൽ വളരെ പ്രതിപത്തി കാണിക്കു ന്നുണ്ട്." ഈ പ്രസ്താവനയെ ഡിസ്ത്രിക്ട് കമ്മ്യൂണിസ്റ്റു പാർട്ടി രേഖപ്പെടുത്തി. ഇതിൻെറ ഫലമായി കുറെ മോട്ടാർവ്യവസായ മേധാവികളുടേയും, എൻജിനീയറന്മാരുടേയും കൂട്ടത്തിൽ ഗോലോ വെങ്കോവിനും, അമേരിക്കയിലുള്ള ഡെട്രോയിററ് എന്ന മോട്ടാർ വ്യവസായകേന്ദ്രത്തിലേയ്ക്കു യാത്രചെയ്യാൻ അനുവാദം ലഭിച്ചിരു ന്നതു പിൻവലിക്കപ്പെട്ടു.

ഗോലോവെങ്കോയുടെ ഭാര്യയായ സൈനൈദാ മൈറോ നോവ്നായും ഒരു കപ്പൽവ്യാണിക്കാരൻെറ മകളായിരുന്നു. അവൾക്കു ഹൈസ്കൂൾവിദ്യാഭ്യാസം ലഭിച്ചിരുന്നു. താൻ വലിയ ഒരു പരിഷ്കാരിയാണെന്നാണ് അവൾ വിചാരിച്ചിരുന്നതു്. വിപ്ലവകാലത്താണ് ഗോലോവെങ്കോയും സൈനൈദായും തമ്മിൽ സ്നേഹിച്ചു വിവാഹം കഴിഞ്ഞതു്. അവരുടെ മകനായ 'സെരിയോഴാ' (സെർജി) ഒരു ചിത്രകാരനായി, വിവാഹം ചെയ്തു കുടുംബത്തിൽനിന്നും അകന്നു താമസിച്ചിരുന്നു. പതി നഞ്ചുവയസ്സായ ഒരു മകൾ ഒരു റേഡിയോ ആപ്പറേററർ ആകണ മെന്ന ആഗ്രഹത്തോടുകൂടി ഹൈസ്കൂളിൽ പഠിക്കയായിരുന്നു.

വിപ്ലവകാലങ്ങൾക്കുശേഷം, നഗരത്തിലുള്ള സുഖസൌകര്യ ങ്ങൾ ഒഴിച്ചുവയ്ക്കാൻ സൈനൈദായ്ക്കു സാധിച്ചിരുന്നില്ല. അതിനു ഗോലോവെങ്കോയുടെ ജോലി അവൾക്കു വളരെ സഹായകമായി രുന്നു. എന്തെന്നാൽ സാധാരണ ഒരു റഷ്യൻതൊഴിലാളിക്കു പ്രതിമാസം അഞ്ഞൂറു റൂബൾമാത്രം വരവുണ്ടായിരുന്നപ്പോൾ,

അദ്ദേഹത്തിന പ്രതിമാസം മൂവായിരം റൂബൾ ലഭിച്ചിരുന്നു. സ്റ്റൈലിനും ഫാഷനും സംബന്ധിച്ചു പ്രവത്തിച്ചിരുന്ന 'അററ്ലിയർമാഡ്' എന്ന സ്ഥാപനത്തിൽ പ്രധാനപ്പെട്ട സഖാക്കളുടെ ഭാര്യമാക്കും സിനിമാതാരങ്ങൾക്കും, ഒരുവഷം മുമ്പുവരെ വിദേശരാജ്യങ്ങളിൽനിന്നും അയച്ചിട്ടുള്ള നയതന്ത്രപരമായ ഉദ്യോഗസ്ഥന്മാക്കും മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളൂ. അവരുടെ കൂട്ടത്തിൽ സൈനൈദാ, അററ്ലിയർമാഡിൽതന്നെ വളരെ സമയം കഴിഞ്ഞുകൂടിയിരുന്നു. എന്തെന്നാൽ അവിടെനിന്നും, അവൾക്ക്, അമേരിക്കയിലും, യൂറോപ്പിലും ദൈനംദിനം നടപ്പിൽവന്നുകൊണ്ടിരിക്കുന്ന പുതിയ മോടികളും, വസ്ത്രധാരണരീതികളും കണ്ടു പഠിച്ചു് അനുകരിക്കാൻ സാധിച്ചിരുന്നു. തന്റെ കാറിൽ കയറി, ഇഷ്ടംപോലെ സഞ്ചരിച്ചുകൊള്ളുന്നതിന ഗോലോവെങ്കോയും അനുവദിച്ചിരുന്നു. ഒരുദിവസം കാർ സൈനൈദായെ തിരിച്ചു കൊണ്ടുവരുന്നതിനായി അററ്ലിയർമാഡിന്റെ നടയ്ക്കൽ കാത്തുകൊണ്ടിരുന്നപ്പോൾ, കമ്മ്യൂണിസ്റ്റു പാർട്ടികമ്മിററിയുടെ സിക്രട്ടറി, ഗോലോവെങ്കോയുടെ കാർ തനിക്കു് ഒരാവശ്യത്തിന കിട്ടിയാൽ കൊള്ളാമെന്നു പറഞ്ഞതുകൊണ്ടു് സൈനൈദായ്ക്കു് സാധാരണ ഒരു ബസ്സിൽ തിരിച്ചു വീട്ടിലേയ്ക്കു വരേണ്ടിവന്നു.

ഒരു പാളിററ്ബ്യൂറോമെമ്പറായ 'മൈക്കോയ'ന്റെ ഭാര്യയായ അർമീനിയാക്കാരി നടനുതന്നെ അററ്ലിയർമാഡ് സന്ദശിക്ക പതിവായിരുന്നു. 'ല്യൂബോസാവ് ഒർലോവാ' എന്ന ഒരു സിനിമാനടി, താനാണു് ഏററവും അഴകുള്ള വസ്ത്രങ്ങൾ ധരിച്ചിരുന്നതു് എന്നു വിചാരിച്ചിരുന്നു. അവൾക്കു് 'താത്യാനാ ഫ്യോഡോറോവാ' എന്ന യുവതിയോടു വലിയ അസൂയയായിരുന്നു. ആദ്യം ഒരു കൃഷിക്കാരിയായിരുന്ന ഫ്യോഡോറോവാ തന്റെ പ്രവത്തനങ്ങൾകൊണ്ടു്, അഭിവൃദ്ധിയെപ്രാപിച്ചു്,

സ്കൂളിൽചേൎന്ന് പഠിച്ച് ഒരു എൻജിനീയരാവുകയും ഒടുവിൽ റഷ്യയിലെ പാർലിയമെൻറായ 'സുപ്രീം സോവിയററി'ലെ ഒരു അംഗമായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഒരു വിദേശീയ നയതന്ത്ര ഉദ്യോഗസ്ഥൻെറ ഭാൎയ്യ ഭംഗിയുള്ള വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നതുകണ്ടു്, മാഷ്ൽ വോറോഷിലോവിൻെറ ഭാൎയ്യ അതുമാതിരി വസ്ത്രങ്ങൾ വരുത്തി തയാറാക്കിയപ്പോൾ, അതു് അവൾക്കു് ഒട്ടും യോജിച്ചിരുന്നില്ല.

വിദേശവാണിജ്യമന്ത്രിയും, ഭക്ഷണവകുപ്പിൻെറ മേധാവിയും ആയിരുന്ന 'മൈകോയ'ൻെറ താമസസ്ഥലത്തു്, ഒരു റെഫ്റിജറേറർപോലും ഇല്ലായിരുന്നു എന്നുള്ള വസ്തുത സൈനൈദായ്ക്കു് വലിയ സമാധാനമായിരുന്നു. എന്നാൽ താമസിയാതെ റഷ്യയിൽ 'റെഫ്റിജറേറർ' നിൎമ്മിക്കപ്പെട്ടു. അതിനു ഗുണം കുറഞ്ഞിരുന്നതിനാൽ ഉദ്ദേശം മുന്നൂററമ്പതു ഡാളർ വിലയ്ക്കു് അതു വില്ക്കപ്പെടുകയും ചെയ്തു.

ഞാൻ ഗോലോവെങ്കോവിൻെറ താമസസ്ഥലത്തു ചെല്ലുമ്പോഴൊക്കെ, അദ്ദേഹവും, കുടുംബാംഗങ്ങളും 'പേൎജ്' വിസ്താരങ്ങളെ (രാഷ്ട്രീയശുദ്ധീകരണത്തിനുവേണ്ടിയുള്ള വിസ്താരങ്ങൾ)ക്കുറിച്ചു, വിവരങ്ങൾ അറിയുന്നതിനു വളരെ ഉത്സാഹം കാണിച്ചിരുന്നു. മാസ്കോനഗരത്തിനു പുറത്തുനിന്നും, മുപ്പതോളം വൎത്തമാനപത്രങ്ങൾ ഞാൻ വരുത്തിയിരുന്നു. അതിൽനിന്നും വിസ്താരത്തിനും ശിക്ഷയ്ക്കും വിധേയരാക്കപ്പെട്ട അനവധി രാജ്യദ്രോഹികളെക്കുറിച്ചുള്ള വിവരങ്ങൾ എനിക്കറിയുവാൻ സാധിച്ചിരുന്നു. പ്രസ്തുത രാജ്യദ്രോഹികളെ വിദൂരദേശങ്ങളിലേയ്ക്കു് നാടുകടത്തുകയും, അവരുടെ ഭാൎയ്യമാരെ തടങ്കൽപാളയങ്ങളിലാക്കുകയും, അവരുടെ കുഞ്ഞുങ്ങളെ ഗവണ്മെൻറുസ്ഥാപനങ്ങളിൽ സംരക്ഷിക്കുകയും ആണു ചെയ്തിരുന്നതു്. അച്ഛനമ്മമാർ 'രാജ്യദ്രോഹി'കളായതു

കൊണ്ടു് അവരെ മറന്നുകളയുന്നതിനാണു കുട്ടികളെ പഠിപ്പിച്ചിരുന്നതു്.

'റെയിൽവേ' സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനും ഗോലോവെങ്കോവിനു് താല്പര്യമുണ്ടായിരുന്നു. 'പെക്കോറാ' നദീതടത്തിലുള്ള കല്ക്കരിഖനനം വിപുലീകരിക്കുന്നതിനും, അവിടെ ഒരു വലിയ റെയിൽവെ പണിചെയ്യുന്നതിനും, റഷ്യായിലെ 'അക്കാഡമി ആഫ് സയൻസസ്' എന്ന സ്ഥാപനം ശുപാൎശചെയ്തിരുന്നു എന്ന വാൎത്ത ഞാൻ ഗോലോവെങ്കോവിനെ അറിയിച്ചപ്പോൾ, അദ്ദേഹം സന്തോഷഭരിതനായിത്തീൎന്നു. പെക്കോറാ നദീതടത്തു്, 'വോർക്കുട്ടാ' എന്ന സ്ഥലത്തു് കല്ക്കരി വ്യവസായം അഭിവൃദ്ധിപ്പെടുത്തിയതും, അവിടെ ആയിരത്തിഅഞ്ഞൂറുമൈൽ നീളമുള്ള ഒരു റെയിൽപാത പണിതതും, തടവുകാരുടെ പ്രയത്നംകൊണ്ടായിരുന്നു.

കമ്മ്യൂണിസ്റ്റുതത്വത്തോടു് ഏററവും പ്രതിപത്തിയുള്ള ഗോലോവെങ്കോവിനും ദുർഭാഗ്യം വന്നുചേൎന്നു. ഒരുദിവസം കാലത്തു്, തൻെറ വ്യവസായശാലയിലേയ്ക്കുപോയ അദ്ദേഹം തിരിച്ചുവരികയുണ്ടായില്ല. അദ്ദേഹത്തിൽ ചില കുററങ്ങൾകണ്ടു്, അദ്ദേഹത്തെ ശിക്ഷിച്ചു് നാടുകടത്തപ്പെടുകയാണുണ്ടായതു് എന്നാണത്രേ അറിയുവാൻ സാധിച്ചിട്ടുള്ളതു്. എൻ. കെ. വി. ഡി-ക്കാർ, അന്നു രാത്രിതന്നെ സൈനൈദായേയും, അറസ്റ്റു ചെയ്തുകൊണ്ടുപോയി. ഗോലോവെങ്കാവിൻെറ വസ്തുവകകൾ കണ്ടുകെട്ടി. അയാളുടെ മകളായ മരിയാ തൻെറ സഹോദരനോടുകൂടിച്ചെന്നു താമസിക്കയും, ഒടുവിൽ അവൾ ഉത്തരസമുദ്രമാൎഗ്ഗഭരണകൂടത്തിൽ ജോലിനോക്കിയിരുന്ന ഒരു വയർലസ്സ് ആപ്പറേററരെ വിവാഹംകഴിക്കയും ചെയ്തു. എന്നാൽ താമസി

യാതെ, 'മൂർമാൻസ്ക്' എന്ന സ്ഥലത്തുവച്ച് ഒരു ജമ്മൻബോംബു കൊണ്ടു് അവരം കൊല്ലപ്പെട്ടു.

ഗോലോവെങ്കോവും, ഭാൎയ്യയും അപ്രത്യക്ഷപ്പെട്ടതോടുകൂടി, ഞാൻ അവരുടെ മകനായ 'സെര്യോഴാ'യോടും അയാളുടെ ഭാൎയ്യയായ 'തന്യാ'യോടും, സ്നേഹത്തിൽ കഴിഞ്ഞുകൂടി. അവരുടെ അടുക്കൽനിന്നുമാണു് സൈനൈദായെക്കുറിച്ചുള്ള വിവരങ്ങരം എനിക്കു മനസ്സിലായതു്. പത്തുവഷം അവരം തടങ്കൽപാളയത്തിൽ അദ്ധ്വാനിച്ചുകൊണ്ടു കഴിഞ്ഞുകൂടണമെന്നും, ൧൯൪൮-ൽ അവളെ തടവിൽനിന്നു വിടുമ്പോരം, മാസ്ക്കോനഗരത്തിൽനിന്നും അറുപതുമൈലിൽ കുറയാതെ ദൂരമുള്ള ഒരു സ്ഥലത്തു താമസിച്ചുകൊള്ളണമെന്നും ഉള്ളതായിരുന്നു അവരംക്കുകിട്ടിയ ശിക്ഷ. ഇപ്രകാരമുള്ള ശിക്ഷകരംകൊണ്ടു് അനേകായിരം സ്ത്രീകരം സങ്കടപ്പെടുന്നുണ്ടായിരുന്നു. തടവിൽനിന്നും മോചിപ്പിക്കുന്ന ചിലരെ ഏഴു പ്രധാനപ്പെട്ട റഷ്യൻനഗരങ്ങളുടെ അടുത്തെങ്ങും താമസിക്കുവാൻ പാടില്ല എന്നു കല്പിച്ചിരുന്നു. മററുചിലരെ നഗരത്തിൻെറ നൂറു കിലോമീററർ (ഉദ്ദേശം അറുപതുമൈൽ) വ്യാസാൎദ്ധത്തിനകത്തെങ്ങും വസിക്കരുതെന്നു നിബന്ധനചെയ്തിരുന്നു. ഉദാഹരണമായി മാസ്ക്കോനഗരത്തിൽനിന്നും, നൂററിയൊന്നു കിലോമീററർ ദൂരെയായി 'പെററുഷ്കി' (ലിററിൽ രൂസ്റ്റേഴ്സ്) എന്നൊരു റെയിൽവേസ്റ്റേഷൻ ഉണ്ടു്. ആദ്യം ജനവാസംപോലുമില്ലാതിരുന്ന ആ സ്ഥലം, തടവിൽനിന്നു മോചിപ്പിച്ചയച്ച ആളുകളെക്കൊണ്ടാണു് ജനനിബിഡമായിത്തീൎന്നതു്.

തടവിൽനിന്നു വിടുന്നവർ ഉടനേതന്നെ എൻ. കെ. വി. ഡി-യുടെ അടുക്കൽ പേർ രജിസ്റ്റർ ചെയ്യേണ്ടിയിരുന്നു. പിന്നീടു്, അവക്കു് പ്രാധാന്യമുള്ള ഉദ്യോഗങ്ങരം കൊടുക്കുകയില്ല എന്നുള്ളതല്ലാതെ, അവരുടെ പഴയ ജോലികരം സ്വീകരിക്കുന്നതിനു്

അവൎക്ക് തടസ്സമൊന്നുമില്ലായിരുന്നു. ഇപ്രകാരം വിമോചിതയായ ഒരു സ്ത്രീ, ൧൯൪൨-ൽ സെര്യോഴാ പട്ടാളത്തിൽ ജോലിയായിരിക്കയും, 'ക്രസ്നായാ പ്രെസ്നിയാ' എന്ന പ്രധാനപ്പെട്ട വ്യവസായകേന്ദ്രത്തിൽ കഴിഞ്ഞുകൂടുകയും ചെയ്യുമ്പോൾ, സെര്യോഴായെ ചെന്നുകണ്ടു. മാതാവിന്റെ അടുക്കൽനിന്നും കിട്ടിയ എഴുത്തുകളിൽ ഉള്ളതിനെക്കാൾ കൂടുതൽ വിവരങ്ങൾ അയാളെ ആ സ്ത്രീ ഗ്രഹിപ്പിച്ചു.

മദ്ധ്യേഷ്യായിലുള്ള 'കാരഗന്ദാ' എന്ന പുൽപ്രദേശത്ത് താമസിക്കുവാൻ നിയുക്തരായ അനേകായിരം സ്ത്രീകളിൽ ഒരാളായിരുന്നു സൈനൈദാ. ജനവാസംപോലുമില്ലായിരുന്ന ആ സ്ഥലത്ത്, അവർ മണ്ണുകൊണ്ട് കുടിലുകൾ ഉണ്ടാക്കി, കന്നുകാലികളെ വളൎത്തുന്നതിനും കൃഷിചെയ്യുന്നതിനും ആരംഭിച്ചു. എന്നാൽ കഠിനമായ അദ്ധ്വാനവും, അസഹ്യമായ വെയിലുംകൊണ്ട് പലൎക്കും സുഖക്കേടുകൾ പിടിപെട്ട് അവർ മരിച്ചു. അത്രയും ആളുകൾക്ക് രണ്ടു ഡാക്ടർമാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സൈനൈദായ്ക്കും ശരീരത്തിനും, മനസ്സിനും വളരെ ഇടിവുതട്ടി. ആ തടങ്കൽസംഘത്തിന്റെ മേധാവിയോട് അവർ രണ്ടു സംഗതികൾ അറിയിച്ചു. പ്രസ്തുത സംഘത്തിന്റെ നാല്പതുവിഭാഗങ്ങളിൽ ഓരോന്നിൽനിന്നും ഓരോ സ്ത്രീയെ അവിടെയുള്ള രണ്ടു ഡാക്ടർമാരുടെ അടുക്കൽ അയച്ച്, നഴ്സിങ്ങ് പഠിപ്പിക്കണമെന്നുള്ളതായിരുന്നു ഒരു സംഗതി. ചെമ്പടയ്ക്കുവേണ്ടി, അണ്ടർവെയർ തയ്ക്കുന്നതിനുള്ള ഒരു ഷാപ്പുതുടങ്ങി അങ്ങനെ സ്വദേശത്തിനു സേവനമനുഷ്ഠിക്കുവാൻവേണ്ട സഹായം ചെയ്തുകൊടുക്കണമെന്നുള്ളതായിരുന്നു രണ്ടാമത്തെ അഭിപ്രായം. തടങ്കൽസംഘത്തിന്റെ മേധാവി അതു സമ്മതിച്ചു സൈനൈദായെ ഷാപ്പിന്റെ ഫോർമാനാക്കി. കൂടെയുണ്ടായിരുന്ന രണ്ടു സിനിമാ

നടികളെ, റഷ്യൻ ക്ലാസ്സിക്സും (പുരാതന ഗ്രന്ഥങ്ങൾ) മററു നല്ല ഗ്രന്ഥങ്ങളും ഉറക്കെ വായിച്ചുകേൾപ്പിക്കുന്നതിനു സമ്മതിച്ചാൽ കൊള്ളാമെന്നു സൈനൈദാ അപേക്ഷിച്ചപ്പോൾ അതിനും സമ്മതം ലഭിച്ചു. ആ രണ്ടു നടികളിൽ ഒരാൾ നാടുകടത്തികൊല്ലപ്പെട്ട 'യഗോഡാ' എന്ന ഒരു എൻ. കെ. വി. ഡി. ആഫീസരുടെ ഭാര്യയും മറേറതു്, അയാളുടെ ഗൃഹഭരണക്കാരിയും ആയിരുന്നു.

ഒരുദിവസം രാത്രി, സൈനൈദായും കൂട്ടരും 'അന്നാകാരനിനാ' എന്ന കഥ വായിച്ചുകൊണ്ടിരുന്നു. കാരനിടൻറ ആജ്ഞയ്ക്കു വിപരീതമായി അന്നായും അവളുടെ കൊച്ചുമകനും, അയാളുടെ മുറിയ്ക്കകത്തേക്കു കടക്കുന്ന രംഗം വായിച്ചപ്പോൾ, സഹിക്കവയ്യാത്ത സങ്കടംകൊണ്ടു് എല്ലാവരും വിങ്ങിവിങ്ങിക്കരഞ്ഞു. തൻെറ ഏകസന്താനത്തിൽനിന്നും വേർപെടുത്തപ്പെട്ട സിനിമാനടികളിൽ ഒരാൾ, സങ്കടംകൊണ്ടു ചിത്തഭ്രമംപിടിപെട്ടു് താരാട്ടുപാടാൻ തുടങ്ങി. രണ്ടുദിവസം കഴിഞ്ഞിട്ടും ചിത്തഭ്രമത്തിനു കുറവുണ്ടാകാത്ത ആ സിനിമാനടിയെ ഉടനെതന്നെ അവിടെനിന്നു മാററി. വിവരങ്ങളെല്ലാം എങ്ങനെയോ മനസ്സിലാക്കിയ അധികൃതന്മാർ, ആ തടങ്കൽസംഘത്തിൻെറ മേധാവിയെ ജോലിയിൽനിന്നു നീക്കുകയും, പകരം പുതിയ ഒരാളിനെ അയയ്ക്കുകയുംചെയ്തു. സൈനൈദാ ഒരു കൃഷിസ്ഥലത്തിലേക്കു ജോലിചെയ്യുന്നതിനയയ്ക്കപ്പെട്ടു.

കൃഷിസ്ഥലത്തിലേക്കയച്ചതു്, സൈനൈദായ്ക്കു്, ഒരുവിധത്തിൽ, ഒരു ഉപകാരമായിരുന്നു. എന്തെന്നാൽ അവൾക്കു നാല്പതു വയസ്സു മാത്രമേ കഴിഞ്ഞിരുന്നുള്ളു. അതുപോലെ തടങ്കലിൽ പാർപ്പിച്ചിരുന്ന മററുചില സ്ത്രീകൾ മുപ്പതുവയസ്സിനും, നാല്പതു വയസ്സിനും ഇടയ്ക്കുള്ളവരുമായിരുന്നു. പലവിധ സങ്കടങ്ങൾ

കൊണ്ടു്, അവരുടെ സൌന്ദര്യം വളരെയധികം നശിച്ചുപോയിരുന്നു. ജരാനരകളും, മുഖത്തിലുള്ള ചുളിവുകളും തടുക്കുന്നതിനുള്ള വഴികളെന്തെല്ലാമാണെന്നായിരുന്നു, അവരുടെ ആലോചന. അതിനുള്ള ഒരു ഉപായം, പൊക്കമുള്ള തലയണവച്ചുകൊണ്ടു് ഉറങ്ങുന്നതാണെന്നു് ഒരാൾ പറഞ്ഞു. അതു് ഒരു മൂഢതപമാണെന്നു്, ഡാക്ടറന്മാർ പറഞ്ഞുവെങ്കിലും അന്നുമുതൽ പലരും, തലയണ വളരെയധികം പൊക്കിവച്ചുകൊണ്ടു് ഉറങ്ങി. മുഖത്തിലുള്ള ചുളിവുകൾ ഇല്ലാതാക്കുന്നതിനു് അവർ ഉപയോഗിച്ചിരുന്ന ഒരു മാർഗ്ഗം, രാത്രി ഉറങ്ങുന്നതിനുമുമ്പു്, എണ്ണമയമുള്ള എന്തെങ്കിലും സാധനംകൊണ്ടു മുഖം തിരുമ്മുക എന്നതായിരുന്നു. അതിനുവേണ്ടി അവരിൽ ചിലർ, എവിടെനിന്നെങ്കിലും കുറെ വെണ്ണ മോഷ്ടിച്ചെടുത്തിരുന്നു. മററുചിലർ, സൂപ്പിനുമുകളിൽ പൊങ്ങിനിന്നിരുന്ന കൊഴുപ്പിന്റെ കണികകൾ, ശേഖരിച്ചെടുത്തിരുന്നു.

എപ്പോഴെങ്കിലും തടങ്കലിൽനിന്നും മോചനം ലഭിച്ചു്, തങ്ങളുടെ കുടുംബാംഗങ്ങളോടുകൂടി വീണ്ടും ഒത്തുതാമസിക്കുന്നതിനു സാധിച്ചേക്കും എന്നാശിച്ചു് കാത്തുകൊണ്ടിരുന്ന പ്രസ്തുത സ്ത്രീകൾക്കു് 'കോൺസ്റ്റാൻറിൻസൈമൊണോവ്' എന്ന റഷ്യൻ കവി ചെമ്പടയ്ക്കുവേണ്ടി എഴുതിയിരുന്ന 'വെയിററ്ഫോർമി' (എനിക്കുവേണ്ടി കാത്തുനിൽക്കുക) എന്ന പദ്യം ഏററവും യോജിച്ചിരുന്നു. അതു തുടങ്ങിയിരുന്നതു് ഇപ്രകാരമാണു്:

"അല്ലയോ പ്രിയപ്പെട്ട ബന്ധുമിത്രാദികളെ, ഞാൻ തിരിച്ചുവരുന്നുണ്ടു്. നിങ്ങൾ എനിക്കുവേണ്ടി കാത്തിരിക്കുക."

സൈനൈദായോടുകൂടി, മൂന്നുവർഷം തടങ്കൽപാളയത്തിൽ കഴിച്ചുകൂട്ടിയിരുന്ന ഒരു സ്ത്രീ, വിമോചിതയായപ്പോൾ അവൾ

മുഖാന്തിരം, സൈസൈദാ, തന്റെ മകനായ സെര്യോഴായ്ക്കു കൊടുത്തയച്ച സന്ദേശം ഇപ്രകാരമായിരുന്നു:

“മകനെ, എന്നെങ്കിലും ഒരുദിവസം എനിക്കു നിങ്ങളുടെയടുക്കൽ വന്നുചേരുന്നതിനു സംഗതിവരും. ‘എനിക്കുവേണ്ടി കാത്തിരിക്കുക’ എന്നുപറഞ്ഞു. കാൺസ്റ്റാൻറിൻ സൈമൊണോവിന്റെ പദ്യം, ഞാൻ അയച്ചതാണ് എന്നുപറഞ്ഞു നീ എനിക്കുവേണ്ടി അച്ഛനു് അയച്ചുകൊടുക്കുക.”

എൻ. കെ. വി. ഡി., സെൻട്രൽകമ്മിററി, സ്റ്റാലിൻ ഇവരോട്, അച്ഛനെ എവിടെ പാർപ്പിച്ചിരിക്കുന്നു എന്നു ചോദിച്ചുകൊണ്ട് സെര്യോഴാ പല എഴുത്തുകൾ അയച്ചെങ്കിലും, അവനു്, അച്ഛനെക്കുറിച്ചു യാതൊരു വിവരവും അറിയാൻ സാധിച്ചില്ല; അമ്മയുടെ ആഗ്രഹം നിറവേററുന്നതിനും അവനു സാധിച്ചില്ല.

---

ഭാഗം ആറ്

KOTTAYAM PUBLIC LIBRARY
KOTTAYAM

# സോവിയററ്

# കലാലോകം

# അദ്ധ്യായം ൧൨

൧൯൩൮-ാമാണ്ടിടയ്ക്കു്, എന്റെ സ്നേഹിതനായ 'സെർജി ഗോലോവെങ്കോ' എന്ന ചിത്രകാരൻമുഖാന്തിരമാണു്, എനിക്കു സോവിയററ്കലാലോകവുമായി പരിചയം സിദ്ധിച്ചതു്. ചച്ച, നിരൂപണം, സ്തുതി ഇവയ്ക്കു് അന്നു യാതൊരു തടസ്സവുമുണ്ടായിരുന്നില്ല.

സെർജി, അദ്ദേഹത്തിന്റെ ഭാര്യ തന്യാ ഇവരുമായി, ഞാൻ പരിചയപ്പെട്ടുവാൻ തുടങ്ങിയ കാലത്തു്, ഒരു മുറിമാത്രമുള്ള ഒരു കെട്ടിടത്തിലാണു് അദ്ദേഹം താമസിച്ചിരുന്നതു്. വ്യാഴാഴ്ച്ചദിവസങ്ങളിൽ അദ്ദേഹത്തിന്റെ താമസസ്ഥലത്തു പലരും ഒന്നിച്ചുകൂടിയിരുന്നു. കലയിൽ അഭിരുചിയുള്ള അദ്ദേഹത്തിന്റെ രണ്ടു കുഞ്ഞുങ്ങൾ, പലതരം ചായങ്ങൾ കലക്കിവച്ചിട്ടുള്ളതു്, കുഴൽവഴി, വാകൊണ്ടു വലിച്ചെടുത്തു്, തുപ്പിരസിക്കുക പതിവായിരുന്നു. അതുകൊണ്ടു സെർജി അവരെ, അച്ഛന്റെ അട്ടക്കലേയ്ക്കു് അയയ്ക്കുകയും ചെയ്തിരുന്നു. ഒന്നിച്ചുകൂടുന്ന അതിഥികളെ സെർജി അകത്തുവിളിച്ചു് അവർക്കു്, കറുത്ത റൊട്ടി, സാസേജ്, ബിയർ, ചില പ്രത്യേകാവസരങ്ങളിൽ വോഡ്കാ എന്ന മദ്യ ഇതെല്ലാം നൽകിയിരുന്നു. ഭക്ഷണംകഴിഞ്ഞു്, സംഗീതം, പദ്യപാരായണം, ചച്ച ഇവയും യോഗസമയത്തു നടന്നിരുന്നു. അവയുടെയെല്ലാം അദ്ധ്യക്ഷത വഹിച്ചതു്, സെര്യോഴായായിരുന്നു. ആഡംബരത്തിൽ അശേഷം ഇഷ്ടമില്ലാത്ത അദ്ദേഹം, ഒരു സ്വതന്ത്രചിന്തകനും, മാന്യത നിറഞ്ഞവനും ആയിരുന്നു. കല, സാഹിത്യം ഇവയിൽ അദ്ദേഹത്തിനു് അഗാധമായ ജ്ഞാനം ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിനു് ഒട്ടും ഗർവ്വുണ്ടായിരുന്നില്ല. പ്രൌസ്റ്റ്,

സ്റെറൻഡാൾ, റെമ്പാർ ഇവരെപ്പററി അദ്ദേഹം വാദപ്രതിവാദം നടത്തിയിരുന്നു. വിലപിടിച്ച പല മാതൃകകളും അടങ്ങിയ ആധുനിക പാശ്ചാത്യകലാമ്യൂസിയത്തിൽ അദ്ദേഹം വളരെനേരം കഴിച്ചുകൂട്ടിയിരുന്നു. സോവിയററു കലാലോകത്തിൻെറ ചക്രവത്തിയാണെന്നു പറയപ്പെട്ടിരുന്ന 'അലക്സാൻഡർ ജെറാസിമോവ്" അധഃപതിച്ച പാശ്ചാത്യകലയെപ്പററി പ്രതിപത്തിയുണ്ടായി, യുവാക്കന്മാരായ റഷ്യൻചിത്രകാരന്മാർ ദുഷിച്ചുപോകരുത് എന്നു പറഞ്ഞു്, പാശ്ചാത്യകലാമ്യൂസിയം അടച്ചുപൂട്ടി.

യുദ്ധകാലത്തു്, 'ആൾ യൂണിയൻ സൊസൈററി ഫോർ കൾച്ചറൽ റിലേഷൻസ്" (ലോകത്തിലുള്ള വിവിധരാജ്യങ്ങൾ തമ്മിൽ സാംസ്കാരികബന്ധം ഉറപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു സംഘം) ഓരോ രാജ്യങ്ങളിലുള്ള കലാവൈചിത്ര്യങ്ങളെക്കുറിച്ച് പ്രദർശനങ്ങൾ നടത്തിയിരുന്നു. യുദ്ധംകഴിഞ്ഞ ഉടനെ, ൧൯൪൫-ശരൽക്കാലത്തു കലാവൈശിഷ്ട്യങ്ങളെക്കുറിച്ചു് ഒരു പ്രദശ്നം നടന്നപ്പോൾ, ജെറാസിമോവിനു് അതിനെക്കുറിച്ചു പ്രസംഗിക്കേണ്ടിവന്നു. ഭാവനാസമ്പത്തും, ചിന്താശക്തിയും ഉള്ളവരാണ് അമേരിക്കൻ കലാകാരന്മാർ എന്നു മനസ്സില്ലാമനസ്സോടെ ജെറാസിമോവ്വ് പ്രസ്താവിച്ചു.

മോസ്കോനഗരത്തിലുള്ള 'ജൂവിഷ്തീയേററിൽ' 'മാർക് ഷഗാൾ' എന്ന കലാകാരൻെറ ചിത്രങ്ങൾ വച്ചിരുന്നതു മാററിയതും, ജെറാസിമോവ്തന്നെയായിരുന്നു. പ്രസ്തുത തീയേററിനുവേണ്ടി, ൧൯൨൦-ാമാണ്ടിടയ്ക്കു്, വരയ്ക്കപ്പെട്ട ചിത്രങ്ങളായിരുന്നു അതു്. അടുത്തകാലത്തു്, മിൻസ്കിൽവച്ചു് ആക്കും അറിയുവാൻ സാധിക്കാത്തവിധത്തിൽ കൊല്ലപ്പെടുകയും, ഒരുവഷം മുമ്പുവരെ ജൂവിഷ്തീയേററിൻെറ ഡയറക്ടരായിരിക്കയും

ചെയ്ത "മൈക്കോയൽസ്" ഷഗാലിൻെറ ചിത്രങ്ങൾ മാററുന്നു വെന്നു കേട്ട്, വളരെ സങ്കടപ്പെട്ടു.

ഭാവാത്മകതത്വക്കാർ, ഫ്റാൻസിലെ കലാശ്രേഷ്ഠന്മാർ ഇവരെല്ലാം യൂറോപ്പിലുള്ള ചിത്രകലാവിദഗ്ദ്ധന്മാരുടെ പരിശ്രമം കൊണ്ടാണ് മാഹാത്മ്യം സമ്പാദിച്ചിരിക്കുന്നതെന്നും, അവരെ ധിക്കരിക്കുന്നതിനു റഷ്യാക്കാർക്ക് ഒരിക്കലും സാധിക്കയില്ലെന്നും, റഷ്യയിൽ വലിയ ചിത്രകാരന്മാർ ഉണ്ടായിട്ടില്ലെന്നും, റെപിൻ എന്ന റഷ്യൻചിത്രകാരൻതന്നെ ചിത്രമെഴുത്തിൽ നല്ല വാസന യുള്ളവനാണെങ്കിലും അവന് വിദ്യാഭ്യാസം ഒട്ടും ഇല്ലായിരു ന്നെന്നും, സെര്വ്യോഴാ പലപ്പോഴും പറയുക പതിവായിരുന്നു. ട്ടാൾസ്റ്റായ് ചെയ്തിരുന്നതുപോലെ, റഷ്യാക്കാർ പാശ്ചാത്യ കലാകാരന്മാരുമായി യോജിച്ചില്ലെങ്കിലും, കലയ്ക്കുവേണ്ടിയുള്ള അവരുടെ പ്രയത്നങ്ങൾ മനസ്സിലാക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

ആദ്യം രാജകീയസദസ്സിലെ ഒരു ചിത്രകാരനായിരുന്ന ജെറാസിമോവ് പിന്നീടു താമസിയാതെ സ്ഥാപിക്കപ്പെട്ട "അക്കാഡമി ആഫ് ആർട്ട്സി"ൻെറയും, ആർട്ടിസ്റ്റ്സ് യൂണിയ ൻെറയും സിക്രട്ടറിജനറലായി തീൎന്നു. ശുദ്ധ മാർക്സിസ്റ്റു കക്ഷിക്കാ രായ നിരൂപകന്മാർ അവരുടെ അജ്ഞതയേയും, ഭയത്തേയും മറയ്ക്കുന്നതിനുവേണ്ടി, മററുള്ളവരെ 'രൂപഭദ്രന്മാർ' എന്നാണു വിളിച്ചിരുന്നത്. അതനുസരിച്ച് ജെറോസിമോവും, രൂപഭദ്രത യുടെ ഒരു പരമശത്രുവായിരുന്നു.

യുദ്ധകാലത്ത് ഒരു റഷ്യൻഭടൻ യുദ്ധംകഴിഞ്ഞു വീട്ടിലേക്കു തിരിച്ചുവരുന്നതു കാണിച്ച് "മകൻ വീട്ടിലേക്കു തിരിച്ചുവരു ന്നതു" എന്നു പേരുള്ള ഒരു പടം ജെറാസിമോവ് എഴുതി. അതിൽ, ഭടൻ യുദ്ധംസംബന്ധിച്ച സങ്കടങ്ങൾ അനുഭവിച്ചതായി

തോന്നുന്നില്ലെന്നുപറഞ്ഞു്,'വിക്ടർസാഴിൻ'എന്നയാരം ജെറാസി മോവിനെ അധിക്ഷേപിച്ചു. സ്റ്റാലിൻ മുതലായ സോവിയററു നേതാക്കന്മാരെ, ദിവ്യന്മാരാണെന്നു കല്പിച്ചുകൊണ്ടുള്ള അവരുടെ പടങ്ങരം എഴുതിയാണു് ജെറാസിമോവ് വളരെ പ്രാധാന്യത്തി ലെത്തിയിരുന്നതു്. ഉയന്നസ്ഥാനങ്ങളിലിരിക്കുന്ന ഉദ്യോഗസ്ഥ മേധാവികളെയും, അവരുടെ ഭാര്യമാരെയും, ജെറാസിമോവ് തൻെറ വശത്താക്കിയതു്, അവരുടെ കുഞ്ഞുങ്ങളെ ചിറകില്ലാത്ത ദൈവദൂതന്മാരായിട്ടു കാണിച്ചുകൊണ്ടുള്ള പടങ്ങരം വരച്ചായി രുന്നു.

മാസ്കോനഗരത്തിലുള്ള തെരുവുകളിൽ ഒന്നിൽ, റഷ്യൻ ചിത്രകാരന്മാർ ഒരു നിശാകാലസദസ്സു കൂടിയിരുന്നു. അതിൽ വിവിധ കലാപ്രകടനങ്ങരം നടക്കുകയും പതിവായിരുന്നു. ചിത്രകാരയൂണിയൻെറ അംഗങ്ങരംക്കും അവരുടെ സ്നേഹിത ന്മാക്കും മാത്രമേ പ്രകടനങ്ങരം കാണുവാൻ സാധിച്ചിരുന്നുള്ളു. പ്രസ്തുത സദസ്സുകളിൽ ഒന്നിൽ സംബന്ധിക്കുന്നതിനു് സെർജി ഗോലോവെങ്കോ, എന്നെ വിളിച്ചുകൊണ്ടുപോയി. പ്രകടനങ്ങരം നടത്തിയവരിൽ പ്രധാനി, സമത്ഥയായ ഒരു നടിയായിരുന്നു. മാസ്കോ ആർട്ടുതീയേററർ, തയാറാക്കിയ 'അന്നാകാരനിനാ'യുടെ ചില ഭാഗങ്ങരം അവരം അഭിനയിച്ചു. തൻെറ ജീവിതംതന്നെ അസ്തമിപ്പിക്കുന്ന ഒരു സംഘത്തിനുവേണ്ടി കാത്തുനില്ക്കുന്നതായിട്ടു ഭാവിച്ചുകൊണ്ടു് അവരം വരിപാടിയുടെ ഓരോ ഭാഗവും അവതരി പ്പിച്ചു. ഓരോ കലയെ സംബന്ധിച്ചുള്ള ഓരോ രംഗവും അഭിന യിച്ചശേഷം, അവരം കുരിശിൻെറ അടയാളം കാണിച്ചു്, റഷ്യയിൽ കലയുടെ പുരോഗതി തൃപ്തികരമല്ലെന്നുപറഞ്ഞു സങ്കട പ്പെടുന്നതായി ഭാവിച്ചു്, തൻെറ സംഘക്കാർ വരുന്നതിനു് ആഗ്രഹിച്ചുകൊണ്ടു്, അടുത്ത രംഗം അവതരിപ്പിക്കും. പ്രകടന

പരിപാടിയിൽ, 'കോൺട്രാക്റ്റാററ്സിയ' എന്നു പേരുള്ള ജെറാസിമോവിൻെറ രംഗവും ഉൾപ്പെട്ടിരുന്നു.

കോൺട്രാക്റ്റ്" എന്ന വാക്കിൽനിന്നാണ് 'കോൺട്രാക്റ്റാററ്സിയ' എന്ന പേരു് ഉണ്ടായിട്ടുള്ളതു്. സോവിയററുകലയെ നിയന്ത്രിക്കുന്നതിനും, വികസിപ്പിക്കുന്നതിനും വേണ്ടി കമ്മ്യൂണിസ്ററു പാർട്ടി സ്വീകരിച്ചിട്ടുള്ള സാമ്പത്തികപരിപാടിയെ കാണിക്കുന്നതായിരുന്നു കോൺട്രാക്റ്റാററ്സിയ. റഷ്യയിൽ സാധാരണയായി, ഒരു കലാകാരനു്, തൻെറ പ്രവൎത്തനങ്ങളെ, സോവിയററുചിത്രകാരസംഘത്താൽ നിയമിതമായ ഒരു കമ്മിഷൻെറ മുമ്പിൽ പ്രദൎശിപ്പിക്കേണ്ടിയിരുന്നു. കമ്മിഷൻ നല്ല മാതൃകകൾ തിരഞ്ഞെടുത്തു്, കലാമന്ദിരങ്ങളിൽ പ്രദൎശിപ്പിക്കത്തക്കവയാണോ, അല്ലയോ എന്നു് അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. ചിത്രങ്ങൾ നല്ലവയാണെങ്കിൽ ചിത്രകാരസംഘം, കലാകാരനെ 'കോൺട്രാക്റ്റാററ്സിയ' എന്ന ഏൎപ്പാടിൻകീഴിലാക്കിയിരുന്നു. അതായതു് അടുത്ത ഒരുവൎഷത്തിൽ, സംഘം, പലതവണകളിലായി ആറായിരംമുതൽ, പന്ത്രണ്ടായിരം റൂബിൾവരെ അവനു കൊടുക്കും. കലാകാരൻ, താൻ തയാറാക്കുന്ന ചിത്രങ്ങളും മററും, മുഴുവൻ സംഘത്തെ ഏൽപ്പിക്കണം. ആ ചിത്രങ്ങൾ നല്ലതല്ലെങ്കിൽ, കലാകാരൻ പണം തിരിയെ കൊടുക്കേണ്ടിവരും. ചിത്രങ്ങൾ നല്ലവയാണെങ്കിൽ കമ്മിഷൻ അതിനു് ഒരു വില നിശ്ചയിക്കും. കലാകാരൻ മേടിച്ചിട്ടുള്ള തുകയേക്കാൾ ചിത്രങ്ങളുടെ വില കൂടിയിരുന്നാൽ എന്തു തുക കൂടുതലുണ്ടോ അതും സംഘം കലാകാരനു കൊടുക്കും. എന്നാൽ ചിത്രങ്ങളുടെ വില, കലാകാരൻ പററിയിട്ടുള്ള തുകയിൽനിന്നും കുറഞ്ഞിരുന്നാൽ എത്ര കുറവുണ്ടോ അതു്, കലാകാരൻ തിരിച്ചുകൊടുക്കേണ്ടതുമില്ല.

തിരഞ്ഞെടുക്കപ്പെട്ട മാതൃകകളെപ്പററി റഷ്യയിലുള്ള മ്യൂസിയങ്ങൾക്ക് അറിവുകൊടുക്കും. പ്രത്യേക വില്പനസ്ഥലങ്ങൾ മുഖാന്തിരം അവയുടെ, വില്പന നടത്തും. തങ്ങളുടെ താമസസ്ഥലങ്ങൾ അലങ്കരിക്കുന്നതിനായി വിവിധ ജോലിക്കാർ അത്ര മേടിക്കും.

സോവിയററുമന്ത്രിസഭയുടെ കലാവിഭാഗത്തിൻെറ സഹായത്തോടുകൂടി, സോവിയററു ചിത്രകാരസംഘടന അതിൻെറ അംഗങ്ങൾക്കു പണം കടംകൊടുക്കുക, സത്രങ്ങൾ നടത്തുക, ചിത്രംവരയ്ക്കുന്നതിനുള്ള സാധനങ്ങൾ വരുത്തിക്കൊടുക്കുക മുതലായ പ്രവൃത്തികളും ചെയ്തിരുന്നു.

മേ ഒന്നാംതീയതി, നവംബർ ഏഴാംതീയതി മുതലായ ദിവസങ്ങളിൽ നടക്കുന്ന ആഘോഷങ്ങളിൽ വിവിധ ചിത്രകലാപ്രദർശനങ്ങൾകൊണ്ടു നഗരം നിറഞ്ഞിരിക്കും. ൧൯൪൭ ശരൽക്കാലത്തു മാസ്കോനഗരം സ്ഥാപിതമായിട്ട് എണ്ണൂററവർഷം തികഞ്ഞിരുന്നുവത്രെ. അന്നായിരുന്നു, നഗരം ഏററവു് അലംകൃതമായിരുന്നതു്. പ്രസ്തുത ദിനങ്ങളിൽ ചിത്രകാരന്മാർക്കും മററും വളരെ പണം സമ്പാദിക്കുവാൻ സാധിച്ചിരുന്നു.

എന്നാൽ, കേന്ദ്രസമിതിയുടെയും, കമമിഷൻെറയും അഭിപ്രായമനുസരിച്ച് കലാകാരന്മാരുടെ സൽപേരിനും, ഭംഗം സംഭവിച്ചിരുന്നു. അധഃപതിച്ച പടിഞ്ഞാറൻരാജ്യങ്ങളിലെ രീതികളെ അനുകരിക്കുക എന്നയർത്ഥത്തിൽ രൂപഭദ്രത, ഭാവനാത്മകം, ആവശ്യത്തിലധികമായ യാഥാർത്ഥ്യം മുതലായ ഓരോ പ്രസ്ഥാനങ്ങളുടെ പേരുകൾപറഞ്ഞു്, അതു് ഏററവും വലിയ രാജ്യദ്രോഹമായി റഷ്യാക്കാർ കല്പിച്ചിരുന്നു.

ഇപ്രകാരമെല്ലാമുള്ള യോഗ്യതകൾനിറഞ്ഞ കോൺടാക്ടാററ്സിയാരംഗമാണു നിശാകാലസദസ്സിൽ അടുത്തതു് അഭിനയി

ല്പിക്കുവാൻ ഭാവിച്ചതു്. പാവപ്പെട്ട ഒരു കലാകാരൻ തന്റെ ചിത്രങ്ങളെ സ്റ്റേജിൽ പ്രദശിപ്പിച്ചു. ഒരുവശത്തു് ഒരു വ്യവസായകേന്ദ്രത്തിന്റെയും അതിനെത്തുടൎന്നു മറുവശത്തു് പ്രകൃതിയിലുള്ള ഒരു രംഗത്തിൽ ഒരു പെൺകുട്ടി പൂക്കൾപറിച്ചുകൊണ്ടു്, 'എന്നെ അവൻ സ്നേഹിക്കുകയും, സ്നേഹിക്കാതിരിക്കയും ചെയ്യുന്നു' എന്നു പറയുന്നതിന്റെയും ചിത്രങ്ങളാണു പ്രദശിപ്പിക്കപ്പെട്ടതു്. മുഖത്തിൽ കൃത്രിമവേഷത്തോടുകൂടിയ ആവരണം ധരിച്ച മൂന്നുപേരടങ്ങിയ ഒരു കമ്മിഷൻ അവിടെ പ്രത്യക്ഷപ്പെട്ടു. അതിന്റെ പ്രധാനി സൂകരത്തിന്റെ മുഖംപോലെയുള്ള മുഖമൂടിയാണു ധരിച്ചിരുന്നതു്. അയാളെക്കണ്ടയുടനെ, അതു ജെറാസിമോവിന്റെ വേഷമാണെന്നു് എല്ലാവരും മനസ്സിലാക്കി. അയാൾ പ്രദശനങ്ങൾ പരിശോധിച്ചുനോക്കി, സ്റ്റാലിന്റെ പഞ്ചവത്സരപദ്ധതിയുടെ പ്രചോദനംകൊണ്ടു തയാറാക്കിയ വ്യവസായകേന്ദ്രത്തിന്റെ ചിത്രമാണു നല്ലതു് എന്നു പ്രഖ്യാപിച്ചു. മറേറ ചിത്രം അത്ഥശൂന്യമാണെന്നും അയാൾ പ്രസ്താവിച്ചു. ഈ രംഗം ജെറാസിമോവിനെ അധിക്ഷേപിക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു. അതുകൊണ്ടു കുപിതനായ ജെറാസിമോവ് കലാകാരന്മാരുടെ സദസ്സിനെത്തന്നെയും അടച്ചുപൂട്ടി.

സെർജിയുടെ അതിഥികളിൽ പല കവികളും ഉൾപ്പെട്ടിരുന്നു. അവരിൽ പലരും, തങ്ങൾ എഴുതിയിട്ടുള്ള പദ്യകൃതികളും, പുരാതനമായ പദ്യകൃതികളും കാണാതെപറയുവാൻ സാധിച്ചിരുന്നു; ചിത്രകാരന്മാർതന്നെയും, ബൈറൺ, പോ, വിററ്മാൻ, പുഷ്കിൻ, മയാക്കോവിസ്കി മുതലായ കവികളേയും, അവരുടെ കൃതികളേയും കുറിച്ചു ചച്ചകൾ നടത്തിയിരുന്നു. പുഷ്കിന്റെ ദുഃഖപയ്യവസായിയായ 'സ്റ്റോൺ ഗസ്റ്റ്' (കല്ലുപോലത്തെ അതിഥി), 'സുഖാവോ-കോബിലി'ന്റെ 'കേസ്,'

'ക്രെച്ചിൻസ്കിയുടെ വിവാഹം', 'താരെൻകിനിൻെറ മരണം', മുതലായ സുഖപര്യവസായിയും, എന്നാൽ വികാരോദ്ദീപകവുമായ കൃതികൾ ഇവയെല്ലാമാണു സെർജിയും കൂട്ടരും വായിക്കുകയും കാണാതെ ചൊല്ലുകയുംമററും ചെയ്തിരുന്ന ചില കൃതികൾ.

റഷ്യയിൽ 'പാരായണം' എന്നൊരു കലാവിഭാഗവുംകൂടി നടപ്പിലിരുന്നു. പാരായണകുശലരായി ആറുപേരോളം പുരുഷന്മാരും, സ്ത്രീകളും ഉണ്ടായിരുന്നതിൽ അഗ്രഗണ്യൻ 'വ്ളാഡിമിർ യാഖോന്തോവ്' ആയിരുന്നു. 'പുഷ്കിൻ', 'മയാക്കോവിസ്കി', 'മാർക്ട്വെയിൻ', 'ദ. മാപ്പസാങ്ങ്', 'ചെക്കോവ്' മുതലായവരുടെ കൃതികൾ പാരായണംചെയ്ത് രണ്ടുമൂവായിരം ആളുകളെ അദ്ദേഹം രസിപ്പിച്ചിരുന്നു. റഷ്യൻവിപ്ലവത്തെക്കുറിച്ച്, വികാരോദ്ദീപകമായ പല കൃതികളും, നിർമ്മിച്ച, മയാക്കോവിസ്കിയുടെ കവിതകളാണ് ആളുകൾ ഏററവും ഇഷ്ടപ്പെട്ടിരുന്നത്.

കൂടക്കൂടെ യാഖോന്തോവും, സെർജിയുടെ താമസസ്ഥലത്തു വരിക പതിവായിരുന്നു. അപ്പോൾ അദ്ദേഹം ഞങ്ങളെ പാടി രസിപ്പിച്ചിരുന്നത്, 'അലെക്സാൻഡർബ്ളോക്ക്' എഴുതിയ 'സുന്ദരിയായ ഒരു തരുണിയെക്കണ്ടു മോഹിക്കുന്ന' ഒരു പദ്യം, വ്യവസായീകരണത്തിനുവേണ്ടി, താൻ ജനിച്ച ഗ്രാമപ്രദേശത്തിൻെറ പ്രകൃതിരാമണീയകതയെ നശിപ്പിച്ചപ്പോൾ, യെസ്സെനിൻ എന്ന റഷ്യൻകവി എഴുതിയ സങ്കടകരമായ ഒരു പദ്യം, ബോറിസ്പാസ്റ്റർനാക്കിൻെറ ചില കൃതികൾ ഇവയെല്ലാമാണ്.

റഷ്യൻസാഹിത്യനിരൂപകന്മാർ പാററർനാക്കിനെ അധഃപതിച്ച പടിഞ്ഞാറൻരീതിക്കാരനാണെന്നു കുററംപറഞ്ഞു. അതുകൊണ്ട് അദ്ദേഹം ഇപ്പോൾ, പദ്യരചനവിട്ട്, ഷേക്സ്പിയരുടെ മുഴുവൻ കൃതികളേയും പരിഭാഷപ്പെടുത്തുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കയാണ്.

രൂപഭദ്രതയോടു് വളരെ പ്രതിപത്തി കാണിക്കുന്നു എന്ന കുററം ചുമത്തി, റഷ്യൻചിത്രകാരന്മാർ സെർജി ഗോലോവെങ്കോയെ ചിത്രകാരസംഘടനയിൽനിന്നും പുറത്താക്കി. നെയ്ത്തു വ്യവസായം സംബന്ധിച്ച ഭരണവകുപ്പിനുവേണ്ടി അതിൻെറ പ്രസിദ്ധീകരണങ്ങൾ പകർത്തിക്കൊടുത്താണു്, ഗോലോവെങ്കോവിൻെറ ഭാര്യ ചിലവുകഴിക്കുന്നതു്.

വ്ളാഡിമിർ യാഖോന്തോവാകട്ടെ, യെസ്സെനിൻ, മയാക്കോവിസ്കി ഇവരെപ്പോലെ ൧൯൪൫-ൽ ആത്മഹത്യചെയ്തു. അപ്പോൾ അദ്ദേഹം ഇപ്രകാരം ഒരു കുറിപ്പു് എഴുതിവച്ചിരുന്നു. "ഞാനിതാ സ്റ്റ്റാറേറാസ്ഫിയറിലേക്കു് (അന്തരീക്ഷവായുവിനപ്പുറം, വളരെ ദൂരത്തിൽ ആകാശത്തിൽ വ്യാപിച്ചിരിക്കുന്ന ഒരു പ്രദേശം.) പോകുകയാണു്."

---

# അദ്ധ്യായം ൧൨

ബോൾഷെവിക്കുകക്ഷിക്കു്, റഷ്യയിൽ അധികാരം കിട്ടിയകാലത്തു്, ജനങ്ങളുടെ മൂന്നിലൊരുഭാഗത്തോളംപേർക്കു മാത്രമേ അക്ഷരാഭ്യാസമുണ്ടായിരുന്നുള്ളൂ. എന്നാൽ ബോൾഷെവിക്കുകളുടെ പ്രയത്നംകൊണ്ടു്, നാട്ടിൽ വിദ്യാഭ്യാസം ക്രമേണ വർദ്ധിച്ചു. ൧൯൧൪-ൽ ജനങ്ങളിൽ ൨൧.൨ ശതമാനംപേരും വിദ്യാഭ്യാസമുള്ളവരായിരുന്നു. അതിലും എത്രയോ കൂടുതലാണു് ഇപ്പോൾ വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ. അതുപോലെതന്നെ ൧൯൧൪-ൽ റഷ്യയിൽ ൭൬,൮൬൦ ലൈബ്രറികളാണുണ്ടായിരുന്നതു്. അതിൽ ൬൧,൦൦൦ എണ്ണം നാട്ടുംപുറത്തുള്ളവയായിരുന്നു. ഇങ്ങ

നെയൊക്കെയാണെങ്കിലും, റഷ്യൻസാഹിത്യത്തിൻെറ നില എത്രയും ശോചനീയമായ ഒന്നാണ്.

വിദ്യാഭ്യാസത്തിൽ ഒരു നല്ലനിലയിലെത്തിയിരിക്കുന്ന റഷ്യൻജനതയ്ക്കു് വേണ്ട പുസ്തകങ്ങൾ പ്രസിദ്ധംചെയ്യുന്നതിനും, അവരുടെ ജീവിതം, ചിന്താഗതി ഇവയെ സോവിയററുതത്വമനുസരിച്ചു നിയന്ത്രിക്കുന്നതിനുംവേണ്ടി സോവിയററുഗവമെൎമ്മൻറു് വളരെ പ്രസിദ്ധീകരണശാലകൾ നടത്തുന്നുണ്ടു്. എന്നാൽ പുസ്തകം അച്ചടിക്കുന്നതിനുവേണ്ട ലോഹം, യന്ത്രസാമഗ്രികൾ, പരിജ്ഞാനംസിദ്ധിച്ച തൊഴിലാളികൾ മുതലായവയ്ക്കു് എപ്പോഴും വലിയ ക്ഷാമമായിരുന്നു. അതുപോലെ, പുസ്തകം തിരഞ്ഞെടുക്കുന്നതിലോ, അതു് പ്രസിദ്ധംചെയ്യുന്ന സമയത്തിലോ, അതിൻെറ സൈസിലോ ഉണ്ടാകുന്ന പിശകുകൾ ശിക്ഷാൎഹങ്ങളായിത്തീൎന്നിരുന്നു.

പ്രസിദ്ധംചെയ്യണമെന്നുദ്ദേശിക്കുന്ന ഏതൊരു ഗ്രന്ഥത്തെയും, 'ഗ്ലാവ്‌ലിററ്' എന്ന സ്ഥാപനം പരിശോധിച്ചിരുന്നു. ഗവമെൎമ്മൻറുവകയായ ആ സ്ഥാപനത്തിൻെറ മുഴുവൻപേരു് "സാഹിത്യപരവും പ്രസിദ്ധം ചെയ്യേണ്ടതുമായ ഗ്രന്ഥങ്ങളുടെ പരിശോധനയ്ക്കുവേണ്ടിയുള്ള കേന്ദ്രഭരണക്കൂടം" എന്നായിരുന്നു. 'സുസ്ലോവിൻെറ 'അദ്ധ്യക്ഷതയിലുള്ള, കേന്ദ്രസമിതിയുടെ പ്രചരണവകുപ്പാണു് പ്രസ്തുത സ്ഥാപനം നടത്തിയിരുന്നതു്. സുസ്ലോവിൻെറ മേലധികാരം വഹിച്ചിരുന്നതു്, ഒരു 'പോളിററ് ബ്യൂറോ' മെമ്പറായിരുന്ന 'ആൻഡ്രീ-ഴഡാനോവ്' ആണു്. പ്രസിദ്ധീകരണത്തിൽ കമ്മ്യൂണിസ്റ്റാദൎശങ്ങൾ പരിരക്ഷിക്കുവാനായി, ഓരോ പ്രസിദ്ധീകരണശാലയുടേയും, ഡയറക്ടറേയും, പ്രസാധകപ്രധാനിയേയും നിയമിച്ചിരുന്നതും പ്രചരണവകുപ്പുതന്നെയായിരുന്നു.

ആഖ്യായിക, പദ്യം ഇവ പ്രസിദ്ധംചെയ്തിരുന്ന ഗോസിസ്ദാത് എന്ന പ്രസിദ്ധീകരണശാലയിലെ ഡയറക്ടരായിരുന്ന എസ്. ഏ. ലോസോവിസ്കിയെ വിദേശകാര്യവകുപ്പിന്റെ ഉപമന്ത്രിയാക്കിയപ്പോൾ, അദ്ദേഹത്തിന് ഏററവും അസഹ്യതയുണ്ടാക്കിയതു് 'ഗ്ലാവ്ലിററാ'യിരുന്നു.

കമ്മ്യൂണിസ്ററുതത്വങ്ങളിൽനിന്നുമുള്ള വ്യതിയാനങ്ങൾ, വൈരുദ്ധ്യങ്ങൾ, പാശ്ചാത്യരീതികളെക്കുറിച്ചുള്ള സ്തുതി ഇവ പ്രസിദ്ധീകരണത്തിൽ കടന്നുകൂടാതെ സൂക്ഷിക്കേണ്ട ചുമതല 'ഗ്ലാവ്ലിററി'ലെ സെൻസറന്മാൎക്കും ഉണ്ടായിരുന്നു. അങ്ങനെയുള്ള വിഷമതകൾ ഉണ്ടാകാതെയിരിക്കുന്നതിന് അവർ അവലംബിച്ച ഏകമാർഗ്ഗം 'കാലതാമസം വരുത്തുക' എന്നുള്ളതായിരുന്നു.

പ്രസിദ്ധംചെയ്യേണ്ട ഒരു ഗ്രന്ഥം തയാറാക്കുന്ന ഒരു മനുഷ്യൻ വളരെ താമസിച്ചു് കൂടുതൽ അറിവുള്ള കമ്മ്യൂണിസ്ററു പാർട്ടിയിലെ ഏതെങ്കിലുമൊരംഗത്തോടു് പല സംശയങ്ങളും ചോദിച്ചിട്ടു്, എന്നിട്ടും, സംശയങ്ങൾ തീരാതെ ഗ്രന്ഥം പ്രസാധകപ്രധാനിയുടേയും, ഡയറക്ടരുടേയും കയ്യിൽകൊടുക്കും; പ്രസാധകപ്രധാനിയും, ഡയറക്ടരും, പാർട്ടിമെമ്പറന്മാരായിരിക്കണമെന്നു് നിർബന്ധമുണ്ടു്. അവർ പുസ്തകത്തിന്റെ പ്രൂഫുകൾ തയാറാക്കി ഗ്ലാവ്ലിററിനു് അയച്ചുകൊടുക്കും. ഓരോ പുസ്തകത്തിന്റേയും പുറംതാളിൽ 'ഗ്ലാവ്ലിററ്' എന്നെഴുതി പെർമിററിന്റെ നമ്പരും കുറിച്ചിരിക്കണമെന്നു നിർബന്ധമുണ്ടു്. പുസ്തകത്തിനെക്കുറിച്ചു് ഏററവും ചുമതലവഹിച്ചു്, പെർമിററു നൽകിയ ഉദ്യോഗസ്ഥന്റേതായിരിക്കും ആ നമ്പർ. പിന്നീടു്, ഗ്ലാവ്ലിററിന്റേയും, അച്ചടിയന്ത്രശാലയിലെ മാനേജരുടേയും ദയവുണ്ടെങ്കിൽ മാത്രമേ, പ്രസിദ്ധീകരണശാലയിലെ ഡയാ

ക്ടക്ക് പുസ്തകം പ്രസിദ്ധംചെയ്യാൻ സാധിക്കയുള്ളൂ. ലോകത്തിനു് വളരെ ദുർഭിക്ഷതയുണ്ടായിരുന്നതുകൊണ്ടു്, പുസ്തകം അച്ചടിക്കാൻ ഭാവിച്ചിരുന്നെങ്കിൽതന്നെയും, കൂടുതൽ അത്യാവശ്യമുള്ള മററു പുസ്തകങ്ങൾ അച്ചടിക്കുന്നതിനായി, യന്ത്രശാലയിലെ മാനേജർക്കു്, അച്ചുകൾ കൈവശപ്പെടുത്തി ഉരുക്കി ഉപയോഗിക്കുന്നതിനു് അധികാരമുണ്ടു്. അതുപോലെ ഒരു പുസ്തകം അച്ചടിച്ചുകഴിഞ്ഞാലുടൻ അതിനു് ഉപയോഗിച്ച പ്ലേററുകൾ ഉരുക്കി മററാവശ്യങ്ങൾക്കു് ഉപയോഗിക്കും. ഇങ്ങനെ ഓരോ അവസ്ഥയിലും വളരെ സമയം ഉപയോഗിച്ചു് പരിശോധനകഴിഞ്ഞു പുറത്തുവരുന്നതുകൊണ്ടാണു് റഷ്യൻഗ്രന്ഥങ്ങൾ അവരുടെ ആദർശങ്ങളനുസരിച്ചു് വളരെ പരിപൂർണ്ണമായിരിക്കുന്നതു്.

'പ്രവ്ദാ', 'കൾച്ചർ ആൻഡു് ലൈഫ്'', 'ലിററററി ഗസററ്'' എന്ന പത്രങ്ങളിൽ ആദ്യത്തെ രണ്ടെണ്ണം കമ്മ്യൂണിസ്ററ് പാർട്ടിതന്നെ നടത്തിയിരുന്നതും, അവസാനത്തേതു് ഗ്രന്ഥകാരസംഘത്തിന്റേതാണെങ്കിലും, സ്ററാലിന്റെ പരിപൂർണ്ണസഹായം ലഭിച്ചിരുന്നതുമായിരുന്നു. പ്രസ്തുത പത്രങ്ങൾ സ്തുതിക്കുന്ന ഏതൊരു ഗ്രന്ഥകാരന്റേയും കൃതികൾ ഒട്ടും താമസംകൂടാതെ പുറത്തുവരിക പതിവാണു്. അതുപോലെ സ്ററാലിൻപ്രൈസ് മേടിക്കുന്നവരുടെ കൃതികൾ, സ്ററാലിൻതന്നെ ടെലഫോൺവഴി അഭിനന്ദിക്കുന്നവരുടെ കൃതികൾ ഇവയും വേഗം പ്രസിദ്ധപ്പെടുത്തുക പതിവായിരുന്നു.

സ്ററാലിൻതന്നെ സാഹിത്യപരമായും മററുമുള്ള ഏതൊരു കൃതിയും വായിച്ചു്, ഗ്രന്ഥകാരന്മാരുമായി ചർച്ചകൾ നടത്തുകയും ചിലപ്പോൾ അർദ്ധരാത്രിയിൽപോലും, ഫോൺവഴിയായിട്ടും മററും, ഗ്രന്ഥകാരന്മാർക്കു് അഭിനന്ദനങ്ങൾ, ഉപദേശങ്ങൾ, പ്രോത്സാഹനങ്ങൾ ഇവ നൽകുകയും ചെയ്തിരുന്നു. അങ്ങനെ

യുള്ളവരിൽ ഉൾപ്പെട്ടവരായിരുന്നു, ഒരു ആഖ്യായികാകർത്താവും, നാടകകൃത്തും ആയ 'ലിയോണിഡ് ലിയോണോവ്', നോവൽ എഴുതുകയും, പ്രചരണങ്ങൾ നടത്തുകയും ചെയ്തിരുന്ന 'ഇല്യാ എറൻബർഗ്', 'മാർച്ച്—ഏപ്രിൽ' എന്നു പേരുള്ളതും, യുദ്ധം സംബന്ധിച്ചുള്ളതുമായ ഏററവും നല്ല ചെറുകഥകളെഴുതിയ 'വാഡിം കോഷെവ്നിക്കോവ്' മുതലായവർ.

ഒരിക്കൽ 'അന്തോണോവ്സ്കായ' എന്നൊരുത്തി, സ്റ്റാലിന്റെ ജന്മദേശമായ 'ജോർജിയാ'യെക്കുറിച്ച്, ഒരു ചരിത്രാഖ്യായിക എഴുതി. അതിന്റെ കൈയെഴുത്തുപ്രതി വായിച്ചു സന്തോഷിച്ച സ്റ്റാലിൻ ഗ്രന്ഥകർത്രിയെ അർദ്ധരാത്രി ഫോണിൽ വിളിച്ചു. അവളുടെ മുറിയിൽ ഫോണില്ലായിരുന്നു. അനേകം കുടുംബങ്ങൾ ഒന്നിച്ചുതാമസിച്ചിരുന്ന ആ വീട്ടിലുള്ള പ്രധാനമുറിയിലായിരുന്നു ഫോൺ ഉണ്ടായിരുന്നതു്. ആഖ്യായികയിൽ ഉൾപ്പെടുത്തേണ്ട ചില ചരിത്രപ്രാധാന്യതകളേക്കുറിച്ച് സ്റ്റാലിൻ ഫോൺവഴി ഗ്രന്ഥകാരിക്കു് ഉപദേശംകൊടുത്തു. അവളാകട്ടെ ഗ്ലാവ്ലിററുകാർ തന്റെ ഗ്രന്ഥം പ്രസിദ്ധംചെയ്യുന്നതിനു് അനാവശ്യമായ താമസം വരുത്തിയേക്കും എന്നു് ആവലാതിപ്പെട്ടു. ഫോൺസംസാരംകൊണ്ടു്, ഉറക്കത്തിനു ഭംഗംവന്ന ആളുകൾ അവളോടു ദേഷ്യപ്പെട്ടപ്പോൾ, സ്റ്റാലിനാണു സംസാരിക്കുന്നതു് എന്നു് അവരെ അറിയിച്ചു. ഈ വിവരം അറിഞ്ഞ സ്റ്റാലിൻ, അടുത്തദിവസം, അവളുടെ മുറിയിൽ ഒരു ടെലഫോൺ ഫിററുചെയ്തുകൊടുത്തു. എന്നുമാത്രമല്ല അവളുടെ പുസ്തകത്തിന്റെ അനേകായിരം പ്രതികൾ അതിവേഗം പുറത്തുവരികയും, അതു സർവ്വരാലും പ്രശംസിക്കപ്പെടുകയും ചെയ്തു.

കമ്മ്യൂണിസ്റ്റ്തത്വങ്ങൾക്കും ദേശീയബോധത്തിനും അനുയോജ്യമായിരുന്ന സംസ്കാരലേശമില്ലാത്ത ഒരു രീതിയായിരുന്നു

സ്റ്റാലിൻ ഇഷ്ടപ്പെട്ടിരുന്നത്. എന്നാൽ സന്മാർഗ്ഗമില്ലായ്ക, വേശ്യാവൃത്തി, മദ്യപാനം ഇവ നികൃഷ്ടങ്ങളായും, അധഃപതിച്ച ബൂർഷ്വാസികൾക്കുമാത്രം യോജിച്ചതായും റഷ്യാക്കാർ കരുതിയിരുന്നു.

ഒരിക്കൽ 'സൈമോണോവ്' എന്ന ഒരു കവി 'വാലെൻറിനാ സെറോവാ' എന്ന നടിക്കുവേണ്ടി വൈണികഗാനങ്ങൾ അടങ്ങിയ ഒരു പുസ്തകം എഴുതി. ഒരു സ്നേഹിതയായ അവളെ ഭാവിയിൽ വിവാഹം ചെയ്യണമെന്ന് സൈമോണോവ് ഉദ്ദേശിച്ചിരുന്നു. പുസ്തകം വായിച്ചുനോക്കിയ സ്റ്റാലിൻ, അതു രണ്ടു കാപ്പികളായിട്ടാണു പുറത്തു വരേണ്ടതെന്നും, ഒന്ന് അവനും, മറെറാന്ന് അവൾക്കും വേണ്ടിയുള്ളതായിരിക്കണമെന്നും അഭിപ്രായപ്പെട്ടു.

ഒരു ജാർജിയൻനടനായ 'ഗെലോവാണി' സ്റ്റാലിൻെറ ഭാഗം അഭിനയിക്കുന്നതിൽ വളരെ അഭിരുചി കാണിച്ചിരുന്നു. സ്റ്റാലിൻ, തന്നെ ഫോണിൽവിളിക്കുമെന്നു വിചാരിച്ച് അവൻ വളരെനാൾ തൻെറ മുറിയ്ക്കകത്തുതന്നെ കാത്തിരുന്നു. എന്നാൽ സ്റ്റാലിൻ അവനെ വിളിക്കയുണ്ടായില്ല.

കേന്ദ്രസമിതിയിലോ, പാളിററ്ബ്യൂറോവിലോ ഉള്ള അംഗങ്ങൾക്കു പെട്ടെന്ന് ഉണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങൾ കൊണ്ട്, വളരെ പ്രോത്സാഹനം അനുഭവിച്ച ഗ്രന്ഥകാരന്മാർക്കു തന്നെയും വിഷമതകൾ ഉണ്ടാവുക പതിവായിരുന്നു. ഉദാഹരണമായി, ഗ്രന്ഥകാരസംഘടനയുടെ ജനറൽസിക്രട്ടറിയായ 'അലക്സാൻഡർഫാദെയേവ്,' 'യങ്ഗാർഡ്' (യുവാവായ കാവൽപടയാളി) എന്ന ഒരു നോവൽ എഴുതി. അതിൻെറ പത്തുലക്ഷം പ്രതികൾ ചിലവായി. അപ്പോൾ സ്റ്റാലിൻെറ നിർദ്ദേശപ്രകാരം, ചില നിരൂപകന്മാർ ഫാദെയേവിൻെറ

നോവലിനെക്കുറിച്ച് ചില കുററങ്ങൾ പരസ്യപ്പെടുത്തി. ഡോൺ ബാസ്" എന്ന സ്ഥലത്തുവച്ച് ചെമ്പട പിന്തിരിഞ്ഞോടിയതു്, യുവാവായ കാംസോമോൾ ജമ്മൻകാരോട് ദേശീയബോധത്തോടുകൂടി എതിത്തതു് മുതലായ രംഗങ്ങളെ അതേപ്രകാരംതന്നെ വണ്ണിച്ചതു് ഏററവും അനുചിതമായിപ്പോയി എന്നായിരുന്നു നിരൂപകന്മാർ ചുമത്തിയ കുററം. ഫാദെയേവ് എന്തായാലും, തെററു സമ്മതിച്ചു്, പ്രസ്തുത രംഗങ്ങൾ വേണ്ടവിധത്തിൽ നവീകരിച്ചുകൊടുത്തു.

ന്യൂ വേൾഡ്" (പുതിയ ലോകം) എന്ന പത്രികയുടെ പത്രാധിപപ്രധാനിയായ കോൺസ്റ്റാൻറിൻ സൈമൊണോവ്" "സ്മോക്-ആഫ്-ദി-ഹോം ലാൻഡ്" (സ്വദേശത്തിലെ പുക) എന്ന ഒരു നോവൽ എഴുതി. യുദ്ധത്തിൽ പങ്കെടുത്തിട്ടു്, ഓരോ കാര്യങ്ങൾക്കായി യൂറോപ്പിലും, അമേരിക്കയിലും യാത്ര ചെയ്ത ഒരു സോവിയററു് എൻജിനീയറെക്കുറിച്ചായിരുന്നു, ആ, നോവൽ. ഒരു റഷ്യൻസ്വദേശാഭിമാനി ഒരിക്കലും, അപ്രകാരം ചെയ്യുകയില്ലെന്നും, പണം മോഹിച്ചു് എഴുതപ്പെട്ടതും വകയ്ക്കു കൊള്ളാത്തതുമായ ഒരു നോവലാണു്, സൈമൊണോവിൻേറതു് എന്നും, ചില നിരൂപകന്മാർ കേന്ദ്രസമിതിയുടെ നിർദ്ദേശമനുസരിച്ചു കുററംപറഞ്ഞുണ്ടാക്കി.

സാഹിത്യനിരൂപകന്മാർ, രാജ്യത്തിലുള്ള ജനങ്ങളോടും, ഭരണകൂടത്തോടും, രാഷ്ട്രീയകക്ഷിയോടും ചുമതലാബോധത്തോടുകൂടിയാണു നിരൂപണംചെയ്യേണ്ടതു് എന്നായിരുന്നു റഷ്യയിലുള്ള ചട്ടം. അതും സൃഷ്ടിപരമായിട്ടല്ലാതെ പാടില്ലായിരുന്നു. അതനുസരിച്ചു പ്രസ്തുത നിരൂപകന്മാർ ക്രെംലിൻെറ പ്രീതിയുള്ളവരെമാത്രം പ്രശംസിക്കുകയും, മററുള്ളവരിൽ അധികം എഴുത്തുകാരെയും അവർ അധിക്ഷേപിക്കുകയുമാണു ചെയ്തിരുന്നതു്.

കേന്ദ്രസമിതിയുടെ വകയായ 'കൾച്ചർ ആൻഡ് ലൈഫ്' (സംസ്കാരവും, ജീവിതവും) എന്ന പത്രിക ആദശ്പരമായ പിശകുകൾ തിരുത്തുന്നതിനാണെന്നുപറഞ്ഞു് കണ്ണിൽ കാണുന്ന സാഹിത്യപ്രവത്തകന്മാരെയെല്ലാം എതിത്തിരുന്നു.

'വീരാപാനോവാ' എന്ന ഒരു സ്ത്രീ 'ക്രൂലിഴിഖാ' (യൂറാൾപ്രദേശത്തുള്ള ഒരു സ്ഥലത്തിന്റെ പേരു്), എന്നൊരു നോവൽ എഴുതി. യുദ്ധാനന്തരം റഷ്യയിലുണ്ടായ വ്യവസായപുരോഗതിയേയും, ജീവിതസൌകയ്യങ്ങളേയും സംബന്ധിച്ചതായിരുന്നു അതു്. 'ലിററററിഗസററ്' എന്ന പത്രികയും, പ്രസാധകന്മാരും, ആ കൃതിയെ അധിക്ഷേപിച്ചു. എന്നാൽ സ്ററാലിൻപ്രൈസ്കമ്മിററിയാകട്ടെ, പ്രസ്തുത കൃതി റഷ്യയിലുള്ള ദൈനംദിനജീവിതത്തെ ഭംഗിയാകുംവണ്ണം ചിത്രീകരിക്കുന്നു എന്നുപറഞ്ഞു്, പാനോവായ്ക്കു് സ്ററാലിൻപ്രൈസ് നൽകി.

ഇങ്ങനെയുള്ള കാരണങ്ങൾകൊണ്ടു്, കമ്മ്യൂണിസ്ററ് പാർട്ടിയുടെ അഭിപ്രായങ്ങൾതന്നെ അക്ഷരംപ്രതി സമ്മതിച്ചുകൊള്ളുക എന്ന ഒരു മാഗ്ഗമേ റഷ്യയിൽ സാഹിത്യപ്രവത്തകന്മാക്കും മററും ഉണ്ടായിരുന്നുള്ളു.

വിപ്ലവത്തിനുമുമ്പു് റഷ്യയിൽ ഒരു അഗാധചിന്തകനും സാഹിത്യകാരനുമായി 'ദോസ്തോയെവ്സ്കി' എന്നൊരു മഹാൻ ജീവിച്ചിരുന്നു. അദ്ദേഹത്തിനെക്കുറിച്ചു് 'യുവാവായ ദോസ. തോയെവ്സ്കി' 'എഫ്. എം. ദോസ്തോയെവ്സ്കി' എന്ന രണ്ടു കൃതികൾ 'വ്ളാഡിമിർ കിർപോതിൻ' എന്ന ഒരു റഷ്യൻസാഹിത്യനിരൂപകൻ എഴുതിയിട്ടുണ്ടു്. അതുപോലെ 'ദോസ്തോയെവ്സ്കിയുടെ സൃഷ്ടിപരമായ ലബോറട്ടറിയിൽ' എന്നൊരു കൃതി എ. ഡാളിനിൻ എന്നൊരാളും എഴുതിയിട്ടുണ്ടു്. ഈ കൃതികൾക്കു് കമ്മ്യൂണിസ്ററ് പാർട്ടിയുമായി ബന്ധം കാണുന്നില്ല്

ലിററററിഗസററ്" എന്ന റഷ്യൻപത്രത്തിൻെറ അധിപനായ "വ്ളാഡിമിർ യെർമിലോവ്" ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

"മനുഷ്യൻ അവശതകൾകൊണ്ടു നിറഞ്ഞവനും, നിസ്സാരനും, നികൃഷ്ടനും ആണെന്നു തെളിയിക്കുന്നതിനാണു ബൂഷ്വാസാഹിത്യം പ്രയത്നിക്കുന്നതു്. അതു മനുഷ്യൻെറ മനസ്സിനെ ദൂഷിപ്പിക്കുകയും, ജനദ്രോഹികളായ ഭരണാധികാരികളെ എതിർക്കുന്നതിനുള്ള അവൻെറ മനഃസ്ഥിതിയെ ഇല്ലായ്മചെയ്കയുംചെയ്യുന്നു. ഇതിനു നേരെ വിപരീതമായി മനുഷ്യൻെറ ആത്മവിശ്വാസം ഉറപ്പിച്ചുകൊണ്ടുപോകുന്ന പുരോഗമനപരമായ ഒരു സാഹിത്യരീതിയാണു സോവിയററുറഷ്യയുടേതു്. ദോസ്തോയെവ്സ്കിയാകട്ടെ, അമേരിക്കാക്കാർക്കു സഹായകമായി, മനുഷ്യൻെറ അവശത, നിസ്സാരത, നികൃഷ്ടത ഇവയെ തെളിയിക്കുന്നതിനു് അദ്ദേഹത്തിൻെറ മഹത്തായ കഴിവുകൾ ദുരുപയോഗപ്പെടുത്തി."

ദോസ്തോയെവ്സ്കി, 'ഭൌതികവാദപ്രസ്ഥാനം', ജനാധിപത്യം, സോഷ്യലിസം ഇവയുടെ ശത്രുവാണെന്നും, റഷ്യയിലുള്ള ചെറുപ്പക്കാരെയെല്ലാം ദൂഷിപ്പിക്കുന്നതിനായിരുന്നു, അദ്ദേഹത്തിൻെറ ശ്രമം എന്നും, 'ഡേവിഡ് സസ്ലാവിസ്കി' എന്ന റഷ്യൻനിരൂപകൻ പ്രസ്താവിച്ചിട്ടുണ്ടു്. ദോസ്തോയെവ്സ്കി ഒരു സോഷ്യലിസ്ററായിരുന്നോ എന്നു കണ്ടുപിടിക്കുന്നതിനും റഷ്യയിൽ ശ്രമങ്ങൾ നടക്കുന്നുണ്ടു്. അദ്ദേഹം വിപ്ലവകാലത്തു ജീവിച്ചിരുന്നെങ്കിൽ, തീർച്ചയായും തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിച്ചിരിക്കുമായിരുന്നെന്നും, ൧൯൧൭-ൽ റഷ്യയിൽ ഒരു വലിയ സോഷ്യലിസ്ററ്വിപ്ലവം ഉണ്ടായി, ലോകത്തെത്തന്നെയും അവശതയിൽനിന്നും, ഉദ്ധരിക്കുന്നതിനു്, റഷ്യ പ്രാപ്തിയുള്ളതായിത്തീരുമെന്നു് അദ്ദേഹം അറിഞ്ഞിരുന്നെന്നും, ഒരു നിരൂപകൻ പ്രസ്താവിച്ചതു്, സസ്ലാവിസ്കിക്കു് വളരെ ദസ്വീകാര്യമായി തോന്നി.

ദോസ്റ്റോയെവ്സ്കി അസാമാന്യനായിരുന്നെന്നു്, അദ്ദേഹത്തിനെ അധിക്ഷേപിക്കുന്നവർപോലും പറയുന്നുണ്ടു്. അദ്ദേഹത്തിൻെറ വിവിധ കൃതികളെ അവരെല്ലാം മാനിക്കുന്നുമുണ്ടു്.

ഒരിക്കൽ ഞാൻ എൻെറ സ്നേഹിതനായ ഒരു വലിയ അമേരിക്കൻ നയതന്ത്ര ഉദ്യോഗസ്ഥനെ കാണുവാൻ ചെന്നു. അപ്പോൾ ഏഴുവയസ്സുപ്രായമുള്ള അദ്ദേഹത്തിൻെറ മകൻ, അവൻ എഴുതിയ ഒരു പദ്യം എന്നെ പാടിക്കേൾപ്പിച്ചു. ഒരു അമേരിക്കാക്കാരനായ കവി അവൻെറ സ്വന്തം കഥ, പദ്യരൂപേണ പാടി കേൾപ്പിക്കുന്നതായിരുന്നു ആ പദ്യം. ദുഷിച്ച റഷ്യൻപ്രചരണത്തിൽ ഒന്നായിരുന്നു ഇതും. പദ്യത്തിൻെറ ഉള്ളടക്കം ഇപ്രകാരമായിരുന്നു:

"ഞാൻ ഒരു കൊച്ചുകുരങ്ങനാണു്. എന്നാൽ എനിക്കു് ജർമ്മൻഭാഷ, ഫ്റഞ്ചുഭാഷ ഇവ സംസാരിക്കുവാൻ സാധിക്കും. എൻെറ കൈവശമുള്ള ഒരുകുപ്പി ലഞ്ചാണു് (ഒരുവക മദ്യം) ഞാൻ കഴിക്കുവാൻ പോകുന്നതു്. ഞാൻ താമസിക്കുന്നതു ചൈനയിലാണു്. എൻെറ പൂച്ചയുടെ പേരു് ദീനയെന്നുമാണു്. രാത്രികാലത്തു്, ചന്ദ്രികയുള്ള സമയത്തുമാത്രമേ ഞാൻ ഉറങ്ങുകപതിവുള്ളൂ. ആഹാരമായിട്ടു് ഞാൻ കുറെ മാവു ഭക്ഷിച്ചപ്പോൾ അതു പുളിച്ചുപോയതായിട്ടു് ഞാൻ മനസ്സിലാക്കി."

ഈ പദ്യത്തിനെക്കുറിച്ചു് 'ലിററററി കൾച്ചർ ആൻഡ് ലൈഫ്' എന്ന റഷ്യൻപത്രിക താഴെ കാണിക്കുന്ന, ആറുകാളം നിറയെയുള്ള പ്രസ്താവനകൾ പുറപ്പെടുവിച്ചു:

"അമിതാദായത്തിനു് കുത്തകപിടിച്ച അമേരിക്കൻമുതലാളികളുടെ ധനവും, അതുപോലെ അവരുടെ മനസ്സംസ്കാരവും അധഃപതിച്ചകാലത്തെഴുതിയിട്ടുള്ള ഒരു പദ്യമാണിതു്."

ഞാൻ ജമ്മൻ, ഫ്റഞ്ച് ഈ ഭാഷകൾ സംസാരിക്കുന്നു; താമസം ചൈനയിലാണ്, എന്നു പറയുന്നതിൽനിന്നും കവി സദാ ചുററിസ്സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നു തെളിയുന്നു. യുദ്ധം കഴിഞ്ഞു ദുരിമനുഭവിക്കുന്ന മനുഷ്യരാശിയെ, അഷ്ടിക്കായി തങ്ങളുടെ വലയിലാക്കണമെന്ന ഉദ്ദേശത്തോടുകൂടി 'മാഷൽപ്ലാൻ' (കടംവാങ്ങപദ്ധതി) എടുത്തുകൊണ്ടുനടക്കുന്ന അമേരിക്കൻ സാമ്രാജ്യമേമ്മാഹത്തെയാണ് ആ വരികൾ കുറിക്കുന്നത്.

സ്വാതന്ത്ര്യേച്ഛുക്കളായ ചൈനാക്കാരെ ധിക്കാരിയായ കവി 'ദീന' എന്ന നികൃഷ്ടമായ ഒരു പൂച്ചയായിട്ടാണ് കരുതുന്നത്.

കവി വളരെ ചാതുര്യമുള്ളവനാണെങ്കിലും, അയാൾ മദ്യപാനിയും (ലഞ്ച് എന്ന മദ്യം കുടിച്ചിരുന്നു) ദുർവൃത്തനും ആകകൊണ്ട് അയാളുടെ ജീവിതം നശിച്ചുപോയിരുന്നു.

അന്ധകാരംകൊണ്ടുനിറഞ്ഞ മുതലാളിത്തലോകത്ത് ചന്ദ്രിക എന്നത് ഒരിക്കലും കാണുകയില്ല. അതുകൊണ്ടാണ് കവി 'ചന്ദ്രികയുണ്ടെങ്കിൽ ഞാൻ രാത്രി ഉറങ്ങുമായിരുന്നു' എന്നു പറയുന്നത്.

മനുഷ്യൻെറ പരിശ്രമത്തിൻെറയെല്ലാം പ്രതിഫലത്തെക്കുറിക്കുന്ന 'മാവു'പോലും, അധഃപതിച്ച മുതലാളിത്തരാജ്യങ്ങളിൽ പുളിച്ചുപോയിരുന്നു.

മനുഷ്യൻെറ പ്രകൃതിയിലുള്ള അവശത, നിസ്സാരത, നികൃഷ്ടത ഇവയെ തെളിയിക്കുന്നതിനുവേണ്ടി 'ദോസ്റ്റോയെവ്സ്കി' എന്ന റഷ്യൻഎഴുത്തുകാരൻ ജീവിതം മുഴുവൻ നശിപ്പിച്ചു എന്നാണു സഖാവ് യെർമിലോവ് പറഞ്ഞിട്ടുള്ളത്. എന്നാൽ നമ്മുടെ അമേരിക്കൻകവി, ദോസ്റ്റോയെവ്സ്കിയെക്കാളും അധഃപതിച്ചിരുന്നു. എന്തെന്നാൽ റഷ്യനല്ലാത്ത അയാൾക്കു് ഒരു ആത്മാവുപോലുമില്ലായിരുന്നു.

കൊച്ചുകുരങ്ങ് എന്നതു് അമേരിക്കയുടെ ദുഷിച്ച യന്ത്രവൽകൃതസംസ്കാരത്തെക്കുറിക്കുന്നു. അതിനെക്കുറിച്ചു് ചാർലി ചാപ്ലിൻ' എന്ന അമേരിക്കൻകലാകാരൻ തൻെറ ഒരു സിനിമയിൽ ചിത്രീകരിച്ചിട്ടുമുണ്ടു്.

'എഴുത്തുകാരും, കവികളും മഹാത്മാക്കളെ നിർമ്മിക്കുന്ന ശില്പികളാണു്'' എന്നാണു് നമ്മുടെ മഹാനേതാവും, കവികൾക്കു് പ്രതിഭനൽകുന്നവനും, പ്രപഞ്ചത്തിനെല്ലാം പ്രകാശം നൽകുന്ന ഏക സൂര്യനും, ഗുരുവും ആയ സ്റ്റാലിൻ പറഞ്ഞിട്ടുള്ളതു്. എന്നാൽ നമ്മുടെ അമേരിക്കൻകവിയോ, "നശിച്ച അമേരിക്കൻ സംസ്കാരത്തിൽ പ്രവർത്തിക്കുന്ന ഒരു കുരങ്ങൻ.''

ആൻഡ്രീ-ഴഡനോവ് സോവിയററുകലയെ വികസിപ്പിക്കുന്നതിനു് സ്വീകരിക്കേണ്ട നയപരിപാടിയെക്കുറിച്ചു് ഇപ്രകാരം പ്രസ്താവിച്ചു: "നമ്മുടെ നാട്ടു് പുതിയ ഒരു സംസ്കാരം നിലവിൽ കൊണ്ടുവരികയാണു്. പ്രഭുഭരണത്തിലും, മുതലാളിത്തഭരണത്തിലും, സാഹിത്യവും കലയും അഭിവൃദ്ധിപ്പെടുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ മനുഷ്യസംസ്കാരത്തിൻെറ ഏററവുംനല്ല നേട്ടങ്ങൾ അടങ്ങിയ നമ്മുടെ സോഷ്യലിസ്ററുസംസ്കാരത്തിനു്, കല, സാഹിത്യം ഇവയ്ക്കു് ഏററവും ഉത്തേജനം നൽകുവാൻ സാധിക്കും''. എന്നാൽ ഈ പ്രസ്താവനകൾ പ്രതീക്ഷയിൽ മാത്രം കഴിഞ്ഞുകൂടുകയേ ചെയ്തുള്ളൂ. ൧൯൪൮ വേനൽക്കാലത്തു് 'ഴഡനോവ്' മരിക്കുകയും ചെയ്തു.

ഉദ്ദേശം രണ്ടുവർഷങ്ങൾക്കുമുമ്പ്, 'യെഹ്രുദിമെനുഹിൻ' എന്ന സുപ്രസിദ്ധകലാകാരൻ മാസ്കോ സന്ദർശിച്ചു. അദ്ദേഹം നഗരം വിടുന്നതിനുമുമ്പ്, അദ്ദേഹത്തിനുവേണ്ടി നടത്തിയ ഒരു വിരുന്നിൽ, ഞാനും നീലയും സന്നിഹിതരായിരുന്നു. റഷ്യാക്കാർ അവരുടെ സങ്കുചിതമനഃസ്ഥിതി വിട്ടിട്ടു്, ലോകത്തിലുള്ള

വിവിധരാജ്യങ്ങളുമായി സാംസ്കാരികബന്ധം ബലപ്പെടുത്തിയെങ്കിൽ മാത്രമേ റഷ്യൻകലയും സാഹിത്യവും മററും അഭിവൃദ്ധി പ്രാപിക്കുകയുള്ളു എന്നാണ് മെൻഹിൻ ഉപദേശിച്ചതു്.

ഒരുദിവസം രാവിലെ മെൻഹിൻ, ആരെയും അറിയിക്കാതെ, തൻെറ താമസസ്ഥലമായ നേഷനൽഹോട്ടലിൽനിന്നും ഇറങ്ങി, നടന്നു്, റെഡ്സ്ക്വയറിൻെറ മുമ്പിൽ എത്തിച്ചേൎന്നു. അവിടെ നിന്നിരുന്ന ഭടന്മാരും അദ്ദേഹം ആരാണെന്നറിയാതെ, അദ്ദേഹത്തിൻെറ പാസ്സുചോദിച്ചു. അപ്പോൾ, തനിക്കു് പാസ്സും മററും ആവശ്യമില്ലെന്നും, താൻ ആ സ്ഥലങ്ങൾ ചുററിനടന്നു കാണുകമാത്രമാണു ചെയ്യുന്നതു് എന്നും അദ്ദേഹം അവരെ മനസ്സിലാക്കി. ഇതിനെപ്പററിയാണു് അദ്ദേഹം 'പാസ്സില്ലാതെ ആരെങ്കിലും ക്രെംലിനിനകത്തു കടക്കുകയാണെങ്കിലോ' എന്ന രസകരമായ കഥ എഴുതിയതു്.

സോവിയററുകലാകാരന്മാർ, രാഷ്ട്രീയമല്ലാത്ത യാതൊരു കൃതിയും നിൎമ്മിക്കരുതു്. വിദേശീയമായ യാതൊന്നിനേയും അവർ പ്രശംസിക്കുകയോ, നേതാക്കന്മാരെക്കുറിച്ചു് നിരൂപണം നടത്തുകയോ ചെയ്യരുതു്. അവർ എപ്പോഴും വരാവുന്ന വൈപരീത്യങ്ങൾക്കു തയാറായിരിക്കണം. സോവിയററുസംസ്ഥാനത്തേയും നയപരിപാടിയേയുംകുറിച്ചു നിരൂപണംനടത്തുന്ന ഏതൊരു ദേശക്കാരെയും അവർ എതിൎക്കണം. (ഴഡഢനോവ്) സോഷ്യലിസ്റ്റ്ഭരണത്തിൻകീഴിൽ കഴിഞ്ഞുകൂടുന്ന ആളുകളുടെ മേന്മയെക്കുറിച്ചു് അവർ കൃതികൾ നിൎമ്മിക്കണം. പഞ്ചവത്സരപദ്ധതി, പുനരുദ്ധാരണം, അമേരിക്കൻവിദ്വേഷപ്രസ്ഥാനം മുതലായ ഏതൊരു റഷ്യൻപ്രവൎത്തനങ്ങളിലും, കലാകാരന്മാർ പൂൎണ്ണമായി സഹകരിക്കണം. ഇവയായിരുന്നു കലാകാരന്മാരുടെമേൽ അടിച്ചേല്പിച്ചിട്ടുള്ള നിബന്ധനകൾ. രാഷ്ട്രീയമല്ലാത്ത

വിഷയങ്ങളെപ്പററി ലേഖനങ്ങൾ പുറപ്പെടുവിച്ചതിന് ഷ്ഡനോവ്'' ലെനിൻഗ്രാഡിലെ പത്രികകളായ 'സെ്വസ്ദാ', 'ലെനിൻഗ്രാഡ്'' ഇവയുടെമേൽ കുററംചുമത്തി. മൈക്കേൽ സോഷ്ചെങ്കോ എന്ന ഫലിതക്കാരനെ അദ്ദേഹം നാട്ടിൽനിന്ന് നിഷ്കാസനം ചെയ്തു. ഒരു കവയിത്രിയായ 'അന്നാ അഖ്മാത്തോവാ'യെ സോവിയററുഗ്രന്ഥകാരസംഘടനയിൽ നിന്ന് പുറത്താക്കി.

യുദ്ധംകഴിഞ്ഞു് ൧൯൪൫ അവസാനത്തിലോ, ൧൯൪൬ ആരംഭത്തിലോ സ്റ്റാലിൻ ഗ്രന്ഥകാരന്മാരുടേയെല്ലാം ഒരു സംഘം വിളിച്ചുകൂട്ടി, അവരോട് വളരെനേരം സംസാരിച്ചു.

പിന്നീടൊരിക്കൽ അദ്ദേഹം ഉദ്ദേശം നൂറു ഗ്രന്ഥകാരന്മാരെ വിളിച്ചുകൂട്ടി ഓരോരുത്തൎക്കും പല ഉപദേശങ്ങൾ നൽകി. യുദ്ധകാലത്തു്, തൊഴിലാളികളും കൃഷിക്കാരും സാധനങ്ങൾ ഉല്പാദിപ്പിച്ചതുപോലെയും പടയാളികൾ യുദ്ധംചെയ്തതുപോലെയും ഗ്രന്ഥകാരന്മാർ സാഹിത്യപ്രവൎത്തനം നടത്തിയില്ല എന്നും, അതിൻെറ കാരണം അവരുടെ ദേശീയബോധമില്ലാഴികയും, സ്വാൎത്ഥതല്പരതയും, പടിഞ്ഞാറൻരീതികളോടുള്ള പ്രതിപത്തിയും മാത്രമാണെന്നും അദ്ദേഹം പ്രസ്താവിച്ചു. അതുകൊണ്ടു വികാരഭരിതരായ ഗ്രന്ഥകാരന്മാർ പടിഞ്ഞാറൻരീതികളശേഷം വൎജ്ജിച്ചു് ഊൎജ്ജിതത്തോടുകൂടി പ്രവൎത്തിക്കുന്നതിനു തീരുമാനിച്ചു.

കൗണ്ടുടാൾസ്റ്റായിയുടെ ഒരു ബന്ധുവായ അലെക്സിടാൾസ്റ്റായി, ബെസറേബിയായിലുള്ള ഒരു കൊട്ടാരം പിടിച്ചടക്കി അവിടെയുള്ള മദ്യം, പ്രതിമകൾ ഇവ മുഴുവനും തൻെറ താമസസ്ഥലത്തേക്കു കൊണ്ടുവന്നതിനെപ്പററിയും സ്റ്റാലിൻ സംസാരിച്ചു.

യുദ്ധംകഴിഞ്ഞുണ്ടായ ക്ഷീണംകൊണ്ടാണ് തങ്ങൾക്കു ശരിയായി പ്രവൎത്തിക്കുവാൻ സാധിക്കാത്തതെന്നും എന്നാൽ

സ്റ്റാലിൻെറ നേതൃത്വത്തിൽ അവക്ക് റഷ്യൻസാഹിത്യത്തെ ഏററവും അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കുമെന്നും, ഗ്രന്ഥകാരന്മാർ അറിയിച്ചു.

---

# അദ്ധ്യായം ൧൯

റഷ്യയിൽ സംഗീതം ഏററവും പുരോഗതിയെ പ്രാപിച്ചിരുന്നു. എന്തെന്നാൽ, അതിൻെറ സാരം അത്രവേഗം മനസ്സിലാക്കുന്നതിനോ, അതിൽ കൈകടത്തുന്നതിനോ, സോവിയററു നേതാക്കന്മാക്ക് പെട്ടെന്നു് സാധിച്ചിരുന്നില്ല. സംഗീതകലയ്ക്കു് തങ്ങൾ വളരെ പ്രോത്സാഹനം നൽകുന്നു എന്നുപറഞ്ഞു് ആ നേതാക്കന്മാർ അഭിമാനിച്ചുമിരുന്നു. റഷ്യയിൽ ആകെക്കൂടി ഇരുപത്തിരണ്ടു സംഗീതപാഠശാലകളാണുണ്ടായിരുന്നതു്. കൊള്ളാവുന്ന ഓരോ നഗരത്തിലും, വിവിധവാദ്യങ്ങളോടുകൂടിയ ഒരു സംഗീതശാലയും, നാടകശാലയും, നൃത്തശാലയും ഉണ്ടായിരുന്നു. ഇവകൂടാതെ കുട്ടികൾക്കുവേണ്ടിയുള്ള അനവധി സംഗീതവിദ്യാലയങ്ങളും, പാട്ടുകച്ചേരിസ്ഥലങ്ങളും ഓരോ നഗരത്തിലും കാണാം. റേഡിയോവിൽക്കൂടിയും ഏററവും നല്ല സംഗീതം പ്രവഹിച്ചിരുന്നു.

മാസ്ക്കോനഗരത്തിലുള്ള 'കംപോസെഴ്സ് യൂണിയൻ' (സംഗീതരചകസംഘടന) ഗാനങ്ങൾ നിമ്മിക്കുന്നവക്കും അവരുടെ കുടുംബാംഗങ്ങൾക്കും താമസിക്കുന്നതിനു്, മാസ്ക്കോപ്രവിശ്യയിൽ ഐവാനോവ് എന്ന സ്ഥലത്തിനടുത്തു്, പിയാനോ മുതലായ സംഗീതോപകരണങ്ങളോടുകൂടിയ ഓരോ ചെറിയ ഭവനങ്ങൾ നിമ്മിച്ചുകൊടുത്തിരുന്നു. അതിനെ 'വിശ്രമ

ത്തിനും, സൃഷ്ടിപരമായ പ്രവത്തനങ്ങൾക്കുംവേണ്ടിയുള്ള ഗൃഹം’ എന്നാണു വിളിച്ചിരുന്നതു്. ‘ഷോസ്ത്താക്കോവിച്ച്’, ‘ഖാചാത്തുരിയൻ’ മുതലായ ഉന്നതവ്യക്തികൾക്കു്, വേറെയും പല ജീവിതസൌകര്യങ്ങൾ ലഭിച്ചിരുന്നു. എന്നാൽ ഇവക്കെല്ലാം കമ്മ്യൂണിസ്ററുതത്വങ്ങളനുസരിച്ചു് ഏററവും ഭയത്തോടുകൂടി ജീവിക്കേണ്ടിയിരുന്നതുകൊണ്ടു്, അവക്കു് കലയെ അത്രതന്നെ വികസിപ്പിക്കുന്നതിനു് സാധിച്ചില്ല.

൧൯൪൮ ജാനുവരിയിൽ കേന്ദ്രസമിതി വിളിച്ചുകൂട്ടിയ ഒരു സംഗീതസദസ്സിൽവച്ചു്, ‘ഴഡനോവ്’ പ്രസിദ്ധകലാകാരന്മാരായ ഷോസ്ത്താക്കോവിച്ച്, പ്രോക്കോഫീവ്, ഖാചാത്തുരിയൻ മുതലായവരുടെമേൽ ഓരോ കുററംചുമത്തി, അവരുടെ ഗാനങ്ങൾ നിരോധിച്ചു. ക്രെംലിനിന്റെ ദൃഷ്ടിയിൽ കുററക്കാരായിത്തീരുന്ന കലാകാരന്മാർ, അവരുടെ മനസ്സാക്ഷിക്കു വിപരീതമായിട്ടാണെങ്കിലും, അവരുടെമേൽ ചുമത്തപ്പെടുന്ന കുററങ്ങൾ സമ്മതിച്ചു് സോവിയററുനേതാക്കന്മാരുടെ ആജ്ഞയനുസരിച്ചു് നടന്നുകൊള്ളണമെന്നുള്ളതായിരുന്നു ക്രെംലിനിന്റെ ഉദ്ദേശം. ക്രെംലിനിന്റെ നിരൂപണങ്ങളും, നിർദ്ദേശങ്ങളും ശരിയായിട്ടുള്ളവയാണെന്നു നല്ലപോലെ ബോദ്ധ്യപ്പെടുന്നതുകൊണ്ടാണു്, കുററക്കാരായി കല്പിക്കപ്പെടുന്ന സംഗീതരചകന്മാർ കുററം സമ്മതിച്ചിരുന്നതു് എന്നാണു് ‘യൂരിഷപ്പോരിൻ’ എന്ന സോവിയററു സംഗീതവിദഗ്ദ്ധൻ പ്രസ്താവിച്ചിട്ടുള്ളതു്. ക്രെംലിൻ പറയുന്നതെല്ലാം പൊതുജനങ്ങളുടേയും, അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമായിരുന്നുവത്രെ.

൧൯൪൮ ഏപ്രിലിൽ നടന്ന സോവിയററുസംഗീതരചകന്മാരുടെ കാൺഗ്രസ്സിൽവച്ചു് കുററക്കാരായിത്തീൎന്ന ഷോസ്ത്താകോവിച്ച്, പ്രോക്കോഫീവ്, മയാക്കോവ്സ്കി, പോപ്പോവ്,

മുരാദെലി മുതലായവരിൽ ചിലർ കുററം സമ്മതിച്ച് മാപ്പു ചോദിക്കയും, മററുചിലർ ഒന്നും പറയാതെ മിണ്ടാതെനില്ക്കുകയും ചെയ്തു. എന്നാൽ അവർ ആ സ്ഥിതിയിലും, പൊതുജനങ്ങളുടെ അഭിപ്രായങ്ങളെയും, നിർദ്ദേശങ്ങളെയും ധിക്കരിച്ചു പ്രവർത്തനം തുടൎന്നു എന്നാണ് കേന്ദ്രസമിതി പ്രസ്താവിച്ചത്.

പ്രോക്കോഫീവ്, മയാക്കോവ്സ്കി ഇവർ കേന്ദ്രസമിതിയെ ഒട്ടും വകവച്ചിരുന്നില്ല. വയസ്സായതുകൊണ്ട് മയാക്കോവ്സ്കി പ്രപഞ്ചജീവിതത്തിൽനിന്നുതന്നെ വിരമിച്ചിരുന്നു. എന്നാൽ പ്രോക്കോഫീവാകട്ടെ, തനിക്കും തൻെറ സംഗീതരചനയ്ക്കും ഉപദ്രവമുണ്ടാകാതിരിക്കുന്നിടത്തോളം കാലം, ആവശ്യമെന്നു തോന്നുന്ന അവസരങ്ങളിൽ കേന്ദ്രസമിതിയെ പ്രശംസിക്കയും, അവർ കുററപ്പെടുത്തുമ്പോഠം യാതൊരു പരിഭവവും കാണിക്കാതിരിക്കുകയും മററും ചെയ്തുകൊണ്ട്, മോസ്ക്വാ നദീതീരത്തുള്ള അദ്ദേഹത്തിൻെറ ഭവനത്തിൽ കഴിഞ്ഞുകൂടി.

ഷോസ്താക്കോവിച്ചിനാകട്ടെ, പ്രോക്കോഫീവിൻെറ നയമോ സാമൎത്ഥ്യമോ ഉണ്ടായിരുന്നില്ല. എന്നാൽ സംഗീതകൃതികഠം രചിക്കുന്നതിൽ അദ്ദേഹത്തിന് അമാനുഷമായ പാടവം ഉണ്ടായിരുന്നു. എപ്പോഴും പേപ്പറും പെൻസിലുംകൊണ്ടു നടന്നിരുന്ന പ്രോക്കോഫീവ് അദ്ദേഹത്തിന് അപ്പോഴപ്പോഠം തോന്നിയിരുന്ന പദ്യശകലങ്ങളെ കുറിച്ചെടുത്തുവന്നിരുന്നു. എന്നാൽ ഷോസ്താക്കോവിച്ച്, ഉദ്ദേശിക്കുന്ന കൃതി മുഴുവനും മനസ്സിൽ തോന്നിയിട്ടല്ലാതെ അതിനെ കുറിച്ചെടുത്തിരുന്നില്ല. അദ്ദേഹം ആത്മാൎത്ഥമായി ബോഠഷെവിക്കുകക്ഷിയെ സ്നേഹിക്കയും, അവർ അദ്ദേഹത്തിനെ കുററപ്പെടുത്തുമ്പോഴെല്ലാം അതു തൻെറ നന്മയ്ക്കാണെന്നു വിശ്വസിച്ച്, കുററം സമ്മതിച്ച്, മേലാൽ ശരിയായ മാൎഗ്ഗം അവലംബിച്ചുകൊള്ളാമെന്നു പ്രതിജ്ഞചെയ്കയും ചെയ്തിരുന്നു.

൧൯൩൬-ൽ പ്രവ്ദാപത്രം ഷോസ്റ്റാക്കോവിച്ചിനെ കുററപ്പെടുത്തിയപ്പോഴും അദ്ദേഹം മാപ്പുചോദിച്ചു. പതിനെട്ടു മാസംകഴിഞ്ഞു് അദ്ദേഹം 'ഫിഫ്ത്തുസിംഫണി' എന്ന സുപ്രസിദ്ധമായ സംഗീതകൃതി രചിച്ചു. തങ്ങളുടെ നിദ്ദേശങ്ങളും അഭിപ്രായങ്ങളുംകൊണ്ടാണ് അദ്ദേഹം അതു രചിച്ചതു്, എന്നു കേന്ദ്രസമിതി അവകാശപ്പെട്ടു.

൧൯൪൭-ലുള്ള വേനലിന്റെ ആരംഭത്തിൽ പ്രേഗിലുള്ള ഒരു സംഗീതപ്രകടനത്തിൽ പങ്കുകൊള്ളുന്നതിനു ചെന്നു. അതുപോലെ അമേരിക്കയിലും ഇംഗ്ലണ്ടിലും വന്നുചേരുമെന്ന് ആ രാജ്യക്കാർ ആശിച്ചിരുന്നു. എന്നാൽ അതിനു സാധിച്ചില്ല. ഒരുപക്ഷേ ആ രാജ്യങ്ങളിലേയ്ക്കു യാത്രചെയ്യുവാൻ സാധിക്കുമെന്നു വിചാരിച്ചു് അദ്ദേഹം ഇംഗ്ലീഷുപഠിക്കുകപോലും ചെയ്തു.

വിവാഹിതനായ അദ്ദേഹത്തിനു രണ്ടു സന്താനങ്ങളുണ്ടായിരുന്നു. സ്റ്റാലിൻപ്രൈസ്കമ്മിററി, ആർട്സുകമ്മിററിയുടെ ഉപദേശകക്കമ്മിററി, സംഗീതരചകന്മാരുടെ സംഘടന മുതലായവയിലെല്ലാം പ്രവർത്തനം അനുഷ്ഠിച്ചിരുന്ന അദ്ദേഹം മാസ്കോ, ലെനിൻഗ്രാഡ് ഈ നഗരങ്ങളിലുള്ള സംഗീതവിദ്യാലയങ്ങളിലെ ഒരു പ്രൊഫസ്സരുംകൂടിയായിരുന്നു. സംഗീതരചകസംഘടനയുടെ വിശ്രമസ്ഥലത്തുവച്ചു് വേനല്ക്കാലത്തായിരുന്നു അദ്ദേഹം കൃതികൾ രചിച്ചിരുന്നതു്.

സംസ്കാരത്തിൽ ലെനിൻഗ്രാഡ് മാസ്കോനഗരത്തെക്കാളും മെച്ചമായിരുന്നു. ലെനിൻഗ്രാഡിൽ ഏററവും സംഭാഷണപാടവവും, ആത്മവിശ്വാസവും പുതുമയും ഉണ്ടായിരുന്നതു് ഐവാൻ സോളർട്ടിൻസ്കി എന്ന മഹാനായിരുന്നു. ഷോസ്റ്റാകോവിച്ചിന്റെ ഉത്തമസ്നേഹിതനായിരുന്ന അദ്ദേഹം, ഒരു സംഗീതനിരൂപകനും,

ലക്ച്ചററുംകൂടിയായിരുന്നു. എന്നാൽ യുദ്ധകാലത്തു്, സോളർട്ടിൻസ്കി മരിച്ചുപോയതു് ഷോസ്താകോവിച്ചിനു വലിയ നഷ്ടമായിരുന്നു. ലോകത്തെത്തന്നെയും ദുഃഖപര്യവസായിയായിട്ടു വീക്ഷിച്ചിരുന്ന അദ്ദേഹത്തിന്റെ ൧൯൪൫-നുശേഷമുള്ള കൃതികൾ, യുദ്ധകാലത്തുള്ള ദുരന്തങ്ങളേയും യുദ്ധാനന്തരമുള്ള ലോകത്തേയും കുറിച്ചുള്ളതായിരുന്നു. അദ്ദേഹത്തിന്റെ ‘എട്ടും, ഒമ്പതും സിംഫണി’കളിൽപോലും ദുഃഖത്തിന്റെ ഛായ നിഴലിച്ചിരുന്നു.

സംഗീതമാകുന്ന ഭാഷയ്ക്കു് അസാധ്യമായ മാധുരിയും വ്യക്തതയും എത്രയുണ്ടെന്നു കാണിച്ചുതരികയാണു് ഷോസ്താക്കോവിച്ച് ചെയ്യുന്നതു്. പക്ഷേ റഷ്യാക്കാർക്കു് അവയെ ഗ്രഹിക്കുന്നതിനുള്ള ശക്തിയില്ല.

ഭാഗം ഏഴ്

# അമേരിക്കക്കാർ എഴുതിയ നാലുകോടി പുസ്തകങ്ങൾ

75522

# അദ്ധ്യായം ൨ം

അമേരിക്കൻസാഹിത്യം മുഖാന്തിരമാണ്, റഷ്യാക്കാർക്ക്, അമേരിക്കൻഐക്യനാടുകളിലെ ജീവിതരീതികളെക്കുറിച്ചുള്ള അറിവു ലഭിച്ചിട്ടുള്ളത്. അതു ക്രെംലിൻ ഇന്നു പ്രചരിപ്പിക്കുന്ന അമേരിക്കൻവിദ്വേഷപ്രസ്ഥാനത്തിനെത്തന്നെയും സാരമായി ബാധിച്ചിട്ടുണ്ട്.

൧൯൧൭-നുശേഷം, ഇരുനൂററിയൊന്ന് അമേരിക്കൻ കൃതികളുടെ നാലുകോടിയോളം പ്രതികൾ റഷ്യയിൽ ചിലവഴിഞ്ഞിട്ടുണ്ട്. സാർചക്രവർത്തിമാരുടെ കാലത്തും, അനേകലക്ഷം അമേരിക്കൻഗ്രന്ഥങ്ങൾ റഷ്യാക്കാർക്കു കിട്ടിയിട്ടുണ്ട്.

ഇവയിൽ ഏററവും പ്രധാനപ്പെട്ടതു്, 'ജാക്‌ലണ്ഡ'ന്റെ കൃതികളാണ്. അവ അഞ്ഞൂററിഅറുപത്തിയേഴു പതിപ്പുകളിലായി ൧൦,൩൩൭,000 പ്രതികളാണു റഷ്യയിൽ വന്നുചേർന്നിട്ടുള്ളതു്. 'മാർക് ട്വെയിനി'ന്റെ കൃതികൾ ൩,000,000 പ്രതികളും, 'അപ്ടൺ സിൻക്ലെയറി'ന്റെ കൃതികൾ ൨,൨൭൯,000 പ്രതികളും, 'ഏർണസ്റ്റ് താംപസൺസീററ'ന്റെ കൃതികൾ ൨,൦൧൧,000 പ്രതികളും, 'ഓ. ഹെൻട്രി'യുടെ കൃതികൾ ൧,൪൦൩,000 പ്രതികളും, 'ബ്രെററ് ഹാർട്ടി'യുടെ കൃതികൾ ൯൩൯,000 പ്രതികളുംകൂടി റഷ്യാക്കാർക്കു ലഭിച്ചിട്ടുണ്ട്. ഗ്രന്ഥകാരസംഘടനയുടെ വിദേശകാര്യവകുപ്പുസിക്രട്ടറി മൈക്കൽ അപ്ലെററിനാണ് എനിക്കു് ഈ കണക്കുകൾ തന്നതു്. എന്നാൽ രണ്ടുവർഷംകഴിഞ്ഞതു്, ഗ്രന്ഥകാരസംഘടനയുടെ ലൈബ്രറിയിലുള്ള നാടൻകൃതികൾ വായിച്ചുനോക്കുവാൻ അനുവാദം കിട്ടണമെന്നു് ഞാൻ അദ്ദേഹത്തോടപേക്ഷിച്ചപ്പോൾ, അതിനു വിദേശകാര്യാലയത്തിന്റെ അനുവാദം ആദ്യം മേടിക്കണം എന്നാണ്

അദ്ദേഹം പറഞ്ഞതു്. വിദേശകാര്യാലയമാകട്ടെ അതിനെക്കുറിച്ചു യാതൊന്നും ചെയ്തില്ല.

തീയൊഡോർ ഡ്രെയിസർ, എർണസ്റ്റ് ഹെമിങ്ങ്‌വേ, ജാൺസ്റ്റെയിൻബെക്ക്, ജെയിംസ് ഫെനിമോർകൂപ്പർ, വാഷിങ്ങ്ടൺ ഇർവിങ്ങ്, സിൻക്ലെയർ ല്യൂയി, എഡ്‌വേർഡ് ബെല്ലാമി, ഹെൻട്രി വാഡ്സ്‌വർത്ത് ലാങ്ങ്ഫെലോ (ഇദ്ദേഹത്തിൻെറ ഹയവാതാ എന്ന പദ്യം, നോബൽപ്രൈസ് നേടിയ 'ഐവാൻ ബുനിൻ' തർജ്ജമചെയ്തതു മൂലഗ്രന്ഥത്തെക്കാൾ നന്നായിട്ടുണ്ടെന്നു പ്രസ്താവിക്കപ്പെടുകയും, അതിൻെറ ൧൨൩,൨൫൦ പ്രതികൾ പുറപ്പെടുവിക്കപ്പെടുകയും ചെയ്തിട്ടുണ്ടു്), പേൾബെക്ക്, എഴ്സ്കിൻ കാൽഡ്വെൽ, ഹാറിയററുബീച്ചർ, സ്റ്റോവ്, കോൺറാഡ്ബെഴ്സോവിസി, എഡ്ഗാർ അല്ലൻപോ, ജാക്ക്കാൺറായി, വാൾട്ടവിററ്മാൻ, ജാൺഡാസ് പാസ്സോസ്സ്, ലാങ്ങ്സ്റ്റൺഹ്യൂസ്, മൈക്കൽ ഗോൾഡ്, വാൽഡോഫ്രാങ്ക്, ഇർവിൻ എസ്. കാബ്, യൂജിൻ ഓനിൽ (ഇദ്ദേഹത്തിൻെറ ഏഴു നാടകങ്ങളുടെ ൨൫,൦൦൦ പ്രതികളാണു കിട്ടിയിട്ടുള്ളതു്), ബെൻഹെക്ട്, എഡ്നാഫെർബർ, റെക്സ്ബീച്ച്, റിങ്ങ്ലാർഡനർ, ക്ലാഡ്മാക്കേ, ബൂത്ത താക്കിങ്ങ്ടൺ, മാക്സ്‌വെൽ ബോഡൻഹിം, സോണാഗേൽ, ല്യൂയി ബ്ലൂംഫീൽഡ്, ഹാരികെംപ്, നാതൻ ആഷ്ക് ഇവരുടെ കൃതികൾക്കും വളരെ പ്രചാരം ലഭിച്ചിട്ടുണ്ടു്.

ഉദ്ദേശം നൂററിയിരുപത്തിയഞ്ചു വർഷങ്ങൾക്കു മുമ്പാണു്, അമേരിക്കൻസാഹിത്യം റഷ്യയിൽ പ്രചരിക്കുവാൻ തുടങ്ങിയതു്. അതിൻെറ ഫലമായിട്ടാണു് റഷ്യൻജനതയ്ക്കു രാഷ്ട്രീയഉണർവ്വുണ്ടായി, അവർ പൊതുജനദ്രോഹിയായ സാർചക്രവർത്തിക്കു് എതിരായി ൧൯൧൭-ൽ വിപ്ലവം നയിച്ചു സ്വാതന്ത്ര്യം സമ്പാദിച്ചതു്.

അലെക്സാൻഡർ രണ്ടാമന്റെ ഗുരുവും ഒരു കവിയുമായ 'വാസിലി ഷുക്കോവിസ്കി'യാണ് ഭാഷാന്തരംചെയ്യുന്ന ഏർപ്പാട് നടപ്പിൽകൊണ്ടുവന്നതു്. അദ്ദേഹം വിദേശീയകവിതകൾ അന്നത്തെ റഷ്യൻഭാഷയിൽ പരിഭാഷപ്പെടുത്തിയതാണ്, ഇന്നത്തെ റഷ്യൻപദ്യരീതി തുടങ്ങിയതു്. അന്നുമുതൽ മൈക്കേൽ ലോമണോസോവ്, ഗാവ്റിൽഡെർഷാവിൻ ഇവരുടെ പദ്യരീതി അപ്രത്യക്ഷമായി. സുക്കോവിസ്കിയുടെ, ഗ്രേസ്എലിജി (ഗ്രേയുടെ വിലാപകാവ്യം) എന്നതിന്റെ പരിഭാഷയാണ്, ആധുനിക റഷ്യൻപദ്യപ്രസ്ഥാനം നടപ്പിൽകൊണ്ടുവന്നതു് എന്നു സുപ്രസിദ്ധറഷ്യൻസാഹിത്യനിരൂപകന്മാർതന്നെയും വിശ്വസിക്കുന്നു.

സുക്കോവിസ്കിയുടെ ആദർശമനുസരിച്ചു പ്രവർത്തിച്ച പരിഭാഷകന്മാരായ അലെക്സാൻഡർപുഷ്കിൻ, മൈക്കേൽ ലെർമോൺട്ടോവ്, അഫാനാസിഫെററ്, കാൺസ്റ്റാൻറിൻ ബാൽമണ്ട്, വാലെറിബ്രിയുസോവ്, ഐവാൻബ്യൂനിൻ, ബോറിസ്പാസ്റ്റർനാക്ക് ഇവരാണു നാട്ടിലെ ഏററവുംനല്ല കവികളായിത്തീർന്നതു്. അമേരിക്കയിലേയും, ഇംഗ്ലണ്ടിലേയും ഗദ്യകൃതികളുടെ പരിഭാഷകന്മാർ റഷ്യൻഭാഷയിലുള്ള എഴുത്തുകാരെക്കാളും മേന്മയുള്ളവരായിത്തീർന്നു. ഇതിന്റെ കാരണം റഷ്യൻസാഹിത്യം അമേരിക്കയിൽ പ്രചരിക്കുവാൻ തുടങ്ങുന്നതിനു വളരെ മുമ്പേതന്നെ, അമേരിക്കൻസാഹിത്യം റഷ്യയിൽ കടക്കുകയും പ്രചരിക്കുകയുംചെയ്തു എന്നുള്ളതായിരുന്നു.

ബെഞ്ചമിൻ ഫ്റാൻക്ലിന്റെ കൃതികളാണ്, റഷ്യാക്കാർ ആദ്യമായി അമേരിക്കയിൽനിന്നും വരുത്തി പരിഭാഷപ്പെടുത്തിയതു്. അദ്ദേഹത്തിന്റെ 'പുവർ റിച്ചേഡ്സ് അൽമനാക്" (സാധുവായ റിച്ചേഡിന്റെ പഞ്ചാംഗം) ഫ്രവ്വർ-ൽ സെൻറു പീറ്റേഴ്സ്ബർഗിൽ പ്രസിദ്ധംചെയ്തു. പത്തുവർഷം

കഴിഞ്ഞു്, "ഫ്റാൻക്ലിന്റെ ജീവചരിത്രവും കൃതികളും സംബന്ധിച്ചു് ഒരു ചെറിയ വിവരണത്തോടുകൂടി അദ്ദേഹത്തിന്റെ കുറിപ്പുകളിൽ ചില ഭാഗങ്ങൾ" എന്നതു് മാസ്ക്കോനഗരത്തിൽ പ്രസിദ്ധംചെയ്തു. 'ക്യാതറീൻ രണ്ടാമത്തവൾ' എന്ന റഷ്യൻ ചക്രവർത്തിനി വിപ്ലവം നയിച്ച അമേരിക്കാക്കാരെ വെറുത്തിരുന്നുവെങ്കിലും, റഷ്യാക്കാർ ഫ്റാൻക്ലിനെ 'ഇംപീരിയൽ അക്കാഡമി ആഫ് സയൻസസ്' എന്ന സ്ഥാപനത്തിന്റെ ഒരു അംഗമാക്കി.

അമേരിക്കൻ ആദർശങ്ങളെക്കുറിച്ചും, അമേരിക്കൻ വിപ്ലവത്തെക്കുറിച്ചും, റഷ്യാക്കാർക്കു് വളരെ ബഹുമാനമുണ്ടായിരുന്നു. റഷ്യയിൽ പ്രസിദ്ധീകരണവും, വിദ്യാഭ്യാസവും ആദ്യമായി പ്രചരിപ്പിച്ചവരിൽ ഒരാളായ 'നിക്കൊലായ് നോവിക്കോവ്' ൧൭൮൪-ൽ ജാർജ്ജുവാഷിങ്ങ്ടന്റെ ജീവചരിത്രം എഴുതി പ്രസിദ്ധംചെയ്തപ്പോൾ ഇപ്രകാരം പ്രസ്താവിച്ചു: "റോമിലെ ക്യാമില്ലാ, ഗ്രീസിലെ ലീയോണിദാസ്, സ്വീഡനിലെ ഗസ്റ്റവ്, ഇംഗ്ലണ്ടിലെ റസലും സിഡ്നിയും ഇവരാരെയും വാഷിങ്ങ്ടണുമായി താരതമ്യപ്പെടുത്തുവാൻ സാധിക്കയില്ല. സുഖലോലുപത, അഴിമതി ഇവ നിറഞ്ഞ ഭരണാധികാരികൾ, യൂറോപ്പിൽനിന്നും അടിച്ചോട്ടിച്ച സ്വാതന്ത്ര്യപ്രസ്ഥാനത്തിനു് അഭയംനൽകി സംരക്ഷിച്ചു് അമേരിക്കൻറിപ്പബ്ളിക്കു സംസ്ഥാപിച്ച മഹാനാണു് വാഷിങ്ങ്ടൺ." 'ഒരു റഷ്യാക്കാരനു് അയയ്ക്കുന്ന എഴുത്തു്' എന്നതിൽ റഷ്യയും അമേരിക്കയും തമ്മിലുള്ള സൌഹാർദ്ദമനോഭാവത്തെക്കുറിച്ചു് പരാമർശിച്ചിരിക്കുന്നു. ശോഭനമായ ഒരു ഭാവിയിലേക്കു പ്രയാണംചെയ്യുന്നതു് അമേരിക്കയും റഷ്യയും മാത്രമാണെന്നാണു 'ദതാക്ക്വിൽ' എന്ന ഫ്റഞ്ചുചരിത്രകാരൻ അമേരിക്കൻഡെമോക്രസി എന്നതിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്. ൧൮൫൨ ഡിസം

ബറിലാണ് റഷ്യയിൽ ആദ്യമായി വിപ്ലവം തുടങ്ങിയതു്. അപ്പോഴത്തെ വിപ്ലവക്കാരെ 'ഡിസംബർകാർ' എന്നാണു വിളിക്കുന്നതു്. അവക്കു മാർഗ്ഗദർശനം നൽകിയതു് അമേരിക്കയാണ്. അവർ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചതു് അമേരിക്കൻഭരണഘടനയെപ്പോലെയുള്ള ഒരു ഭരണഘടനയാണ്.

൧൮൨൦-നും, ൧൮൪൦-നും ഇടയ്ക്കാണ് വാഷിങ്ടൺ ഇർവിങ്ങ്, ഫെനിമോർക്കൂപ്പർ ഇവരുടെ കൃതികൾ ഫ്റഞ്ചുഭാഷയിൽ പ്രത്യക്ഷപ്പെട്ടതു്. വാഷിങ്ടൺ ഇർവിങ്ങ് എഴുതിയ ഗ്രന്ഥങ്ങൾ റഷ്യയിൽ പ്രചരിച്ചതിൽ ആദ്യത്തേതു് 'സ്കെച്ചുബുക്കു'' എന്ന കൃതിയായിരുന്നു. വിപ്ലവം കഴിഞ്ഞും റഷ്യാക്കാർ അദ്ദേഹത്തിൻെറ കൃതികൾ ഇഷ്ടപ്പെട്ടു. എന്നാൽ ഇപ്പോൾ അതിനു റഷ്യയിൽ പ്രചാരമില്ല.

ഫെനിമോർ കൂപ്പറിൻെറ കൃതികൾ റഷ്യയിൽ പ്രത്യക്ഷപ്പെട്ടവയിൽ ആദ്യത്തേതു്, 'ദി സ്പൈ' (ചാരൻ)എന്നതായിരുന്നു. ൧൮൨൫-ലാണ് അതു മാസ്കോനഗരത്തിൽ പ്രസിദ്ധംചെയ്തതു്. സ്പൈ എന്നതു്, സർ വാൾട്ടർസ്കാട്ട് ഫ്റഞ്ചുഭാഷയിൽനിന്നും പരിഭാഷപ്പെടുത്തിയ ഒരു കൃതിയിൽനിന്നു് എടുത്തതായിരുന്നു. കൂപ്പറിൻെറ പല നോവലുകൾക്കും പ്രചുരപ്രചാരം സിദ്ധിച്ചു് ഒടുവിൽ അദ്ദേഹത്തിൻെറ 'ലാസ്റ്റ് ആഫ് ദി മോഹിക്കൻസ്'' (മോഹിക്കന്മാരിൽ അവസാനത്തവൻ) എന്ന നോവൽ അദ്ദേഹത്തെ അനേകലക്ഷം റഷ്യാക്കാരുടെ കണ്ണിലുണ്ണിയാക്കി. കൂപ്പറിൻെറ കൃതികളെ ഏററവും പ്രശംസിച്ചിരുന്നതു്, ഇന്നത്തെ റഷ്യൻസാഹിത്യനിരൂപകന്മാരിൽ പ്രധാനിയായ വിഷാറിയൺ ബെലിൻസ്കിയായിരുന്നു. കൂപ്പറിൻെറ 'പാത്ത് ഫൈൻഡർ' (മാർഗ്ഗം കണ്ടുപിടിക്കുന്നവൻ) എന്ന കൃതിക്കു് ഒരു ഷേക്സ്പിയറിൻെറ കൃതികൾക്കു സഹജമായ അഗാധതയുണ്ടായിരുന്നു എന്നു

ബെലിൻസ്കി വിശ്വസിച്ചിരുന്നു. റഷ്യൻസാഹിത്യചരിത്രത്തിൽ ഏററവും സുപ്രസിദ്ധനാമധേയം പുഷ്കിന്റേതായിരുന്നു. അടുത്തതു 'ലെർമോൺട്ടോവ്'' എന്ന എഴുത്തുകാരന്റേതായിരുന്നു. കൂപ്പർ, വാൾട്ടർസ്കോട്ടിനെക്കാളും മേന്മയുള്ളവനാണെന്നും, കൂപ്പറിന്റെ കൃതികളിൽ കൂടുതൽ അഗാധതയും, സൃഷ്ടിപരമായ ഐക്യതയും ഉണ്ടായിരുന്നു എന്നുമാണു ലെർമോണ്ടോവ്, ബെലിൻസ്കിയോടു പ്രസ്താവിച്ചതു്.

കൂപ്പറിന്റെ കൃതികൾ വായിച്ച റഷ്യൻകുട്ടികൾ ചിലപ്പോൾ ഇൻഡ്യാക്കാർ എന്നുപറഞ്ഞു കളിക്കുകയും, 'അമേരിക്കായ്ക്കു് പൊയ്ക്കളയും' എന്ന വാചകം പറഞ്ഞു ശീലിക്കയും ചെയ്തു. റഷ്യൻവിപ്ലവനേതാക്കന്മാർക്കു് ചെറുപ്പംമുതല്ക്കേ പ്രേരണനൽകിയതു് കൂപ്പറിന്റെ കൃതിയാണെന്നു മാക്സിംഗോർക്കി ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ടു്.

വിപ്ലവംകഴിഞ്ഞും, കൂപ്പറിന്റെ കൃതികൾക്കു് പ്രചാരം വർദ്ധിച്ചുകൊണ്ടുതന്നെ വരുന്നു. അദ്ദേഹത്തിന്റെ കൂടുതൽ പ്രചാരമുള്ള നോവലുകൾ മൂന്നുലക്ഷത്തിമുപ്പതിനായിരം പ്രതികൾ പുറത്തിറക്കിയിട്ടുള്ളതിനു പുറമേ, റഷ്യാക്കാർ അദ്ദേഹത്തിന്റെ കൃതികൾ ശേഖരിച്ചു് രണ്ടു പതിപ്പുകളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

'ഹാരിയററ് ബീച്ചർ സ്റ്റോവ്'' എഴുതിയ 'അങ്കിൾടോംസ് ക്യാബിൻ' എന്ന കൃതിയും റഷ്യൻകുട്ടികൾക്കു് ഏററവും ഇഷ്ടമുള്ളതായിത്തീർന്നിട്ടുണ്ടു്. 'സെർഫു'കളെ (കൃഷിസംബന്ധിച്ച കൂലിവേലചെയ്യുന്നവർ) വിമോചിപ്പിക്കുന്നതിലും മററും ഒരു രാഷ്ട്രീയആയുധമായി റഷ്യാക്കാർ ഈ കൃതിയെ ഉപയോഗിച്ചിട്ടുണ്ടു്. "എനിക്കു് ഒരു 'അങ്കിൾടോംസ്ക്യാബിൻ' എഴുതിയാൽ കൊള്ളാം" 'എന്നാണു് ടാൾസ്റ്റോയ്തന്നെ പറഞ്ഞിട്ടുള്ളതു്. അമേ

തിക്കൻറീഗ്രോകളെക്കുറിച്ച് റഷ്യയിൽ ചർച്ചകൾ നടത്തുമ്പോഴെല്ലാം 'അങ്കിൾടാംസ് ക്യാബിൻ' എന്ന കൃതിയേയും പരാമർശിക്കുന്നുണ്ട്. വിപ്ലവം കഴിഞ്ഞു് പ്രസ്തുത പുസ്തകത്തിൻെറ പതിനാലുപതിപ്പുകൾ റഷ്യാക്കാർ ഇറക്കിയിട്ടുണ്ട്.

പത്തൊമ്പതാംശതകത്തിൻെറ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിലും എഡ്ഗാർ അല്ലൻപോ എന്ന കവിയുടെ കൃതികൾക്കു റഷ്യയിൽ വളരെ പ്രാധാന്യം ലഭിച്ചു. അദ്ദേഹത്തിൻെറ ഒരു കൃതിയുടെ ആദ്യത്തെ വിവർത്തനം ൧൮൪൫-ലാണ് പ്രത്യക്ഷപ്പെട്ടതു്. എന്നാൽ ൧൮൯൦-ാമാണ്ടിനുശേഷം, നടപ്പിൽവന്ന 'സിംബലിസ്റ്റ് സ്കൂൾ' (ഭാവാത്മക പ്രസ്ഥാനം) ആണു് പോവിൻെറ കൃതികൾക്കു പ്രാധാന്യം നൽകിയതു്. പ്രസ്തുത പ്രസ്ഥാനത്തിൻെറ കവിയായ കോൺസ്റ്റാൻറിൻ ബാൽമണ്ടു്, പോവിനെ ഒന്നാമത്തെ ഭാവാത്മകപ്രസ്ഥാനക്കാരനാണെന്നു വിളിച്ചിട്ടുണ്ടു്. ദുരിതംകൊണ്ടു നിറഞ്ഞ നമ്മുടെ ജീവിതത്തിൽ, അദ്ദേഹത്തിൻെറ കവിതകൊണ്ടു നമുക്കു സമാധാനവും രക്ഷയും നൽകുന്ന ഒരു ആരാധ്യപുരുഷനാണു പോ എന്നും ബാൽമണ്ടു പ്രസ്താവിച്ചിട്ടുണ്ടു്.

പോവിൻെറ ഗദ്യത്തിലും റഷ്യാക്കാർക്കു വളരെ പ്രതിപത്തിയുണ്ടായിട്ടുണ്ടു്. മനശ്ശാസ്ത്രത്തിൻെറ അഗാധമായ ഭാഗങ്ങൾ പഠിക്കുന്ന കാര്യത്തിൽ പോ ദോസ്തോയെവ്സ്കിയുടെ ഗുരുവായിരുന്നുവെന്നു്, 'വാലെരിബ്രിയുസോവ്' എന്ന റഷ്യൻകവി പ്രസ്താവിച്ചിട്ടുണ്ടു്. ലോകത്തിലെ ഏററവും വലിയ ഭ്രാന്തനും, എന്നാൽ ഏററവും വലിയ താർക്കികനും ആയിരുന്നു, പോ, എന്നു 'ലിയോണിഡ് ആൻഡ്രേയേവ്' എന്ന ഗ്രന്ഥകാരനും പറഞ്ഞിട്ടുണ്ടു്.

"പോ"വിനെപ്പോലെതന്നെ, റഷ്യയിലുള്ള പൊതുജനങ്ങളുടെ സ്നേഹം സമ്പാദിച്ച, ഏകവ്യക്തി, "വാൾട്ടവിററ്മാൻ" എന്ന അമേരിക്കൻകവിയായിരുന്നു. അദ്ദേഹത്തിൻെറ കൃതികൾ റഷ്യയിൽ പ്രചരിച്ചതു്, ഇരുപതാംനൂററാണ്ടിൻെറ ആരംഭത്തിലാണ്. അദ്ദേഹത്തിൻെറ "ലീവ്സ് ആഫ് ഗ്രാസ്സ്" എന്ന കൃതി അപൂൎണ്ണമായിട്ടാണെങ്കിലും ൧൮൦൯-ലാണ് പ്രസിദ്ധംചെയ്തതു്. വിററ്മാൻെറ കൃതികൾ പ്രസിദ്ധംചെയ്യുന്നതിനു്, തുർഗെനെവ്, ടാൾസ്റ്റായ് മുതലായവർ ചെയ്ത ശ്രമങ്ങൾ ഫലപ്പെട്ടിരുന്നില്ല. വിററ്മാൻെറ കൃതികളിൽ ചിലതു ബാൽമണ്ട് വിവൎത്തനംചെയ്തെങ്കിലും അതും ആരും അത്ര ശ്രദ്ധിച്ചില്ല. ഒടുവിൽ വേറൊരു ചെറിയ സംഭവംകൊണ്ടാണ വിററ്മാൻെറ കൃതികൾക്കു പ്രചരണം ലഭിച്ചതു്. ഒരിക്കൽ കുടിയനായ ഒരു റഷ്യൻനാവികൻ "കോർണീ-ഐവാനോവിച്ച്-ചുക്കോവിസ്കി" എന്ന ഒരു യുവാവിനെ നാവികൻ ജോലിചെയ്തിരുന്ന തുറമുഖത്തുവച്ച സല്ക്കരിച്ചു. ചുക്കോവിസ്കിയാകട്ടെ ഒരു സാഹിത്യനിരൂപകനും, കുട്ടികൾക്കുവേണ്ടി പദ്യങ്ങൾ നിൎമ്മിക്കുന്ന ഒരു കവിയുമായിരുന്നു. നാവികൻ ഒളിവിൽ കിട്ടിയ കുറെ മദ്യം ചുക്കോവിസ്കിയ്ക്കു കൊടുത്തു. അദ്ദേഹം അതു കഴിച്ചില്ല. അപ്പോൾ നാവികൻ, നിരോധിക്കപ്പെട്ടതാണെന്നു പറഞ്ഞു് ഒരു പുസ്തകം ചുക്കോവിസ്കിയുടെ കയ്യിൽ ഏല്പിച്ചു. വാൾട്ടവിററ്മാൻെറ "ലീവ്സ് ആഫ് ഗ്രാസ്സ്" ആയിരുന്നു അതു്. നാവികനു് ഇരുപതു കോപെക് വിലയായിക്കൊടുത്തു ചുക്കോവിസ്കി പുസ്തകം കരസ്ഥമാക്കി. അതു വായിച്ച ഇദ്ദേഹം ഉടനടി വിററ്മാൻെറ ശിഷ്യനും അനുയായിയും ആയിത്തീൎന്നു. അതിലുള്ള "സാങ്ങ്-ആഫ്-മൈസെൽഫ്" (ആത്മഗാനം) എന്ന പദ്യം അദ്ദേഹത്തെ ഏററവും സന്തുഷ്ടനാക്കി. ഇപ്പോൾ എഴുപതുവയസ്സു കഴിഞ്ഞിരിക്കുന്ന അദ്ദേഹം

നാല്പതുവർഷക്കാലമായി വിററ്മാൻെറ കൃതികൾ പ്രചരിപ്പിച്ചു കൊണ്ടിരിക്കയാണ്. ലീവ്സ് ആഫ് ഗ്രാസ്സ് എന്നതിൻെറ പത്താമത്തെ പതിപ്പ് ൧൯൪൪-ലാണ് അദ്ദേഹം ഇറക്കിയത്.

൧൯൦൭-ൽ 'പയോണിയേഴ്സ്, ഓ, പയോണിയേഴ്സ്' എന്ന വിററ്മാൻെറ പദ്യം പ്രസിദ്ധംചെയ്തതു സംബന്ധിച്ച്, ഗവണ്മെൻറ് അദ്ദേഹത്തെ കുററപ്പെടുത്തി. ൧൯൧൧-ൽ ലീവ്സ് ആഫ് ഗ്രാസ്സ് എന്ന കൃതിയുടെ പതിപ്പു മുഴുവനും, മാസ്ക്കോകോടതിയുടെ ആജ്ഞയനുസരിച്ചു നശിപ്പിക്കപ്പെട്ടു. ൧൯൧൩-ൽ ഒരു പ്രസംഗയാത്രചെയ്തിരുന്ന ചുക്കോവിസ്കി, വിററ്മാൻെറ പേരുപോലും പറഞ്ഞുപോകരുതെന്ന് 'കോർക്കോവ്', 'ഒഡെസ്സാ', 'റീഗാ', 'വിൽനാ' ഈ സ്ഥലങ്ങളിലുള്ള പോലീസ് നിബന്ധനചെയ്തു. ചില സാഹിത്യനിരൂപകന്മാർപോലും, അദ്ദേഹത്തെ പലവിധത്തിൽ അധിക്ഷേപിച്ചു. എന്നാൽ ൧൯൦൭-ലെ വിപ്ലവത്തിനുശേഷം, റഷ്യൻസാഹിത്യലോകത്തിൽ പ്രശസ്തിപ്രാപിച്ച 'ഫ്യൂച്ചറിസ്റ്റ്'കവികൾ (ജീവിതത്തിൻെറ ഊർജ്ജസ്വലതയേയും, പ്രവൎത്തനശക്തിയേയും പ്രതിപാദിക്കുന്ന കലാവിഭാഗത്തിൽ ഉൾപ്പെട്ട കവികൾ)വിററ്മാൻെറ അനുയായികളായിത്തീൎന്നു. അവരിൽ ഒരാളായ 'വ്ളാഡിമിർ മയാക്കോവിസ്കി' എന്ന കവിയാണു റഷ്യയിൽ ഏററവും വലിയ കവി എന്നു സ്റ്റാലിൻ പ്രസ്താവിച്ചിട്ടുണ്ട്. ആ മയാക്കോവിസ്കിയും, വിററ്മാൻെറ കവിതാമാഹാത്മ്യത്തിൽ മയങ്ങുകയാണു ചെയ്തതു്. വിപ്ലവം കഴിഞ്ഞ ഉടനെ, സോവിയററുനേതാക്കന്മാർ 'പയോനിയേഴ്സ്, ഓ, പയോനിയേഴ്സ്' എന്ന പദ്യം അനേകായിരം പ്രതികൾ അച്ചടിച്ച് ചെമ്പടയ്ക്കും മററും, വിതരണം ചെയ്തു. ൧൯൧൮ ജൂലയിൽ 'യൂറോപ്പ്' എന്ന നാടകം പെറേറാഗ്രാഡിലുള്ള 'പാലസ് ആഫ് പ്രോലിറേററിയൻ

കൾച്ചർ' എന്ന സ്ഥലത്തുവച്ചു് അഭിനയിക്കപ്പെട്ടു. എന്നുമാത്ര മല്ല പെട്രോഗ്രാഡിലെ സോവിയററധികാരികൾ ഭാവിയിലെ പുരോഗമനജനാധിപത്യപദ്യം' എന്ന പേരിൽ വിററ്മാൻെറ പദ്യകൃതികളും പ്രസിദ്ധീകരിച്ചു.

റഷ്യാക്കാരെ ഏററവും രസിപ്പിച്ചിരുന്നതു്, മാർക്ട്വെ യിൻ, ജാക്ക്ലണ്ഡൻ ഇവരുടെ കൃതികളായിരുന്നു. എവിടെ ച്ചെന്നാലും അവരുടെ കൃതികൾ കാണുവാൻ സാധിച്ചിരുന്നു. സോവിയററുഭരണത്തിൻെറ ആദ്യത്തെ ഇരുപത്തിയാറുവഷങ്ങൾ ക്കകംതന്നെ മാർക്ട്വെയിനിൻെറ കൃതികളിൽ ഏററവും രസ മുള്ളവ മുപ്പത്തുലക്ഷംപ്രതികളും, അദ്ദേഹത്തിൻെറ മുഴുവൻ കൃതി കൾതന്നെ പല പതിപ്പുകളും, സോവിയററുപ്രസിദ്ധീകരണശാ ലകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

മാർക്ട്വെയിനിൻെറ കൃതികൾ ആദ്യമായി റഷ്യൻഭാഷ യിൽ പ്രത്യക്ഷപ്പെട്ടതു്, 'കെലവെറാസ്പ്രദേശത്തുള്ള ചാടുന്ന തവള' എന്ന കഥയായിരുന്നു. സെൻറു പീറേറഴ്സ്ബർഗിൽ നിന്നും പുറപ്പെട്ടിരുന്ന 'സ്റ്റാക്ക് എക്സ്ചെഞ്ച് ന്യൂസ്' എന്ന പത്രികയിലാണു് അതു കണ്ടതു്. അതിൽ മാർക്ട്വെയി നിനെക്കുറിച്ചും ഒരു കുറിപ്പുണ്ടായിരുന്നു. അദ്ദേഹം ഒരു അമേരി ക്കാക്കാരനാണെങ്കിലും, അദ്ദേഹത്തിൻെറ കൃതികളിൽ അസാധാ രണമായ കല്പനാസാമത്ഥ്യം പ്രകടിപ്പിച്ചിരുന്നുവെന്നും, അവ, വിനോദം, ഭാവന, പ്രതീക്ഷ, ആനന്ദം ഇവകൊണ്ടു നിറഞ്ഞിരു ന്നുവെന്നുമാണു് കുറിപ്പിൽ പ്രസ്താവിച്ചതു്. അന്നുമുതൽ അദ്ദേ ഹത്തിൻെറ കൃതികൾ ഓരോന്നായി റഷ്യൻവത്തമാനപ്പത്രങ്ങ ളിലും, പത്രികകളിലും പ്രത്യക്ഷപ്പെട്ടു.

ജാക്ക്ലണ്ഡൻെറ കൃതികളിൽ, മാർക്ട്വെയിനിൻെറ കൃതി കളെക്കാളും ആളുകൾ താല്പര്യം പ്രദശിപ്പിച്ചിരുന്നു. റഷ്യയി

ലുള്ള നാല്പത്തു ഭാഷകളിൽ വിവർത്തനംചെയ്യപ്പെട്ടിരുന്ന 'വിക്ററർ ഹ്യൂഗോ'വിൻെറ കൃതികൾക്കുപോലും ഇത്ര പ്രചാരം ഉണ്ടായിരുന്നില്ല. 'റിച്ചാർഡ്സ് ഹെൻറി ലിററിൽ' ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "ജാക്ക്ലണ്ഡൻെറ കൃതികളെ റഷ്യാക്കാർ വാസ്തവത്തിൽ പൂജിക്കയാണു ചെയ്യുന്നതു്. കാട്ടിൽ ചെന്നാൽ അവിടെയും ആളുകൾ ജാക്ക്ലണ്ഡൻെറ കൃതികൾ വായിച്ചുരസി ക്കുന്നതു കാണാം." ലെനിനിൻെറ അവസാനദിവസങ്ങളിൽ അദ്ദേഹത്തിൻെറ പത്നിയായ 'നാഡെഴ്ഡാ ക്രൂപ്സ്കായാ' ജാക്ക്ലണ്ഡൻെറ കഥകളാണു് അദ്ദേഹത്തിനു വായിച്ചുകേൾപ്പി ച്ചിരുന്നതു് എന്നു പറയപ്പെടുന്നു.

സോവിയററ് ആഖ്യായികകളെല്ലാം ജാക്ക്ലണ്ഡൻെറ രച നാരീതിയാണു് ഉപയോഗിച്ചിരുന്നതു്. അതിനൊരു ഉദാഹരണ മായിരുന്നു, 'വാഡിംകോഴെവ്നിക്കോവ്' എഴുതിയ 'മാർച്ച്-ഏപ്രിൽ' എന്ന ആഖ്യായിക. ഒരു സോവിയററുദ്യോഗസ്ഥനും, ഒരു യുവതിയും, ശത്രുനിരയിൽ ചാരപ്രവൃത്തിക്കുവേണ്ടി പാരച്യൂട്ടിൽ കൊണ്ടുവിടപ്പെടുകയും, അവർ പ്രവർത്തനം നടത്തുകയും ചെയ്യുതായിരുന്നു കഥ. അതു വായിച്ചു സന്തോഷിച്ച സ്റ്റാലിൻ, ഫോൺവഴി ഗ്രന്ഥകാരനെ അഭിനന്ദിച്ചു.

ഒന്നാംലോകമഹായുദ്ധം കഴിഞ്ഞു്, അമേരിക്കാക്കാരും റഷ്യാക്കാരും, രാഷ്ട്രീയവും സാംസ്കാരികവും, സാഹിത്യപരവും ആയ സൌഹാർദ്ദങ്ങൾ അവസാനിപ്പിച്ചു്, പരസ്പരം ഭയത്തോടും, സംശയത്തോടും, വെറുപ്പോടുംകൂടി കഴിഞ്ഞുകൂടുന്ന കാലഘട്ടത്തി ലാണു് അപ്ടൺസിങ്ക്ളെയർ, സിങ്ക്ളെയർ ലൂയി, തീയൊ ഡോർഡ്രൈസർ ഇവരുടേയും, അതുകഴിഞ്ഞു്, ജാൺഡോസ്‌വാസ്സോസ്, ലാങ്ങ്സ്റ്റൺ ഹ്യൂസ്, എഴ്സ്കിൻ കാൽഡ്വെൽ,

ജാൺസ്റ്റെയിൻബെക്ക്, റിച്ചാർഡ്യൂറൈററ് ഇവരുടെയും കൃതികൾ പ്രചരിച്ചതു്.

സിങ്ക്ളെയറിൻെറ കൃതികളെക്കുറിച്ച്, വിപ്ലവത്തിനുമുമ്പു തന്നെ റഷ്യയിൽ അറിയാമായിരുന്നു. ൧൯൦൬-ൽ 'ദി ജംഗിൾ' എന്ന അദ്ദേഹത്തിൻെറ കൃതി പുറത്തുവന്നപ്പോൾ അതു റഷ്യയിലും പ്രസിദ്ധീകരിക്കാൻ കൊള്ളാവുന്നവയാണെന്നു്, ടാൾസ്റ്റായ് അഭിപ്രായപ്പെട്ടു. എന്തെന്നാൽ അതിൽ അമേരിക്കൻതൊഴിലാളികളുടെ ദൈനംദിനജീവിതത്തെക്കുറിച്ചു വളരെ വിവരങ്ങൾ അടങ്ങിയിരുന്നു. എന്നാൽ സിങ്ക്ളെയർ അതിൽ കാണിച്ചിരുന്ന സോഷ്യലിസ്റ്റ്മനോഭാവത്തെക്കുറിച്ച് ടാൾസ്റ്റായ് പരിഹസിച്ചു. ൧൯൧൪-ൽ ലെനിനും ആഗ്രഹത്തിൽ മാത്രം സ്ഥിതിചെയ്തിരുന്ന സിങ്ക്ളെയരുടെ സോഷ്യലിസ്റ്റ്മനോഭാവത്തെ ആക്ഷേപിച്ചു. എന്നാൽ സിങ്ക്ളെയരുടെ മുഴുവൻ കൃതികളും അടങ്ങിയ ഗ്രന്ഥം അഞ്ചുവഷത്തിനിടയ്ക്കു് ഏഴു പതിപ്പുകൾ പുറത്തുവന്നിട്ടുണ്ടു്. 'ദി ജംഗിൾ' 'ദി ജിമ്മി ഹിഗ്ഗിൻസ്" മുതലായ നോവലുകൾ, സാമുദായികശാസ്ത്രം, മുതലാളിത്തരാജ്യങ്ങളിലുള്ള സാമുദായികഘടന ഇവ പഠിക്കുന്ന വിദ്യാത്ഥികൾക്കു നിർബന്ധമായി വായിക്കേണ്ടിയിരുന്നു.

സിങ്ക്ളെയർല്യൂയിയുടെ 'ആരോസ്മിത്തു്" എന്ന നോവൽ, അമേരിക്കയിലെ ഏററവുംനല്ല നോവലാണെന്നാണു പല റഷ്യാക്കാരും കരുതിയിട്ടുള്ളതു്. അദ്ദേഹത്തിൻെറ 'കിങ്ങ്സ്ബ്ളഡ് റായൽ'എന്ന നോവലിനു് അവർ അത്ര പ്രാധാന്യം കല്പിച്ചിട്ടില്ല.

ഡ്രൈസരുടെ നോവലുകളും ഒന്നൊഴിയാതെ റഷ്യാക്കാർ അവരുടെ ഭാഷയിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്നു.

'ഏർണസ്റ്റ്ഹെമിങ്ങ്വേ'യുടെ കൃതികൾ റഷ്യാക്കാരെ പ്രത്യേകം രസിപ്പിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ 'ഫോർ

ഗ്ഗാം ദി ബെൽ ട്ടോൾസ്'' എന്ന കൃതിയുടെ പ്രസിദ്ധീകരണം റഷ്യയിൽ നിരോധിച്ചിരിക്കുന്നു. എന്തെന്നാൽ, ആ കൃതിയിൽ, ഹെമിങ്ങ്‌വേ കമ്മ്യൂണിസ്റ്റുകാരോട് ഒട്ടും ദയവുകാണിച്ചിരുന്നില്ല. ആ കൃതിയുടെ ഒരു പരിപൂർണ്ണപരിഭാഷ റഷ്യയിൽ തയാറായിട്ട് വർഷം ഒന്നു കഴിഞ്ഞിട്ടുണ്ട്. അതിനെ പലരും വായിക്കുന്നുമുണ്ട്.

'ഐവാൻകാഷ്കിൻ' എന്ന ഉത്തമറഷ്യൻസാഹിത്യനിരൂപകൻ ഹെമിങ്ങ്‌വേയെക്കുറിച്ചു വളരെ പ്രശംസിച്ചുകൊണ്ട് ഒരു ഗ്രന്ഥം തയാറാക്കിയിട്ടുണ്ട്. എന്നാൽ അതിനെയും പ്രസിദ്ധീകരിക്കുന്നതിനനുവദിച്ചിട്ടില്ല.

അമേരിക്കൻഐക്യനാടുകൾ മനുഷ്യനിർമ്മിതമായ ഒരു സ്വർഗ്ഗമാണെന്നും, അമേരിക്കായിലെ ജനങ്ങൾ ബലിഷ്ഠന്മാരും സന്തോഷംകൊണ്ടു മദിക്കുന്നവരുമായ ഉപദൈവങ്ങളാണെന്നും, മററുമാണ് ക്രെംലിൻ റഷ്യൻജനതയെ ഉൽബോധിപ്പിക്കുന്നതിനു ശ്രമിച്ചിട്ടുള്ളതു്. എന്നാൽ അമേരിക്കയിലെ ജനങ്ങളും റഷ്യാക്കാരെപ്പോലെതന്നെ സത്യം, നീതി, അഭിമാനം, ഭൂതദയ മുതലായ സൽഗുണങ്ങൾ നിറഞ്ഞ സാധാരണമനുഷ്യരാണെന്നും, റഷ്യൻനേതാക്കന്മാരുടെയും മററും പ്രസംഗത്തിൽമാത്രം കാണുന്ന ആദർശങ്ങളെ ബുദ്ധിശക്തികൊണ്ടും, കഠിനാദ്ധ്വാനംകൊണ്ടും അമേരിക്കായിലെ ജനങ്ങൾ പ്രവൃത്തിയിൽ കൊണ്ടുവന്നിട്ടുണ്ട് എന്നും, മഹാന്മാരായ അമേരിക്കൻഗ്രന്ഥകാരന്മാരുടെ കൃതികളും, സാഹിത്യവും റഷ്യാക്കാരെ മനസ്സിലാക്കിയിട്ടുണ്ട്. ക്രെംലിൻ തുടങ്ങി പ്രവർത്തനം നടത്തിക്കൊണ്ടുവരുന്ന അമേരിക്കൻവിദ്വേഷപ്രസ്ഥാനവും, പരിപാടിയും ഒന്നുകൂടി റഷ്യാക്കാരെ യാഥാർത്ഥ്യങ്ങൾ അറിയിപ്പിക്കുകയേ ഉള്ളൂ.

ഭാഗം എട്ട്

# റഷ്യയെക്കുറിച്ചുള്ള ചോദ്യങ്ങൾക്കുത്തരം

# അദ്ധ്യായം ൨൧

മാസ്ക്കോ വിട്ടശേഷം, എനിക്ക് ഐക്യനാടുകളിൽ പല യോഗങ്ങളിലും പ്രസംഗിക്കേണ്ടിവരികയും പല വ്യക്തികളോടും സംഭാഷണം നടത്തേണ്ടിവരികയും ചെയ്തിട്ടുണ്ട്. അപ്പോഴെല്ലാം, റഷ്യയെക്കുറിച്ച്, പല ചോദ്യങ്ങൾ, ആളുകൾ എന്നോടു ചോദിക്കുന്നുണ്ട്. അവയെ മൂന്നുതരമായിത്തിരിക്കാം.

ഒന്നാമത്തേതു് യുദ്ധത്തെക്കുറിച്ചുള്ളവയാണ്. റഷ്യയുമായി യുദ്ധം ചെയ്യാതിരിക്കുവാൻ സാധിക്കുകയില്ലേ? ക്രെംലിൻ ഒരു സായുധസംഘട്ടനം ആരംഭിക്കുന്നതിനു തയാറാവുകയാണോ? റഷ്യൻജനത അതിനിഷ്ടപ്പെടുന്നുണ്ടോ? അവർ ഐക്യനാടുകളുമായി യുദ്ധംചെയ്യുന്നതിനു വേണ്ട സഹായസഹകരണങ്ങൾ നൽകുമോ? യുദ്ധത്തിന്നാവശ്യമായ ഭീമമായ പ്രവർത്തനങ്ങൾക്കു സോവിയററുവ്യവസായം വേണ്ടത്ര പുരോഗമിച്ചിട്ടുണ്ടോ? നമ്മുടെ യുദ്ധസന്നാഹങ്ങൾക്കും, റഷ്യയുടെ യുദ്ധസന്നാഹങ്ങൾക്കും എത്രത്തോളം അന്തരമുണ്ട്.

രണ്ടാമത്തേതു് സ്റ്റാലിനേയും 'പൊളിററ്ബ്യൂറോ'വിനേയും കുറിച്ചുള്ളവയാണ്. സ്റ്റാലിൻ മരിക്കുകയാണെങ്കിൽ അതുകൊണ്ടു് റഷ്യയ്ക്കകത്തുള്ള സ്ഥിതിഗതികൾക്കോ, റഷ്യയും മററുരാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിനോ വല്ല വ്യത്യാസവുമുണ്ടാകുമോ? സ്റ്റാലിനിന്റെ പിൻഗാമികൾ തമ്മിൽ അധികാരത്തിന്നുവേണ്ടി കലഹിക്കുമോ? കമ്മ്യൂണിസ്റ്റ്കക്ഷിയെ എതിരിടുന്നതിന് സംഘടിതയത്നം വല്ലതും ഉണ്ടാകുമോ? കമ്മ്യൂണിസ്റ്റ്കക്ഷിക്കു് തോൽവി പിണയുമോ? റഷ്യ സ്വയം നന്നാകുമോ?

മൂന്നാമത്തേതു് റഷ്യയിലെ ജീവിതസൌകര്യങ്ങളെക്കുറിച്ചാണ്. അവയ്ക്കു യുദ്ധസന്നാഹങ്ങൾകൊണ്ടു് വല്ല ഭംഗവും

ഢംഭവിച്ചിട്ടുണ്ടോ? അവൎക്ക് അസംതൃപ്തിയുണ്ടോ, അല്ല, അവർ സന്തുഷ്ടരായിത്തന്നെ കഴിയുന്നുവോ? ജീവിതാവശ്യങ്ങൾക്കു വേണ്ട സാധനങ്ങൾ നിൎമ്മിക്കുന്നതിനേക്കാൾ, യുദ്ധത്തിനുവേണ്ട ആയുധസാമഗ്രികൾ നിൎമ്മിക്കുന്നതിനും അതുപോലെ ഗതാഗതത്തിനും കൂടുതൽ പ്രാധാന്യം നൽകുന്ന പഞ്ചവത്സരപദ്ധതിയോട് റഷ്യൻജനത പൂൎണ്ണമായി അനുകൂലിക്കുന്നുണ്ടോ?

മൂന്നാമത്തെ ചോദ്യത്തിനുത്തരമായി എനിക്കു പറയുവാനുള്ളതു്, റഷ്യാക്കാൎക്ക് അസാധാരണമായ ക്ഷമയും സഹനശക്തിയും ഉണ്ടെന്നാണ്. അതുകൊണ്ടാണ് യുദ്ധകാലത്തുണ്ടായ മഹാദുരിതങ്ങൾ അവൎക്കു തരണംചെയ്യാൻ സാധിച്ചതു്. ഉല്ക്കണ്ഠയും ത്യാഗവുംകൊണ്ടു നിറഞ്ഞിരുന്ന അവരുടെ യുദ്ധകാലജീവിതത്തെ ഓൎത്തു്, അവർ ഇപ്പോൾ മനസ്സമാധാനത്തോടുകൂടി ജീവിക്കയാണ്.

റഷ്യയിലെ ജീവിതത്തോതിനെപ്പററി ഒന്നുരണ്ടു നേരമ്പോക്കുകളുണ്ടു്. "റഷ്യയിൽ ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ, ഓരോ മൂന്നുപേരിലും ഒരാൾക്ക് ഒരു വിമാനം ഉണ്ടായിരിക്കും. രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ, ഓരോ രണ്ടുപേരിലും ഒരാൾക്ക് ഒരു വിമാനം ഉണ്ടായിരിക്കും. ഒരു പഞ്ചവത്സരപദ്ധതികൂടി കഴിയുമ്പോൾ ഓരോ റഷ്യൻപൗരനും ഒരു വിമാനം ഉണ്ടായിരിക്കും." ഇതാണ് ഒരു റഷ്യൻ പൌരൻ, ഒരു വിദേശിയോടു പറയുന്നതു്. ഇത്രയും വിമാനങ്ങളെന്തിനാണെന്നു ചോദിച്ചാൽ ആ റഷ്യാക്കാരൻ പറയും "തിപ്പെട്ടി, ചീപ്പ്, ഷൂലേസ് മുതലായവയിൽ ഏതെങ്കിലും സാധനം ഒരു റഷ്യാക്കാരന് ആവശ്യമായിത്തീരുകയും അതു മാസ്ക്കോനഗരത്തിൽ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ റഷ്യാക്കാരന്, ഉടനെതന്നെ, തന്റെ വിമാനത്തിൽ കയറി ഗോർക്കി

KOTTAYAM PUBLIC LIBRARY, KOTTAYAM

യിലേയ്ക്കോ, ഡെൻസ്റ്റായിലേയ്ക്കോ ചെന്നു് അതു മേടിച്ചുകൊണ്ടു വരുവാൻ സാധിക്കും.

വേറൊരു കഥയിൽ ഒരു റഷ്യാക്കാരൻ മറ്റൊരു റഷ്യാക്കാരനോടു പറയുന്നു: "സഖാവേ, നമ്മുടെ രാജ്യം ഇപ്പോൾ വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടു്. ൧൯൫൨-ാമാണ്ടോടുകൂടി നമുക്കു് അഞ്ചു് ആറ്റംബോംബുകൾ നിർമ്മിക്കുവാൻ കഴിയും. നമുക്കു് അതിനെ അഞ്ചു സ്യൂട്ടുകേസുകൾക്കകത്തിട്ടുകൊണ്ടു്, അമേരിക്കൻ ഐക്യനാടുകളുടെ മുകളിലേയ്ക്കു പറന്നു്, ന്യൂയാർക്ക്, പിററ്സ്ബർഗ്, വാഷിങ്ങ്ടൺ, ചിക്കാഗോ, ഡററ്റായിററ് എന്ന അഞ്ചു സുപ്രധാനനഗരങ്ങളുടെ പുറത്തു് അവയെ വർഷിക്കാം. അതോടുകൂടി അമേരിക്ക നമുക്കു കീഴ്പ്പെടും. ലോകം നമ്മുടേതാകും." "അല്ലാ, നിനക്കു തെററിപ്പോയി. ൧൯൫൨-ാമാണ്ടോടുകൂടി നമുക്കു് അഞ്ചു സ്യൂട്ടുകേസുകൾ നിർമ്മിക്കുവാൻ സാധിക്കുമെന്നു് എനിക്കു തോന്നുന്നില്ല" എന്നായിരിക്കും മറേറ റഷ്യാക്കാരന്റെ മറുപടി. ഇതാണു റഷ്യാക്കാരന്റെ ജീവിതത്തോതു്. റഷ്യയിൽ യന്ത്രശാലകൾക്കാണു പ്രാധാന്യം; അല്ലാതെ ആളുകൾക്കല്ല. അവർക്കുവേണ്ട ഷൂസ്, വസ്ത്രം, റേഡിയോ, സൂട്ട്കേസ്സ് ഇവ നിർമ്മിക്കുന്നതിനൊന്നും റഷ്യയിൽ സമയമോ, സൗകര്യമോ ഇല്ല.

യുദ്ധകാലത്തു് ജീവിതസൗകര്യങ്ങൾ റഷ്യയിൽ വളരെ കുറവായിരുന്നു. യുദ്ധം കഴിഞ്ഞു് കുറെ ഭേദമാണു്. എന്തായാലും ൧൯൫൦-നുമുമ്പു് യുദ്ധത്തിനുമുമ്പുള്ള സൗകര്യങ്ങൾ വന്നുചേരുമെന്നു തോന്നുന്നില്ല.

൧൯൪൭ ഡിസംബറിൽ നാണയത്തിന്റെ വില കുറച്ചു. വേലക്കൂലി കുറഞ്ഞു. റേഷനേർപ്പാടു നിറുത്തി. സാധനങ്ങളുടെ വിലയും നന്നേ കുറച്ചു. ഇക്കാരണങ്ങളാൽ സമ്പാദ്യത്തിൽ

മിച്ചംവയ്ക്കുക എന്നതു് അസാധ്യമായി. എന്നാൽ ജീവിതച്ചിലവു കുറയുകയും ഓരോ റഷ്യാക്കാരനും അവൻെറ വരവുകൊണ്ടു് ജീവിക്കുവാൻ കഴിയുമെന്നു വന്നുചേരുകയും ചെയ്തു.

ഡിസംബർപരിഷ്കാരത്തിനുമുമ്പു് റഷ്യയിൽ ഗവമെമൻറുവക ഷാപ്പുകളുണ്ടായിരുന്നു. അവിടെ വില കുറവായിരുന്നു; എന്നാൽ റേഷൻകാർഡു് കാണിക്കേണ്ടിയിരുന്നു. ഗവമെമൻറു നടത്തിയിരുന്നതും, എന്നാൽ വാസ്തവത്തിൽ കരിഞ്ചന്തകളായിരുന്നതുമായ കമേമഷ്യൽഷാപ്പുകളിൽ റേഷൻകാർഡു് ചോദിച്ചിരുന്നില്ല. എന്നാൽ സാധനങ്ങൾക്കു് ഭയങ്കരവിലയായിരുന്നു. മൂന്നാമതായി പരസ്യമായി നടത്തിയിരുന്ന വിപണികളിൽ, കൃഷിക്കാരും, സഹകരണസംഘങ്ങളും കമേമഷ്യൽഷാപ്പുകളിലുള്ള വിലയേക്കാളും അല്പം കുറച്ചു് സാധനങ്ങൾ വിററിരുന്നു. റേഷനേർപ്പാടു് നിറുത്തിയപ്പോൾ, ഗവമെമൻറുഷാപ്പുകൾ റേഷൻവിലയ്ക്കു സാധനങ്ങൾ വിററുതുടങ്ങി. നിത്യോപയോഗത്തിനുള്ള സാധനങ്ങളുടെ വിലയും നല്ലപോലെ കുറഞ്ഞു.

ഇങ്ങനെ റഷ്യാക്കാരുടെ ജീവിതത്തോതു നന്നായി. എന്നാൽ ആഹാരസാധനമൊഴിച്ചു് ബാക്കിയുള്ള സാധനത്തിനൊന്നും അവർ പണം ചിലവഴിക്കാതെയായി. സിനിമാശാലകൾ പകുതി ഒഴിഞ്ഞിരിക്കും. ഹോട്ടലിലും മററും വരവു കുറഞ്ഞു.

൧൯൪൯-ൽ വീണ്ടും സാധനങ്ങൾക്കു ദൌർലഭ്യം വന്നുചേന്നു. മാസ്ക്കോനഗരത്തിൽ റൊട്ടിക്കും, പഞ്ചസാരയ്ക്കും 'ക്യൂ' ആയിട്ടു് നില്ക്കേണ്ടിവന്നു; എന്നാൽ സാധനങ്ങൾ ആവശ്യമുള്ളിടത്തോളംമാത്രം ഉണ്ടായിരുന്നു. എന്നാൽ ഉദ്യോഗസ്ഥമേധാവികൾക്കുമാത്രം പ്രവേശനമുണ്ടായിരുന്ന ചില ഷാപ്പുകൾ ഉണ്ടായിരുന്നു. അവയെ 'അടച്ചിട്ടിരുന്ന ഭക്ഷണശാലകൾ' അല്ലെ

ങ്കിൽ 'അടച്ചിട്ടിരുന്ന സ്റ്റോർ' എന്നാണു് വിളിച്ചിരുന്നതു്. അവിടെ വില കുറവായിരുന്നു. എന്നാൽ പ്രവേശനമുള്ള ആളുകൾതന്നെ ചെന്നു സാധനങ്ങൾ മേടിക്കേണ്ടിയിരുന്നു. അവക്കു സാധാരണജനങ്ങൾക്കു ലഭ്യമല്ലാത്ത വിശിഷ്ടസാധനങ്ങൾപോലും മേടിക്കാൻ സാധിച്ചിരുന്നു. എൻെറ താമസസ്ഥലത്തുനിന്നും എംബസ്സിയിലേക്കുള്ള വഴിയിൽ സ്ഥിതിചെയ്തിരുന്ന കാലിനിൻതെരുവിൽ അപ്രകാരമൊരു സ്റ്റോർ ഉണ്ടായിരുന്നു.

അടച്ചിട്ടിരുന്ന കടകൾതന്നെയും, ഓരോതരത്തിലുള്ള ആളുകൾക്കും പ്രത്യേകമായിരുന്നു. സുഖസാധനങ്ങളും മററും എല്ലായിടത്തും ഒന്നുപോലെ ഉണ്ടായിരുന്നില്ല. ഒരു റഷ്യാക്കാരൻെറ ധനസ്ഥിതി, അവൻെറ പേർ രജിസ്റ്റർചെയ്തിരുന്ന സ്റ്റോർകൊണ്ടു് നിശ്ചയിക്കാമായിരുന്നു. എം. കെ. (മാസ്റ്റോ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടിയുള്ളതു്) സ്റ്റോറായിരുന്നു ഏററവും വലുതു്.

ഞങ്ങളെപ്പോലെയുള്ള ലേഖകന്മാർ, നയതന്ത്രഉദ്യോഗസ്ഥന്മാർ മുതലായവരുടെ സ്റ്റോർ 'എം. കെ. സ്റ്റോറിനേക്കാൾ ഒരു ഡിഗ്രി കുറഞ്ഞിരുന്നു. അവിടെ ഞങ്ങൾക്കു മേടിക്കാവുന്ന സാധനങ്ങൾക്കു് ഒരു പരിധിയുണ്ടായിരുന്നു. ഉദാഹരണമായി ഞങ്ങൾക്കു് ഒരുമാസത്തിൽ പത്തുറാത്തൽ വെണ്ണമാത്രം മേടിക്കാമെന്നിരിക്കെ, എം. കെ. സ്റ്റോറിൽ കൈവശമുള്ള പണത്തിനു മുഴുവനും, വെണ്ണ മേടിക്കാമായിരുന്നു.

ഞങ്ങളെപ്പോലെയുള്ള വിദേശികൾക്കുവേണ്ടിയുള്ള സ്റ്റോറിനെതിരെ, എനിക്കറിയാവുന്ന ഒരു റഷ്യാക്കാരൻ താമസിച്ചിരുന്നു. സാധാരണയായി വിദേശികൾ മേടിച്ചിരുന്ന സാധനങ്ങൾ ആ റഷ്യാക്കാരനു് സ്വപ്നംകാണുവാൻപോലും സാധിച്ചിരുന്നില്ല. അവൻെറ അഞ്ചുവയസ്സായ കുട്ടിയുടെ പിറന്നാളിനു് ഒരു വിരുന്നുനടന്നു. അതിനു് അവിടെക്കൂടിയ കുട്ടികൾ ഓരോരു

ങ്ങളുടെ അടുക്കലും, പ്രായമാകുമ്പോൾ അവക്ക് എന്തു ജോലി വേണമെന്ന് തമാശയായി ഒരു ബന്ധു ചോദിച്ചു. ആ ജോലി കിട്ടുകയാണെങ്കിൽ അവർ ആ ജോലി നോക്കുന്നതെങ്ങനെയെന്നു നടിച്ചുകാണിക്കണമെന്നും ആ ബന്ധു പറഞ്ഞു. ഒരു കുട്ടി, തനിക്ക് ഒരു പോലീസുകാരനാകണമെന്നു പറഞ്ഞു, വേറൊരു കുട്ടിക്ക് ഒരു ഡ്രൈവറായിത്തീരണമെന്നായിരുന്നു. എന്നാൽ എൻെറ സ്നേഹിതൻെറ അഞ്ചുവസ്സായ കുട്ടിക്ക് ഒരു 'വിദേശി' യായിത്തീരണമെന്നായിരുന്നു ആഗ്രഹം. എന്തെന്നാൽ വിദേശികൾ, റൊട്ടി, ചാക്കൊലേററ്, പഴം ഇവ മേടിച്ചുകൊണ്ടു പോകുന്നതു് അവൻ കണ്ടിരുന്നു.

എന്നാൽ വിദേശികൾക്കു് വേറൊരു സൌകര്യം ഉണ്ടായിരുന്നു. അവക്ക് വിദേശത്തുനിന്നും, ഒരു നിശ്ചിതപരിധിക്കകത്തു് ആഹാരസാധനങ്ങൾ വരുത്താമായിരുന്നു. അതിനു് തുച്ഛമായ ഒരു ചുങ്കംമാത്രമേ കൊടുക്കേണ്ടിയിരുന്നുള്ളു.

൧൯൪൭-ൽ, നീലയ്ക്കു് അപ്രതീക്ഷിതമായി ഒരു ക്രിസ്തുമസ്സ സമ്മാനം കൊടുക്കണമെന്നു വിചാരിച്ചു്, ഒരുജോടി ഷൂസും, ആറുജോടി നൈലണും (റബ്ബർസ്റ്റാക്കിങ്ങ്സ്) അയച്ചുതരണമെന്നു വിദേശത്തുള്ള എൻെറ ഒരു സ്നേഹിതയോട്ട് അപേക്ഷിച്ചു. വേറൊന്നും അതോടുകൂടി വച്ചിരിക്കാൻപാടില്ലെന്നും ഞാൻ അറിയിച്ചിരുന്നു. എന്നാൽ ആ സ്നേഹിത, ഷൂസോടുകൂടി ഒരു റാത്തൽ യുദ്ധക്കപ്പൽ, പീരങ്കി, വിമാനം, ടാങ്കു മുതലായ കളിപ്പാട്ടങ്ങൾകൂടി അയച്ചു. അതിനു വലിയ ചുങ്കം കൊടുക്കണമെന്ന് അവൾക്കറിയാൻപാടില്ലായിരുന്നു. അതിൻെറ ഫലമായി ഷൂസിനു് അമ്പതു സെൻറും, എന്നാൽ കളിപ്പാട്ടങ്ങൾക്കു് ഇരുപത്തിയെട്ടു ഡാളറും ചുങ്കംകൊടുത്തു് എനിക്കു പാഴ്സൽ

എടുക്കേണ്ടിവന്നു. എന്തെന്നാൽ, ഷൂസുമാത്രമായിട്ടു് അവർ തരികയില്ലെന്നു പറഞ്ഞു.

ഞാൻ പാഴ്സൽ മേടിച്ചുകൊണ്ടിരിക്കുമ്പോൾ വയസ്സായ ഒരു സ്ത്രീ പഴയ വസ്ത്രംധരിച്ചുകൊണ്ടു് ഞങ്ങളുടെ ജന്നലിനടുത്തു വന്നു. തന്റെ സഹോദരി റഷ്യയിൽ താമസിക്കയാണെന്നും, അവിടെ ആഹാരത്തിനു വളരെ കഷ്ടമാണെന്നും, അതുകൊണ്ടു് ചാക്കൊലേററ്ബാറിനു പകരം കൊക്കോ അയച്ചുകൊടുക്കയാണെന്നും അവൾ പറഞ്ഞു. അതിനു കുഴപ്പമൊന്നുമില്ലയോ എന്നു് അവൾ ചോദിച്ചു.

ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി ഓരോ റഷ്യാക്കാരനും സാധിക്കുന്നിടത്തോളം സമ്പാദിക്കുവാൻ ശ്രമിച്ചു. പീസ്‌വക്കുസിസ്റ്റത്തിൽ (ചില്ലറയായി ജോലികൊടുക്കുക) ജോലിക്കാർ ആരുംതന്നെ വരാതിരിക്ക പതിവില്ലായിരുന്നു. ഒരു റഷ്യാക്കാരൻ ഒരുമാസത്തിൽ ശരാശരി ൫൦൦ മുതൽ ൭൫൦ റൂബിൾവരെ സമ്പാദിച്ചിരുന്നു. കൂടുതൽ ചെയ്യുന്നവർ ഒരു മാസത്തിൽ ൨൫൦൦ റൂബിൾമുതൽ ൫൦൦൦ റൂബിൾവരെ സമ്പാദിക്കയും, അതേസമയത്തു ചിലർ പ്രതിമാസം ൧൦൦ റൂബിൾമുതൽ ൧൫൦ റൂബിൾവരെ മാത്രം സമ്പാദിക്കുകയും ചെയ്തിരുന്നു. ന്യായരഹിതമായവിധത്തിലും റഷ്യാക്കാർ സമ്പാദിക്കുന്നതിനു മടിച്ചിരുന്നില്ല.

ഒരു കുടുംബത്തിൽ എല്ലാ അംഗങ്ങളും തൊഴിൽചെയ്തിരുന്നതുകൊണ്ടു് റഷ്യയിലുള്ള ഒരു കുടുംബത്തിന്റെ വരവു് ഐക്യനാടുകളിലുള്ളതിനേക്കാൾ കൂടുതലായിരുന്നു. ഗ്യാസ്, ഇലക്ട്രിസിററി മുതലായ സൌകര്യങ്ങൾ റഷ്യയിൽ സുലഭമല്ലായിരുന്നു. എന്നാൽ സുഖക്കേടിനും പ്രസവത്തിനുംവേണ്ടിയുള്ള അവധി, ശമ്പളത്തോടുകൂടിയുള്ള വാൎഷികഅവധികൾ,

ബോണസ്സ്, ചികിത്സ, പരിശീലനവും വിദ്യാഭ്യാസവും, ശിശു സംരക്ഷണം മുതലായവ ഗവമെന്മൻറിൽനിന്നും സൌജന്യമായി കൊടുത്തിരുന്നു. ഈ സഹായങ്ങൾ ഓരോ പൗരൻേറയും വരവിൻെറ മുപ്പത്തെട്ടുശതമാനം വിലയുള്ളതായിരുന്നുവത്രെ.

മാനേജരന്മാക്ക്, ൪൦൦ റൂബൾമുതൽ ൩൦൦൦ റൂബൾവരെ ക്ലിപ്തമായ ശമ്പളമുണ്ടായിരുന്നതുകൊണ്ട് അവർക്കു തൊഴിലാളികളേക്കാൾ കൂടുതൽ സുഖത്തിൽ ജീവിക്കാൻ സാധിച്ചിരുന്നു.

ഇത്രയൊക്കെ വരവുണ്ടായിരുന്നിട്ടും, റഷ്യാക്കാരന് ആഹാരത്തിനും താമസത്തിനുംമാത്രമേ പണം തികഞ്ഞിരുന്നുള്ളു. ഒരിക്കൽ, യുദ്ധകാലത്ത്, ഒരു റഷ്യാക്കാരൻ മററൊരുത്തനോട് "എന്താ, സുഖംതന്നെയോ?" എന്നു ചോദിച്ചു. അപ്പോൾ രണ്ടാമത്തേവൻ പറഞ്ഞു: "ശവകുടീരത്തിനകത്തു സ്ഥിതിചെയ്യുന്ന ലെനിനെക്കാളും ഒട്ടും മെച്ചമായിട്ട് എനിക്കു ജീവിക്കുവാൻ സാധിക്കുന്നില്ല. എനിക്ക് ആഹാരവും കിട്ടുന്നില്ല. എന്നെ ആരും കുഴിച്ചിടുന്നുമില്ല." എന്നാൽ അക്കാലങ്ങൾ ഇപ്പോൾ മാറിയിട്ടുണ്ട്.

൧൯൪൭ വേനൽക്കാലത്തു നടപ്പിൽവന്ന നിയമമനുസരിച്ച്, നഗരത്തിലുള്ളവക്ക്, ഭവനങ്ങൾ മേടിക്കുന്നതിനും, കെട്ടുന്നതിനും അധികാരം കിട്ടി. എന്നാൽ അവ രണ്ടുനിലയിലും അഞ്ചുമുറികളിലും കവിയരുത് എന്നുണ്ടായിരുന്നു. അതുപോലെ കിഴക്കും പടിഞ്ഞാറും ഉള്ള പ്രദേശങ്ങളിലെ കല്ക്കരിഖനികളിൽ ജോലിചെയ്യുന്നവക്കു താമസസ്ഥലങ്ങൾ മേടിക്കുന്നതിനുള്ള തുക പത്തുവഷംകൊണ്ടു തിരിച്ചുകൊടുത്താൽ മതി എന്നുപറഞ്ഞു സഹായിച്ചിരുന്നു.

അതുപോലെ, ഇപ്പോൾ സാധാരണനായ ഒരു റഷ്യൻ പൌരന് സ്വന്തമായി ഒരു കാർ മേടിക്കാം. ൧൧൨൫ ഡാളറോളം

വിലവരുന്ന ഒരു കാറിനു്, ഒരു പൌരൻെറ ഒന്നരവഷത്തെ വരവു ചെലവുചെയ്യേണ്ടിവരുമെന്നേയുള്ളു.

നിത്യോപയോഗത്തിന്നാവശ്യമായ സാധനങ്ങളുടെ നിമ്മിതിയും ൧൯൨൮-ൽ ഉണ്ടായിരുന്നതിൻെറ അറുപതുശതമാനം ഇപ്പോഴും വൎദ്ധിച്ചിട്ടുണ്ടു്.

൧൯൩൦-ാമാണ്ടോടുകൂടിയേ, റഷ്യൻവ്യവസായത്തിനു്, ആവശ്യമുള്ള എല്ലാ സാധനങ്ങളും പരിപൂൎണ്ണമായി വേണ്ടത്ര നിമ്മിക്കുവാൻ സാധിക്കയുള്ളു. അതുവരെ റഷ്യാക്കാരനുള്ള സൌകര്യങ്ങൾമാത്രം ഉപയോഗിച്ചുകൊണ്ടു കഴിയുവാനേ സാധിക്കയുള്ളു.

പടിഞ്ഞാറൻരാജ്യങ്ങളിലെ മുതലാളിത്തസംസ്കാരത്തെയും, അവരുടെ പൊള്ളയും അൎത്ഥമില്ലാത്തതുമായ ആദൎശങ്ങളെയും അധിക്ഷേപിക്കണമെന്നാണു്, 'ക്രോക്കൊഡൈയിൽ' എന്ന വിനോദമാസിക, 'മോസ്കോസക്കസ്', പപ്പററ്തീയേററർ (പാവകളുടെ നാടകശാല), ഇവയ്ക്കുപോലും ക്രെംലിൻനിർദ്ദേശങ്ങൾ നൽകിയിരുന്നതു്.

---

# അദ്ധ്യായം ൩൨

സ്റ്റാലിൻെറ ആരോഗ്യത്തെസംബന്ധിച്ചുള്ള ചോദ്യങ്ങളെപ്പോലെ, പലതവണ ആവത്തിക്കപ്പെട്ട ചോദ്യങ്ങൾ, വേറെയില്ല. അദ്ദേഹം സോവിയററുരാഷ്ട്രത്തിൽ വഹിക്കുന്ന ചുമതലകളെപ്പററിയുള്ള തെററിദ്ധാരണകളാണു്, ഈ ചോദ്യത്തിനു പ്രചോദനം നൽകുന്നതു്. സോവിയററുനേതാവു മരിച്ചുപോവുകയോ, രാഷ്ട്രീയപ്രവത്തനങ്ങളിൽനിന്നു വിരമിക്കുകയോ

ചെയ്താൽ, റഷ്യാക്കാരുടെ കണ്ണിൽനിന്നു് ഒരു മറ നീങ്ങുമെന്ന ധാരണ, ഇതിന്റെ പിറകിൽ ഒളിഞ്ഞുകിടക്കുന്നുണ്ടു്. അന്നുമുതൽ പ്രജാധിപത്യത്തിന്റെ പ്രകാശം കാണാൻതുടങ്ങുന്ന അവർ വിഷമിപ്പിക്കാതിരിക്കുമെന്നാണു് ഇവരുടെ വിശ്വാസം. യുദ്ധത്തെപ്പററിയുള്ള പേടി നശിക്കുമെന്നും എല്ലാവക്കും സുഖമായി ജീവിക്കാമെന്നും അവർ ആശിക്കുന്നു.

സോവിയററുനേതാവിനെപ്പററിയുള്ള ഈ ധാരണപോലെ, സത്യത്തിൽനിന്നകന്ന മറെറാന്നില്ല. സ്റ്റാലിൻ, സോവിയററു നാട്ടിൽ, ഭീമമായ സ്വാധീനശക്തി ചെലുത്തുകയും, ആരാധ്യപുരുഷനായിത്തീരുകയും ചെയ്തിട്ടുണ്ടു്. രാജ്യത്തിൽ കാണാവുന്ന എല്ലാ അഭിരുചികളിലും, അദ്ദേഹത്തിന്റെ സ്വാധീനശക്തി ദൃശ്യമാണെന്നുള്ളതും, വാസ്തവമാണു്. പക്ഷെ സോവിയററുനാടു്, ആ ഒരു വ്യക്തിയുടെ സർവാധിപത്യത്തിൻകീഴിലല്ല സ്ഥിതി ചെയ്യുന്നതു്. അതു്, ഒരു രാഷ്ട്രീയസംഘത്തിന്റെ കീഴിലാണു്. സാമുദായികവും രാഷ്ട്രീയവും സാമ്പത്തികവുമായ, ഒരുതര സിദ്ധാന്തങ്ങളെ, ആ കക്ഷി സ്വീകരിക്കുകയും, വിപുലവും സങ്കീർണ്ണവുമായ പരിപാടികൾ ആവിഷ്കരിക്കുകയും, ചെയ്യുന്നു.

കക്ഷിക്കു്, ഒരുകോടി യുവകമ്യൂണിസ്റ്റുകളെക്കൂടാതെ, അറുപതുലക്ഷം അംഗങ്ങളുണ്ടു്. ലോകത്തിന്റെ ആറിലൊരംശത്തിൽ സ്ഥിതിചെയ്യുന്ന, ഇരുപതുകോടി ജനങ്ങളുടെ ദൈനംദിനജീവിതത്തിന്റെ എല്ലാ വശങ്ങളെയും, ഈ അംഗങ്ങൾ മുഖാന്തിരം കക്ഷി ഭരിക്കുന്നു. കക്ഷിയന്ത്രത്തിന്റെ മനുഷ്യോചിതമല്ലാത്ത കാര്യശേഷി, രാഷ്ട്രത്തിന്റെ സൈന്യത്തെയും, രഹസ്യപ്പോലീസിനെയും, വ്യവസായത്തെയും, കൃഷിയെയും നിയന്ത്രിക്കുന്നു.

റഷ്യയിൽ ഭരണംനടത്തുന്നതും, നിലവിലുള്ളതുമായ, ഒരൊററക്കക്ഷി കമ്മ്യൂണിസ്റ്റ്കക്ഷിയാണെങ്കിലും, ഔദ്യോഗിക ഗവമെമ്മൻറ് കമ്മ്യൂണിസ്റ്റ്ഗവർമെമൻറല്ല. ഗവർമെമൻറിന്ന, സുപ്രീംസോവിയററ് എന്ന പേരായ, ഒരു പാർലിമെൻറും, മന്ത്രിസഭയും, പ്രീമിയറും ഉണ്ട്. കമ്മ്യൂണിസ്റ്റ്കക്ഷിക്കും പല ദേശീയശാഖകളുണ്ട്. ആൾ യൂണിയൻ കാൺഗ്രസ്സ്, കേന്ദ്ര സമിതി, സെക്രട്ടേറിയററ് ഇവ ചില ശാഖകളാണ്. പാളിററ്ബ്യൂറോ, ആർഗോബ്യൂറോ, സെക്രട്ടറിജനറൽ ഇവരടങ്ങിയ ഒരു സമിതിയാണ് സെക്രട്ടേറിയററ്. സോവിയററുനാട്ടിൻെറ പ്രീമിയറും, കമ്മ്യൂണിസ്റ്റ്കക്ഷിയുടെ സെക്രട്ടറിജനറലുമാണ്, സ്റ്റാലിൻ. ഗവർമെമൻറിലെ പ്രാധാന്യമേറിയ ജോലികൾ വഹിക്കുന്നതു്, കക്ഷിഅംഗങ്ങളാണ്.

ഒരു കമ്മ്യൂണിസ്റ്റിനെ നിർമ്മിക്കുന്നതു്, അത്യന്തം ശ്രദ്ധയോടുകൂടിയാണ്. കമ്മ്യൂണിസ്റ്റാകാൻ ആഗ്രഹിക്കുന്നയാൾ, ഒരുവഷത്തേക്കു്, ഒരു സ്ഥാനാത്ഥിയായിത്തീരുന്നു. ഈ കാലഘട്ടം മുഴുവൻ, അവൻ രാജ്യതന്ത്രം പഠിക്കുന്നു: അവൻെറ ജീവിതരീതി, വളരെ ശ്രുഷ്ക്കാന്തിയോടെ പരിശോധിക്കപ്പെടുന്നു. ഈ പരിശീലനഘട്ടത്തിൻെറ അവസാനത്തിൽ, കക്ഷിസംഘം പരിശോധനകഴിഞ്ഞു് അവനെ സ്വീകരിക്കുന്നു. സ്വീകരിച്ചാൽ, അവൻെറ സമയവും, വാസനയും, കഴിവും, സംഘത്തിൻെറ തീരുമാനത്തിന്ന്, വിട്ടുകൊടുക്കണം. കക്ഷി എന്തുപറയുന്നുവോ, അതു് അനുസരിക്കണം; എവിടെ പോകാൻ പറയുന്നുവോ, അവിടെ പോകണം. ഒരു കമ്മ്യൂണിസ്റ്റ്, ഏതെങ്കിലുംതരത്തിലുള്ള സാമുദായികപ്രശ്നത്തിലിടപെട്ടു്, പൈതൃകരാജ്യത്തോടുള്ള കടമ, നിറവേററുമെന്നു് ഉദ്ദേശിക്കപ്പെടുന്നു. ജീവിക്കുന്നതും പ്രവത്തിക്കുന്നതുമായ, ജനസമുദായത്തിൻെറ സൌഖ്യവുമായി,

ദ്ധബന്ധത്തിലേർപ്പെട്ടു്, തന്റെ അയൽപക്കത്തുള്ള കുടുംബ ക്കാരെ കൂടെക്കൂടെ സന്ദർശിച്ചു്, സംഭാഷണങ്ങൾമൂലം, സോവി യററുനാടിനെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ, വിശകലനം ചെയ്തുകൊടുക്കേണ്ടതു് അവന്റെ കർത്തവ്യമാണു്.

കക്ഷിയുടെ ആദർശങ്ങളെ പ്രചരിപ്പിക്കുന്നതിനുമുമ്പു്, വ്യക്തികളായ കക്ഷിഅംഗങ്ങൾ, സംഘത്തിന്റെ ആദർശവും സിദ്ധാന്തങ്ങളും ചരിത്രവും, നല്ലതുപോലെ മനസ്സിലാക്കിയിരി ക്കണമെന്ന തത്വം, കമ്മ്യൂണിസ്റ്റ്കക്ഷി ഗ്രഹിച്ചിട്ടുണ്ടു്. ഇതി നുവേണ്ടി, കക്ഷി വിപുലമായ തോതിൽ വിദ്യാഭ്യാസകേന്ദ്രങ്ങൾ നടത്തുന്നു. പഠനം ആരംഭിക്കുന്നവർക്കുവേണ്ടി, രാജ്യതന്ത്രം പഠി പ്പിക്കുന്ന സ്കൂളുകളുണ്ടു്. പ്രചരണവേലക്കാർക്കും, കക്ഷിഉദ്യോ ഗസ്ഥന്മാർക്കുംവേണ്ടി, സർവകലാശാലകളും, ഗവേഷണശാല കളും, പള്ളിക്കൂടങ്ങളും, വായനശാലകളും നടത്തപ്പെടുന്നു. നിരന്തരമായ പരിശ്രമശീലവും, കാര്യശേഷിയുമുള്ള അംഗ ങ്ങൾക്കു്, നേതൃത്വത്തിനും പ്രവർത്തനത്തിനും, ശാസ്ത്രീയമായും പ്രായോഗികമായുമുള്ള പരിശീലനംനൽകുന്ന സ്ഥാപനങ്ങളുണ്ടു്. ഈ രീതിയിൽ അവർക്കു് ഉയർന്ന പദവികൾ പ്രാപിക്കാം.

കമ്മ്യൂണിസ്റ്റ്കക്ഷിഅംഗത്വം ലഭിച്ചാൽ, കമ്മ്യൂണിസ്റ്റ പ്ലാത്തവർക്കു് ദുർല്ലഭമായ ഉദ്യോഗങ്ങളോടുകൂടി പ്രത്യേക താമസ സ്ഥലം, കൂടുതൽ ആഹാരം, നല്ല വസ്ത്രങ്ങൾ, ഒരു കാര്യദർശി, ഡ്രൈവറോടുകൂടി ഒരു കാർ തുടങ്ങിയ പല സുഖസൌകര്യങ്ങൾ ലഭിക്കും. പക്ഷേ അംഗത്വം പല ത്യാഗങ്ങളെയും ആവശ്യപ്പെ ടുന്നു. കക്ഷി ആവശ്യപ്പെട്ടാൽ സ്വന്തസുഖസൗകര്യങ്ങളെ ത്യജി ക്കണം. ഒരു കമ്മ്യൂണിസ്റ്റിനു്, ഇഷ്ടപ്പെടാത്തതും വിഷമപൂർണ്ണവും ഭയങ്കരവുമായ ജോലികൾ ഏറെറടുക്കേണ്ടിവരും. ചിലപ്പോൾ ക്ഷോഭിച്ച കൃഷിക്കാരെ നേരിടേണ്ടിവരും. യുദ്ധസമയത്തു്, രണ്ടാ

ളിൻെറ ജോലിചെയ്യ്, ഇരുനൂറുശതമാനക്കാരനായി, രാജ്യത്തിന കത്തു നടക്കുന്ന യുദ്ധപരിശ്രമങ്ങളെ സഹായിക്കുവാൻ, അയാൾ ബാദ്ധ്യസ്ഥനാണ്. ഇതുകൊണ്ടുണ്ടാകുന്ന വമ്പിച്ച നഷ്ടങ്ങൾമൂലം, ഭടന്മാക്ക് കമ്മ്യൂണിസ്റ്റായി കക്ഷിയിൽച്ചേരാനുള്ള സാദ്ധ്യതകൾ വർദ്ധിക്കുന്നു. തിരിച്ചുവന്നാൽ കമ്മ്യൂണിസ്റ്റായിരിക്കാമെന്നും, മരിച്ചാൽ കമ്മ്യൂണിസ്റ്റായി മരിച്ചുകൊള്ളാമെന്നും, യുദ്ധക്കളത്തിലേക്ക് പോകുന്നതിനുമുമ്പ്, ഒരു പ്രതിജ്ഞ എഴുതിക്കൊടുക്കണം. യുദ്ധത്തിനുമുമ്പ് ൨,൩൩,൦൦൦ ആളുകളാണ് കമ്മ്യൂണിസ്റ്റുകളായിത്തീന്നതു്. യുദ്ധത്തിൻെറ ആദ്യവഷത്തിൽ ൭൭൨,൦൦൦ ആളുകൾ കക്ഷിയിൽ ചേന്നു. ഇവരിൽ പലരും, രാജ്യതന്ത്രപരിജ്ഞാനമില്ലാത്തവരായിരുന്നതിനാൽ, വലിയ ഒരു ശതമാനത്തെ പിന്നീട് അയോഗ്യരെന്നു തള്ളിക്കളഞ്ഞു. പരിശോധനകളും പരീക്ഷണങ്ങളും മൂലം, കക്ഷി, സാവധാനത്തിൽ അയോഗ്യന്മാരെ നീക്കംചെയ്യുകയും, അവരെ സ്ഥാനാത്ഥികളായി തരംതാഴ്ത്തുകയും ചെയ്യുന്നു.

ഒരു കക്ഷിഅംഗത്തിനു ചെയ്യേണ്ടിവരുന്ന വലിയ ത്യാഗം, അവൻെറ സ്വന്തം അഭിപ്രായത്തിൻെറതാണ്. വ്യത്യാസങ്ങൾ കൂടാതെ, അതു കക്ഷിമാർഗ്ഗത്തിനു കീഴ്പ്പെടണം.

എത്ര ബുദ്ധിമാനായാലും, സ്വന്തം തീരുമാനവും മനസ്സും അനുസരിച്ച് പ്രവത്തിക്കുന്നവൻ, കക്ഷിയുടെ അനുഗ്രഹത്തിൽ കഴിയുകയില്ല. സാമുദായികവിചാരങ്ങളും കലയും ശാസ്ത്രവും, കമ്മ്യൂണിസ്റ്റാദശ്ങ്ങളെ പ്രതിഫലിപ്പിക്കണം.

കക്ഷിയിൽ പ്രവേശിക്കുന്നതിനെക്കാൾ, കഴിഞ്ഞുകൂടുന്നതിനാണ് വലിയ വിഷമം. മനസ്സില്ലായ്മ കാണിച്ചാൽ, പുറംതള്ളപ്പെടും. വിദേശീയരോട് ഇടപെടുന്നതിനും, മററു വംശക്കാരോട് വിപ്രതിപത്തികാണിക്കുന്നതിനും, മദ്യപാനത്തിനുംവേണ്ടി, ചില

പ്പോൾ ബഹിഷ്കരിക്കപ്പെടാം. മുറപ്രകാരമുള്ള "ശുദ്ധീകരണ" സമയത്തു്, അംഗങ്ങൾ പരിശോധകന്മാരുടെ മുമ്പിലെത്തി, അവരുടെ ചുവപ്പുനിറമുള്ള കാർഡിനെ സമർപ്പിക്കുന്നു. പരിശോധകന്മാരുടെ മുമ്പിൽ നിന്നുകൊണ്ടു്, അയാൾ ആത്മചരിത്രം പറയുകയും അംഗത്വം തിരിച്ചുനൽകേണ്ടതിനു കാരണം വ്യക്തമാക്കുകയും ചെയ്യണം. സമിതിക്കു കാരണം തൃപ്തികരമല്ലാതെ തോന്നിയാൽ, അയാൾ പുറംതള്ളപ്പെടും. ആയിരക്കണക്കിനാളുകൾ, ഇങ്ങനെ ബഹിഷ്കരിക്കപ്പെടുന്നു. കക്ഷി, കടുപ്പമേറിയ തോതുകളാണു്, സ്വീകരിച്ചിരിക്കുന്നതു്. നിറവേററാൻ ശക്തിയില്ലാത്തവൻ, ബഹിഷ്കരിക്കപ്പെടുന്നു. കക്ഷിയുടെ ബലം, എണ്ണത്തിലല്ല. അംഗങ്ങളുടെ എണ്ണം, മൂന്നിരട്ടിയോ, അഞ്ചിരട്ടിയോ, ആക്കാൻ സാധിക്കും. പക്ഷേ നിബന്ധനകൾ, യുദ്ധസമയംപോലുള്ള വിഷമഘട്ടങ്ങളിലൊഴിച്ചു്, അത്യന്തം കഠിനമാണു്. അയോഗ്യരെയും, തിരിഞ്ഞുപോകുന്നവരെയും, കഴിയുന്നതും എളുപ്പം നീക്കംചെയ്യുന്നതിനു്, കക്ഷി സകല ശ്രമങ്ങളും നടത്തുന്നു.

അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിൽ കാണിക്കുന്ന നിഷ്കർഷകൊണ്ടും, പരിശീലനംകൊണ്ടും, ഇരുമ്പുനിയന്ത്രണംകൊണ്ടും, കമ്മ്യൂണിസ്റ്റ്കക്ഷി, റഷ്യയിലെ സർവശക്തമായ കക്ഷിയായി പരിണമിച്ചിരിക്കുന്നു. ചൂതുകളിനിയമംമുതൽ, വിദേശനയംവരെ, അതു പ്രഖ്യാപിക്കുന്നു. കമ്മ്യൂണിസ്റ്റ്കക്ഷി, ചുവപ്പുസേന, റഷ്യൻ ഗവമെൻറു്, രഹസ്യസേവനം ഇവകൾക്കിടയിൽ, ഏതെങ്കിലും തരത്തിലുള്ള അസൂയയും വഴക്കുമുണ്ടെന്നു ശങ്കിക്കുന്നതു്, തെററാണു്. കക്ഷിയൊഴിച്ചു്, മേൽപ്പറഞ്ഞവയെല്ലാംതന്നെ, സകലതും പ്രഖ്യാപിക്കുന്ന കക്ഷിയുടെ ഉപകരണങ്ങളാണു്. "രാഷ്ട്രീയമായോ സംഘടനാപരമായോ ഉള്ള യാതൊരു പ്രശ്ന

ങ്ങളും കക്ഷിയുടെ ഉപദേശംകൂടാതെ, സോവിയററുകാരാലോ സ്ഥാപനങ്ങളാലോ, തീരുമാനിക്കപ്പെടുന്നില്ല. ഈ അൎത്ഥത്തിൽ, സാധാരണക്കാരൻെറ ഏകാധിപത്യം, കക്ഷിയുടെ ഏകാധിപത്യമാണെന്നു പറയാം'' എന്നു് സ്റ്റാലിൻ, അവിടത്തെ സ്ഥിതിഗതികളെ നിർവചിച്ചിട്ടുണ്ടു്.

ഐക്യസംസ്ഥാനങ്ങളിൽ നടക്കുന്നതുപോലെ, സ്വതന്ത്രമായ വിചാരഗതികളോ, പ്രഭാഷണങ്ങളോ, റഷ്യയിൽ എവിടെയെങ്കിലും നടക്കുന്നുണ്ടെങ്കിൽ, അതു്, കമ്മ്യൂണിസ്റ്റ്കക്ഷിയുടെ പാളിററ്ബ്യൂറോവിലെ ഉയൎന്ന സ്ഥാനങ്ങളിലുള്ള, വ്യക്തികളുടെ ഇടയിൽ മാത്രമാണു്. അന്തർദ്ദേശീയമോ, വിദേശീയമോ ആയ സകല നയങ്ങളെയും വാർത്തെടുക്കുന്ന, പതിനാലു് അംഗങ്ങൾ അടങ്ങിയ ഒരു സമിതിയാണു പാളിററ്ബ്യൂറോ. റഷ്യയിലുള്ള ഒരൊററ പ്രജാധിപത്യസ്ഥാപനം, സ്റ്റാലിൻ, കക്ഷിയുടെ സിക്രട്ടറി ജനറൽ എന്ന നിലയിൽ അദ്ധ്യക്ഷതവഹിക്കുന്ന, ഉപരിമന്ത്രിസഭ മാത്രമാണു്. അവിടെ, അംഗങ്ങൾ സ്വതന്ത്രമായി അഭിപ്രായം രേഖപ്പെടുത്തുകയും, നയങ്ങളെ വിമൎശിക്കയും ചെയ്യുന്നു.

ഈ യോഗങ്ങൾ, ക്രെംലിനിലെ പൂട്ടിയ മുറികൾക്കകത്തു നടക്കുന്നു. റഷ്യയ്ക്കകത്തോ വെളിയിലോ ഉള്ളവൎക്കു്, അകത്തു് സംസാരിച്ചതെന്തെന്നു് അറിവുകിട്ടുകയില്ല. പലതരത്തിലുള്ള വഴക്കുകളും നടന്നിരിക്കാനിടയുണ്ടു്. വാദപ്രതിവാദം തീരുമ്പോൾ, സ്റ്റാലിൻ അവയെ സംഗ്രഹിക്കുന്നു. സ്റ്റാലിൻ, ഭൂരിപക്ഷത്തെ അനുകൂലിക്കുക പതിവാണെന്നാണു് ധാരണ. സ്റ്റാലിനെതിരായി ചിലപ്പോൾ വോട്ടുചെയ്യപ്പെടുന്നുണ്ടെന്നും, ഭൂരിപക്ഷത്തിൻെറ തീരുമാനത്തെ എതിൎക്കാൻ അദ്ദേഹം ധീരനല്ലെന്നും, റഷ്യക്കാർ ബലമായി വിശ്വസിക്കുന്നു.

റഷ്യയെ ഭരിക്കുന്നതു് കമ്മ്യൂണിസ്റ്റ്കക്ഷിയായതിനാൽ, സ്റ്റാലിൻെറ മരണം, നയങ്ങൾക്കു് വ്യത്യാസമുണ്ടാക്കുമെന്നു് ഊഹിക്കാൻ നിവൃത്തിയില്ല. യോഗങ്ങളിൽ നടക്കുന്നതെന്താണെന്നു്, റഷ്യൻജനതയ്ക്കു മനസ്സിലാകുകയില്ല; കക്ഷിയുടെ പാളിററ്ബ്യൂറോ, റഷ്യൻനയത്തെ നിയന്ത്രിക്കുകയും ചെയ്യും. ഐകകണ്ഠ്യേനയുള്ള ഭരണം, ഏററവും അത്യാഗ്രഹമുള്ള വ്യക്തികളുടെ ഉയർച്ചയേയും, തകക്കും. ആരു് നേതാവായിത്തീന്നാലും, സ്റ്റാലിനെപ്പോലെ അയാൾ, സാവധാനത്തിലും പടിപ്പടിയായും ഉയരണം.

൧൯൪൮ ശരൽക്കാലത്തിൽ, "ആൻഡ്രീസഡനോവു്" മരിച്ചതു്, സ്റ്റാലിൻെറ പിൻഗാമിസ്ഥാനത്തിനു് ആളില്ലാതാക്കിത്തീത്തു. പാളിററ്ബ്യൂറോവിലെ യാതൊരു അംഗവും ഈ സ്ഥാനം അലങ്കരിക്കാൻ യോഗ്യരല്ല. കക്ഷിയുടെ താത്വിക മാർഗ്ഗദശിയായും, സോവിയററുജനതയുടെ നേതാവായും, സഡനോവിനെ പരിശീലിപ്പിച്ചു് എടുക്കുന്നതിനു്, സ്റ്റാലിനും പാളിററ്ബ്യൂറോവും, രണ്ടുവഷം ശ്രമിക്കേണ്ടിവന്നു. "കോമിൻഫാം" രൂപീകരിച്ചതും, മാർഷൽപദ്ധതിക്കെതിരായി യുദ്ധം പ്രഖ്യാപിച്ചതും, ഇന്നത്തെ നയങ്ങളെ സംബന്ധിച്ചു് പ്രഭാഷണം നടത്തിയതും, സഡനോവു് ആയിരുന്നു. കക്ഷിയുടെ നിയന്ത്രണാധികാരിയായതും, ഗ്രന്ഥകാരന്മാരെയും, കലാകാരന്മാരെയും, സംഗീതവിദ്വാന്മാരെയും, കമ്മ്യൂണിസ്റ്റ്ആദശമനുസരിച്ചു് അണിനിരത്തിയതും, ഇദ്ദേഹത്തിൻെറ പ്രവത്തനങ്ങളാണു്.

സഡനോവിനു് ഒഴിച്ചിട്ട സ്ഥാനം, ആരു കയ്യേല്ക്കുമെന്നു്, ആക്കും രൂപമില്ല. ചില റിപ്പോട്ടുകളനുസരിച്ചു്, ൧൯൪൯-ൽ നടന്നേക്കാവുന്ന ഒരു കക്ഷിയോഗം, ഈ പ്രശ്ന

ത്തിന് പരിഹാരം കണ്ടുപിടിക്കും. ഈ യോഗത്തിൽ, സോവിയററുനേതാവ്, പ്രീമിയർസ്ഥാനം ഒഴിഞ്ഞേക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഈ യോഗത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന കേന്ദ്രസമിതി, പുതിയ സെക്രട്ടറിജനറലിനെ തിരഞ്ഞെടുക്കുന്നതിനെപ്പററി, ആലോചിക്കും.

യഥാർത്ഥത്തിലുള്ള പ്രശ്നം, പ്രധാനമന്ത്രിയും സെക്രട്ടറിജനറലുമായി ഒരാളെക്കണ്ടുപിടിക്കുന്നതല്ല. ‘വോറാഷിലോവ്’, ക്രൂഷ്‌ചേവ്, ഇവരൊഴിച്ച്, എല്ലാ പാളിററ്ബ്യൂറോ അംഗങ്ങളും, ഈ സ്ഥാനം കരസ്ഥമാക്കാൻ, വേണ്ട കാര്യശേഷിയും ധൈര്യവുമുള്ളവരാണ്. നേതാവിൻെറ ചുമതല വഹിക്കുന്നതിനു വേണ്ട ബുദ്ധിവൈഭവവും, വ്യക്തിമാഹാത്മ്യവും കൂടി തികഞ്ഞ ഒരാളെ കണ്ടുപിടിക്കുന്നതാണ്, യഥാർത്ഥപ്രശ്നം.

സഹതാപമില്ലാത്തവനും, ആചാരങ്ങളെ മുറുകെപ്പിടിക്കുന്നവനുമായ സഡനോവ്, ഒരുതരത്തിൽ നേതാവാകുന്നതിന് യോഗ്യനായിരുന്നു. ഒരു പ്രഭാഷകനും, വിദ്വാനും, ഒരു ചെറിയ നടനുമായിരുന്ന അദ്ദേഹം, ജർമ്മൻനാസിഭടന്മാരിൽനിന്ന്, ലെനിൻഗ്രാഡ്നഗരത്തെ രക്ഷിച്ചുവെന്ന്, കരുതപ്പെടുന്നു. സ്റ്റാലിനു ചുററുമുണ്ടായിരുന്നവരിൽ പലരും, താരതമ്യേന പരിചയവും കാര്യശേഷിയും വേണ്ടുവോളമുള്ളവരായിരുന്നിട്ടും, പൊതുവേ ചൊടിയും ബുദ്ധിവൈഭവവും കുറഞ്ഞവരായിട്ടാണ് കാണപ്പെട്ടത്.

യുദ്ധാനന്തരമുള്ള വിഷമഘട്ടം തീരുന്നതുവരെ, വിദേശകാര്യമന്ത്രിയായി സേവനമനുഷ്ഠിച്ച ‘വെയാഷെസ്ലാവ് മൊളോട്ടോവാ’ണ്, ഭാവിയിൽ റഷ്യൻപ്രീമിയറായി വന്നേക്കാവുന്നതെന്നു പ്രതീക്ഷിക്കപ്പെടുന്നവരിൽ പ്രമുഖൻ. സോവിയററ്ഗവമ്മെൻറിനെയും, അതിൻെറ വിഷമമേറിയ പ്രശ്നങ്ങളെയും പ്രതിനി

ധീകരിക്കുന്ന ഏകവ്യക്തി, അദ്ദേഹമാണ്. സോവിയററുകക്ഷിയുടെ ധർമ്മങ്ങളെ, ഭരണകൂടം നിർവഹിക്കുന്നതെങ്ങനെയെന്ന്, മറേറതുപാളിററ്ബ്യൂറോഅംഗങ്ങളെക്കാളും കൂടുതൽ അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ട്. പക്ഷെ വിദഗ്ദ്ധനാണെന്നാഭിമാനിക്കുന്നവനും, ചൊടി കുറഞ്ഞവനുമായ മൊളോട്ടോവ്, നേതാവായിത്തീരുമെന്ന്, സോവിയററുജനതയിലാരുംതന്നെ, വിചാരിക്കുന്നില്ല.

കമ്മ്യൂണിസ്റ്റ്കക്ഷിയുടെ സെക്രട്ടറിജനറൽപദവിക്ക് മത്സരിക്കുന്ന മററുവ്യക്തികൾ, 'ജോർജ്ജിമലൻകോവും', 'ലാവ്റൻറിബെറീയാ'യുമാണ്.

മലൻകോവ്, "അനുബന്ധംവരെ ഓർമ്മിക്കാൻ ശക്തിയുള്ള വിദഗ്ദ്ധനായിട്ടാ"ണ്, സാധാരണ ചിത്രീകരിക്കപ്പെടാറുള്ളത്. കേന്ദ്രസമിതിയുടെ കാര്യദർശിയും, ആഭ്യന്തരഭരണമേലധികാരിയുമായ അദ്ദേഹത്തിന്, ഉദ്യോഗസ്ഥന്മാരെ സ്ഥലം മാററുന്നതിന്, മററാരെയുംകാൾ, ശേഷിയുണ്ട്. മേലധികാരികളെല്ലാം, ആ സ്ഥാനങ്ങൾക്ക്, അദ്ദേഹത്തോടു കടമപ്പെട്ടവരാണ്. സ്റ്റാലിൻെറ പ്രൈവററുസെക്രട്ടറിയായി സേവനം നടത്തിയപ്പോൾതന്നെ, നേതൃത്വംസംബന്ധിച്ച പല തന്ത്രങ്ങളും അദ്ദേഹം പഠിച്ചു. സ്റ്റാലിൻ തൻെറ സകല കഴിവുകളും സർവസൈന്യാധിപപദത്തിനുവേണ്ടി വിനിയോഗിച്ചുകൊണ്ടിരുന്ന യുദ്ധസമയത്ത്, കക്ഷിനേതാവ് ഇദ്ദേഹമായിരുന്നു.

വ്യവസായനേതൃത്വത്തെപ്പററി, അമൂല്യമായ പരിചയം, അദ്ദേഹത്തിനു സിദ്ധിച്ചിട്ടുണ്ട്. യുദ്ധസമയം മുഴുവൻ, റഷ്യയുടെ ആയുധനിർമ്മാണവ്യവസായത്തിൻെറ മേൽനോട്ടം വഹിച്ച ഇദ്ദേഹം, ടാങ്ക്ഉല്പാദനത്തിൻെറ സകല ചുമതലകളും ഏറെറടുത്തുനടത്തി.

൪൫ വയസ്സു പ്രായമുള്ള മലൻകോവു്, റഷ്യവിട്ടു വെളിയിലിറങ്ങിയിട്ടില്ല. രാജ്യത്തിനകത്തുപോലും, അദ്ദേഹം പ്രസിദ്ധനല്ല. ദാക്ഷിണ്യഹീനനും, വിളറിയ മുഖത്തോടുകൂടിയവനുമായ മലൻകോവിനു്, വലിയ ജനസമ്മതി ലഭിച്ചിട്ടില്ല.

മൂന്നാമത്തെ ശക്തനായ എതിരാളി, ലാവ്റെൻറിബെറിയായാണു്. ആഭ്യന്തരഭരണവകുപ്പു്, രാജ്യരക്ഷാഭരണവകുപ്പു്, ഈ രണ്ടു ശാഖകളുടെയും മേലധികാരിയായ ഇദ്ദേഹം, കാഴ്ചയിൽ വലിയ ബുദ്ധിമാനാണെന്നു തോന്നും. ഉപരാജ്യങ്ങളിലെയും പാശ്ചാത്യരാജ്യങ്ങളിലെയും രഹസ്യഏജൻറന്മാരും, ആഭ്യന്തരഭരണവകുപ്പിൻെറ ഇരുപതുശാഖകളും ഇദ്ദേഹത്തിൻെറ മേൽനോട്ടത്തിൻകീഴിൽ കഴിയുന്നു. ചില വൻപിച്ച ഖനനപദ്ധതികളുടെയും, വ്യവസായപദ്ധതികളുടെയും, ചുമതലവഹിക്കുന്ന ആഭ്യന്തരഭരണവകുപ്പിൻെറ വ്യവസായവിഭാഗത്തിനു്, ഇദ്ദേഹം ഉപദേശങ്ങൾനൽകുന്നു. രാഷ്ട്രീയകാര്യങ്ങൾക്കോ, മററുകാര്യങ്ങൾക്കോ വേണ്ടി, തടവുകാരാക്കപ്പെട്ട ലക്ഷക്കണക്കിനുള്ള തടവുകാരും, ജമ്മൻകാരും, ജപ്പാൻകാരും ഇദ്ദേഹത്തിൻെറ നിർദ്ദേശങ്ങളനുസരിച്ചു ജോലികളിൽ വ്യാപൃതരായിരിക്കുന്നു.

ബെറിയായുടെ ചുമതലകളിൽ ഏററവും വൈഷമ്യമേറിയതു്, ൧൯൪൫-ൽ അദ്ദേഹത്തെ ഏല്പിച്ച, അണുഗവേഷണങ്ങളുടെയും സേനകളുടെയും പരിഷ്ക്കരണമാണു്.

കാക്കസസ്സ് കമ്മ്യൂണിസ്റ്റ് കക്ഷിയുടെ ചരിത്രത്തെപ്പററി, ഒരു ഗ്രന്ഥം നിമ്മിച്ച ബെറിയാ, ബുദ്ധിവൈഭവമുള്ളവനാണെന്നവകാശപ്പെടാൻ യോഗ്യനാണു്. സ്റ്റാലിനെപ്പോലെ അദ്ദേഹവും, ജാർജ്ജിയാക്കാരനാണു്.

പക്ഷേ സോവിയററുരാജ്യരക്ഷാമാർഗ്ഗങ്ങൾകൊണ്ടു്, എല്ലാവക്കും അദ്ദേഹത്തെ ഭയമാണു്. സ്റ്റാലിനും, പാളിററ്ബ്യൂറോ

അംഗങ്ങളും, അദ്ദേഹത്തെ നേതാവാക്കാൻ തീരുമാനിച്ചാൽ, ഈ ഭയം, ഒഴിക്കാൻ സാദ്ധ്യമല്ലാത്ത, ഒരു പ്രതിബന്ധമായിത്തീരും.

സ്റ്റാലിൻെറ പിൻഗാമിയായിത്തീരാൻ, മററെല്ലാവരെക്കാളും യോഗ്യനായ ഒരു നേതാവുണ്ട്. സായുധസേനാവിഭാഗത്തിൻെറ മന്ത്രിയും, പാളിററ്ബ്യൂറോവിൻെറ ഒന്നിടവിട്ട അംഗവുമായ, "മാഷ്ൽ നിക്കളായി ബൾഗാനിൻ" ആണ്, ആ നേതാവ്. യുദ്ധത്തിനു മുമ്പ്, മാസ്ക്കോനഗരത്തിനു വെളിയിലാരുംതന്നെ, ഇദ്ദേഹത്തെപ്പററി അറിഞ്ഞിരുന്നില്ല. സോവിയററുതലസ്ഥാനത്തിൻെറ നഗരാധിപൻ, ആയുധനിർമ്മാണവ്യവസായത്തിൽ ഒരു വിഭാഗത്തിൻെറ മേലധികാരി, ഒരു സ്റ്റേററു ബാങ്കിൻെറ ഭരണാധികാരി, കക്ഷിപ്രവത്തകൻ എന്നീ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. യുദ്ധസമയത്തിൽ, ഇദ്ദേഹം മാഷ്ൽ ഷുക്കോവിൻെറ കേന്ദ്രാലയത്തിൽ, കമ്മ്യൂണിസ്റ്റ്കക്ഷിയുടെ കണ്ണും ചെവിയുമായിരുന്നു. സ്റ്റാലിൻപോലും, ചുവപ്പുസേനാനെപ്പോളിയനായി ഇദ്ദേഹം ഉയൎന്നേക്കുമെന്ന്, ഭയന്നിരുന്നു.

സ്റ്റാലിൻ, സായുധസേനയുടെ മന്ത്രിസ്ഥാനം ഒഴിഞ്ഞപ്പോൾ, "ബൾഗാനിൻ" ഈ സ്ഥാനത്തേക്കു നിയമിതനായി. അദ്ദേഹം ക്രമേണ പ്രശസ്തി സമ്പാദിച്ചു. ചുവപ്പുസേനയുടെയും, സോവിയററുജനതയുടെയുമിടയിൽ അദ്ദേഹത്തിനു ജനസമ്മതി ഉണ്ടാകയുംചെയ്തു.

പക്ഷേ ഒരു കാര്യം നിശ്ചയമാണ്. പിൻഗാമിയെ തിരഞ്ഞെടുത്ത്, അയാളെ സോവിയററുജനതയുടെ കണ്ണിൽ ഭാവിനേതാവാക്കി വാൎത്തെടുക്കുന്നതിനുവേണ്ട ആരോഗ്യം, സ്റ്റാലിന് ഉണ്ട്.

ഈ കാര്യം നിർവഹിക്കാൻ, ബോൾഷേവിക്കുകാർക്കു പല മാർഗ്ഗങ്ങളുണ്ടു്. സോവിയററുനേതാക്കന്മാരുടെ കൂട്ടത്തിൽ ഒരാളെ, അവർക്കു നേതാവാകാൻ യോഗ്യനാണെന്നു സൂചിപ്പിക്കാം. പൊതുജനപ്രവർത്തനങ്ങളിൽ, ഇവരുടെ ഉദയത്തിൻെറ ക്രമം മാററാം. നയത്തെപ്പററി തുടർച്ചയായി പ്രഭാഷണങ്ങൾ നടത്താൻ ഒരാൾക്കു് അവസരം നൽകാം.

ഈ സമയം മുഴുവൻ, ഉരുക്കുമനുഷ്യനായ സ്റ്റാലിൻ, സോവിയററുജനതയുടെ നേതാവായും, വിപുലമായ രാജ്യത്തിൻെറ ഐക്യതയുടെ സജീവവിഗ്രഹമായും, തുടർന്നുകൊണ്ടു പോകും. അദ്ദേഹത്തെ, റഷ്യയ്ക്കു സിദ്ധിച്ചിട്ടുള്ള സകല നന്മകളായും, റഷ്യാക്കാർ സങ്കല്പിക്കുന്നു. ആഫീസുപ്രസിദ്ധീകരണങ്ങളിലും, റേഡിയോവിലുംകൂടി, ദേവനായി പ്രത്യക്ഷപ്പെടുന്ന സ്റ്റാലിൻ, ജനതതിയുടെ രക്ഷാദേവതയായും, പുതിയ റഷ്യയുടെ വിജയത്തിനു കാരണഭൂതനായും, സർവ്വശക്തനായും, സർവ്വജ്ഞനായും, "പ്രപഞ്ചത്തിൻെറ സൂര്യനായും", ചിത്രീകരിക്കപ്പെടുന്നു. ഓരോ വ്യക്തിയുടേയും സുഖത്തിൽ താല്പര്യമുള്ളവനാണു് സ്റ്റാലിൻ എന്നു്, ഓരോ സ്ത്രീയും കുഞ്ഞും വിശ്വസിക്കണം. ഈ റഷ്യൻരാഷ്ട്രപിതാവിൻെറ ജീവിതമാതൃകയനുസരിച്ചു്, സ്വജീവിതം രൂപവൽക്കരിക്കുന്നതിനു്, ഓരോ റഷ്യൻപൌരനും നിർബന്ധിതനാണു്.

ഇങ്ങനെ ദൈവമാക്കി ചിത്രീകരിക്കുന്നതുകൊണ്ടോ, ആക്ഷേപമായി മാറുന്നതുകൊണ്ടോ, അരിശം വർദ്ധിക്കുന്നതുകൊണ്ടോ, പ്രസിദ്ധീകരണങ്ങൾ, ഉദ്ദിഷ്ടഫലത്തിനു നേരെ വിപരീതമായ ഫലത്തെയാണു്, പ്രദാനംചെയ്യുന്നതു്. "റഷ്യൻ ലാൻഡ്" എന്ന ഗ്രന്ഥത്തിൽ താഴെപ്പറയുന്ന വരികളുണ്ടു്:

“സ്റ്റാലിൻ!, ഞങ്ങളുടെ ആത്മാവിൽ, ആ പ്രിയപ്പെട്ട നാമം എല്ലാപ്പോഴും മുഴങ്ങുന്നു. ക്രെംലിനിൽ, ഓരോ കാൽച്ചുവട വയ്ക്കുമ്പോഴും, അദ്ദേഹത്തിൻെറ സന്നിധാനം, ഞങ്ങളെ സ്പർശിക്കുന്നു. അദ്ദേഹം, ഈയിടെ കടന്നുപോയ വഴികളിൽക്കൂടിയായിരിക്കാം, ഞങ്ങൾ കടന്നുപോകുന്നത്. നമുക്ക് മുട്ടുകുത്തി നമസ്കരിച്ച്, ആ പാദധൂളികളെ ചുംബിക്കാം.”

ഈയിടെ നടന്ന സേനാവിഭാഗത്തിൻെറ പാചകക്കാരുടെ യോഗത്തിൽ, ബോധക്ഷയംവരെ സംഭവിച്ചു, ആഹാരരീതി മാററുന്നതിനെപ്പററിയും, താപവിലയേയും അളവുകളേയും പററിയും കണക്കുകൂട്ടിക്കൊണ്ട്, സ്റ്റാലിൻ നിരന്തരം പ്രയത്നിച്ചുകൊണ്ടിരിക്കുന്നുവെന്ന്, ശ്രോതാക്കളെ വീണ്ടും വീണ്ടും ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. സ്റ്റാലിൻ, ഇക്കാര്യത്തിൽ സ്വന്തം നിർദ്ദേശങ്ങൾ നൽകുന്നുണ്ടെന്ന്, പ്രഭാഷകൻ അവരോടു പറഞ്ഞു. ഭക്ഷണപദാർത്ഥങ്ങൾ നിർമ്മിക്കുന്നതിൽ, സ്റ്റാലിനെപ്പോലെ താല്പര്യം പ്രദർശിപ്പിക്കുന്നതിന്, അവരെ പ്രേരിപ്പിച്ചു.

നാട്ടുകാരുടേയോ ബുദ്ധിമാന്മാരുടേയോ ആയിട്ട് സ്റ്റാലിൻ പ്രശംസയില്ലാത്ത ഒരു പത്രം റഷ്യയിലില്ല. ചെങ്കല്ല് അടുക്കുവാൻ സഹായിച്ചിരുന്നവനാണ് സ്റ്റാലിനെന്ന് കെട്ടിടംകെട്ടുകാരും, നല്ല ഗ്രന്ഥങ്ങൾ രചിക്കാൻ സഹായം നൽകിയെന്ന് ഗ്രന്ഥകാരന്മാരും, അദ്ദേഹത്തെ പുകഴ്ത്തുന്നു.

ഇത്തരം പ്രശംസകൾ വർദ്ധിച്ചതുമൂലം, ജനങ്ങൾക്ക് ഫലിതത്തിന് ഒരു കാരണം കിട്ടി. ഇത്തരത്തിലുള്ള ഒരു ഫലിതം ഇപ്രകാരമാണ്: ഒരു ശതാബ്ദത്തിനുമുമ്പ് മരിച്ചുപോയ “അലക്സാണ്ടർപുഷ്കിൻ” എന്ന കവിയുടെ ഓർമ്മയ്ക്കായി, ഒരു സ്മാരകസ്തംഭം നിർത്തുന്നതിന്, ആളുകൾ തീരുമാനിച്ചു. പലരും പല വഴികളും സൂചിപ്പിച്ചെങ്കിലും, അവയൊന്നും

സ്വീകാര്യമായില്ല. അവസാനത്തിൽ ഒരാൾ ഒരു മാർഗ്ഗം നിർദ്ദേശിച്ചുകൊടുക്കയും, അതനുസരിച്ച് സ്മാരകംപണി പൂർത്തിയാകയും ചെയ്തു. അനാച്ഛാദനംചെയ്തപ്പോൾ, സ്മാരകം സ്റ്റാലിൻെറ ഒരു വലിയ പ്രതിമ, അലക്സാണ്ടർപുഷ്കിൻ എഴുതിയ ഒരു ചെറുകാവ്യം വായിച്ചാനന്ദിക്കുന്നതായിട്ടാണ്, കാണപ്പെട്ടതു്.

മയോക്കോവ്സ്കിയുടെ സ്മാരകത്തെക്കുറിച്ചും, ഈ കഥതന്നെ ആവർത്തിക്കപ്പെടുന്നു. സ്റ്റാലിൻ, ശ്രോതാവിൻെറ രീതിയിൽ, കുത്തിയിരിക്കുന്നതായി പണിതെടുത്ത ഒരു വലിയ പ്രതിമയുടെ താഴെ, "വലിയ ഗ്രന്ഥകാരനായ മയോക്കോവ്സ്കിയുടെ സ്മാരകം" എന്നെഴുതിയിട്ടുണ്ടെന്നാണ് ഈ കഥ.

---

## അദ്ധ്യായം ൨൩

റഷ്യയെപ്പോലെ യുദ്ധത്തെ വെറുക്കുന്ന, മററൊരു രാഷ്ട്രമില്ലെന്നാണ്, എനിക്കു തോന്നുന്നതു്. രണ്ടാംലോകമഹായുദ്ധത്തെപ്പററിയുള്ള ഓർമ്മ, ഇന്നും നശിച്ചുപോയിട്ടില്ല; അതുകൊണ്ടുണ്ടായ വ്രണങ്ങൾ കരിഞ്ഞിട്ടുമില്ല; യുദ്ധത്തിൽ നഷ്ടം സംഭവിക്കാത്ത ഒരൊററക്കുടുംബംപോലും റഷ്യയിലില്ല; വീടും കുടിയും നഷ്ടപ്പെട്ടു് കുഴികളിൽ കഴിച്ചുകൂട്ടിയ ൨൫൦ ലക്ഷം സോവിയററു പൌരന്മാർക്ക്, ആവശ്യത്തിനു് മതിയാകാത്ത രീതിയിലാണെങ്കിലും, ഗവർമ്മെൻറ് വസന്തത്തിൽ പാർപ്പിടം നൽകി.

വിജയസാദ്ധ്യതയുണ്ടായിരുന്നാലും, റഷ്യാക്കാർക്ക് യുദ്ധത്തെപ്പററി, ദൃഢമൂലമായ വെറുപ്പുണ്ടു്. റഷ്യ ഇടപെട്ടിട്ടുള്ള യുദ്ധങ്ങളെല്ലാം, വാസ്തവത്തിൽ അവരുടെ ആക്രമണംകൊണ്ടു്

ഉണ്ടായിട്ടുള്ളതല്ല. അനിവാൎയ്യമായ ആവശ്യങ്ങൾമൂലമാണ് അവർ യുദ്ധത്തിനിറങ്ങിയതു്.

മനസ്സമാധാനത്തിൻെറ ഭാഗ്യംകൊണ്ടു്, സോവിയററുപൌരന്മാർ, അന്തർദ്ദേശീയസ്ഥിതിഗതികളുടെ പ്രാധാന്യം, അറിയുന്നില്ല. നിയന്ത്രണത്തിൽ കഴിയുന്ന, റഷ്യൻപ്രസിദ്ധീകരണങ്ങളും, പ്രക്ഷേപണങ്ങളും, യുദ്ധകാൎയ്യത്തെ അടിച്ചമൎത്തുന്നു. അമേരിക്കയിൽ നടക്കുന്നതുപോലെ സമരപ്രചരണം, റഷ്യയിൽ നടന്നാൽ, വിപരീതഫലത്തെ പ്രദാനംചെയ്കയും, ഉല്പാദനത്തെ ഗണ്യമായ തോതിൽ കുറയ്ക്കുകയും ചെയ്യും.

യുദ്ധത്തെ ഇളക്കിവിടുന്ന പ്രവൎത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും, ആസന്നഭാവിയിൽ ഒരു യുദ്ധംനടത്താൻ ക്രെംലിൻ ഉദ്ദേശിക്കുന്നില്ലെന്നാണ്, എൻെറ വിശ്വാസം. ഏതു കാരണത്തിന്മേലായാലും, റഷ്യ യുദ്ധത്തിൽനിന്നകന്നുനിൽക്കും. പല ഘടകങ്ങളും, എന്നെ ഈ ഊഹത്തിലേക്കു നയിക്കുന്നു. ഒന്നാമതായി, റഷ്യാക്കാർ ഇന്നു് ക്ഷീണിച്ചിരിക്കയാണ്. പരമ്പരയാതന്നെ, അവർ യുദ്ധത്തെ വെറുക്കുന്നു. രണ്ടാമതായി, റഷ്യൻ യുദ്ധസന്നാഹങ്ങൾ, അമേരിക്കൻയുദ്ധസന്നാഹങ്ങളോടു കിടപിടിക്കത്തക്കതല്ല. മൂന്നാമതായി, കാററ് അവൎക്കനുകൂലമായി വീശുകയാണെന്ന്, കമ്മ്യൂണിസ്റ്റ്കക്ഷിക്കറിയാം. മുതലാളിത്തം, അതിൻെറ നാശബീജങ്ങളെ വഹിക്കുന്നുവെന്നും, അനിവാൎയ്യമായ സാമ്പത്തികക്കുഴപ്പങ്ങളിലിടപെട്ടു് മുതലാളിത്തരാഷ്ട്രങ്ങൾ ഛിന്നഭിന്നമായിക്കൊണ്ടിരിക്കയാണെന്നും, അവർ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു.

അതേസമയത്തു്, സമാധാനമല്ല ക്രെംലിൻ ആവശ്യപ്പെടുന്നതു്. പശ്ചിമയൂറോപ്യൻരാജ്യങ്ങളിൽ, കുഴപ്പങ്ങളും വിഷമതകളും നിറഞ്ഞ ഒരന്തരീക്ഷം സൃഷ്ടിച്ചു്, അവിശ്വാസങ്ങൾ

വളരുന്നതിനിടം നൽകി, അമേരിക്കയേയും യൂറോപ്പിനേയും, റഷ്യൻവലയങ്ങൾക്കുള്ളിലാക്കാനാണ്, അവരുടെ ഉദ്ദേശം.

സമയമാണ്, റഷ്യയ്ക്കു് ആവശ്യം. സമയം ലഭിച്ചാൽ, റഷ്യ സൃഷ്ടിപരമായ പ്രവർത്തനങ്ങളേയും, നശീകരണയന്ത്രങ്ങളുടെ നിർമ്മാണത്തേയും, ത്വരിതപ്പെടുത്തി, അയൽപക്കത്തെ രാജ്യങ്ങളെ ബന്ധിച്ചിരിക്കുന്ന ചങ്ങലകളെ ഉറപ്പിച്ചിട്ട്, ഐക്യസംസ്ഥാനങ്ങളെ തട്ടിയെടുക്കാൻ, ഒരു സാമ്പത്തികാധഃപതനം വരുന്നതുവരെ കാത്തിരിക്കും.

ക്രെംലിൻ, യുദ്ധത്തെ വെറുക്കുന്നതിന് അതിപ്രധാനമായ കാരണം, റഷ്യൻയുദ്ധസന്നാഹം, അമേരിക്കൻയുദ്ധസന്നാഹങ്ങളോട്ട് കിടനിൽക്കത്തക്കതല്ലെന്നുള്ള, വാസ്തവമാണെന്ന് എനിക്കു തോന്നുന്നു. റഷ്യൻഉല്പാദനം, ൧൯൪൦-ലെ നിലയോട്ട്, കിടനിൽക്കത്തക്കതായി എന്ന് മൊളോട്ടോവ് ൧൯൪൭-ൽ പ്രഖ്യാപിച്ചു. താരതമ്യേന, അമേരിക്കൻയുദ്ധസന്നാഹങ്ങൾക്ക്, യുദ്ധം വലിയ നാശത്തെ ചെയ്തില്ല. യുദ്ധസന്നാഹങ്ങളെ സംബന്ധിച്ച വ്യവസായത്തിൽ നാം റഷ്യയെക്കാൾ നാലുമടങ്ങുവീതം, ഉല്പാദിപ്പിക്കുന്നുണ്ട്. ഒരുദിവസം, ഒരു മനുഷ്യൻ ചെയ്യുന്ന ശരാശരി ഉല്പാദനത്തിൻെറ കണക്കു നോക്കിയാൽ, നമ്മുടെ നില ഇതിനെക്കാൾ കൂടുതലാണ്. ഓരോ അമേരിക്കക്കാരനും, റഷ്യാക്കാരനെക്കാൾ ആറുമടങ്ങുവീതം, ഉല്പാദിപ്പിക്കുന്നു.

പക്ഷേ ഒരു പ്രധാനകാര്യം നാം ശ്രദ്ധിക്കണം. റഷ്യൻ ഉല്പാദനം, ൧൯൪൦-ൻെറ നിലയിലായിരുന്നാലും, ആയുധനിർമ്മാണത്തിൽ അതിൻെറ കാര്യശേഷി, രണ്ടരമടങ്ങു വർദ്ധിച്ചിട്ടുണ്ട്. ൧൯൪൦-ൽ വിനിയോഗിച്ചതിനെക്കാൾ, ൫൦% കൂടുതൽചിലവുകൾ, ഇന്ന് യുദ്ധത്തിനുവേണ്ടി ചിലവാക്കപ്പെടുന്നു.

"സ്വാതന്ത്ര്യസമരകാലത്തിൽ, റഷ്യയുടെ സാമ്പത്തികമായ തത്വശാസ്ത്രം" എന്ന ഗ്രന്ഥത്തിൽ, സോവിയറ്റ് ആസൂത്രണ വിദഗ്ദ്ധന്മാരിൽ പ്രധാനിയായ, നിക്കളായ് വാഴ്നസെൻകി, ഇപ്രകാരം അഭിപ്രായപ്പെടുന്നു: "വലിയ ഉല്പാദനശക്തിയും ആയുധസജ്ജീകരണവും ഉള്ള ജനതയ്ക്കുമാത്രമേ, മുതലാളിത്തത്തിന്റെ പ്രചാരത്തെ തടയാൻ സാധിക്കുകയുള്ളൂ." അമേരിക്കക്കാർ പണിതിറക്കുന്നതിനേക്കാൾ, അനേകംമടങ്ങു യുദ്ധസാമഗ്രികൾ പണിതിറക്കുന്നതിൽ റഷ്യ ജാഗരൂകയായിരിക്കയാണ്.

ആയുധനിർമ്മാണത്തിനുള്ള ശേഷി വർദ്ധിപ്പിക്കുവാൻ വേണ്ടി, നിത്യോപയോഗമുള്ള പദാർത്ഥങ്ങളുടെ നിർമ്മാണത്തെ, റഷ്യ ത്യജിച്ചിരിക്കുന്നു. തൽഫലമായി നേരിട്ടിരിക്കുന്ന, ലഘുജീവിതത്തോത്, ആകെയുള്ള സാമ്പത്തികനിലയെ, സാരമായി ബാധിക്കുന്നുണ്ടെങ്കിലും, യുദ്ധസന്നാഹങ്ങളുടെ കുറവിനെ കുറിക്കുന്നതായി, തെറ്റിദ്ധരിക്കരുത്.

൧൯൫൦-ൽതന്നെ, ലക്ഷ്യത്തിലെത്തിച്ചേരാമെന്ന്, ഒരു വർഷംമുമ്പുവരെ റഷ്യ ഉദ്ദേശിച്ചിരുന്നതും, ഇന്നു നടപ്പിലിരിക്കുന്നതുമായ പഞ്ചവത്സരപദ്ധതി, ഭിന്നരീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ചില വ്യവസായങ്ങൾ വളരെ പുരോഗമിച്ചിട്ടുണ്ട്; മററുചിലതു പിറകിലുമാണ്. നല്ല വസതികളുടെയും മററുപല ഘടകങ്ങളുടെയും അഭാവംമൂലം, ഉല്പാദനം മോശമായിത്തീരുന്നതിനാൽ, പുരോഗമനം തുല്യമല്ല. യൂറാൾപ്രദേശം പോലെ യുദ്ധം സ്പർശിച്ചിട്ടില്ലാത്ത പ്രദേശങ്ങളിൽ, പ്രവർത്തനം വളരെ ശീഘ്രത്തിലാണ്. നശിപ്പിക്കപ്പെട്ട പശ്ചിമറഷ്യയിലും മററും, പ്രവർത്തനം വളരെ പിന്നാക്കമാണ്. ത്വരിതപ്പെടുത്തിയില്ലെങ്കിൽ, ആ സ്ഥലങ്ങളിലെ ഉല്പാദനം, ലക്ഷ്യത്തി

ച്ചെത്തിച്ചേരുകയില്ല. ൧൯൪൦-ലെ നിലയിൽനിന്ന്, ൧൫% വർദ്ധനവാണ് ലക്ഷ്യമെങ്കിലും, ൪൦-ലെ നിലയുടെ ൫൦% പോലും എത്തിക്കഴിഞ്ഞിട്ടില്ല.

ഇരുമ്പുവ്യവസായത്തിൻെറ നില വളരെ മോശമാണ്. യുദ്ധത്തിൽ നശിപ്പിക്കപ്പെട്ട ബ്ളാസ്റ്റ് ചൂളകളിൽ പകുതിയും, നന്നാക്കപ്പെട്ടെങ്കിലും, അററകുററപ്പണികളുടെ പോരായ്മകൊണ്ടും, വേലക്കാരുടെ പരിചയക്കുറവുകൊണ്ടും, യുദ്ധത്തിനു മുമ്പുള്ള സ്ഥിതിയുടെ അഞ്ചിൽ ഒരുപങ്കുപോലും, നിർമ്മിക്കാൻ സാധിച്ചിട്ടില്ലെന്നാണ്, റിപ്പോർട്ടിൽ പറയപ്പെടുന്നതു്. ൧൯൫൦-ൽ ലക്ഷ്യം ഫലിക്കയില്ലെന്നാണ്, ഇതിൻെറ അർത്ഥം. ഫലിച്ചാൽപോലും അതു്, ഐക്യസംസ്ഥാനഉല്പാദനത്തിൻെറ ൩൦% മാത്രമാണ്.

ഐക്യസംസ്ഥാനത്തിൻെറ ഖനനത്തിൻെറ നാലിൽ ഒരു പങ്കുവരുന്ന റഷ്യൻകൽക്കരിഖനനം, യുദ്ധത്തിനുമുമ്പുള്ള അവസ്ഥയെക്കാൾ വളരെ നന്നായിട്ടുണ്ടു്. കുറഞ്ഞതരം കൽക്കരി, ധാരാളം ലഭിച്ചതാണ്, ഇതിനു കാരണം. പക്ഷെ "ഡോൺ ബാസ്സ്" സ്ഥലത്തെ ഉയൎന്നതരം കൽക്കരിയുടെ ഖനനം ഇതുവരെ യുദ്ധത്തിനുമുൻപുള്ള സ്ഥിതിയിൽ എത്തിയിട്ടില്ല.

എണ്ണയുടെ ഉല്പാദനം ൧൯൪൦-നെക്കാൾ തീരെ മോശമാണ്. ൧൨% കൂടുതൽ മാത്രമാണ് ൧൯൫൦-ലെ ലക്ഷ്യം. അടിസ്ഥാനവ്യവസായങ്ങളിൽ ഏററവും കുറഞ്ഞ തോതിൽ ഉല്പാദനം ഉദ്ദേശിക്കപ്പെടുന്നതു്, എണ്ണയുടെ കാര്യത്തിലാണ്. ൧൯൫൦-ൽ ലക്ഷ്യത്തെക്കാൾ മെച്ചമായ തോതിൽ എണ്ണ ലഭിക്കുമെന്നാണ് അറിവ്.

യന്ത്രനിർമ്മാണം യുദ്ധത്തിനുമുമ്പുണ്ടായിരുന്നതിനേക്കാൾ മെച്ചമായിട്ടുണ്ടു്. ഐക്യസംസ്ഥാനത്തിൽ ൧൯൪൫-ലെ ലക്ഷ്യം,

൧,൭൦൦,൦൦൦ യാന്ത്രികോപകരണങ്ങളായിരുന്നു. ൧൯൩൦-ൽ ൧,൩൦൦,൦൦൦ യാന്ത്രികോപകരണങ്ങൾ നിർമ്മിക്കാമെന്ന് റഷ്യ കരുതുന്നു. ട്രാക്റ്ററർ, ആട്ടോമൊബൈൽയന്ത്രം, ടാങ്ക് ഇവയുടെ നിർമ്മാണം ലക്ഷ്യത്തിൽനിന്ന് കുറവാണ്. യുദ്ധത്തിൽ ൩൪൨൦,൦൦൦ ട്രാക്റ്ററർയന്ത്രങ്ങൾ നശിച്ചു. ൧൯൩൭-ൽ ൧൪൨൭,൦൦൦ ട്രാക്റ്ററുകൾ ലക്ഷ്യമനുസരിച്ചു നിർമ്മിക്കണമെങ്കിലും ൨൯,൦൦൦ ട്രാക്റ്ററുകളുടെ പണിയേ പൂർത്തിയായുള്ളു. ൧൦൦൦ ആട്ടോമൊബൈൽയന്ത്രങ്ങൾ കൂട്ടംകൃഷിസ്ഥലങ്ങളിലേക്കയച്ചുവെന്നും ൯൦൦൦ യന്ത്രങ്ങൾ ആ വർഷം നൽകാൻ കഴിയുമെന്നും, ൧൯൩൮-ന്റെ ആരംഭത്തിൽ ഒരു പത്രം പ്രസിദ്ധീകരിച്ചു. ആകെ കൂട്ടംകൃഷിപദ്ധതികളുടെ എണ്ണം ൨൩൨,൦൦൦ ആണ്.

അത്യദ്ധ്വാനം ചെയ്യുന്നതും ആവശ്യത്തിന് മതിയാകാത്തതുമാണ് ഗതാഗതപദ്ധതി. അഞ്ചിൽ നാലുപങ്ക് റഷ്യൻ പദാർത്ഥങ്ങളെ വഹിക്കുന്ന റയിൽമാർഗ്ഗം ആവശ്യത്തിനുവേണ്ടി നന്നാക്കിയെങ്കിലും ജോലി വളരെ കഷ്ടപ്പമാണ്. വിമാനഗതാഗതം വളരെ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ട്. ൧൯൩൦-ൽ ൧൧൦,൦൦൦ മൈൽ ദൂരം വിമാനഗതാഗതം വർദ്ധിപ്പിക്കണമെന്നാണ് ലക്ഷ്യം. പുതിയ വഴികൾ നിർമ്മിക്കുകയും പുതിയ വിമാനത്താവളങ്ങൾ പണിതെടുക്കുകയും ചെയ്തിട്ടുണ്ട്. വിമാനഗതാഗതം വർദ്ധിപ്പിക്കാൻ വേഗത്തിൽ സഞ്ചരിക്കുന്ന ഷെഡ്യൂൾ നിർമ്മിക്കാൻ ഉദ്ദേശമുണ്ട്. ൩൦൦ അന്തർദേശീയവിമാനമാർഗ്ഗങ്ങൾ ഇന്നു നടപ്പിലുണ്ട്.

നമ്മുടേതിനേക്കാൾ ൧൨ മടങ്ങു വലുതാണ് റഷ്യയിലെ യുദ്ധവിമാനോല്പാദനമെന്ന് കരുതപ്പെടുന്നു. ൨൦൦൦ ജെററ് വിമാനങ്ങളും ൩൦൦ ലാങ്ങ്റേഞ്ച് ഫോർ മോട്ടാർബാംബുവിമാന-

ങ്ങളുമുൾപ്പെടെ ൩൦൦൦-ത്തിനുമേൽ ൧൨൦൦൦-ത്തിനകം വിമാനങ്ങൾ നിർമ്മിക്കാമെന്നാണിതിൻെറ അർത്ഥം. പക്ഷേ അളവിലോ മേന്മയിലോ റഷ്യൻബാംബുവിമാനങ്ങൾ നമ്മുടെ വിമാനങ്ങളോട്ട് കിടനിൽക്കുകയില്ല.

വിദ്യുത്ശക്തിയുടെ ഉല്പാദനം ക്രമപ്രവൃദ്ധമായി വരികയാണെങ്കിലും ൧൯൫൦-ലെ ലക്ഷ്യത്തിൻെറ പകുതിപോലും പൂർത്തിയായിട്ടില്ല. ലക്ഷ്യമായ ൪൨൦൦ കോടി കിലോവാട്ടുമണിക്കൂർശക്തി ഉല്പാദിപ്പിച്ചാലും അതു് ആ വർഷത്തെ നമ്മുടെ ഉല്പാദനമായ ൨൪൫൦൦ കോടി കിലോവാട്ടു് മണിക്കൂർശക്തിയോട്ടു് താരതമ്യപ്പെടുത്തുമ്പോൾ തീരെ തുച്ഛമാണു്.

ഭവനനിർമ്മാണപദ്ധതി ആവശ്യത്തിനു് മതിയാകുന്നതല്ല. സോവിയററുചരിത്രത്തിൽ ഏററവും മോശപ്പെട്ടതു് ഈ പ്രശ്നമാണു്. യുദ്ധത്തിൽ വീടു നഷ്ടപ്പെട്ട രണ്ടരക്കോടിയിൽ ഒരു കോടി ആളുകൾക്കുമാത്രമേ ൧൯൪൩-ൽ വീടു ലഭിച്ചുള്ളു. മററു കുടുംബങ്ങളോടുചേർന്നോ തല്ക്കാലത്തേക്കു് നിർമ്മിച്ച അഭയകേന്ദ്രങ്ങളിലോ ആണു് അവരെ താമസിപ്പിച്ചിരിക്കുന്നതു്. പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യമായ പത്തുലക്ഷം വീടുകൾ നമ്മുടെ ൧൯൪൪-ലെ സ്ഥിതിക്കു തുല്യമാണു്. ജനസംഖ്യ വർദ്ധിക്കുന്നതുപോലും റഷ്യ കണക്കുകൂട്ടിയിരിക്കയില്ല. പദ്ധതി ലക്ഷ്യത്തിലെത്തിച്ചേർന്നാൽ അതുതന്നെ ഒരു അത്ഭുതമായിരിക്കും. വസതി നിർമ്മിക്കാനുള്ള പദാർത്ഥങ്ങളുടെ നിർമ്മാണംപോലും തീരെ മോശമാണു്. കിട്ടുന്നവപോലും വ്യവസായശാലകൾക്കും പബ്ളിക് ആഫീസുകൾക്കുംവേണ്ടി വിനിയോഗിക്കപ്പെടുന്നു. വളരെ ഭയങ്കരവും പ്രവർത്തനങ്ങളെ ഗണ്യമായ തോതിൽ ബാധിക്കുന്നതുമാണു് ഈ പ്രശ്നം. ഇതിൻെറ ഫലമായി ഉല്പാദനം കുറയുകയും ജോലി വർദ്ധിക്കുകയും അസംതൃപ്തി പരക്കുകയും ചെയ്യുന്നു.

വ്യവസായവിപുലീകരണപദ്ധതിയിൽ കേന്ദ്രീകൃതവ്യവസായം അതിപ്രധാനമായ ഒരു ഘടകമാണ്. സ്വയംപര്യാപ്തതയെ ലക്ഷ്യമാക്കിക്കൊണ്ട് നാട്ടിന്റെ ഉൾഭാഗത്ത് പല കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കാര്യത്തിനു ചിലവാക്കുന്ന തുകയിൽ പകുതിയും ഇത്തരം സ്ഥാപനങ്ങൾക്കുവേണ്ടി വിനിയോഗിക്കപ്പെടുന്നു. വടക്കൻകൊറിയായിലും മഞ്ചൂറിയായിലും വിതരണത്തിനു സഹായിക്കുന്നതും "വ്ളാഡിവാസ്റ്റക്കി"നു ചുറ്റുമുള്ളതുമായ കേന്ദ്രങ്ങൾ ഇക്കൂട്ടത്തിലുള്ളവയാണ്. അതിർത്തിസംരക്ഷണത്തിന് സഹായിക്കുന്ന സേനകൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി ഒരു വ്യവസായകേന്ദ്രം ഈ സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്നു.

വടക്കുപടിഞ്ഞാറൻസ്ഥലത്തെ വ്യവസായശാലകളെ വേണ്ടപോലെ സഹായിക്കുന്നതിന് ആ സ്ഥലത്ത് ഒരു ഇരുമ്പുവ്യവസായകേന്ദ്രം സ്ഥാപിച്ചിരിക്കുന്നു. ദീർഘകാലപദ്ധതിയിൽ ചേർന്ന ഈ സ്ഥാപനം ൧൯൩൦-ൽ റഷ്യയുടെ പത്തിലൊരു പങ്ക് ഉരുക്ക് നിർമ്മിക്കുമെന്നൂഹിക്കപ്പെടുന്നു. ഈ കേന്ദ്രം "കോലാ പെനിൻസുലാർ" പ്രദേശത്തെ ഇരുമ്പും "പെച്ചോറാ" താഴ്‌വരയിലെ കൽക്കരിയും ഉപയോഗിക്കും.

പഞ്ചവത്സരപദ്ധതിയനുസരിച്ച് വേലയും പദാർത്ഥങ്ങളും ആവശ്യപ്പെടുന്നവയിൽ രണ്ടാമത്തെസ്ഥാനം കൃഷിപദ്ധതിക്കാണ്. ഈ വർഷം വമ്പിച്ച ആഹാരോല്പാദനവും ധാന്യോല്പാദനവും ഉണ്ടായിരുന്നു. റഷ്യാക്കാർ ൧൯൩൭-ാംവർഷത്തെ "വമ്പിച്ച കൃഷിവർഷം" എന്നു വിളിക്കുന്നു. ശരാശരി ആളൊന്നിനു കണക്കുനോക്കിയാൽ ധാന്യോല്പാദനം പശ്ചിമയൂറോപ്പിലോ ഐക്യസംസ്ഥാനത്തിലോ ഉള്ളതിനേക്കാൾ അനേകംമടങ്ങു വലുതാണ്. ൧൯൩൮-നുശേഷം ൨൫ ലക്ഷംടൺ ധാന്യം റഷ്യ

കയററുമതിചെയ്യതു് ൧൯൪൮-ൽ ആയിരുന്നു. ഇതിൽ ഗണ്യമായ പങ്കു് മാർഷൽപദ്ധതിപ്രദേശങ്ങൾക്കു് യന്ത്രങ്ങൾക്കുപകരമായി അയച്ചുകൊടുത്തു. ൧൯൪൧-ൽ ൨ കോടിഏക്കർ നിലം കൃഷിസ്ഥലങ്ങളായിത്തീൎന്നു. വൈററ്റഷ്യ, യുക്രെയിൻ ഇവിടങ്ങളിൽ യുദ്ധംമൂലം നശിച്ചുപോയ പ്രദേശങ്ങളെ പാടങ്ങളാക്കി മാററുന്നതിനു് പ്രവൎത്തനം നടന്നുവരുന്നു. ശാസ്ത്രീയവും യാന്ത്രികവുമായ കൃഷി വലിയതോതിൽ വൎദ്ധിച്ചുകൊണ്ടിരിക്കുന്നു.

പഞ്ചവത്സരപദ്ധതിയിൽ മോശപ്പെട്ട സ്ഥാനമാണു് നിത്യോപയോഗപദാൎത്ഥങ്ങളുടെ നിൎമ്മാണത്തിനുള്ളതു്. സാവധാനത്തിൽ അഭിവൃദ്ധിപ്പെട്ടുവരികയാണെങ്കിലും ഇതിന്റെ നില ആയുധനിൎമ്മാണത്തിനടുത്തുവരികയില്ല. പരുത്തിവസ്ത്രങ്ങളുടെ ഉല്പാദനം ൧൯൪൦-നെക്കാൾ ൧൩% വൎദ്ധിക്കണമെന്നാണു് ലക്ഷ്യം. പക്ഷെ ഇതു് ൧൯൪൬-ലെ നിലയുടെ ഇരട്ടിയാണു്. ചെരിപ്പുവ്യവസായത്തിന്റെ കാൎയ്യത്തിൽ ലക്ഷ്യം ൧൯൪൦-ലേതിൽനിന്നു് ൪% വർദ്ധനവാണു്. പക്ഷെ പകുതിപോലും പൂൎത്തിയായിട്ടില്ലെന്നാണു് അറിവു്. കമ്പിളിവ്യവസായത്തിലും മററു വ്യവസായങ്ങളിലും യുദ്ധത്തിനുമുമ്പുള്ള നിലയിൽനിന്നു് അല്പം കൂടുതലായിരിക്കണമെന്നു മാത്രമേ ഉദ്ദേശമുള്ളു.

സ്ഥിതി നന്നാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ആപത്തിനെപ്പേടിച്ചു് വ്യവസായീകരണത്തിൽ വലിയ മാററമൊന്നും വരുത്തിയിട്ടില്ല. ആയുധം നിൎമ്മിക്കുന്ന വ്യവസായശാലകൾ അവയുടെ ജോലിചെയ്യുന്നതുകൂടാതെ നിത്യോപയോഗസാധനങ്ങളും നിൎമ്മിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഉദാഹരണമായി, മാസ്കോനഗരത്തിലെ "സ്റ്റാലിൻ ആട്ടോവർക്സ്" സ്പൂൺ, മുള്ളു്, കപ്പു്, മൺവെട്ടി, കൊട്ടുവടി മുതലായ പദാൎത്ഥങ്ങൾ നിൎമ്മിക്കുന്നുണ്ടെന്നാണു് വയ്പ്പു്. പക്ഷെ വിദ്യുച്ഛക്തി ലഭിക്കാതെവരികയോ

ആയുധങ്ങളുടെ ആവശ്യം കൂട്ടുകയോ ചെയ്താൽ നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണമായിരിക്കും നിർത്തപ്പെടുന്നതു്.

മുമ്പുപറഞ്ഞ തരത്തിലുള്ള വിട്ടുവീഴ്ച്ചകൾമൂലം അത്യുല്പാദനവും കുറഞ്ഞ ഉല്പാദനവുമാണു് ലഭിക്കുന്നതു്. വേലക്കാർ സ്വഭാവദൂഷ്യങ്ങൾ പഠിക്കുകയും വേലയ്ക്കു വരാതിരിക്കുകയും ചെയ്യുന്നു. റഷ്യൻയുദ്ധസന്നാഹത്തിന്റെ ദുർബലമായ കണ്ണി വേലക്കാരാണു്. ൧൯൪൯-ലെ കൂലിപ്പട്ടാളക്കാരുടെ എണ്ണം യുദ്ധത്തിനുമുമ്പുണ്ടായിരുന്നതിനു തുല്യമാണു്. പക്ഷെ തഴക്കവും പഴക്കവും സിദ്ധിച്ചവരും യുദ്ധത്തിൽ മരിച്ചവരുമായ വേലക്കാരോടു് ഗുണത്തിൽ ഇവർ തുല്യരല്ല. ഇതിനെ പരിഹരിക്കാൻ വിദ്യാർത്ഥികൾക്കു് പരിശീലനവിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ഗതാഗതമാർഗ്ഗങ്ങൾക്കും കല്ക്കരി, ലോഹം ഇവയുടെ വ്യവസായങ്ങൾക്കും നല്ല വേലക്കാരെ സൃഷ്ടിക്കുകയാണു് ഈ വിദ്യാലയങ്ങളുടെ ലക്ഷ്യം. ൨൦ ലക്ഷംപേർക്കു് പരിശീലനം നൽകുന്നുണ്ടെങ്കിലും ഇവർ വ്യവസായത്തെ പുഷ്ടിപ്പെടുത്തുന്നതിനു് വലിയ കാലതാമസംവരും.

ഈ വ്യവസായങ്ങളുടെ കുററവും കുറവും അണുയുഗത്തിലെ ആയുധങ്ങൾ നിർമ്മിക്കുന്നതിനു് പ്രതിബന്ധങ്ങളായിത്തീർന്നിരിക്കുന്നു. നമുക്കുള്ളതുപോലെ പഴക്കം സിദ്ധിച്ച എൻജിനീയറന്മാരോ വേലക്കാരോ സഹായിക്കാനില്ലാത്ത റഷ്യൻവ്യവസായം അണുബാംബു നിർമ്മിക്കാൻ വളരെക്കാലം പരിശ്രമിക്കേണ്ടിവരും. ക്രെംലിൻ രാഷ്ട്രത്തിന്റെ സമ്പത്തിനെയും വേലയെയും നിയന്ത്രിക്കുകയും വലിയ പദ്ധതികൾക്കുവേണ്ടി ആളുകളെയും പദാർത്ഥങ്ങളെയും വിനിയോഗിക്കുകയും ചെയ്യുന്നു. പക്ഷെ റഷ്യാക്കാർക്കു് യഥാർത്ഥത്തിൽ ഒരു സൌകര്യമാണു് ലഭിക്കുന്നതു്.

൧൯൫൦-ലെ ലക്ഷ്യത്തിന്റെ ഇരട്ടി ൧൯൬൦-ൽ ഉല്പാദിപ്പിക്കാമെന്ന് റഷ്യ ആശിക്കുന്നു. അതായത് പദ്ധതി ജയിച്ചാൽ ഇന്നുള്ളതിന്റെ മൂന്നിരട്ടി ൧൯൬൦-ൽ ലഭിക്കും. ൧൯൬൦-ലെ ലക്ഷ്യത്തിൽ നിത്യോപയോഗമുള്ള സാധനങ്ങളുടെ പേരുപോലുമില്ല. "ടോർജററ്" ഉണ്ടാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്താകട്ടെ പട്ടികയിലെ എണ്ണം വളരെ കുറവുമായിരിക്കും. അങ്ങനെ ൧൯൬൦-ൽ റഷ്യൻവ്യവസായം തുലനസ്ഥിതിയിലല്ലായിരിക്കും.

ഈ പദ്ധതി വിജയിച്ചാലും ൧൯൬൦-ലെ റഷ്യൻവ്യവസായത്തെ പശ്ചിമയൂറോപ്പിലോ അമേരിക്കയിലോ ഉള്ള വ്യവസായവുമായി എങ്ങനെ താരതമ്യപ്പെടുത്താം? റഷ്യൻവ്യവസായം പുരോഗമിക്കുന്നതു വളരെ സാവധാനത്തിലായിരിക്കും. അടിസ്ഥാനവ്യവസായങ്ങളിലെ ഉല്പാദനം നമ്മുടേതിനെക്കാൾ ൨൦ മുതൽ ൪൦ % വരെ കുറവായിരിക്കും. നിത്യോപയോഗമുള്ള സാധനങ്ങളുടെ കാര്യത്തിൽ താരതമ്യം സാദ്ധ്യവുമല്ല.

റഷ്യ യുദ്ധസന്നാഹങ്ങളെ എതിർക്കുന്നതു് രണ്ടു കാരണത്തിന്മേലാണ്. ഒന്നാമത്തേതു്, അമേരിക്കയുടെ നേതൃത്വത്തിലുള്ള മുതലാളിത്തരാഷ്ട്രങ്ങൾ ഇന്നോ നാളെയോ റഷ്യയെ ആക്രമിക്കുമെന്ന ഭയം. രണ്ടാമത്തേതു്, യൂറോപ്പിലോ റഷ്യയിലോ വളർന്നേക്കാവുന്ന വിപ്ലവപ്രസ്ഥാനങ്ങളെ സഹായിക്കുന്നതിനുവേണ്ടി അമേരിക്കയും ഒരു യുദ്ധത്തിനു തയ്യാറാകണം. തയ്യാറാകാൻ കഴിയേണ്ടതു് അത്യാവശ്യമാണ്.

പക്ഷേ രണ്ടുരാഷ്ട്രങ്ങളും തമ്മിലുള്ള യുദ്ധം അനിവാര്യമല്ലെന്നാണ് എന്റെ അഭിപ്രായം. ഇന്നു നടക്കുന്ന ശാന്തസമരം ജയിച്ചാൽ യുദ്ധത്തെ തടുക്കാം.

സമയം അവർക്ക് അനുകൂലമാണെന്ന് റഷ്യ വിചാരിക്കുന്നു. ആയിരിക്കാം. പക്ഷേ സമയം നമ്മളുടേതുമാണ്. അവരുടെ

വശത്തുള്ളതിനെക്കാൾ കൂടുതലായ ഒരളവിൽ അതു നമ്മളുടെ വശത്താണ്. സമയം ലഭിച്ചാൽ റഷ്യയിലുള്ളതിനെക്കാൾ നല്ല സൈനികയന്ത്രം വാർത്തെടുക്കാൻ നമ്മൾക്കു കഴിയും. പക്ഷെ യുദ്ധത്തിന്റെ സംഭാവ്യതയെ നശിപ്പിക്കാൻ സമയം സഹായിക്കുമെന്നുള്ളതു് കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയാണ്.

ഐക്യസംസ്ഥാനത്തെ ഒരു വലിയ രാഷ്ട്രമാക്കിത്തീർത്ത മൗലികനിയമാനുസരണമായ രക്ഷാകവചവും ധരിച്ചു് സൃഷ്ടിപരവും സജീവവുമായ സമാധാനത്തിന്റെ സഹായത്തോടുകൂടി നാം യുദ്ധംചെയ്യണം.

സോവിയററുനാട്ടിലെ കമ്മ്യൂണിസം പ്രജാധിപത്യരാജ്യങ്ങളോടു് ഒരു വീരവാദം പുറപ്പെടുവിച്ചിരിക്കുന്നു. ജനാധിപത്യഭരണകൂടങ്ങളുടെ തെററുകളെ റഷ്യ കുററപ്പെടുത്തുന്നു. രക്ഷാമാർഗ്ഗമായി കമ്മ്യൂണിസത്തെ നൽകുന്നു. നാം അതു നിരസിച്ചാൽ മാത്രംപോരാ. അന്തർദ്ദേശീയനയങ്ങളിലും വിദേശീയനയങ്ങളിലും പരിഷ്ക്കാരങ്ങൾ നടപ്പിൽവരുത്തുകയാണ് ശരിയായ മറുപടി. കേന്ദ്രംവരെ ദുഷിച്ച സാമുദായികനിലകളെയും സാമ്പത്തികസ്ഥിതികളെയും വച്ചുപുലർത്തുന്ന ഭരണകൂടങ്ങളെ പിൻതാങ്ങിക്കൊണ്ടു് നാം എതിർത്താൽ പോരാ. സമുദായപരിഷ്ക്കരണത്തിനുള്ള മാർഗ്ഗം വിപ്ലവമാണെന്നു് കമ്മ്യൂണിസം പ്രചരിപ്പിക്കുന്നു. സമാധാനപരമായ മാർഗ്ഗങ്ങളിൽക്കൂടി ജനാധിപത്യരീതിക്കു് പരിഷ്ക്കരണം സാധ്യമാണെന്നു് നമുക്കറിയാം. സാമുദായികദൂഷ്യങ്ങളെവിടെയുണ്ടോ അവിടെ കമ്മ്യൂണിസം വളരുന്നു. വളരുന്നതിന് സഹായകരമായ പരിതഃസ്ഥിതികളെ നീക്കം ചെയ്താൽ പ്രജാധിപത്യത്തിന്റെ സമാധാനപരമായ പ്രവർത്തനവും അഭിവൃദ്ധിയും വിജയിക്കും. കമ്മ്യൂണിസം തഴച്ചുവളരുന്നതിനു് സഹായിക്കുന്ന കാരണങ്ങളെ നീക്കാതെ കമ്മ്യൂണിസത്തെ

എതിക്കുന്നതു വേരുപിഴുതെടുക്കാതെ ഇലകളെ നുള്ളി പാഴ്ച്ചെടികളെ നശിപ്പിക്കാൻ ശ്രമിക്കുന്നതുപോലെയാണ്.

രാജ്യത്തിനകത്തു് വർഗ്ഗീയാസമത്വങ്ങളെയും ആവല്ക്കരങ്ങളായ മററു ദൂഷ്യങ്ങളെയും നീക്കണം. സാമുദായികപരിഷ്കരണത്തിനു് വിദേശങ്ങളിൽ നടക്കുന്ന പ്രായോഗികപരിപാടികളെ സഹായിക്കുന്നതിനു നാം തയാറാകണം. നാം വിലവയ്ക്കുന്നതും ഓരോ രാജ്യത്തിലെയും സ്വാതന്ത്ര്യഘടകങ്ങൾ പ്രതിഫലിപ്പിക്കുന്നതുമായ പ്രജാധിപത്യഗുണങ്ങളുമായി നാം ഐകരൂപ്യം പ്രാപിക്കണം. അവരുടെ ആശകളെയും സാഫല്യങ്ങളെയും അമേരിക്കയിൽ കാണാൻ കഴിയുമെന്നുള്ളതിനു് ശരിയായ കാരണങ്ങൾ നൽകണം.

സൃഷ്ടിപരമായ സ്വഭാവംകൊണ്ടുതന്നെ മാർഷൽപദ്ധതിയുടെ വിജയപ്രദമായ പ്രവർത്തനം കമ്മ്യൂണിസ്റ്റ്ഭയത്തെ നീക്കും. ഇങ്ങനെ വിചാരിക്കാൻ പല കാരണങ്ങളുണ്ടു്. കമ്മ്യൂണിസത്തിൻെറ ബദ്ധവൈരി മാർഷൽപദ്ധതിയാണെന്നു് സഡനോവ് അഭിപ്രായപ്പെട്ടിട്ടുണ്ടു്. കൂടാതെ അതു് പോലീസ്രാഷ്ട്രത്തിൻെറ സഹായം കൂടാതെതന്നെ കൈ താണുപോയ രാഷ്ട്രങ്ങൾക്കു് ഉയത്തെഴുനേല്ക്കുന്നതിനും സ്വന്തംകാലിൽ ആത്മാഭിമാനത്തോടെ നില്ക്കുന്നതിനും ഒരു മാർഗ്ഗം നൽകിയിരിക്കുന്നു.

സമാധാനത്തിനുവേണ്ടിയുള്ള സമരത്തിൽ മററു രാഷ്ട്രങ്ങളോടു യോജിച്ച അമേരിക്കയുടെ കാഹളധ്വനി ഒരു പ്രധാനമായ ആയുധമായിരിക്കും. പാശ്ചാത്യരെപ്പററിയുള്ള ഭയവും വിരോധവും സംശയവും വളത്താൻ ക്രെംലിൻ യത്നിക്കുന്നുണ്ടെങ്കിലും റഷ്യാക്കാർ ഇണങ്ങി ജീവിക്കുവാൻ താല്പര്യമുള്ളവരാണു്. അവരിൽ വിനയത്തോടുകൂടിയുള്ള ലാളിത്യവും പ്രബുദ്ധമായ ജിജ്ഞാസയും ഭാവനാശക്തിയും ഒത്തൊരുമിച്ചു കാണാം. മററു

രാജ്യക്കാരുടെ ജീവിതരീതികളറിയുന്നതിന് അവർ കാണിക്കാറുള്ള കൗതുകം അസൂയാരഹിതവും നിഷ്കളങ്കവുമാണ്. അവരിൽ യാതൊരു തെററുമില്ല. അസൂയ അവരിൽ കരുണാപൂർണ്ണവും മനോഹരവും ആരോഗ്യകരവുമായ ഒരു മത്സരബുദ്ധിയെമാത്രം ഇളക്കിവിടും.

സത്യമാണ് നമ്മുടെ വലിയ ബന്ധു. ഐക്യസംസ്ഥാനത്തെ സംബന്ധിച്ച സംഭവങ്ങളുടെയും സ്ഥിതിഗതികളുടെയും ശരിയായ രൂപമാണ് റഷ്യാക്കാരന് ലഭിക്കേണ്ടതു്. റഷ്യൻപ്രസ്സ് റിപ്പോർട്ടുകൾ അമേരിക്കയെപ്പററി ഭയവും അവിശ്വാസവും പരത്തുന്നു. അമേരിക്കയെപ്പററിയുള്ള സോവിയററുവർത്തമാനങ്ങൾ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവയാണ്. ഈ രാജ്യത്തു് നിലവിലിരിക്കുന്ന സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവുമായ വിഷമപ്രശ്നങ്ങളെ ഇവ വലുതാക്കിക്കാണിക്കുന്നു.

റഷ്യാക്കാരെ സമീപിക്കാനുള്ള നേരായ നല്ല മാർഗ്ഗം അമേരിക്കയുടെ കാഹളധ്വനിതന്നെയാണ്. അക്ഷീണമായും നിരന്തരമായും അനുദിനം അമേരിക്കയിൽനിന്നു വന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളുടെ യഥാർത്ഥവിവരങ്ങൾക്ക് റഷ്യാക്കാരെ സഹായിക്കാൻ സാധിക്കും. റഷ്യാക്കാരെ അകപ്പെടുത്തിയിരിക്കുന്ന വലയിൽനിന്ന് കെട്ടുകളറുത്തുപൊട്ടിച്ചുകൊണ്ട് അവക്ക് വെളിയിൽച്ചാടുന്നതിന് അമേരിക്കൻകാഹളത്തിനുമാത്രമേ സാധ്യമാവുകയുള്ളൂ. ഒരുകോടി ഇരുപതുലക്ഷം സോവിയററുശ്രോതാക്കളിൽക്കൂടി നമുക്ക് സോവിയററുജനതയിൽ ഭൂരിഭാഗത്തെയും സമീപിക്കാൻ സാധിക്കും. നാം അതു ചെയ്യുകതന്നെ വേണം.

ലോകകാര്യങ്ങളിലുള്ള കൗതുകത്തെ അമേരിക്കക്കാർ കുറച്ചുകളയരുതു്. ലോകത്തിലെ മററു ജനതകളിൽനിന്ന് വേർതിരിഞ്ഞു് ഒററയായി താമസിക്കാൻ സാധ്യമല്ലെന്നു നാം കഴിഞ്ഞ

ച്ചുവഷത്തിൽ പഠിച്ചു. മററുരാജ്യങ്ങളിലെ സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവും വ്യവസായപരവുമായ പ്രശ്നങ്ങൾ നമ്മുടെ പ്രശ്നങ്ങളാണെന്നു നാം മനസ്സിലാക്കണം. സമാധാനവും സമ്പത്സമൃദ്ധിയും നിറഞ്ഞ ഒരു ലോകത്തിന് മററു ജനതകളുമായുള്ള പരസ്പരാശ്രയവും സഹകരണവും അത്യന്താപേക്ഷിതമാണെന്നു നാം പഠിച്ചുകഴിഞ്ഞു. ഇന്ന് അമേരിക്ക കയ്യേററിരിക്കുന്ന നേതൃത്വം അഭിമാനകരവും ചുമതലയേറിയതുമാണ്. ഈ ചുമതലയ്ക്കു് യോജിച്ച രീതിയിൽ ജീവിച്ചില്ലെങ്കിൽ നമുക്കും മററു രാജ്യക്കാർക്കും ആപത്തുണ്ടാകും.

അഴിമതികളും ക്രൂരതകളും പ്രദർശിപ്പിക്കുന്ന സർവാധികാരികളോടും മേലധികാരികളോടും അന്യരാജ്യക്കാർ എതിരിടുകയും അവക്കെതിരായി വിപ്ലവങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതിനു കാരണം ക്രെംലിന്റെ നേതൃത്വമല്ല. അമേരിക്കാക്കാരുടെ വിപ്ലവചരിത്രമാണ് ഈ എതിർപ്പുകൾക്ക് കാരണമെന്നു മനസ്സിലാക്കുമ്പോൾ നമ്മുടെ ചുമതലകൾ വർദ്ധിക്കുന്നു. അമേരിക്കൻഐക്യസംസ്ഥാനം ദേശീയവിപ്ലവത്തിന്റെ ഫലമാണ്. വൈഷമ്യമനുഭവിക്കുന്ന ജനത അതു മറക്കുകയില്ല. മനുഷ്യരുടെ ആത്മാഭിമാനത്തിന്റെയും ഉയന്ന ജീവിതത്തോതിന്റെയും രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെയും മകുടോദാഹരണം സോവിയററുനാടല്ല അമേരിക്കൻഐക്യസംസ്ഥാനങ്ങളാണെന്നുള്ളകാര്യം അവർ ഒരിക്കലും വിസ്മരിക്കുകയില്ല.

ക്യാമ്പ്, റാക്കിവേൾഡ്,
ആഷ്ലാൻസ്, എൻ. എച്ച്.
ജൂലൈ-സെപ്റ്റംബർ, ൧൯൪൮

'കോപപരിതാപങ്ങളോടുകൂടി' റഷ്യയെക്കുറിച്ച് ഒരു റിപ്പോർട്ട്—റാബർററ് മേഗിഡാഫ് എഴുതിയതു്.

റാബർററ് മേഗിഡാഫ് പന്ത്രണ്ടുവർഷം, ഒരു അമേരിക്കൻ പത്രപ്രതിനിധിയായി റഷ്യയിൽ കഴിച്ചുകൂട്ടി. അതിൽ ഏഴുവർഷം 'എൻ. ബി. സി.'ക്കാർക്കുംകൂടിയാണ് അദ്ദേഹം പ്രവർത്തിച്ചതു്. എന്നാൽ പെട്ടെന്നു്, ഒരു ചാരനാണെന്നു സംശയിക്കപ്പെട്ടു് അദ്ദേഹത്തിനു്, മൂന്നുദിവസത്തെ മുന്നറിവുമാത്രം ലഭിച്ചു്, റഷ്യ വിട്ടുപോകേണ്ടിവന്നു. അതുകൊണ്ടു്, രണ്ടുമാസക്കാലത്തേക്കു് ഒരു വിമാനയാത്രനടത്തി, അപ്പോൾ ആകസ്മികമായി തൻെറ ദൃഷ്ടിക്കു വിഷയീഭവിച്ച ചില സംഗതികളെക്കുറിച്ചല്ല അദ്ദേഹം പ്രസ്താവിക്കുന്നതു്. പ്രത്യുത, റഷ്യൻചരിത്രത്തിൽത്തന്നെ ഏററവും പ്രാധാന്യം അർഹിക്കുന്ന പന്ത്രണ്ടുവർഷക്കാലം, അദ്ദേഹം റഷ്യയിൽ കഴിച്ചുകൂട്ടിയകാലത്തു്, തനിക്കു് അനുഭവിച്ചറിയുവാൻ സാധിച്ച യാഥാർത്ഥ്യങ്ങളെക്കുറിച്ചു്, വളരെ സൂക്ഷ്മമായി ആലോചിച്ചു രചിച്ചിട്ടുള്ളതും, റഷ്യയെക്കുറിച്ചു വളരെ വിവരങ്ങൾ അറിയുവാൻ സഹായിക്കുന്നതുമായ ഒന്നാണ് ഈ ഗ്രന്ഥം.

ഈ പുസ്തകം റാബർററ് മേഗിഡാഫിൻെറ ആത്മകഥതന്നെയുമാണ്. അതായതു്, അദ്ദേഹത്തിൻെറ സ്വന്തജീവിതം, അദ്ദേഹത്തിൻെറ റഷ്യാക്കാരിയായ ഭാര്യ, അദ്ദേഹത്തിൻെറ ഭൃത്യന്മാർ, അദ്ദേഹത്തിൻെറ റഷ്യാക്കാരായ ചില സ്നേഹിതന്മാർ ഈ വിഷയങ്ങളെസ്സംബന്ധിച്ചതാണ് ഈ പുസ്തകം. മാസ്കോനഗരത്തിൽ താമസിക്കുന്ന വിദേശികളുടെ ജീവിതത്തെക്കുറിച്ചും, അവർക്കുവേണ്ടി പ്രവർത്തിക്കുന്ന റഷ്യാക്കാരെക്കുറിച്ചും, ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു. ഇന്നത്തെ ദാരുണമായ യുദ്ധത്തിൻെറ രൂപത്തോടു്, ഒത്തിണങ്ങുന്ന റഷ്യയിലെ കല, സംഗീതം, സാഹിത്യം ഇവയെക്കുറിച്ചും വിവരങ്ങൾ അടങ്ങിയ

അദ്ധ്യായങ്ങളും ഈ പുസ്തകത്തിലുണ്ടു്. എന്നാൽ, സ്റ്റാലിനിനെക്കുറിച്ചും, പാളിററ്ബ്യൂറോവിനെപ്പററിയും വിമർശിക്കുന്നതും, നമ്മുടേയും റഷ്യാക്കാരുടേയും യുദ്ധസംവിധാനങ്ങളെക്കുറിച്ചു താരതമ്യേന വിവരിച്ചു്, റഷ്യാക്കാരുടെ യഥാർത്ഥമായ ഉദ്ദേശങ്ങളെ വെളിപ്പെടുത്തുന്നതും ആയ അവസാനത്തെ അദ്ധ്യായമാണു് ഏററവും പ്രാധാന്യം അർഹിക്കുന്നതു്.

റഷ്യയെക്കുറിച്ചു് യഥാർത്ഥമായ ഒരു റിപ്പോർട്ടു സമപ്പിക്കുന്നതിൽ മി. മേഗിഡാഫ് എത്രയും വിജയിച്ചിട്ടുണ്ടു്. ഗൌരവമേറിയ പല കാര്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിൽ, റഷ്യാക്കാരുടെ ജീവിതത്തിൻെറ രസകരമായ പല വശങ്ങളെക്കുറിച്ചും വിവരങ്ങൾ അടങ്ങിയിരിക്കുന്നു. യൂറോപ്പിലെ സ്ത്രീകളുടെ ആഡംബരരീതിയനുസരിച്ചു്, റഷ്യയിലെ സ്ത്രീകൾ വസ്ത്രധാരണംചെയ്യുന്നതിനു ശ്രമിക്കുന്നതു്, റഷ്യയിലെ സൈനികപ്രധാനികൾ, വിദേശീയപ്രതിനിധിമന്ദിരങ്ങളിൽ നടക്കുന്ന വിരുന്നുകളിൽ പങ്കെടുക്കുന്നതു്, ഇവയെക്കുറിച്ചുള്ള വിവരണങ്ങൾ ഏററവും ഫലിതമയമായിരിക്കുന്നു.

ലളിതമായ ഭാഷയിൽ എഴുതപ്പെട്ട 'കോപവപരിതാപങ്ങളോടുകൂടി' എന്ന ഈ ഗ്രന്ഥത്തിൽ ഓരോ സ്ത്രീപുരുഷന്മാരുടേയും, യഥാർത്ഥകഥകൾ, അവരുടെ ദുരിതങ്ങൾ, അവരുടെ വിനോദങ്ങൾ ഇവയെക്കുറിച്ചു്, പല വിവരങ്ങൾ അടങ്ങിയിരിക്കുന്നു. സോവിയററ്യൂണിയനെക്കുറിച്ചുള്ള ഏററവും യഥാർത്ഥമായ ഒരു റിപ്പോർട്ടു് ഇതാണു്. അമേരിക്കായിലെ പൊതുജനങ്ങൾക്കു പഠിക്കുവാനുതകത്തക്കവണ്ണം, റഷ്യാക്കാരുടെ ദൈനംദിനജീവിതത്തെസ്സംബന്ധിച്ചു് വിവരങ്ങൾ ഏററവും കൂടുതൽ അടങ്ങിയിട്ടുള്ള ഗ്രന്ഥവും ഇതത്രേ.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M335.4 Acc. No. 75522

This book should be returned on or before the date last stamped below.

2 AUG 1988

M335.4 755[illegible]22

മാഗിഡോഷ് റാബർട്ട്
കോവപരിതാപങ്ങളോടു കൂടി
റഷ്യയെക്കുറിച്ചുള്ള ഒരു റിപ്പോർട്ട്